ടി.വി. പുരം ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



# വികസന റിപ്പോർട്ട്



N
14
13
12
11
10
9
8
7
6
5
4
3
2
1
വൈക്കം
5
കോട്ടയം ജില്ല
T.V പുരം
പഞ്ചായത്ത്

# സമർപ്പണം



## ഇന്ത്യയിലെ ഗ്രാമങ്ങളുടെ ഉയർച്ച സ്വപ്നം കണ്ട ക്രാന്തദർശിക്ക്

# ടി.വി. പുരം ഗ്രാമ പഞ്ചായത്ത്
## ഭരണ സമിതി



ലീനമ്മ ഉദയകുമാർ
(പ്രസിഡന്റ്)
വാർഡ് 4



പി.കെ. സോമൻ
(വൈ: പ്രസിഡന്റ്)
വാർഡ് 3



കെ. ആർ. വിശ്വനാഥൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെർമാൻ)
വാർഡ് 9



സീനാ ഉദയഭാനു
(പഞ്ചായത്ത് മെമ്പർ)
വാർഡ് 1



പോൾസൺ ജോസഫ്
(പഞ്ചായത്ത് മെമ്പർ)
വാർഡ് 2



സുദിൻ സിന്ദൂരം
(പഞ്ചായത്ത് മെമ്പർ)
വാർഡ് 5



എം.വി. ജോർജ്
(പഞ്ചായത്ത് മെമ്പർ)
വാർഡ് 6



സത്യഭാമ രാജപ്പൻ
(പഞ്ചായത്ത് മെമ്പർ)
വാർഡ് 7



അഡ്വ. എസ്. സാനു
(പഞ്ചായത്ത് മെമ്പർ)
വാർഡ് 8

## പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന
## ഇതര ജനപ്രതിനിധികൾ

ലോക്സഭാ പ്രതിനിധി
രമേശ് ചെന്നിത്തല M.P.

നിയമസഭാ പ്രതിനിധി
M.K. കേശവൻ M.L.A.

ജില്ലാ പഞ്ചായത്ത് പ്രതിനിധി
M.P. കനകമ്മ

ബ്ലോക്ക് പഞ്ചായത്ത് പതിനിധികൾ
K.N. രേണുക
(വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
K.V. പ്രസന്നൻ

## നമ്മുടെ ഗ്രാമ പഞ്ചായത്ത്

| | |
|---|---|
| പേര് | ടി.വി. പുരം ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | വൈക്കം |
| ബ്ലോക്ക് പഞ്ചായത്ത് | വൈക്കം |
| അസംബ്ലി മണ്ഡലം | വൈക്കം |
| പാർലമെന്റ് മണ്ഡലം | കോട്ടയം |
| താലൂക്ക് | വൈക്കം |
| ജില്ല | കോട്ടയം |
| വിസ്തീർണ്ണം | കായൽ ഉൾപ്പെടെ 17.03 ച.കി (കരപ്രദേശം 7.86 ച.കി) |
| അതിരുകൾ | വടക്ക് വൈക്കം മുനിസിപ്പാലിറ്റിയും |
| | കിഴക്ക് വല്യാനപ്പുഴയും കരിയാറും |
| | തെക്കും പടിഞ്ഞാറും വേമ്പനാട്ടു കായലും |
| ജനസംഖ്യ | 18857 |
| പുരുഷന്മാർ | 9226 |
| സ്ത്രീകൾ | 9631 |
| ജനസാന്ദ്രത | 1107 |
| സാക്ഷരത | 92.5% |
| വാർഡുകൾ | 9 |
| പ്രസിഡന്റ് | ലീനമ്മ ഉദയകുമാർ |
| വൈസ് പ്രസിഡന്റ് | പി.കെ. സോമൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | കെ. ആർ. വിശ്വനാഥൻ |


**പത്രാധിപ സമിതി**

പ്രൊഫ: വി. രമേഷ് ചന്ദ്രൻ
(ചീഫ് എഡിറ്റർ)

ലീനമ്മ ഉദയകുമാർ
(ഗ്രാമപഞ്ചാ: പ്രസിഡന്റ്)

പി.കെ. സോമൻ
(ഗ്രാമ പഞ്ചാ: വൈസ്പ്രസിഡന്റ്)

എസ്. സാനു
(ഗ്രാമ പഞ്ചാ: മെമ്പർ)

പി. തങ്കപ്പൻ നായർ
(കൺവീനർ)

പി.ആർ. സാബു
(റിസോഴ്സ് പേഴ്സൺ)

കെ.ടി. തോമസ്
(റിസോഴ്സ് പേഴ്സൺ)

ഡി.ടി.പി ലേഔട്ട് : മൈക്രോ ബേസ് കമ്പ്യൂട്ടേഴ്സ്, വൈക്കം.

പ്രിന്റിംഗ് : ആത്മദീപം, കൊച്ചുകവല, വൈക്കം.

# വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ

പ്രൊഫ. വി. രമേഷ് ചന്ദ്രൻ
പി. തങ്കപ്പൻ നായർ
എം.എൻ. മൃത്യുഞ്ജയൻ
എം.എ. കൃഷ്ണൻകുട്ടി നായർ
കെ.ടി. തോമസ്
പി.ആർ. പ്രദീപ്
കെ.ജെ. ഷാജിമോൻ
പി.ആർ. സാബു
ജയചന്ദ്രൻ നായർ
കെ. രാമചന്ദ്രൻ
കലേശൻ
സീനാ ഉദയഭാനു
രവീന്ദ്രനാഥൻ നായർ
പി.എം. വിനോദ്
ശ്രീഹർഷൻ
സത്യഭാമ രാജപ്പൻ
സദാശിവൻ നായർ
ജോസ് പ്ലാക്കിൽ
പോൾസൺ ജോസഫ്
ടി.പി. സുശീല
ഉദയവർമ്മ ടി.ആർ.
എ. രമണൻ കടമ്പറയിൽ
ഉഷാകുമാരി
ലീനമ്മ ഉദയകുമാർ
ബി. സദാനന്ദൻ
എം.വി. ജോർജ്ജ്
രാജപ്പൻ
പി.കെ സോമൻ
എ.എസ്. മുരളീധരൻ
വത്സല രമണൻ
ടി.എസ്. അമൃതനാഥ്
കെ.ആർ. വിശ്വനാഥൻ
കെ. രാധാകൃഷ്ണൻ
എസ്. സാനു
തുളസി

• • • • •

## ഉള്ളടക്കം


| | | |
|---|---|---|
| 1 | | ആമുഖം |
| 2 | | ഭൂപ്രകൃതി |
| 3 | | ചരിത്രസാംസ്കാരിക പശ്ചാത്തലം |
| 4 | | സാമൂഹ്യസാമ്പത്തികമേഖലകൾ |
| 4. | 1. | കൃഷിയും ജലസേചനവും |
| 4. | 2. | മൃഗസംരക്ഷണം മത്സ്യബന്ധനം |
| 4. | 3. | വ്യവസായം |
| 4. | 4 | വിദ്യാഭ്യാസം |
| 4 | .5. | കുടിവെള്ളവും പൊതുജനാരോഗ്യവും |
| 4. | 6 | ഗതാഗതം, ഊർജ്ജം,മാർക്കറ്റ് |
| 4. | 7. | ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും |
| 4. | 8. | സംസ്കാരം |
| 4. | 9. | വനിതാക്ഷേമം |
| 4. | 10. | സഹകരണം |
| 4. | 11. | പട്ടികജാതിപട്ടികവർഗ്ഗക്ഷേമം |
| 4. | 12. | വിഭവസമാഹരണം |
| 5. | | ഉപസംഹാരം |

# ആമുഖം

സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പ് തന്നെ നമ്മുടെ ദേശീയനേതൃത്വം, സ്വതന്ത്രഭാരതത്തിന്റെ സമഗ്ര വികസനത്തെ കുറിച്ച് ചിന്തിക്കുകയും, പല പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു. എങ്കിലും സോവിയറ്റ് യൂണിയൻ വിജയകരമായി നടപ്പിലാക്കിയ പഞ്ചവത്സരപദ്ധതികളുടെ ചുവട്പിടിച്ചാണ് പ്ലാനിംഗ് കമ്മീഷൻ രൂപികരിച്ച്, 1951 ഏപ്രിൽ 1 മുതൽ പഞ്ചവത്സരപദ്ധതികൾ ആരംഭിച്ചത്. പദ്ധതികൾ പലത് കഴിഞ്ഞപ്പോൾ അവയുടെ നേട്ടങ്ങളോടൊപ്പം കോട്ടങ്ങളും വിലയിരുത്തപ്പെട്ടു. വിമർശകർ ഒരു ബദൽ ആസൂത്രണനയം തന്നെ മുന്നോട്ടു വച്ചു. അമിതകേന്ദ്രീകരണം, അസന്തുലിതവികസനം, ജനപ്രാതിനിധ്യക്കുറവ്, ഉദ്യോഗസ്ഥമേധാവിത്വം, അഴിമതി, ഔപചാരികത തുടങ്ങി പലതും ആസൂത്രണത്തിന്റെ ന്യൂനതകളായി ചൂണ്ടിക്കാട്ടപ്പെട്ടു. എന്നാൽ അവയിലേറ്റവും പ്രധാനം ജനാഭിലാഷങ്ങൾക്ക് മുൻഗണനയില്ലായ്മയും, ജനപങ്കാളിത്തത്തിന്റെ അഭാവവുമായിരുന്നു. അധികാര വികേന്ദ്രീകരണത്തിലൂടെയല്ലാതെ ജനസാമാന്യത്തിന്റെ ശബ്ദം ശ്രദ്ധിക്കപ്പെടുകയില്ലെന്ന യാഥാർത്ഥ്യം നാം വൈകിയാണെങ്കിലും തിരിച്ചറിഞ്ഞു.

സ്വയംഭരണഘടകങ്ങളായി പ്രവർത്തിക്കുന്നതിന് സഹായകമായ വിധത്തിലുള്ള ശക്തിയും അധികാരങ്ങളും നൽകി പഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാനം നടപടികൾ സ്വീകരിക്കണമെന്ന് ഭരണഘടനയുടെ നിർദ്ദേശകതത്ത്വങ്ങളിൽ 40-ാം ഖണ്ഡികയായി ചേർത്തിട്ടുണ്ട്. എന്നാൽ അതിൻ പ്രകാരമുള്ള നടപടികളൊന്നുമുണ്ടായില്ല. ലക്ഷക്കണക്കിനുള്ള ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് സ്ഥിതി ചെയ്യുന്നതെന്ന് കണ്ട ഗാന്ധിജി, ഗ്രാമങ്ങളുടെ ആവശ്യങ്ങളെന്തെന്ന് മനസ്സിലാക്കാനും, അതിന് പ്രായോഗികമായ പരിഹാരം ആരായാനും പരിഹാരം നടപ്പിലാക്കാനുള്ള വിഭവങ്ങൾ സ്വരൂപിക്കാനും ഗ്രാമപഞ്ചായത്തിന് പൂർണ്ണ അധികാരമുണ്ടായിരിക്കണമെന്ന വിപ്ലവകരമായ ചിന്താഗതി മുന്നോട്ടു വച്ചിരുന്നു. ഗാന്ധിജിയുടെ സങ്കല്പത്തിലുണ്ടായിരുന്ന ഗ്രാമ സ്വരാജിനേയും സ്വയംസമ്പൂർണ്ണഗ്രാമങ്ങളേയും കുറിച്ച് നാം വാചാലരായി സംസാരിച്ചിരുന്നെങ്കിലും, സ്വാതന്ത്ര്യലബ്ധിക്കു ശേഷം അര നൂറ്റാണ്ടോളം കഴിഞ്ഞു ഭരണഘടനയുടെ 73ഉം 74 ഉം ഭേദഗതികളിലൂടെ പഞ്ചായത്തീരാജ് സംവിധാനവും നഗരപാലികസംവിധാനവും സാധിതപ്രായമാകാൻ ന്യൂനതകളുണ്ടെങ്കിലും, സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷമുണ്ടായ ഏറ്റവും നിർണ്ണായകമായ ഭരണക്രമമാണ് ഇതുമൂലം രൂപപ്പെടാൻ പോവുന്നത്.

അധികാരത്തിന്റേയും സമ്പത്തിന്റേയും നല്ലൊരു പങ്ക് ത്രിതലപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറാനും, ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ നടത്താനുമുള്ള കേരളസർക്കാരിന്റെ ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. സ്വാതന്ത്ര്യസമരകാലത്ത് നമ്മുടെ ഗ്രാമങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള ഗ്രന്ഥശാലകൾ, 1957-59ലെ ഗവർമെന്റ് കാർഷികോത്പാദനവർദ്ധനവിന് ആവിഷ്കരിച്ച തന്ത്രം, 1991 ഏപ്രിൽ 18ന് നാം കൈവരിച്ച സമ്പൂർണ്ണസാക്ഷരത എന്നിവ ജനപങ്കാളിത്തത്തിന്റേയും സന്നദ്ധപ്രവർത്തനത്തിന്റെയും ഗുണഫലം വിളിച്ചോതുന്ന കേരളീയ മാതൃകകളത്രേ. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പാവപെട്ട ജനങ്ങളെ വികസനപ്രക്രിയയിൽ പങ്കാളിയാക്കുകയാണ് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. മേൽതട്ടിൽനിന്ന് വിദഗ്ദർ കെട്ടിയിറക്കുന്നതാണ് ആസൂത്രണമെന്ന വികലമായ ധാരണ ഇവിടെ തിരുത്തപ്പെടുകയാണ്. ഗ്രാമസഭകളിൽ പങ്കെടുക്കുന്ന

ജനങ്ങൾക്ക് ആവശ്യങ്ങൾ ഉന്നയിക്കാനും, കൂട്ടായ ചർച്ചയിലൂടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും, വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും വിഭവ സമാഹരണത്തിലൂടേയും നടപ്പിലാക്കാനും, ഇടത്തട്ടായി നിൽക്കുന്ന അഴിമതിക്കാരെ തുടച്ച് നീക്കാനും, ചെലവ് കുറയ്ക്കാനും, പുതിയൊരു വികസന സംസ്കാരത്തിന് രൂപം കൊടുക്കാനും ഉതകുന്നതാണ് ജനകീയാസൂത്രണം.

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ രണ്ട് വെല്ലുവിളികളാണ് ഉത്പാദനമേഖലയിലെ മാന്ദ്യവും, സേവനത്തുറയിലെ നിലവാരത്തകർച്ചയും (1995 ൽ ഇന്ത്യാക്കാരന്റെ പ്രതിശീർഷ ഉത്പാദനം 8237 ക. ആയിരുന്നപ്പോൾ കേരളീയന്റേത് 6983ക. മാത്രമായിരുന്നു.) ഇതിന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ കേരളത്തിൽ അരാജകത്വത്തിന്റെ വിഷവിത്തുകൾ മുളച്ചു പൊന്തും. അടങ്കൽത്തുകയുടെ 35 40 ശതമാനംവരെ നൽകിയും ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളേയും നഗരസഭകളേയും ഏല്പിച്ചും ജനപങ്കാളിത്തത്തോടെ 97 ഏപ്രിൽ 1 മുതൽ 9-ാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കാനാണ് കേരളസർക്കാർ തീരുമാനിച്ചിരിക്കുന്നത്. ചില വിദേശരാജ്യങ്ങളിൽ ജനകീയാസൂത്രണം ഫലപ്രദമായി നടന്നിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ ഇത് ആദ്യത്തേതാണ്. നമ്മുടെ ആസൂത്രണചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട പുതിയൊരു ഏട് എഴുതിച്ചേർത്തുകൊണ്ട് സമഗ്രമായ സാമൂഹ്യസാമ്പത്തികപുരോഗതിക്കുള്ള ശംഖനാദം മുഴങ്ങുകയാണ് കേരളത്തിൽ. അന്യസംസ്ഥാനക്കാർ ഇത് കാതോർക്കാൻ തുടങ്ങിയിരിക്കുന്നു. പല രംഗങ്ങളിലും ഇന്ത്യയ്ക്ക് മാതൃക കാണിച്ചു പോന്നിട്ടുള്ള കേരളം വീണ്ടും ഒരു മാതൃകകൂടി സൃഷ്ടിക്കുന്നു.

മുഖ്യമന്ത്രി ഇ.കെ. നായനാർ രക്ഷാധികാരിയായും, ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് അധ്യക്ഷനായും മുൻ മുഖ്യമന്ത്രിമാരായ ശ്രീ. കെ. കരുണാകരൻ, ശ്രീ. പി.കെ. വാസുദേവൻ നായർ, ശ്രീ. എ.കെ. ആന്റണി, മുൻപ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. സുകുമാർ അഴീക്കോട്, ശ്രീവി.ആർ. കൃഷ്ണയ്യർ, ഡോ. കെ. എൻ. രാജ് എന്നിവർ ഉപാദ്ധ്യക്ഷന്മാരായും രൂപം നല്കിയിട്ടുള്ള ഉന്നതതലമാർഗ്ഗനിർദ്ദേശകസമിതിയ്ക്കാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നേതൃത്വം. ചിങ്ങം 1 ന് (ആഗസ്റ്റ് 17) തിരുവനന്തപുരത്ത് വച്ച് ഇതിന്റെ ഉദ്ഘാടനം നടന്നു. തുടർന്ന് സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും.

ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ 17, 18, തീയതികളിൽ പാലായിൽ നടന്ന ദ്വിദിന ജില്ലാതല ശില്പശാലയിൽ നമ്മുടെ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പടെ 10 പേർ പങ്കെടുക്കുകയുണ്ടായി. അതേതുടർന്ന് കൊട്ടാരപ്പള്ളി പാരീഷ് ഹാളിൽ സെപ്റ്റംബർ 27ന് നടന്ന ഏകദിന ശില്പശാലയിൽ 196 പേർ പങ്കെടുത്തു. സെപ്റ്റംബർ 29ന് 4 ാം വാർഡിലും ഒക്ടോബർ 2ന് 1ഉം 3ഉം വാർഡുകളിലും ഒക്ടോബർ 6ന് 2,6,7,8,9 വാർഡുകളിലും ഒക്ടോബർ 13ന് 5 ാം വാർഡിലും ചേർന്ന വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം ഇപ്രകാരമാണ്.

| I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|
| 156 | 356 | 78 | 128 | 140 | 65 | 257 | 129 | 104 |

ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം, വിവിധ വകുപ്പുകളിൽ നിന്നുള്ള ദ്വിതീയതലവിവരശേഖരണം, വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയോഗം എന്നിവയും നടന്നു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനു, നവംബർ 4,5,6 തീയതികളിൽ പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥന്മാരും ജില്ലാതല പരിശീലനം സിദ്ധിച്ചവരും ഉൾപ്പടെ 18 പേർക്ക് പരിശീലനം നൽകപ്പെട്ടു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള് ശില്പശാല മൂത്തേടത്തകാവ് എസ്.എൻ.ഡി.പി. എൽ.പി. സ്കൂളിൽ നവംബർ 24ന് നടന്ന ഏകദിനശില്പശാലയിൽ 77 പേർ പങ്കെടുത്തു. ഡിസംബർ 2നു അഞ്ചു് അംഗസംഘം ടി.വി. പുരം ശ്രീരാമക്ഷേത്രം മുതൽ പഞ്ചായത്തിന്റെ വടക്ക് കിഴക്ക് വാഴക്കടവ് വരെ പഠനപര്യടനവും നടത്തി. വാർഡു് മെമ്പർമാരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും, നവംബർ 25ന്, സത്യസന്ധവും ആധികാരികവുമായ വിവരം ലഭിക്കുന്നതിന്, പ്രാഥമികതലവിവരശേഖരണം ആരംഭിച്ചു. ഇത്രയും പ്രവർത്തനങ്ങൾക്കു ശേഷം തയ്യാറാക്കപ്പെട്ട, നമ്മുടെ പഞ്ചായത്തിന്റെ അടുത്ത 5 വർഷത്തെ വികസന റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. സമഗ്രമായ ചർച്ചയും നിർദ്ദേശങ്ങളും കൊണ്ട് ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കി നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിനുള്ള മഹായജ്ഞത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഭൂപ്രകൃതി

മൂന്നു വശങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന നമ്മുടെ പഞ്ചായത്ത് കോട്ടയം ജില്ലയുടെ തെക്കു പടിഞ്ഞാറെ മൂലയിലാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും അതിർത്തികൾ കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടു കായലാണ്. കിഴക്കെ അതിർത്തി മൂവാറ്റുപുഴയാറിന്റെ ഒരു കൈവഴിയായ കരിയാറാണ്. പഞ്ചായത്തിന്റെ തെക്കുകിഴക്കേ മൂലയിൽ വച്ച് കരിയാർ വേമ്പനാട്ടു കായലുമായി സന്ധിക്കുന്നു. വൈക്കം മുൻസിപ്പാലിറ്റിയുമായി ചേരുന്ന വടക്കു ഭാഗം മാത്രമാണ് കര അതിർത്തിയിലുള്ളത്.

വേമ്പനാട്ടു കായലിന്റെ വീതി കൂടിയ ഭാഗങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ സമീപത്തുള്ളവയാണ്. തെക്കും പടിഞ്ഞാറുമായി കായലിനക്കരെയുള്ള ഭാഗങ്ങൾ ആലപ്പുഴ ജില്ലയിൽ പെടുന്നു. പഞ്ചായത്തിന്റെ തെക്കുഭാഗത്തുനിന്ന് നോക്കിയാൽ കായലിനക്കരെ തണ്ണീർമുക്കം ബണ്ട് കാണാം. കാർഷികമത്സ്യബന്ധന മേഖലകളുമായി ബന്ധപ്പെട്ട് തണ്ണീർമുക്കം ബണ്ട് ഉയർത്തിവിട്ട പരിസ്ഥിതി വിവാദങ്ങൾ ഇന്നും ശമിച്ചിട്ടില്ലെന്നു പറയാം.

ചരിത്ര പ്രസിദ്ധമായ വൈക്കം നഗരത്തിന്റെ ഏറ്റവും സമീപസ്ഥമായ പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ കിഴക്കുഭാഗത്തായി തലയാഴം പഞ്ചായത്തു് സ്ഥിതിചെയ്യുന്നു.

കായൽത്തീരം, സമതലപ്രദേശം, ആറ്റുതീരം എന്നിങ്ങനെ ഭൂപ്രകൃതിയനുസരിച്ച് തിരിക്കാം. തീര പ്രദേശങ്ങളിൽ അൽപ്പംതാഴ്ചയുണ്ട്. തീരത്തോട് അടുക്കുന്തോറും മണ്ണിന് പശിമ കൂടിവരുന്നതായി കാണാം. ചെളി, കളിമണ്ണ് എന്നിവ ഈ മൺതരത്തിൽ കലർന്നിട്ടുണ്ട്. എന്നാൽ മദ്ധ്യഭാഗത്തുള്ള മൺതരങ്ങളിൽ പശിമ കുറവുള്ളതായി കാണുന്നു.

പഞ്ചായത്തിന്റെ വിസ്തീർണ്ണം 17.03 ച.കി.മീ. ആണ്. ഇത് കായൽ പ്രദേശം ഉൾപ്പെടെയാണ്. കരപ്രദേശം മാത്രം 7.86 ച.കി.മീ. ആണ്. ഇതിൽ നെൽകൃഷിക്ക് ഉപയോഗിക്കുന്ന പാടശേഖരങ്ങളുടെ വിസ്തൃതി 0.45 ച.കി.മീ. (111 ഏക്കർ) മാത്രമേ ഉള്ളൂ.

പ്രധാന നെൽപ്പാടങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

പട്ടിക 1

| ക്രമനമ്പർ | രജിസ്റ്റർ ചെയ്ത സമിതികൾ | വിസ്തീർണ്ണം ഏക്കറിൽ |
|---|---|---|
| 1 | സി.കെ.-1 | 17.22 |
| 2 | ഒരുതായ്പ്പള്ളി | 10.22 |
| 3 | ചേരിക്കൽ പടിഞ്ഞാറ് | 29.25 |
| 4 | പയറാട്ട് പടിഞ്ഞാറ് | 11.66 |

വേമ്പനാട്ടുകായലിൽ നിന്നും ഓരുജലം കൃഷിസ്ഥലങ്ങളിലേക്ക് കയറാതിരിക്കുന്നതിനായി തലയാഴം പഞ്ചായത്തുമായി ചേർത്തു കോട്ടച്ചിറ ഭാഗത്ത് ഓരുമുട്ട് ഇടാറുണ്ട്. പ്രധാന തോടുകളിലും ഓരു മുട്ട് ഇട്ടുവരുന്നു. ധാരാളം തോടുകൾ പഞ്ചായത്തിന്റെ ഉൾഭാഗത്തേക്ക് ഒഴുകുന്നുണ്ട് കിഴക്കേഭാഗത്തുള്ള കരിയാർ ശുദ്ധജലത്തിന്റെ പ്രധാന ശ്രോതസ്സാണ്. മലിനീകരണമില്ലാത്ത ശുദ്ധജലമാണ് ഈ പുഴയിലൂടെ ഒഴുകുന്നത്. തോടുകളും നീർച്ചാലുകളും കുളങ്ങളും ധാരാളമായുള്ളതിനാൽ മണ്ണിന് കാര്യമായി വരൾച്ച അനുഭവപ്പെടാറില്ല. തോടുകൾ നന്നായി സംരക്ഷിക്കുകയും വെള്ളമൊഴുക്കിന്റെ തടസ്സങ്ങൾ മാറ്റുകയും ചെയ്താൽ കൃഷി ആവശ്യത്തിനുള്ള ജലസേചന സൗകര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

(പട്ടിക 2 കാണുക)

ഏറ്റവും പ്രധാന വിള നാളികേരമാണ്. നാളികേര

ഉത്പാദത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ്. തെങ്ങു രോഗം വളരെ വ്യാപകമായുണ്ട്. തെങ്ങുകളുടെ ഉത്പാദനക്ഷമത കുറവാണ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള പയറാട്ട്, ചേരിക്കൽ പാടശേഖരങ്ങളിൽ നെൽകൃഷി നടക്കുന്നുണ്ട്. ജല ലഭ്യതക്കുറവുമൂലം ചിലയിടങ്ങളിൽ ഒരുപ്പൂ കൃഷി മാത്രമേയുള്ളൂ. തോടുകൾ കൂടുതൽ കാര്യക്ഷമമാക്കിയാൽ പരിഹരിക്കാവുന്ന പ്രശ്നമാണ് ഇത്. ട്രാക്ടർ ഇറക്കുവാൻ ചിലഭാഗങ്ങളിൽ സൗകര്യമില്ല. പൊതുവെ നെൽപ്പാടങ്ങൾ ചിറകളാക്കി തെങ്ങിൻ തൈ വയ്ക്കുന്ന പ്രവണതയുണ്ട്. ഏതാണ്ട് 8 ഏക്കറോളം ഭാഗത്ത് റബ്ബർകൃഷിയുണ്ട്. പഞ്ചായത്തിലെ പ്രധാന ഇടവിള വാഴയാണ്. ജാതി, കപ്പ, കൊക്കോ, വെറ്റിലക്കൊടി, കുരുമുളക്, പച്ചക്കറി, കൈതച്ചക്ക എന്നിവയുമുണ്ട്. തഴപ്പായ് നിർമ്മാണത്തിനുപയോഗിക്കുന്ന കൈത കൂടുതലായുണ്ട്.

കരിയാറിന്റെ തീരത്തോട് ചേർന്ന് ധാരാളം തോടുകളും കൃഷിചെയ്യാതെ കിടക്കുന്ന കണ്ടങ്ങളുമുണ്ട്. മത്സ്യകൃഷിക്കായി ഈഭാഗം പ്രയോജനപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ വളരെയേറെയാണ്.

കരിയാർ തീരത്ത് പണ്ട് ധാരാളമുണ്ടായിരുന്ന കണ്ടൽ വൃക്ഷങ്ങൾ നശിച്ചു പോയിരിക്കുന്നു. എങ്കിലും അപൂർവ്വമായി കണ്ടൽ, ആത്ത മരങ്ങൾ പുഴയോരത്തുണ്ട്.

ഉൾനാടൻ മത്സ്യങ്ങത്തൊഴിലാളികൾക്ക് മീൻ ലഭിക്കുന്നുണ്ട്. മത്സ്യരോഗം ഇപ്പോഴും കണ്ടുവരുന്നുണ്ട്. വാള മത്സ്യത്തിനാണ് രോഗം കൂടുതലായി കാണുന്നത്.

ജനസാന്ദ്രത വളരെ കൂടുതലാണ്. 1991 ലെ സെൻസസ് പ്രകാരം ടി.വി. പുരം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 18857 ആണ്. ഇതിൽ വനിതകൾ 51 ശതമാനത്തിലധികം വരും. ജനസാന്ദ്രത 1107 ഉം സാക്ഷരത 92.5 ശതമാനവുമാണ്. 1996 ലെ കണക്കു പ്രകാരം സംസ്ഥാനത്തിന്റെ ജനസാന്ദ്രത 801 ആണ്. എന്നാൽ കരപ്രദേശം മാത്രം പരിഗണിച്ചാൽ നമ്മുടെ ജനസാന്ദ്രത 2399 ആണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 3610 വീടുകളുണ്ട്. ശരാശരി 5.2 അംഗങ്ങൾ ഒരു വീട്ടിലുണ്ട് എന്നർത്ഥം. ഉയർന്ന ജനസാന്ദ്രതയെ സാധൂകരിക്കുമാറ് വീടുകൾ വളരെ അടുത്തടുത്തായി സ്ഥിതിചെയ്യുന്നു

പട്ടിക 2

പ്രധാന തോടുകളുടെ പട്ടിക

| പേര് | നീളം (മീറ്ററിൽ) | ശരാശരി വീതി (മീറ്ററിൽ) |
|---|---|---|
| പെരുന്തോട് | 2000 | 8 |
| പള്ളിത്തോട് | 850 | 5 |
| ശർക്കരത്തോട് | 500 | 5 |
| ഇടിപിടിത്തറത്തോട് | 4000 | 2.5 |
| താമരംതോട് | 800 | 2.5 |
| വള്ളാക്കരിത്തോട് | 800 | 4 |
| കമ്മട്ടി കാവൽ തോട് | 1500 | 5 |
| കൂടല്ലിത്തോട് | 800 | 4 |
| വെട്ടൻചിറ തോട് | 1000 | 2.5 |
| വെട്ടുവേലിത്തോട് | 500 | 3 |

## ടിവി പുരം പഞ്ചായത്ത് പഠനപര്യടനം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കായലോരം തോടുകൾ | നിരപ്പു സ്ഥലം | നിരപ്പു സ്ഥലം | നിരപ്പു സ്ഥലം | പാട ശേഖരം | പാട ശേഖരം | നിരപ്പു സ്ഥലം | താഴ്ന്ന സ്ഥലം | പുഴയോരം |
| മൺതരം | ചെളി കലർന്ന പശിമ മണ്ണ് | പശിമ മണ്ണ് | പശിമ മണ്ണ് | പശിമ മണ്ണ് | പശിമ മണ്ണ് | പശിമ മണ്ണ് | പശിമ കുറഞ്ഞ മണ്ണ് | ചെളി കലർന്ന പശിമ മണ്ണ് | ചെളി കലർന്ന പശിമ മണ്ണ് |
| സസ്യാവരണം | തെങ്ങ് വാഴ | തെങ്ങ് വാഴ വെറ്റിലക്കൊടി | തെങ്ങ് വാഴ കമുക് ജാതി കപ്പ | തെങ്ങ് വാഴ ജാതി | നെല്ല് കുറച്ച് റബ്ബർ | നെല്ല് തെങ്ങ് | തെങ്ങ് പൈനാപ്പിൾ വാഴ | തെങ്ങ് | തെങ്ങ് |
| ജലസ്രോതസ്സ് | വേമ്പനാട്ടു കായൽ തോടുകൾ | തോടുകൾ | വലിയ കുളം തോടുകൾ | വലിയ കുളം തോടുകൾ | തോടുകൾ | തോടുകൾ | തോടുകൾ | തോടുകൾ ധാരാളം | തോടുകൾ ധാരാളം |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | നെൽപ്പാടം നികത്തി തെങ്ങിൻ തൈകൾ വച്ചിരിക്കുന്നു | ഉണക്ക തൊണ്ട് ഉപയോഗിച്ച് പാടം നിക ത്തിയിരി ക്കുന്നു | -- | തോടുകൾ വീതിയും ആഴവും കുറഞ്ഞു വരുന്നു | വെള്ളം കുറവുമൂലം ഒരുപ്പു കൃഷി മാത്രം | പായൽ ശല്യം | വെള്ള ക്കെട്ട് | മഴക്കാലം വെള്ളത്തി നടിയിൽ ആകും |
| വീടുകളുടെ എണ്ണം | കൂടുതൽ വീടുകൾ | കൂടുതൽ വീടുകൾ | കൂടുതൽ വീടുകൾ | കോളനി പ്രദേശം | കുറവ് | കോളനി പ്രദേശം | കൂടുതൽ വീടുകൾ | കൂടുതൽ വീടുകൾ | ശരാശരി വീടുകൾ |

# ചരിത്ര സാംസ്കാരിക പശ്ചാത്തലം.

ഒരു ഉപദ്വീപായ ഈ പഞ്ചായത്തിന് വൈക്കം മുനിസിപ്പാലിറ്റിയുമായി മാത്രമേ കരമാർഗ്ഗം ബന്ധമുള്ളൂ. ഭൂമിശാസ്ത്രപരമായ ഈ ഒറ്റപ്പെടൽ ശാന്തസുന്ദരമായ ഗ്രാമീണജീവിതത്തിനും ഇടതുപക്ഷപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും വളക്കൂറുള്ള നിലമൊരുക്കി.

എന്നാൽ വർദ്ധിച്ച ജനസാന്ദ്രതയും വിസ്തൃതി കുറവുമുള്ള ഈ ഗ്രാമം (ജനസാന്ദ്രത 1107 ) വികസനത്തിന്റെ രാജപാതയിലേയ്ക്ക് കുതിച്ചു കയറാതെ കയർ മേഖലയിലും മത്സ്യബന്ധനത്തിലും ചെറുകിട കാർഷികോത്പാദനത്തിലും മാത്രമായി ഒതുങ്ങിപ്പോകാൻ ഈ ഒറ്റപ്പെടൽ കാരണമായെന്നതും വിസ്മരിച്ചുകൂടാ .കോട്ടയം ജില്ലയിൽ ഏറ്റവുമധികം കൊപ്ര ഉത്പാദിപ്പിച്ചിട്ടും നാളികേരത്തെ അടിസ്ഥാനപ്പെടുത്തി അനുബന്ധവ്യവസായങ്ങളുടെ പുകക്കുഴൽ ഇവിടെ ഉയർന്നുവന്നില്ല. (പ്രതിവർഷ)കൊപ്ര ഉത്പാദനം 20,21,000 തൊഴിലാളികൾ 56 അവലംബം Indian cocunut Journal 1989 Nov.) കേരളത്തിൽ മുഖ്യമായും മുപ്പിരിക്കയറിന്റെ ഉത്പാദനം ഈ പഞ്ചായത്തിന്റെ രണ്ടു വാർഡുകളിലായിട്ടും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജീവിതസൂചികയിൽ മാറ്റമൊന്നും ഉണ്ടായില്ല. 4 വാർഡുകളിലെ ധീവരസമുദായം ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടും മത്സ്യവുമായി ബന്ധപ്പെട്ട വ്യവസായങ്ങളൊന്നും ഉണ്ടായില്ല. കല്ലാശാരിമാരും മരയാശാരിമാരും കൊല്ലനും തട്ടാനും മൂശാരിയും എല്ലാം ഈ ഗ്രാമത്തിലുണ്ടെങ്കിലും അവർക്ക് ഉപജീവനത്തിന് പുറംനാടുകളെ ആശ്രയിക്കേണ്ടി വരുന്നു. നമ്മുടെ നാട്ടിൽ ചെറുകിട കർഷകരും നാമമാത്രകർഷകരുമാണുള്ളത്. 3.25 ഹെക്ടർ ഭൂമിയുള്ളത് ഒരാൾക്കും ഒരു ഹെക്ടറിനുമേൽ ഭൂമിയുള്ളത് 53 പേർക്കും 67-69 ലെ സർക്കാർ കടികിടപ്പവകാശം നിയമാനുസൃതം നടപ്പിലാക്കിയതിന്റെ ഫലമായി ഒരു തുണ്ട് ഭൂമി സ്വന്തമായി ലഭിച്ചവർ ഏറെയുണ്ട്. ജലദൗർലഭ്യവും, വർദ്ധിച്ച കൃഷിച്ചെലവും നിമിത്തം നെല്ലുൽപാദനവും കാറ്റുവീഴ്ചകൊണ്ട് നാളികേര ഉത്പാദനവും തകർച്ചയെ അഭിമുഖീകരിക്കുകയാണ്. പ്രതിമാസ വരുമാനമുള്ള ജീവനക്കാരും, പ്രവാസി ഭാരതീയരുടെ കുടുംബാംഗങ്ങളും മാത്രം വലിയ അല്ലലില്ലാതെ ജീവിക്കുന്നു.

"കൂറ്റുകാരെയൊരുമിപ്പിപ്പൂ കുടുംബാധികൾ" എന്നാണല്ലോ കവിവചനം! ഈ സാമ്പത്തിക പരാധീനതയും പിന്നോക്കാവസ്ഥയുമാകാം പരസ്പരസഹകരണത്തിന്റെയും സൗഹാർദ്ദത്തിന്റെയും മാനവ വിമോചന പ്രസ്ഥാനത്തിന്റെയും അന്തരീക്ഷം ഈ നാട്ടിൽ ഉണ്ടാക്കി തീർത്തത്. നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിൽ സഹകരണ പ്രസ്ഥാനം വേരോടുന്നതിന് മുമ്പ് തന്നെ 1923ൽ 622-ാം നമ്പരായി ഒരു 'നായർപരസ്പരസഹായസഹകരണ സംഘവും' തൊട്ടു പിന്നാലെ സാമുദായികാടിസ്ഥാനത്തിൽ മറ്റു ചില സഹകരണസംഘങ്ങളും ഉണ്ടായതും, നാല്പതുകളുടെ പൂർവ്വാർധത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും, ശക്തമായ അവകാശസമരങ്ങളും അതിന്റെ നിദർശനമത്രേ. "ഓരോരുത്തനും എല്ലാവർക്കും വേണ്ടി, എല്ലാവരും ഓരോരുത്തനുവേണ്ടി" എന്നാണല്ലോ സഹകരണ പ്രസ്ഥാനത്തിന്റെ പ്രഖ്യാപിതലക്ഷ്യം. ഈ സഹകരണ സംഘങ്ങളിലൂടെ കൈവരിക്കാൻ കഴിഞ്ഞ വിജയമാണ് പ്രശസ്തമായ നിലയിൽ പ്രവർത്തിച്ച മറ്റൊരു സഹകരണസംഘം രൂപീകരിക്കാനും ഒരു ഹോൾസെയിൽ ഡിപ്പോയും ഒരു തുണിമില്ലും(കൊണത്താപ്പള്ളി പറമ്പിലായിരുന്നു തുണിമിൽ) സ്ഥാപിക്കാനും, കേരളത്തിൽ ഒരു പക്ഷെ ആദ്യത്തേതായിരിക്കാവുന്ന ഒരു കായൽ

കർഷക സഹകരണ സംഘത്തിന് രൂപം നൽകുവാനും (കൈപ്പുഴ വെച്ചൂർ കായൽ സഹകരണ സംഘം) നമ്മുടെ കാരണവന്മാർക്ക് പ്രചോദനം നൽകിയത്.

ചെമ്മനത്തുകര, പള്ളിപ്പുറത്തുശ്ശേരി, കണ്ണുകെട്ടുശ്ശേരി, മൂത്തേടത്തുകാവ്, എന്നീ 4 കരകൾ ചേർന്നതാണ് തിരുമണിവെങ്കിടപുരത്തിന്റെ സംക്ഷിപ്ത രൂപമായ ടി.വി. പുരം. വൈക്കത്തിന്റെ തെക്കുഭാഗത്തായി കിടക്കുന്ന ഈനാട്ടിൻപുറത്തെ തെക്കുംഭാഗം എന്ന് പഴമക്കാർ ഇപ്പോഴും വിളിച്ചു വരുന്നുണ്ട്. ഭൂഗർഭശാസ്ത്രപരമായ തെളിവുകളിൽ നിന്ന് ചരിത്രാതീതകാലങ്ങളിൽ ഈ ഭൂവിഭാഗം ജലാന്തർഗതമായിരുന്നെന്ന് വിശ്വസിക്കാം. പ്രാചീന തമിഴകത്ത് മണ്ണിനേയും തൊഴിലിനേയും ആധാരമാക്കി ഭൂപ്രദേശത്തെ അഞ്ച് 'തിണ' കളായി വിഭജിച്ചിരുന്നതിൽ 'മരുതം തിണ' യിൽപ്പെട്ടതാണ് ഈപ്രദേശം. കൃഷി നിലങ്ങളുള്ള സ്ഥലങ്ങൾക്കാണ് മരുതം എന്ന് വിളിച്ചിരുന്നത്. ചേരി (ശേരി) കര, കാവ്, കുടം തുടങ്ങിയവയിൽ അവസാനിക്കുന്ന സ്ഥലനാമങ്ങളാണ് മരുതത്തിൽ പെട്ടിരുന്നത്. ' ചേരിക്കൽ' (മെതിക്കുന്ന സ്ഥലം) ' കണ്ണുകെട്ടുശ്ശേരി (കന്നിനെ കെട്ടിയ ചേരികന്നുകെട്ടുശ്ശേരി) എന്നിങ്ങനെയുള്ള സ്ഥലപ്പേരുകളും, തോട്ടുവക്കം മുതൽ തെക്കോട്ട് അവിരാമമായി കായൽ വരെ നീണ്ടുകിടക്കുന്ന പാടശേഖരങ്ങളും, ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പുരയിടങ്ങളായി മാറിയ കരപ്പാടങ്ങളും, കാർഷികജീവിതവുമായി ബന്ധപ്പെട്ട് വിഷുവിന് മൂത്തേടത്തുകാവ് ക്ഷേത്രത്തിനുള്ള പ്രാധാന്യവും നമ്മുടെ നാടിന്റെ പൈതൃകത്തിലേക്കുള്ള ചൂണ്ട് പലകകളത്രേ. " ചേരികൾ കാർഷിക ഉത്പാദകരുടേയും കൈത്തൊഴിൽകാരുടേയും പാർപ്പിടസമൂഹങ്ങളായിരുന്നു." (കേരളത്തിന്റെ ഇന്നലെകൾ കെ എൻ. ഗണേഷ്, പേജ് 54.)

പാർപ്പിടസമൂഹങ്ങൾ വളർന്നുവരികയും ഭിന്നത്തൊഴിലുകളിൽ ഏർപ്പെട്ടവർ അവിടെ പാർപ്പുറപ്പിക്കുകയും ദേവാലയങ്ങൾ സ്ഥാപിതമാവുകയും ചെയ്തതോടെ ദേവന്റെ പേരിനോട് ചേർത്ത് സ്ഥലനാമമുണ്ടാക്കുന്ന രീതിപ്രകാരം ഉണ്ടായതാണ് 'തിരുമണി വെങ്കിടപുരം'. തിരുപ്പതിയുടെ അപരനാമധേയമാണ്. 'വെങ്കടം'. തൃണയംകടം ക്ഷേത്രത്തിലെ ശംഖചക്രഗദാ പത്മധാരിയായ ദേവൻ തിരുപ്പതി വെങ്കിടാചലപതിയായ മഹാവിഷ്ണുവാണെന്നും കാലക്രമേണ ശ്രീരാമനായി സങ്കൽപിച്ച് ആരാധിക്കപ്പെടുകയാണുണ്ടായതെന്നുമുള്ള മതം പരിഗണനാർഹമാണ്. സംഭാഷണ ഭാഷയിൽ ഈ പദത്തിന് വന്ന മാറ്റമാകാം 'തൃണയംകുടം'. ത്രിനയനന്റെ(വൈക്കത്തപ്പനായ ശിവന്റെ) ആറാട്ടു കുളമായിരുന്നു ഇപ്പോഴത്തെ ക്ഷേത്രക്കുളമെന്നും 'ത്രിയനയൻകുളം' തൃണയംകുടമെന്നായി പരിണമിച്ചതെന്നാണുന്നുമുള്ള അഭിപ്രായത്തിന് വിശ്വാസ്യത പോരാ. തൃണയംകുടം ശ്രീരാമക്ഷേത്രത്തിലെ ബലിക്കൽപ്പുരയുടെ തറയിൽ വട്ടെഴുത്തിലുള്ള ശിലാശാസനവും മനോഹരമായ ദാരുശില്പങ്ങളാലും കൊത്തുപണികളാലും അലംകൃതമായ ദീർഘ ചതുരാകൃതിയിൽ മൂന്ന് തട്ടുകളുള്ള ശ്രീകോവിലും ഈ പ്രദേശത്തിന്റെ പ്രാചീനസംസ്കൃതിയെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു.

വർഷങ്ങൾക്കു മുൻപേ നിത്യജീവിതത്തിൽ സ്ഥലനാമം ടി.വി. പുരം ആയെങ്കിലും, ഇപ്പോഴും തപാൽമുദ്രകളിലും മറ്റു രേഖകളിലും നിന്ന് തിരുമണി വെങ്കിടപുരം തിരോഭവിച്ചിട്ടില്ല.

സമീപസ്ഥമായ വൈക്കത്തെ 1924-25ലെ സത്യാഗ്രഹത്തോട് ബന്ധപ്പെട്ടാണ് ഈ നാടിന്റെ ആധുനികചരിത്രം ആരംഭിക്കുന്നത്. സത്യാഗ്രഹകാലത്ത് നിരീക്ഷകരായും ജാഥാംഗങ്ങളായും ഈ നാട്ടിലെ പുരോഗമന ചിന്താഗതിക്കാർ പങ്കെടുത്തിരുന്നു. പാലുവിരുത്തിൽ കേശവൻവൈദ്യന് മർദ്ദനമേൽക്കുകയും ചെമ്പിൽത്തറ കേശവൻ സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തെങ്കിലും വൈക്കം സത്യാഗ്രഹത്തിൽ നേതൃത്വപരമായ പങ്ക് ഇന്നാട്ടുകാർക്കുണ്ടായിരുന്നില്ല.

നിവർത്തനപ്രസ്ഥാനവും ഉത്തരവാദപ്രക്ഷോഭണവും ഈ ഗ്രാമത്തിൽ അലകളുയർത്തിയതായി അറിവില്ല. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ അനുഭാവികൾ ചുരുക്കമായുണ്ടായിരുന്നെങ്കിലും സജീവപ്രവർത്തകരുണ്ടായിരുന്നില്ല എന്നാൽ കമ്യൂണിസ്റ്റു പ്രസ്ഥാനമാകട്ടെ ഈ ഗ്രാമത്തിൽ ആഴത്തിൽ വേരോടുകയും എക്കാലത്തും അതിന്റെ ശക്തി ദുർഗ്ഗമാക്കിത്തീർക്കുകയും ചെയ്തു.

മൂത്തേടത്തുകാവിൽ കുന്നത്തറ നീലാംബരപ്പണിക്കർ പ്രസിഡന്റും, കെ. വിശ്വനാഥൻ സെക്രട്ടറിയും ആയി പ്രവർത്തിച്ചിരുന്ന എസ്. എൻ.ഡി.പി. യൂത്ത് ലീഗ് പുറത്തുനിന്നും നവീന ചിന്താഗതിക്കാരെ പ്രഭാഷണങ്ങൾക്ക് ക്ഷണിക്കുകയും അതേതുടർന്ന് ചർച്ചകൾ നടത്തുകയും പതിവായിരുന്നു. സജീവമായിരുന്ന ആ ചർച്ചകളിലും പ്രസംഗങ്ങളിലും നിന്ന് ഉടലെടുത്ത തൊഴിലാളിവർഗ്ഗ ബോധമാണ് ശ്രീ കെ.ആർ. നാരായണൻM.L.A. പ്രസിഡന്റും കെ. വിശ്വനാഥൻ സെക്രട്ടറിയും, കെ.സി. കുട്ടൻ (ചേർത്തല)

ഖജാൻജിയും ആയി 1942ൽ 'അഖില തിരുവിതാംകൂർ ചെത്തുതൊഴിലാളിയൂണിയന്' ജന്മം നൽകിയത്. 8 മാസത്തിലേറെ പ്രവർത്തിക്കാനോ രജിസ്റ്റർ ചെയ്യാനോ ആ സംഘടനയ്ക്ക് കഴിഞ്ഞില്ല. എന്നാൽ അക്കാലത്ത് തിരുവിതാംകൂറിനെ സമഗ്രമായിക്കണ്ട് ആദ്യമായി ഒരു ചെത്തുതൊഴിലാളിയൂണിയന് രൂപം നൽകാൻ കഴിഞ്ഞുവെന്നത് അതിന്റെ സംഘാടകരുടെ വർഗ്ഗബോധത്തിനും ക്രാന്തദർശിത്വത്തിനും തെളിവാണ്. ചെത്തുതൊഴിലാളിയൂണിയൻ പ്രവർത്തന രഹിതമായെങ്കിലും അത് ജ്വലിപ്പിച്ച സംഘടനാബോധമാണ് ബീഡിത്തൊഴിലാളിയൂണിയനും തുടർന്ന് 1119 തുലാം 19 ന് പട്ടശ്ശേരിയിൽ വെച്ച് രൂപംകൊണ്ട കയർതൊഴിലാളി യൂണിയനും ഉണ്ടാകാൻ വഴിതെളിച്ചത്. ഒരു കാലഘട്ടത്തിൽ വെച്ചൂർ മുതൽ ഉദയംപേരൂർ വരെ 18 കയർ ഫാക്ടറികളിലായി 2000ത്തോളം തൊഴിലാളികൾ ആ സംഘടനയിൽ അംഗങ്ങളായി ഉണ്ടായിരുന്നു. ഈ സംഘടനകൾ വലുതും ചെറുതുമായ അനവധി അവകാശസമരങ്ങൾ നടത്തുകയും അവ ഭാഗികമായി വിജയത്തിലെത്തുകയും ചെയ്തു.

തൊഴിലാളിസംഘടനകളുടെ വളർച്ചയോട് ബന്ധപ്പെട്ടാണ് 1940 കളിൽ ഈ മണ്ണിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആവിർഭവിക്കുന്നത്.

2ാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ നാടെങ്ങും കൊടുംപട്ടിണിയും ദാരിദ്ര്യവും അരങ്ങുതകർത്തപ്പോൾ, കെ. വിശ്വനാഥന്റെ നേതൃത്വത്തിൽ, കൈയിൽ വട്ടിയും കൊട്ടയുമായി വന്ന സ്ത്രീകൾ ഉൾപ്പെടെ അനേകം പേർ വൈക്കം തഹസിൽദാരുടെ മുന്നിലേയ്ക്ക് നടത്തിയ പട്ടിണി ജാഥ ജനതയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ രോമാഞ്ചദായകമായ ദൃശ്യമാണ് കാഴ്ചവയ്ക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ റേഷൻകട വഴി മിതമായ വിലയ്ക്ക് വിതരണം ചെയ്യണമെന്നായിരുന്നു ജാഥയുടെ ആവശ്യം. ഈ ജനശക്തിക്കു മുമ്പിൽ ഭയപരവശനായ ഉദ്യോഗസ്ഥപ്രമാണി ആവശ്യങ്ങൾ അനുവദിപ്പിക്കുന്നതിൽ തന്റെ സ്വാധീനം ഉപയോഗിക്കാമെന്ന് ജാഥാംഗങ്ങൾക്ക് ഉറപ്പ് നൽകി. എന്നാൽ പിന്നീട് നേതാക്കളായ കെ. വിശ്വനാഥൻ, പട്ടശ്ശേരിൽ പി. ദാമോദരൻ, മാക്കേൽ കോച്ചുകുട്ടി, വേലായുധൻ എന്നിവരുടെ പേരിൽ കേസ്സെടുത്ത് ജയിൽ ശിക്ഷ വിധിച്ചു. ഭീകര മർദ്ദനത്തിന് വിധേയരായ ഈ നാലുപേരാണ് ഇന്നാട്ടിലെ അംഗീകൃത സ്വാതന്ത്ര്യസമരസേനാനികൾ.

1949 ജൂലൈ 1 ന് തിരു:കൊച്ചി സംയോജനദിനത്തിൽ തിരുകൊച്ചി സംയോജനമല്ല, ഐക്യകേരളമാണ് വേണ്ടത് എന്ന് ആവശ്യപ്പെട്ടു കൊണ്ട് കൂത്താട്ടുകുളം പോലീസ്‌സ്റ്റേഷനിലേക്ക് മാർച്ച് ചെയ്ത 'വൈക്കം ജാഥ' ചരിത്രപ്രസിദ്ധമാണ്. പട്ടശ്ശേരി ടി. ദാമോദരൻ ക്യാപ്റ്റനും കെവി. പ്രഭാകരൻ വൈസ് ക്യാപ്റ്റനും ആയിരുന്ന ജാഥയിൽ ഈ നാട്ടിൽ നിന്ന് 30 ഓളം പേർ പങ്കെടുത്തു. ലക്ഷ്യ സ്ഥാനത്തെത്തുന്നതിന് മുൻപ് പോലീസ് സേന ജാഥയെ നേരിട്ടു. പിടിക്കപ്പെട്ട ജാഥാംഗങ്ങളെ അതിക്രൂരമായി പീഡിപ്പിച്ചു. കെവി പ്രഭാകരൻ, പി. ദമോദരൻ, കെ.വി. ദാമോദരൻ, കീച്ചേരി തങ്കപ്പൻ, കാട്ടേഴത്ത്ചിറ ചെല്ലപ്പൻ, വി. എൻ വാസവൻ, മഠത്തിൽ കുമാരൻ, ഏ.കെ. കുമാരൻ, വാടയിൽ ശ്രീധരൻ, കാക്കനാട്ട് ശ്രീധരൻ തുടങ്ങിയവർക്ക് ഒരു വർഷത്തെ ജയിൽശിക്ഷ വിധിച്ചു. ലോക്കപ്പിലും ജയിലിലും അതിഭീകരവും പൈശാചികവുമായ മർദ്ദനവുമാണ് ഈ ധീരരായ അവകാശഭടന്മാർക്ക് ലഭിച്ചത്.

കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കുകയും പാർട്ടി പ്രവർത്തകരെ പോലീസ് വേട്ടയാടുകയും കിരാതമായി മർദ്ദിക്കുകയും ചെയ്തിരുന്ന 1948-52 കാലത്ത് രാഷ്ട്രീയ പ്രവർത്തകനായ പത്മേക്ഷണൻ, ഒറ്റിക്കൊടുക്കപ്പെട്ടതിനാൽ പോലീസിന്റെ പിടിയിലകപ്പെട്ടു. ക്രൂരവും പൈശാചികവുമായ മർദ്ദനത്തെതുടർന്ന് രോഗബാധിതനായ ആ സഖാവ് 1951 ഡിസംബർ 10ന് രക്തസാക്ഷിയായി. അദ്ദേഹത്തിന്റെ സ്മാരകമാണ് 'സഖാവ് പത്മേക്ഷണസ്മാരകമന്ദിരം'. 'ഡിസംബർ 10' 'പത്മേക്ഷണദിന'മായി കമ്മ്യൂണിസ്റ്റുകാർ 1952 മുതൽ ആചരിച്ചു വരുന്നു.

പി.ടി. പുന്നൂസ്, പി.എസ്സ്. ശ്രീനിവാസൻ, സി.കെ. വിശ്വനാഥൻ തുടങ്ങിയ കമ്മ്യൂണിസ്റ്റുകാർക്ക് ഈ ഗ്രാമം ഒളിത്താവളങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്.

1892 ൽ സ്ഥാപിതമായ സെന്റ് ലൂയിസ് എൽ.പി.സ്ക്കൂൾ ആണ് ഇന്നാട്ടിലെ ഏറ്റവും പ്രാചീനമായ വിദ്യാലയം. വൈക്കം ഫൊറാനാപള്ളിവകയാണിത്.

ആലങ്കരപ്പറമ്പിൽ സ്ഥാപിക്കപ്പെടുകയും പില്ക്കാലത്ത് കണ്ടനാട്ട് പറമ്പിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത ഗവ. പ്രൈമറി സ്ക്കൂളാണ് മറ്റൊരു പ്രാചീന വിദ്യാലയം. അക്ഷരങ്ങളുടേയും അക്കങ്ങളുടേയും മാസ്മര ലോകത്തിലേക്ക് കുഞ്ഞുങ്ങളെ കൂട്ടിക്കോണ്ടുപോയിരുന്ന നാട്ടാശാന്മാർ വ്യാപകമായുണ്ടായിരുന്നു. ചിരട്ടശ്ശേരി കൃഷ്ണൻ ആശാൻ, കിടപ്പുറത്ത് ചാളിആശാൻ, വാവച്ചി ആശാൻ, ആണ്ടിക്കോവിലകത്ത് ഗോവിന്ദൻ ആശാൻ,

തേവരേഴത്ത് ഭാസ്കരൻ ആശാൻ, കറുത്തേടത്ത് രാവുണ്ണി ആശാൻ, ഇലഞ്ഞനയിൽ കേശവൻ ആശാൻ, രാമൻകുട്ടിആശാൻ തുടങ്ങിയവർ ആദരണീയരായ ഗുരുനാഥന്മാരായിരിന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് 5 കി.മീ. താണ്ടി വൈക്കത്തെത്തേണ്ടിയിരുന്നു. അടുത്തെങ്ങും കലാശാലകൾ ഉണ്ടായിരുന്നില്ല. ഈ വിപരീത സാഹചര്യത്തിലും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയ പ്രയത്നശാലികൾ ഈ കുഗ്രാമത്തിലുണ്ടായിരുന്നു. അറിയപ്പെട്ടിടത്തോളം അന്തരിച്ച മുൻസിഫ് പുത്തൻ വീട്ടിൽ രാമൻ പിള്ള B.A, B.L, ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി. ആദ്യത്തെ Ph.D, ബിരുദധാരി വല്ലകത്ത് ഡോക്ടർ ജി ഭാസ്കരനുമാണ്. കോന്നശ്ശേരിൽ സി.കെ നാരായണൻ ആണ് ഈ പഞ്ചായത്തിലെ ഏക I.P.S. ഓഫീസർ. F.A.C.T. ജനറൽ മാനേജരായിരുന്ന കീറ്റുപറമ്പിൽ കെ.പി.കെ നായർ, കേണൽ ആയിരുന്ന വല്ലകത്ത് വി.കെ കൃഷ്ണൻകുട്ടിനായർ, തിരുവിതാംകൂർ ദേവസ്വം കമ്മീഷണറായിരുന്ന അന്തരിച്ച പുലിപ്പറയിൽ ജി. ബാലകൃഷ്ണൻനായർ, ഗവ. ആയുർവേദ കോളേജ് വൈസ് പ്രിൻസിപ്പലായിരുന്ന പാലക്കാട് വർക്കി വൈദ്യൻ, ഡപ്യൂട്ടി കൺട്രോളർ ഓഫ് അയേൺ ആന്റ് സ്റ്റീൽ ആയിരുന്ന കീറ്റുപറമ്പിൽ പി.ആർ. നായർ, ശബരിമല മേൽ ശാന്തി ആയിരുന്ന മുരിങ്ങൂർ വിഷ്ണുനമ്പൂതിരി, മലയാള മനോരമ എറണാകുളം ബ്യൂറോ ചീഫ് ആയിരുന്ന പരേതനായ പടിക്കപ്പറമ്പിൽ പി.എസ്. ജോൺ, P.D.D.P. ചെയർമാനും ഓർഗനൈസറുമായ ഫാദർ ജോസ് മുട്ടുമന, I.R.B.I. ഡെപ്യൂട്ടി ജനറൻ മാനേജർ ആയിരുന്ന അന്തരിച്ച കൊടിയം കുന്നത്ത് കെ.കെ. അനിരുദ്ധൻ, മഞ്ഞപ്പിത്ത ചികിത്സക്കുള്ള ഒറ്റമൂലി പ്രയോഗത്തിൽ വിദഗ്ദ്ധനായ കാരയിൽ ശ്രീധരപ്പണിക്കർ എന്നിങ്ങനെ വിവിധ തുറകളിൽ ശ്രദ്ധേയരായിരുന്നവരെ ഈ നാട്ടിൻപുറം സംഭാവന ചെയ്തിട്ടുണ്ട്.

1.5.1946 ൽ സ്ഥാപിക്കപ്പെട്ടതും 177-ാംനമ്പരായി കേരളഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ പണ്ഡിറ്റ് കെ.പി. കറുപ്പൻ മെമ്മോറിയൽ വായനശാലയാണ് വൈക്കം താലൂക്കിലെ ആദ്യത്തെ ഗ്രന്ഥശാല എന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. 25.11.1948 ൽ സ്ഥാപിതമായ Y.M.N.A. ഈ നാട്ടിന്റെ സാംസ്കാരിക ജീവിതത്തിന്റെ മുഖ്യധാര ആയിരുന്നു.

കേരളത്തിന്റെ കലാസാംസ്കാരികരംഗങ്ങളിൽ ശ്രദ്ധേയരായ ചിലരെ കാഴ്ചവക്കാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ടി.വി. പുരത്ത് ജനിച്ചുവളർന്ന വ്യക്തിയല്ലെങ്കിലും, അരനൂറ്റാണ്ടുമുമ്പ് വിവാഹത്തിലൂടെ ഇന്നാട്ടുകാരനായി മാറിയ, കേരളത്തിന്റെ ശക്തിയും ചൈതന്യവും കാവ്യാത്മകവുമായ ഈരടികളിലൂടെ അന്യമാം ദേശങ്ങളിലേക്ക് വ്യാപിപ്പിച്ച മഹാകവി പാലാ നാരായണൻ നായരാണ് ഈ നാടിന്റെ സാംസ്കാരിക ജീവിതത്തിലെ ഭദ്രദീപം. ദൽഹിയിലെ മലയാളിസമൂഹത്തിലെ പ്രമുഖ കണ്ണിയായ നാടകകൃത്ത് ഓഞ്ചേരി എൻ.എൻ. പിള്ള ഞങ്ങളുടെ പ്രിയപുത്രനാണ്. മലയാളത്തിലെ ആദ്യസിനിമയായ 'ബാലനിലെ' നായിക ശ്രീമതി എം.കെ. കമലം ഈ ഗ്രാമത്തിന്റെ ദത്തുപുത്രിയായിക്കഴിഞ്ഞിരിക്കുന്നു. സംസ്കൃതപണ്ഡിതനായ പൊന്നുവള്ളിൽ മൂത്തത്, കവിയായ എസ്. രമേശൻ, നാടകകൃത്തായ വൈക്കം ബേബി, സാഹിത്യഗവേഷകനും നിരൂപകനുമായ പ്രൊഫ. വി. രമേഷ്ചന്ദ്രൻ, പത്രപ്രവകർത്തനും ഗാനരചയിതാവുമായ ടി.വി.പുരം രാജു, നിരൂപകനായ പ്രൊഫ. കെ.വി. ജോസഫ്, ചലച്ചിത്ര സംവിധായകരായ വിജയ് പി. നായർ, എം.എൽ. ജോയി വൈക്കം, നാടക സംവിധായകനും നടനുമായ വേക്കൻ (വൈക്കം തിരുനാൾ), മൃദംഗ വിദ്വാനായ അന്തരിച്ച വൈക്കം ഭാസി, അദ്ദേഹത്തിന്റെ ഭാഗിനേയനായ മൃദംഗ വിദ്വാൻ വൈക്കം വേണുഗോപാൽ, നെല്ലൂർ വാസുദേവൻ ഭാഗവതർ, കെ.എൻ. തങ്കപ്പൻ ഭാഗവതർ, സംഗീതജ്ഞയായ വല്ലകത്ത് ഭവാനി അമ്മ, കാഥികന്മാരായ നാവള്ളി, വൈക്കം ദാമുമാസ്റ്റർ എന്നിവർ ഇന്നാട്ടുകാരത്രെ. അയ്മനം നളിനാക്ഷൻ ഇവിടെ താമസക്കാരനായ നോവലിസ്റ്റും.

വിഭിന്നമേഖലകളിൽ ഉയർന്നുവന്ന് ഭാവിവാഗ്ദാനങ്ങളായി മാറിയിരിക്കുന്ന ഒരു യുവതലമുറ ഈ പഞ്ചായത്തിലുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ചെയർമാനായിരുന്ന നടുവത്ത് ബി. അനിൽകുമാർ, സ്കൂൾ യുവജനോത്സവത്തിൽ കവിതാരചനയ്ക്ക് ഒന്നാംസ്ഥാനവും (1993) ശ്രീരേഖാപുരസ്കാരവും (1993) നേടിയ കുമാരി സ്വപ്നാ ശ്രീനിവാസൻ, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കവിതാരചനയ്ക്ക് 1991 ലും 1992 ലും ഒന്നാം സ്ഥാനത്തിനർഹനായ രാജേഷ് വർമ്മ, സംസ്ഥാന വോളീബോൾ ടീമംഗമായിരുന്ന പാപ്പാഴത്ത് വി. ഷിബു, സംസ്ഥാന അമേചർ അത്ലറ്റിക്സിൽ ഹൈജമ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വാരിയം ചിറയിൽ വി.എം. സന്തോഷ്കുമാർ, ചെറുകഥാകൃത്തുക്കളായ ജിജോ സിറിയക്ക് കൊഴുക്കട്ടയിൽ, രാജേഷ് വട്ടൂർ, കവിയും നോവലിസ്റ്റും ചിത്രകാരനുമായ സാബു, ശാസ്ത്രീയസംഗീതരംഗത്ത് ഉയർന്നുവരുന്ന ഗായകരായ കുമാരി അമ്പിളി, സാബു കോക്കാട് എന്നിവർ അവരുടെ മുൻ നിരക്കാരാണ്.

പഞ്ചായത്ത് ഓഫീസിന് സമീപം പഞ്ചായത്ത് വക സ്ഥലത്ത് പ്രവർത്തിക്കുന്ന ശ്രീറാം തീയറ്ററാണ് ഏക വിനോദശാല.

തിരുവിതാംകൂർ ദേവസ്വം വക ശ്രീരാമക്ഷേത്രം, സരസ്വതിക്ഷേത്രം, ഊരാഴ്മക്കാരുടേതായ മൂത്തേടത്തുകാവ് ഭഗവതിക്ഷേത്രം, S.N.D.P. വക ചെമ്മനത്തുകരയിലും മോഴിക്കോട്ടുമുള്ള സുബ്രഹ്മണ്യക്ഷേത്രങ്ങൾ, ചെമ്മനത്തുകര ശ്രീകൃഷ്ണക്ഷേത്രം എന്നിവയാണ് പ്രധാന ഹൈന്ദവ കേന്ദ്രങ്ങൾ. ശ്രീരാമക്ഷേത്രത്തിലെ എലിവിഷ ചികിത്സ പ്രശസ്തമാണ്.

മൂത്തേടത്തുകാവിലെ കുംഭകുടം, പഴുതുപള്ളി ക്ഷേത്രത്തിലെ തിരിപിടുത്തം, ചെറുപറമ്പു കണ്ഠാകർണ്ണ ക്ഷേത്രത്തിലെ തടി തുള്ളൽ, മീനം മേടം മാസങ്ങളിലെ ഉദയംപൂജ, കോട്ടച്ചിറ ദൈവത്തറയിലെ ദൈവം തുള്ളൽ എന്നിവയാണ് ഹൈന്ദവരുടെ ശ്രദ്ധേയമായ ആഘോഷങ്ങളും ആചാരങ്ങളും.

ക്രൈസ്തവരിൽ ഒരു വിഭാഗമായ സുറിയാനി ക്രിസ്ത്യാനികൾ മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. എ.ഡി. 1391 ൽ സ്ഥാപിതമായ വൈക്കം സെ. ജോസഫ് ഫൊറോന പള്ളിയാണ് മുഖ്യ ക്രൈസ്തവാരാധനാലയം. 1952 ൽ സ്ഥാപിതമായ ടി.വി. പുരം സേക്രട്ട് ഹാർട്ട് പള്ളിയാണ് മറ്റൊരു ദേവാലയം. കൊട്ടാരപ്പള്ളി സെ. സെബാസ്റ്റ്യൻസ് പള്ളി ചെമ്മനത്തുകര ജോസ്പുരം പള്ളി തുടങ്ങിയ ക്രൈസ്തവ ദേവാലയങ്ങളും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. കൂടാതെ സി.എസ്.ഐ. വിഭാഗത്തിന്റെ ഒരു ദേവാലയവും ടി.വി. പുരം ജംഗ്ഷനുസമീപം ഉണ്ട്.

1923 ൽ സ്ഥാപിതമായ ടി.വി. പുരം ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കാണ് ഇന്നാട്ടിലെ ആദ്യത്തെ സഹകരണ ബാങ്ക്. ശ്രീ കെ.ബി. ജയൻ ആണ് ഇപ്പോഴത്തെ പ്രസിഡന്റ്.

15.9.1981 ൽ ടി.വി. പുരം കവലയിൽ പ്രവർത്തനം ആരംഭിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ് ഇന്നാട്ടിലെ ഏക കൊമ്മേർസ്യൽ ബാങ്ക്.

1953 ഫെബ്രുവരി 23 നാണ് ടി.വി. പുരത്ത് ഒരു ബ്രാഞ്ച് പോസ്റ്റ്ആഫീസ് ആരംഭിക്കുന്നത്. പനമിറ്റത്ത് പി. വാസുദേവൻ നായർ, തെക്കേടത്ത് കെ.എൻ. കൃഷ്ണൻകുട്ടി നായർ എന്നിവരായിരുന്നു അതിന്റെസ്ഥാപനത്തിന്പിന്നിൽ പ്രവർത്തിച്ചവർ. ടി.വി.പുരം കവലയിൽ കൊണത്താപ്പള്ളി വക കെട്ടിടത്തിൽ തുടങ്ങിയ ആ സ്ഥാപനത്തിലെ പോസ്റ്റ്മാസ്റ്റർ കൊണത്താപ്പള്ളി കെ.ജെ. ജോസഫ് ആയിരുന്നു. 1971 ൽ ഇത് സബ്ഓഫീസായി ഉയർത്തപ്പെട്ടതോടെ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ബാങ്ക് വക കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടു. ഇതിന് പട്ടശ്ശേരിയിലും ചെമ്മനത്തുകരയിലും ബ്രാഞ്ചുകളുണ്ട്.

ആധുനിക യുഗത്തിന്റെ സന്ദേശവാഹകരായി 1956 ൽ വൈദ്യുതിയും 60 കളുടെ അന്ത്യത്തിൽ ടെലിഫോണും ഈ ഗ്രാമത്തിലെത്തി. 90 കളുടെ പൂർവ്വാർദ്ധത്തിൽ പാചക വാതകവും. ഇന്ന് 165 ടെലിഫോണുകൾ ഈ പഞ്ചായത്തിലുണ്ട്. കണ്ണുകെട്ടുശ്ശേരിക്കരയിൽ 4 പബ്ലിക്ക് കോൾ ഓഫീസുകളും പ്രവർത്തിക്കുന്നു.

സെമിത്തേരിനിർമ്മാണവുമായി ബന്ധപ്പെട്ട്, ദശാബ്ദങ്ങളായി മൈത്രിയിൽ കഴിഞ്ഞിരുന്ന രണ്ട് സമുദായങ്ങൾക്കിടയിൽ വർഗ്ഗീയവൈരത്തിന്റെ അഗ്നിസ്ഫുല്ലിംഗങ്ങൾ പാറിയതോടെയാണ് ടി.വി. പുരം കേരളത്തിന്റേയും അന്യമാം ദേശങ്ങളുടേയും ചർച്ചാവിഷയമായത്. അന്നോളം തെരഞ്ഞെടുപ്പുവേളയിൽ മുസ്ലീംസമുദായത്തിന്റെ അഭാവം കൊണ്ടുമാത്രമാണിത് ശ്രദ്ധിക്കപ്പെട്ടിരുന്നത്. സർക്കാറിന്റേയും ആദരണീയരായ മധ്യസ്ഥന്മാരുടേയും ഇടപെടലിനാലും നമ്മുടെ നാട്ടിൽ ആഴത്തിൽ വേരോടിയിട്ടുള്ള മതസഹിഷ്ണതയുടെ പാരമ്പര്യത്തിനാലും ആ പ്രശ്നം ഇരുവിഭാഗങ്ങൾക്കും തൃപ്തികരമായി പരിഹരിക്കാൻ കഴിഞ്ഞതോടെ ഈ ഗ്രാമം പഴയ ശാന്തിയിലേയ്ക്കു മടങ്ങിപ്പോവുകയാണ്.

സാവധാനത്തിലാണെങ്കിലും നമ്മുടെ നാടിന്റെ മുഖച്ഛായക്ക് മാറ്റംവന്നുകൊണ്ടിരിക്കയാണ്. അയൽപക്ക ബന്ധങ്ങളും, ഏവരാലും ആദരിക്കപ്പെട്ടിരുന്ന കരിമ്പിൽത്തറ കിട്ടുതണ്ടാരേയും, തോപ്പിൽ നാരായണനേയും പോലുള്ള കാരണവന്മാരാരും ഇന്നില്ല. നാടൻകലാകായിക വിനോദങ്ങളും നാടൻപാട്ടുകളും അപ്രത്യക്ഷമാകുന്നു. മരോട്ടി, പുന്ന, കരിഞ്ഞോട്ട, കണ്ടൽ, കടലാവണക്ക്, കുരുട്ടുപാല, തമ്പകം, ഞൊങ്ങണംപുല്ല്, ചിറ്റാടി, നെല്ലിപ്പു, കുറുന്തോട്ടി, കരുനച്ചി, ആടലോടകം, കൂവളം തുടങ്ങിയവയുടെ സ്ഥാനം ഇന്ന് ബാൾസയും റബ്ബറും തേക്കും മാഞ്ചിയവും കൈയ്യടക്കുന്നു. വീട്ടുമുറ്റങ്ങളിൽ സാർവ്വത്രികമായിരുന്ന ചെത്തി, ചെമ്പകം, കനകാംബരം, ചെമ്പരത്തി, മന്ദാരം, നന്ത്യാർവട്ടം, കാശുതുളസി, വാടാമല്ലി, തുടങ്ങിയവ മൊസാൻഡക്കും ക്യാക്ടസിനും

ബിഗോണിയക്കും ഓർക്കിഡുകൾക്കും വഴിമാറിക്കൊടുക്കുകയാണ്. തവള, കുളക്കോഴി, നീർനായ്, മരപ്പട്ടി, പാറേയാത്തൻ, തുടങ്ങിയ ജന്തുക്കൾക്കും തുമ്പികൾക്കും വംശനാശം വന്നിരിക്കുന്നു.

ഈ മാറ്റം അനിവാര്യവും കാലാനുസൃതവുമായിരിക്കാം. തർക്കമില്ല. എന്നാൽ പ്രകൃതിയേയും ജീവിതരീതികളേയും പൈതൃകത്തേയും വേരോടെ പിഴുതെറിയാത്ത ഒരു വികസനം നമുക്ക് സാദ്ധ്യമല്ലേ?

## പഞ്ചായത്തിന്റെ ഭരണചരിത്രം

റാണിസേതു ലക്ഷ്മീഭായിയുടെ ഭരണകാലത്ത് (1924 30) Trvancore Panchayat Act അനുസരിച്ച് തിരിവിതാംകൂറിൽ തിരഞ്ഞെടുക്കപ്പെട്ട ചില സ്ഥലങ്ങളിൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട പഞ്ചായത്തുകൾ, നാമമാത്രമായ അധികാരത്തോടെ രൂപം കൊണ്ടിരുന്നു. പിന്നീട് 1940 ലെ Travancore Village Unions Act പാസ്സായപ്പോൾ പഞ്ചായത്തുകൾ ഇല്ലാതിരുന്ന ഗ്രാമങ്ങളിൽ വില്ലേജ് യൂണിയനുകൾക്ക് രൂപം നൽകി. അപ്രകാരം രൂപീകൃതമായതാണ് മുൻമന്ത്രി വി. മാധവൻ പ്രസിഡന്റും പനമിറ്റത്ത് പി. എൻ. വേലുപ്പിള്ള, കൊല്ലേരിൽ കെ.എസ്സ്. വേലായുധൻ, ആനത്താനത്ത് ഗോവിന്ദൻനമ്പൂതിരി, തോപ്പിൽ കെ.എസ്സ്. അയ്യപ്പൻ നാരായണൻ, നികർത്തിൽ സി.കെ. ജോസഫ്, നടുവത്ത് ജി. വേലായുധൻപിള്ള, അഡ്വ. ചാക്കോ പൗലോസ് എന്നിവർ അംഗങ്ങളുമായുള്ള 'മൂത്തേടത്തുകാവ് ഗ്രാമോദ്ധാരണ സമിതി'. ആദ്യയോഗം 1122 തുലാം 29ന് നടന്നു. സ്വന്തം കെട്ടിടമില്ലാതിരുന്നതിനാൽ 622-ാംനമ്പർ സഹകരണ സംഘത്തിലാണ് കമ്മറ്റിയോഗങ്ങൾ ചേർന്നിരുന്നത്.

ടി.വി.പുരം കവലയിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. മുരിങ്ങൂർ ഇല്ലം വകയായുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ഇപ്പോഴത്തെ ഓഫീസിന്റെ ശിലാസ്ഥാപനം പ്രശസ്ത സംസ്കൃത പണ്ഡിതനായിരുന്ന വടക്കുംകൂർ രാജരാജവർമ്മ 1123 ഇടവം 21 ന് നിർവ്വഹിച്ചു. 1124ൽ അതിൽ. ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

1950 ൽ തിരുമണിവെങ്കിടപുരം വില്ലേജ് യൂണിയന്, ഗ്രാമോദ്ധാരണ സമിതി അധികാരം കൈമാറി. കരിമ്പുഴിക്കാട്ട് കെ.ജെ പൗലോസ് BA.BL ആയിരുന്നു പ്രസിഡന്റ്. കൊല്ലേരിൽ കെ.എസ്. വേലായുധൻ, പനമിറ്റത്ത് പി. എൻ വേലുപിള്ള, മുരിങ്ങൂർ എൻ. വാസുദേവൻ നമ്പൂതിരി, പാലുവിരുത്തിൽ കെ. ആർ. കേശവൻ വൈദ്യൻ, നികർത്തിൽ ജോസഫ് എന്നിവരായിരുന്നു അംഗങ്ങൾ. 8.11.1950 ലാണ് ആദ്യകമ്മറ്റി. 12.10.1953 ൽ കൊല്ലേരിൽ വേലായുധൻ പ്രസിഡന്റും കരിപ്പയിൽ കെ. എസ്. കുഞ്ഞുണ്ണി ജെ. അവിര ഉഴവൂർ, എൻ. കെ. ചെല്ലപ്പൻ, എം.കെ. കുമാരൻ കെ. ജെ ജോസഫ് പെരുവേലിൽ, പി.ജെ.ഗ്രിഗോറിയോസ് പുതുപ്പള്ളിൽ, വി. പങ്കജാക്ഷപണിക്കർ തീയക്കാട്ട് എന്നിവർഅംഗങ്ങളുമായുള്ള കമ്മറ്റി അധികാരത്തിൽ വന്നു.

പിന്നീട് നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ടി.ജെ. സുധാകരൻ വൈദ്യനും എം. വാസുദേവനും 29.9.1955 ൽ അധികാരമേറ്റു.

19.12.1963 ൽ മറ്റക്കാട്ട് എം വാസുദേവൻ പ്രസിഡന്റും എ.കെ കുമാരൻ അരിമതത്തറ, എം. കെ. വേലായുധൻ മംഗലപ്പള്ളി, വി.പി. വർക്കി വലിയതറ, ജെ. കുരുവിള ഉഴവൂരു മനയ്ക്കൽ, ഐ. എൽ. മാത്യു ഐരേഴത്ത്, പി. കെ ലഷ്മിക്കുട്ടിയമ്മ പുത്തൻവീട്ടിൽ, അംഗങ്ങളുമായും അധികാരമേറ്റ ഭരണസമതി യഥാസമയം തെരഞ്ഞെടുപ്പു നടത്താതിരുന്നതിനാൽ, ഒന്നര ദശാബ്ദത്തോളം ഭരണം നടത്തി.

1979. 84 പ്രസിഡന്റ് പി. എൻ. പരമേശ്വരൻ ,അംഗങ്ങൾ വി. പങ്കജാക്ഷപ്പണിക്കർ , പി. എ. കുര്യാക്കോസ്, എ.പി. സരസ്വതി അമ്മ, തോമസ് കമ്മട്ടിൽ, കെ തങ്കപ്പൻ, പി.എൻ. വിജയൻ, ആർ ചന്ദ്രസേനൻ, എം വാസുദേവൻ.

1988.93 പ്രസിഡന്റ് ആർ. ചന്ദ്രസേനൻ , അംഗങ്ങൾ പി. ആർ. സാബു, കെ.വി. ദാസ്, കെ.എം ചാക്കോ, എ.വി. ജോസഫ്, എം. എം. സുലേഖ, എം. വിശ്വംഭരൻ, എം. എസ് മഹിളാമണി, എബ്രാഹം.

1995 ഒക്ടോബറിലെ തിരഞ്ഞെടുപ്പിൽ കുമാരി സീന ഉദയഭാനു പ്രസിഡന്റായുള്ള കമ്മറ്റി അധികാരമേറ്റു. സീന ഉദയഭാനു പ്രസിഡന്റ് സ്ഥാനത്തു നിന്നു മാറിയതോടെ ലീനമ്മ ഉദയകുമാർ പ്രസിഡന്റായി. ഈ കമ്മറ്റിയാണ് നിലവിലുള്ളത്.



# കൃഷിയും ജലസേചനവും

എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടേയും അടിത്തറ കൃഷിയാണ്. ഇവിടെ മാത്രമല്ല എല്ലായിടത്തും ഈ അടിസ്ഥാനതത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയിലാണെങ്കിൽ കൃഷിയുടെ സ്ഥാനം വളരെ പ്രധാനമാണ്. രാജ്യത്തെ ജനങ്ങളിൽ 70% കൃഷിയെ ആശ്രയിച്ചുകഴിയുന്നു. നമ്മുടെ പഞ്ചായത്തിലും നല്ലൊരു ശതമാനം ആളുകൾ കൃഷിയെ ആശ്രയിച്ചുകഴിയുന്നവരാണ്. ഈ സാഹചര്യത്തിൽ കൃഷിക്കും, കൃഷിക്കാരനും സഹായകമായ ഒരു സാമ്പത്തികാസൂത്രണനയം രൂപപ്പെടുത്തി എടുക്കേണ്ടതാണ്.

ടി.വി.പുരം പഞ്ചായത്തിൽ വളരെക്കാലം മുമ്പ് മുതൽതന്നെ കാർഷികമേഖല അഭിവൃദ്ധി പ്രാപിച്ചുവരുന്നതായി കാണാവുന്നതാണ്. തെങ്ങുകൃഷിയും, നെൽക്കൃഷിയും ഒപ്പത്തിനൊപ്പം വളർന്നുവികസിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. നെൽക്കൃഷിമേഖലയിൽ അന്ന് പ്രധാനമായും ഉപയോഗിച്ചിരുന്ന വിത്തുകൾ കൂട്ടുമുണ്ടകൻ, ഓർമുണ്ടകൻ, ആര്യൻ മുതലായ നാടൻ വിത്തുകളാണ്. അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ആവിർഭാവത്തോടെ ഇവയിൽ പലതും ഓർമ്മകൾ മാത്രമായിത്തീർന്നു. നമ്മുടെ കായലോര പ്രദേശങ്ങളും, സമതലങ്ങളും അക്കാലത്ത് തെങ്ങുകൃഷി കൊണ്ട് സമൃദ്ധമായിരുന്നു. കൂടാതെ പലതരം വാഴകളും, ചേന, ചേമ്പ്, കാച്ചിൽ, മുതലായ കിഴങ്ങുവർഗ്ഗങ്ങളും, ഇടവിളകളായി ഇവിടെ കൃഷി ചെയ്തിരുന്നു. ക്രമേണ കാർഷിക മേഖലയിൽ പൊതുവെ ഒരു മ്ലാനത അനുഭവപ്പെട്ടുതുടങ്ങി. ഗ്രാമീണരിൽ പൊതുവെ കൃഷിയോട് ആഭിമുഖ്യം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. തെങ്ങുരോഗവും നെൽകൃഷി ലാഭമല്ലാതായിത്തീർന്നതും ഇതിന് കാരണമായി ക്കാണിക്കാവുന്നതാണ്.

ടി.വി.പുരം പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മൂന്നായി തരം തിരിക്കാം.

1. കായൽത്തീരം. പഞ്ചായത്തിന്റെ പടിഞ്ഞാറും തെക്കും ഭാഗങ്ങൾ ഇതിൽപ്പെടുന്നു.
2. ആറ്റുതീരം. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള കരിയാർത്തീരം ഇതിൽപ്പെടുന്നു.
3. മദ്ധ്യ സമതലം. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള സമതലപ്രദേശം എന്നിങ്ങനെയാണ്.

പഞ്ചായത്തിന്റെ കാർഷികവും, കാർഷികേതരവുമായ വിസ്തീർണ്ണത്തെപ്പറ്റിയുള്ള പട്ടിക താഴെക്കൊടുക്കുന്നു.

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം | 1703 ഹെക്ടർ |
| കായലിന്റെ വിസ്തീർണ്ണം | 916.75 ഹെക്ടർ |
| പുരയിടത്തിന്റെ വിസ്തീർണ്ണം | 478.70 ഹെക്ടർ. |
| നിലത്തിന്റെ വിസ്തീർണ്ണം | 307.55 ഹെക്ടർ |

ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണ്. കർഷത്തൊഴിലാളികളുടെ പിൻതലമുറക്കാർ മറ്റു മേഖലകളിലാണ് വ്യാപരിക്കുന്നത്. വിദ്യാഭ്യാസത്തിൽ കൃഷിക്ക് പ്രാധാന്യം നൽകാത്തതുകൊണ്ട് കേരളത്തിലെമ്പാടും കാണപ്പെടുന്ന ഈ കാർഷിക വൈമുഖ്യം തന്നെയാവണം ഇവിടേയും ബാധിച്ചിരിക്കുന്നത്. ഇടവിളകളുടെ ഉല്പാദനവും ഗണ്യമായ രീതിയിൽ കുറഞ്ഞുവരികയാണ്. നെൽപ്പാടങ്ങളിൽ രണ്ടാം വിളയ്ക്കുശേഷം വെള്ളരി, മത്തൻ, പയർ, പാവൽ, പടവലം മുതലായ പച്ചക്കറികൾ കൃഷിചെയ്യുന്ന രീതി ഇന്ന് ഏതാണ്ട് ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

നെൽകൃഷി

പഞ്ചാത്തിൽ റവന്യൂ റിക്കാർഡ് അനുസരിച്ച് നിലങ്ങൾ എന്ന് തരം തിരിച്ചിരിക്കുന്ന സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. ഇവയെ പാടങ്ങൾ, കണ്ടങ്ങൾ, വയലുകൾ എന്നിങ്ങനെ പൊതുവെ പറയാറുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിലങ്ങൾ ഇടകലർന്നാണ് കിടക്കുന്നത്. എന്നാൽ എല്ലാ വാർഡുകളിലും നെൽക്കൃഷി ചെയ്യുന്നില്ല. ടി.വി.പുരം പഞ്ചായത്തിന്റെ 7,8 വാർഡുകളിൽ നെൽക്കൃഷിയില്ല. ഈ ഭാഗങ്ങളിലെ നിലങ്ങൾ, തൊണ്ടഴുക്കുന്ന കുഴികളായും മറ്റു കാർഷികേതര ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നതായിട്ടാണ് കാണുന്നത്. നമ്മുടെ പഞ്ചായത്തിൽ 307.55 ഹെക്ടർ നിലം ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 1930-50 കാലഘട്ടങ്ങളിൽ ഏതാണ്ട് 250 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നതായിട്ടാണ് കണക്ക്. നാടൻ വിത്തുകളായ ഓർമുണ്ടകൻ, കൂട്ടുമുണ്ടകൻ, ആര്യൻ എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു. നിലം ഒരുക്കുന്നതിന് കാളപൂട്ടി ഉഴുന്ന രീതിയും ജലസേചനത്തിന് ചക്രം ചവിട്ടി വെള്ളം കയറ്റുന്ന രീതിയും അന്ന് സാധാരണമായിരുന്നു. രാസവളങ്ങളുടെ ഉപയോഗം അന്ന് തീരെ ഇല്ലെന്നു തന്നെ പറയാം.

ഇന്ന് രാസവളങ്ങളും, അത്യുല്പാദന ശേഷിയുള്ള വിത്തുകളും, കൂടുതലായി ഉപയോഗിക്കുന്നുണ്ടങ്കിലും നെൽകൃഷി ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കൃഷിസ്ഥലം ഗണ്യമായിക്കുറഞ്ഞുവരുന്നു എന്നുള്ളതാണ് ഇവയിൽ പ്രധാനം. നമ്മുടെ പഞ്ചായത്തിൽ നെൽക്കൃഷി കുറയാനുള്ള ചില പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. നെൽവയലുകൾ നികത്തി താരതമ്യേന ലാഭകരമായ മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നു.
2. കൃഷിസ്ഥലം നികത്തി കാർഷികേതര കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു.
3. വർദ്ധിച്ചുവരുന്ന വേലക്കൂലി വിത്ത്, വളം, കീടനാശിനി എന്നിവകളുടെ വിലവർദ്ധനവ്. ഈ കാരണങ്ങളാൽ നെൽകൃഷി ലാഭകരമായി നടത്താൻ പറ്റാത്ത അവസ്ഥ.
4. ജലസേചനത്തിന്റെ അപര്യാപ്തത.
5. ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അഭാവം.
6. കൃഷിക്കാരെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം.
7. നെൽക്കൃഷിക്കുണ്ടാകുന്ന രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനുള്ള അറിവില്ലായ്മ.

ഈ പ്രതിസന്ധികൾ എല്ലാം തന്നെ പരിഹരിച്ച് നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മറ്റു മേഖലകളിൽ ഏതെല്ലാം പുരോഗതി ഉണ്ടായാലും ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കാതെവരും. നെൽവയലുകൾ നികത്തുന്നത് കർശനമായിത്തടയണം. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഏതാണ്ട് 38 ഹെക്ടർ നിലം കൃഷിചെയ്യാതെ തരിശായിക്കിടക്കുന്നു. ഈ നിലങ്ങളിൽ കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിന്റെ 4 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ മുണ്ടകപ്പാടം, ചെമ്മനത്തുപാടം, ചേരിക്കൽപാടം, ഇല്ലത്തുപാടം എന്നിങ്ങനെ നാലു സമിതികളും പ്രവർത്തിക്കുന്നു. പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. കിഴക്കേ ആറ്റുതീരത്തുള്ള പാടങ്ങൾ, കരുവേലിച്ചാല്, ചക്കാലിപ്പാടം, പയറാട്ടുകിഴക്കേപാടം, എന്നീ പാടശേഖരങ്ങൾക്ക് സമിതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. കെട്ടിടനിർമ്മാണം വ്യവസായം മുതലായ മറ്റു മേഖലകളിൽ താരതമ്യേന ഉയർന്ന കൂലിനിരക്ക് കിട്ടുന്നതിനാൽ തൊഴിലാളികൾ അത്തരം മേഖലകൾ തേടിപ്പോവുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസമുള്ള ഇളം തലമുറകൾ ഇനിയും ആ രംഗത്തേക്ക് വരാൻ മടിച്ചുനിൽക്കുകയാണ്. അതിനാൽ ഒരു ബോധവത്കരണ പരിപാടി നമ്മുടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സംഘടിപ്പിക്കണം. ടി.വി.പുരം പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾക്കുലഭിക്കുന്ന കൂലിനിരക്ക് പുരുഷന്മാർക്ക് 75-80 രൂപയും സ്ത്രീകൾക്ക് 30 35 രൂപയും ആണ്. കാർഷികോല്പാദനവും കൂലിയും തമ്മിൽ പൊരുത്തപ്പെടുന്നില്ലെങ്കിലും ജീവിതച്ചെലവ് കണക്കാക്കുമ്പോൾ തൊഴിലാളികൾ ഈ കൂലിനിരക്കിൽ സംതൃപ്തരല്ല.

1995-96 വർഷത്തിൽ വളരെക്കുറച്ചു സ്ഥലത്തു മാത്രമേ നെൽക്കൃഷി ഉണ്ടായിരുന്നുള്ളു. മേൽപ്പറഞ്ഞ വർഷത്തിൽ വിരിപ്പു സീസണിൽ 35 ഹെക്ടർ സ്ഥലത്താണ് മെൽകൃഷി ചെയ്തത്. അത് മുണ്ടകൻ സീസണായപ്പോൾ വീണ്ടും കുറഞ്ഞ് 30 ഹെക്ടർ ആയി.

ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ച് കൃഷി ചെയ്തിരുന്ന രീതി പാടെ ഇല്ലാതായി. വിരിപ്പ് കൃഷിക്കു ശേഷം നെൽപ്പാടങ്ങളിൽ പച്ചിലവളം ചേർക്കുന്ന രീതി ഇന്നില്ല. പച്ചില ഇന്ന് സുലഭമല്ല. രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതിയാണ് ഇന്ന് സാധാരണയായി കാണുന്നത്. കൃഷിഭവൻ വഴി രാസവളങ്ങൾ നൽകുന്നുണ്ടെങ്കിലും ആവശ്യത്തിന് മതിയാകുന്നില്ല. കീടനാശിനികൾ വില്ക്കുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. യഥാസമയം മരുന്ന് ചെയ്യുന്നതിന് ഇത് തടസ്സമാകുന്നുണ്ട്.

### തെങ്ങുകൃഷി.

നമ്മുടെ പുരയിടങ്ങളിൽ മുഖ്യമായ കൃഷി തെങ്ങാണ്. 439 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ തെങ്ങിന്റെ ശരാശരി കായ്ഫലം 25 ആണ്. ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ ഈ മേഖലയിൽ വളരെ കുറവാണ്. നാടൻ തെങ്ങുകളാണ് സാധാരണയായി ഇവിടെ കാണുന്നത്. കൃഷിഭവൻ മുഖേന കുറ്റ്യാടി, കോമാടൻ തുടങ്ങി അത്യുത്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യാറുണ്ട്. നടപ്പു വർഷത്തിൽ വിവിധ ഇനങ്ങളിലായി 1821 തൈകൾ വിതരണം ചെയ്തതായാണ് കണക്ക്.

ടി.വി.പുരം പഞ്ചായത്തിൽ തെങ്ങുകൾ മാത്രം കൃഷിചെയ്യുന്ന തെങ്ങിൻ തോപ്പുകൾ വളരെക്കുറവാണ്. സാധാരണ ഒരു പുരയിടത്തിൽ തെങ്ങും, കവുങ്ങും, മാവും, പ്ലാവും എന്നിങ്ങനെ എല്ലാത്തരം വൃക്ഷങ്ങളും ഇടകലർന്നാണ് നിൽക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഉള്ള തെങ്ങുകൾക്ക് വ്യാപകമായ രീതിയിൽ കേടു ബാധിച്ചതായിട്ടാണ് കാണുന്നത്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിനീക്കി പകരം തെങ്ങിൻ തൈകൾ നല്കുന്ന സംവിധാനം കൃഷിഭവനിലൂടെ ചെറിയതോതിൽ നടപ്പാക്കിയിട്ടുണ്ട്. എങ്കിലും തെങ്ങിന്റെ രോഗബാധ ഫലപ്രദമായി നേരിടാൻ സംവിധാനങ്ങളില്ല. തെങ്ങിന് ജലസേചനം ചെയ്യുന്നരീതിയും നമ്മുടെ പഞ്ചായത്തിൽ അപൂർവ്വമാണ്.

പട്ടിക 1 കാണുക

കൃഷിഭവൻ വഴി രാസവളക്കിറ്റുകൾ നൽകി വരുന്നുണ്ട്. ഈ വർഷം നാളികേരത്തിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഉൽപാദനം കുറഞ്ഞത് ഈ മേഖലയിലെ കൃഷിക്കാരെ നിരാശരാക്കിയിട്ടുണ്ട്. കൃഷിഭവനിലൂടെ നമ്മുടെ പഞ്ചായത്തിൽ കാർഷികോപകരണങ്ങളുടെ വിതരണം നേരിയ തോതിൽ നടന്നതായിക്കാണുന്നു. പട്ടിക 2 കാണുക

### മറ്റുകൃഷികൾ

നെല്ലും തെങ്ങും കൂടാതെ വളരെയധികം വിളകൾ നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്യുന്നു. ഇവയിൽ പ്രധാനപ്പെട്ടത് കപ്പ, വാഴ, പച്ചക്കറി എന്നിവയാണ്. അൽപ്പം ശ്രദ്ധിച്ചാൽ കൂടുതൽ ആദായം തരുന്ന ഒരു കൃഷിയാണ് വാഴക്കൃഷി. ഏത്തവാഴക്കൃഷിക്ക് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടായാൽ അങ്ങേയറ്റം ലാഭകരമായ ഒരു മേഖലയാണ് ഇത്.

പണ്ടുകാലം മുതൽക്കുതന്നെ നമ്മുടെ ഭക്ഷണ പദാർത്ഥങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് കപ്പ. ഈ പഞ്ചായത്തിൽ വളരെക്കുറച്ചു സ്ഥലത്തു മാത്രമേ കപ്പ കൃഷി ചെയ്യുന്നുള്ളു. എലിയുടെ ശല്യമാണ് ഈ കൃഷിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഒരു ഘടകം. എലി നശീകരണത്തിനുള്ള സംവിധാനവും, ശാസ്ത്രീയമായ വളം ചേർക്കലും ഉണ്ടായാൽ കപ്പക്കൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി നടത്തുവാൻ കഴിയുന്നതാണ്. കപ്പ കൂടാതെ വിവിധതരം കിഴങ്ങു വർഗ്ഗങ്ങൾ അതായത് കാച്ചിൽ, ചേമ്പ്, ചേന എന്നിവ വലിയതോതിൽ അല്ലെങ്കിലും ആവശ്യത്തിനുള്ളത് നമുക്കിവിടെ ഉത്പാദിപ്പിക്കാൻ കഴിയും.

എല്ലാ വീട്ടുവളപ്പിലും ചെയ്യാവുന്ന ഒരു കൃഷിയാണ് പച്ചക്കറിക്കൃഷി. പണ്ടൊക്കെ നമ്മുടെ വയലുകളിൽ മുണ്ടകൻ കൃഷി കഴിഞ്ഞാൽ വെള്ളരിയും, മത്തനും, പയറും, പാവലും, പടവലവും,ചീരയുമൊക്കെ വ്യാപകമായി കൃഷിചെയ്തിരുന്നു. അത്തരമൊരു കൃഷി സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുകയാണ്. നമുക്ക് ആവശ്യമുള്ള പചക്കറികൾ ഒരളവുവരെ നമുക്കിവിടെ ഉത്പാദിപ്പിക്കാൻ കഴിയണം. ഒന്നാന്തരം പച്ചക്കറി വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഓരോവാർഡിലും ഉണ്ടായിരിക്കണം. പച്ചക്കറിക്കൃഷിക്ക് ജലസേചന സൗകര്യം അത്യാവശ്യമാണ്. ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ള ജലസേചന സ്രോതസ്സുകൾ ഇതിനായി ഉപയോഗിക്കാൻ സംവിധാനം ഏർപ്പെടുത്തണം. പഞ്ചായത്തിലെ എല്ലാ വീടുകളും സ്ഥലപരിമിതിക്കനുസരിച്ച് ഓരോ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് പഞ്ചായത്തും, കൃഷിഭവനും സംയുക്തമായി ഒരു പദ്ധതിക്ക് രൂപം കൊടുക്കുന്നത് നന്നായിരിക്കും.

ഒരുകാലത്ത് വളരെ ചിട്ടയോടെ നടത്തിയിരുന്ന കൃഷിയാണ് കൊക്കോകൃഷി. നമ്മുടെ പഞ്ചായത്തിൽ പല ഭാഗങ്ങളിലും കൊക്കോ തഴച്ചുവളർന്നു നിന്നിരുന്നു. കൃഷിയുടെ വളർച്ചക്കനുസൃതമായ മാർക്കറ്റുകണ്ടുപിടിക്കാൻ ബുദ്ധിമുട്ടനുഭവപ്പെട്ടത് ഈ കൃഷിയെ

സാധാരണക്കാരിൽനിന്നും അകറ്റിനിർത്തി. എന്നാൽ കൊക്കോകൃഷി പൂർണ്ണമായും നമ്മുടെ പഞ്ചായത്തിൽ നിന്നും പോയിട്ടില്ല.

നമ്മുടെ പുരയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്ന ഒരു കൃഷിമേഖലയാണ് ആയുർവ്വേദ സസ്യങ്ങളുടെ കൃഷി.

വിപണിയുള്ളതും കാര്യമായ മുതൽമുടക്കില്ലാത്തതുമായ ഒരു കൃഷിയാണ് കുറ്റിമുല്ലകൃഷി. 8 മാസത്തിനുള്ളിൽ വിളവെടുക്കാവുന്നതും തുടർച്ചയായി വിളവ് കിട്ടുന്നതും ആണിത്.

വളരെ ആദായമുള്ള ഒരു കൃഷിയാണ് കൂൺകൃഷി. ഇത് എളുപ്പത്തിൽ വീട്ടിനുള്ളിൽത്തന്നെ കൃഷി ചെയ്യാവുന്നതാണ്. വൻതോതിൽ കൃഷി ചെയ്താൽ മഹിളാ സന്നദ്ധസംഘടനവഴി മികച്ച ഹോട്ടലുകളിലും ബേക്കറികളിലും ഇവ കൊടുക്കാവുന്നതാണ്.

എല്ലാത്തരം വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു അംഗീകൃത നഴ്സറി ഉണ്ടായിരിക്കുന്നത് നല്ലതാണ്.

### നടീൽവസ്തു വിതരണം.

പ്രകൃതിക്ഷോഭം, വ്യാപകമായ സസ്യരോഗങ്ങൾ, കീടിനുക്കളുടെ അക്രമണം, എന്നിവ മൂലം കൃഷിനാശം സംഭവിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ ഒരു സാധാരണ സംഭവമാണ്. വർഷകാലത്ത് കൊടുങ്കാറ്റിലും പേമാരിയിലും പെട്ട് വാഴ, തെങ്ങ്, നെല്ല് മുതലായ കാർഷിക വിളകൾ കൂട്ടത്തോടെ നശിക്കുന്നത് കർഷകരിൽ ആത്മവിശ്വാസം മഷ്ടപ്പെടുത്തുന്ന ഒരു സംഭവവികാസമാണ്.

കൃഷിനാശത്തിന് അനുയോജ്യമായ രീതിയിൽ നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാവേണ്ടിയിരിക്കുന്നു. അതുപോലെതന്നെ എല്ലാത്തരം വിളകൾക്കും വിള ഇൻഷ്വറൻസ് പോലുള്ള സംരക്ഷണ പദ്ധതികൾക്ക് രൂപം നല്കണം.

### ദുരിതാശ്വാസം

പട്ടിക 3 കാണുക

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ ഒരു ഫാർമേഴ്സ് സഹകരണ ബാങ്ക്, ഒരു കോ-ഓപ്പറേറ്റീവ് ബാങ്ക്, ഒരു സ്റ്റേറ്റ് ബാങ്ക് ശാഖ എന്നീ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ ഒരു ശാഖ ചെമ്മനത്തുകരയിലും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾ വഴി കാർഷിക വായ്പയും മറ്റു സാമ്പത്തിക കാര്യങ്ങളും, ലഭിക്കുന്നുണ്ടെങ്കിലും എല്ലാത്തരം കൃഷിക്കാരുടേയും സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ബാങ്കുകൾക്ക് സാധിക്കുന്നില്ല. ചെറിയ തുണ്ട് ഭൂമികൾമാത്രം കൈവശമുള്ള കൃഷിക്കാർക്ക് വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കാൻ നടപടികൾ ഇനിയും സ്വീകരിക്കേണ്ടിയിരിക്കുന്നു.

ആധുനിക ശാസ്ത്ര സാങ്കേതിക വളർച്ച കൃഷിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ലാഭകരമായ കൃഷിരീതിക്ക് മണ്ണിനെപ്പറ്റിയുള്ള മുന്നറിവ് അത്യന്താപേക്ഷിതമാണ്. സ്ഥലത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ജലസ്വാധീനം എന്നിവടുടെ വ്യതിയാനങ്ഹൾക്കനുസൃതമായി വിവിധതരം മണ്ണുകൾ കാണപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ പടിഞ്ഞാറും തെക്കുമുള്ള കായൽത്തീരങ്ങളിൽ എക്കൽമണ്ണും, കിഴക്ക് കരിമണ്ണും, എക്കൽമണ്ണും മദ്ധ്യഭാഗത്ത് മണൽ മണ്ണുമാണ് കാണുന്നത്.

ശാസ്ത്രീയമായ മണ്ണുപരിശോധന നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ല. അതുകൊണ്ട് മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം സാധിക്കാതെ വരുന്നു.

### കൃഷിഭവൻ റിപ്പോർട്ട്.

8ാം പഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കിയതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ.

I. നെൽകൃഷി ഗ്രൂപ്പ്ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ

1. നെൽകൃഷിക്കാർക്ക് ഉല്പാദന പ്രോത്സാഹനം

നെൽകൃഷിക്കാർക്ക് ഒരു ഹെക്ടറിന് ഒരു സീസണിൽ 250 രൂപയാണ് ഉല്പാദന പ്രോത്സാഹനമായി നിശ്ചയിച്ചിട്ടുള്ളത്. മൂന്നു സീസണിലും കൃഷി ഇറക്കുന്ന വ്യക്തിക്ക് ഇതനുസരിച്ച് ഹെക്ടറിന് 750 രൂപാ കിട്ടും. 1995 96 ൽ ഈ സഹായം കർഷകന് ലഭിച്ചിട്ടില്ല. 1996 97 ൽ ഇത് ഹെക്ടറിന് 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി.

പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, നെൽക്കൃഷി ആദായകരമാക്കുന്നതിന്

ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ പദ്ധതി. ബണ്ട് നിർമ്മിക്കുക, വെള്ളച്ചാലുകൾ ഉണ്ടാക്കുക, പമ്പ് ഹൗസ്, പമ്പ്സെറ്റ്, പെട്ടിപ്പറ എന്നിവയ്ക്ക് 85% സബ്സിഡി. മേൽപറഞ്ഞപദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

3. ചെറുകിട യന്ത്രവത്ക്കരണം.

ഉല്പാദനച്ചിലവ് കുറക്കുക എന്ന ലക്ഷ്യത്തോടെ കാർഷികയന്ത്രങ്ങളുടെയും, ഉപകരണങ്ങളുടേയും ഉപയോഗം പ്രചരിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് ട്രാക്ടറുകൾ, പവ്വർ ട്രില്ലറുകൾ, കൊയ്ത്തു യെന്ത്രങ്ങൾ, മെതിയെന്ത്രങ്ങൾ, പവ്വർ സ്പ്രേയറുകൾ തുടങ്ങിയവയ്ക്ക് സബ്സിഡി ലഭിക്കും. ഉപകരണത്തിന്റെ വിലയുടെ 50% ആണ് സബ്സിഡി. മികച്ച രരീതിയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമതികളായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ. CK 1 നെല്ലുല്പാദക സമിതിക്ക് ഈ പരിപാടിയിൽ ഒരു പവ്വർ സ്പ്രേയർ നല്കിയിട്ടുണ്ട്. (സബ്സിഡി 2,000 )

**II തെങ്ങുകൃഷി**

1. സമഗ്ര നാളികേരവികസന പദ്ധതി.

ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 1994-95 മുതൽ 3 വർഷമാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 1995-96 ൽ 82159 രൂപാ, ഈ പദ്ധതി പ്രകാരം ചിലവാക്കിയിട്ടുണ്ട്.

2. ജലസേജനത്തിനുള്ള കിണർ പമ്പ് സെറ്റ്

30 സെന്റ് തെങ്ങ് കൃഷിയുള്ള കർഷകർക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുക. 33¹/3% സബ്സിഡിയാണ് നല്കുന്നത്. പരമാവധി സബ്സിഡി 2500 രൂപയാണ്.

3. റോക്കർ സ്പ്രേയർ

സസ്യസംരക്ഷണത്തിന് മരുന്നു തളിക്കുന്നതിന് റോക്കർ സ്പ്രേയർ 1000 രൂപാ സബ്സിഡിയോടെ നല്കി വരുന്നു.

4. തെങ്ങു കയറ്റ യന്ത്രങ്ങൾ

500 രൂപാ സബ്സിഡിയൊടെ നൽകുന്നു.

5. കൂട്ടായ ജലസേജനം

5 ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് പത്തോ അതിലധികമോ കൃഷിക്കാർക്ക് ഗുണം ലഭിക്കുന്ന തരത്തിൽ ജലസേചന പദ്ധതികൾ നടപ്പിലാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 85% സബ്സിഡിയാണ് നല്കുന്നത്.

6. രാസവള കിറ്റുകളുടെ വിതരണം

1994-95 മുതൽ 3 വർഷത്തേക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തെങ്ങിനുള്ള രാസവള മിക്സചർ,5 തെങ്ങിനുള്ള കിറ്റ്, 10 തെങ്ങിനുള്ള കിറ്റ് എന്നീ രീതിയിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു.

7. പച്ചില വളവിത്ത്

തെങ്ങുകൃഷിക്ക് പ്രയോജനപ്പെടുത്താനായി പച്ചിലവളച്ചെടിയുടെ വിത്ത് സബ്സിഡിയോടെ നൽകുന്നു.

8. തെങ്ങ് വെട്ട് പദ്ധതി.

കാറ്റ്വീഴ്ചകൊണ്ട് നശിച്ചുപോയ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശം. എങ്കിലും നാമ്മാത്രമായി മാത്രം ഈ പദ്ധതി നടപ്പിലാക്കപ്പെടുന്നതുകൊണ്ട് രോഗത്തെ വേരോടെ പിഴുതു മാറ്റാൻ കഴിഞ്ഞിട്ടില്ല. രോഗബാധിതമായ എല്ലാ തെങ്ങുകളും വെട്ടി മാറ്റുന്നതിന് കർഷകരെ സഹായിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മറ്റു പദ്ധതികൾ.

1. കാർഷികസമതികൾ മുഖേന ജൈവവള പ്രചരണം.

പച്ചില വളവിത്ത് സബ്സിഡി നിരക്കിൽ നൽകുക. പാടശേഖര സമതികൾ മുഖേന കമ്പോസ്റ്റ് ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

2. കിഴങ്ങു വർഗ്ഗവിളകളുടെ വികസനം

മരച്ചീനി, മധുരക്കിഴങ്ങ്, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ വികസനത്തിനായി കർഷകർക്ക് ധനസഹായം നല്കുക.

3. പയറുവർഗ്ഗങ്ങളുടെ കൃഷി വികസനം.

പയർവിത്ത്, റൈസോബിയം കൾച്ചർ, സസ്യ സംരക്ഷണ മരുന്ന് എന്നിവയടക്കം ഹെക്ടറിന് 400 രൂപാ, ധനസഹായം നല്കുന്നു.

4. ഫലവർഗ്ഗ വികസനം

ഓരോ പ്രദേശത്തിനും യോജിച്ച ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മാവ്, പ്ലാവ്, സപ്പോർട്ട തുടങ്ങിയ

ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ ഈ പദ്ധതി പ്രകാരം നല്കുന്നു

5. പച്ചക്കറികളുടെ വികസനം

വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്തുകൾ വിതരണം ചെയ്യുകയും ഏറ്റവും നല്ല തോട്ടത്തിന് സമ്മാനം നല്കുകയും ചെയ്യുന്നു.

6 പ്രത്യേക ഘടകപദ്ധതി

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി വിവിധതരം പദ്ധതികൾ നടപ്പിലാക്കുന്നു. തെങ്ങിൻതൈകൾ, വളം, കിണർ, പമ്പ് സെറ്റ്, കാർഷികോപകരണങ്ങൾ എന്നിവ ഈ പദ്ധതിയിൽക്കൂടി നല്കുന്നു.

7. ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ പദ്ധതി.

ഒരു പഞ്ചാത്തിലെ 20 നും 35 നും ഇടക്ക് പ്രായമുള്ള 100 യുവാക്കളെയാണ് ഈ പദ്ധതിയിൽ ചേർക്കുന്നത്. ഈ പദ്ധതി പ്രകാരം 10% പട്ടികജാതി പട്ടികവർഗ്ഗക്കാരും 30% വനിതകൾക്കും സംവരണാനുകൂല്യം ലഭിക്കുന്നു. ഇതിൽ ചേർന്ന ഗുണഭോക്താക്കൾക്ക് 60 വയസ് കഴിയുമ്പോൾ 30,000 രൂപാ മുതൽ 60,000 രൂപാ വരെ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1000 രൂപാ പെൻഷനും ലഭിക്കുന്നു. മരണാനന്തരം അവകാശികൾക്ക് ഒരു ലക്ഷം രൂപയും ലഭിക്കും.

8. അംഗീകൃത നേഴ്സറികൾക്ക് പ്രോത്സാഹനം.

സ്വകാര്യ മേഖലയിൽ അംഗീകൃത നേഴ്സറികൾ സ്ഥാപിച്ച് നടീൽ വസ്തുക്കളും, വിതരണത്തിൽ വികേന്ദ്രീകരണവും നടപ്പാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത്തരം ഒരു നേഴ്സറിക്ക് ഇവിടെ അംഗീകാരം നൽകിയിട്ടുണ്ട്.

9. കാർഷികോത്പാദന പരിപാടിയിൽ പങ്കാളിത്തം.

കാർഷിക മേഖലയിൽ മത്സരങ്ങൾ നടത്തി കർഷകർക്ക് പഞ്ചായത്തുതലത്തിൽ അവാർഡ് നല്കുക, കാർഷിക സെമിനാറുകൾ നടത്തുക, എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

10. കൊക്കോ വികസന പദ്ധതി.

നിലവിലുള്ള കൊക്കോ വൃക്ഷങ്ങളിൽ പ്രായാധിക്യമുള്ളവ മാറ്റി പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതിയാണിത്. ഇതനുസരിച്ച് ഹെക്ടറൊന്നിന് ആദ്യവർഷം 2000 രൂപയും രണ്ടാം വർഷം 1000 രൂപയും ഉല്പാദനോപാധികൾക്കായി ധനസഹായം നല്കി വരുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നെൽവയലുകൾ നികത്തുന്നതും, കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും തടയുക.
2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വള പ്രയോഗങ്ങളെപ്പറ്റി കർഷകരെ ബോധവാന്മാരാക്കുക.
3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കിടക്കുന്ന തരിശുഭൂമികൾ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.
4. മുഖ്യവിളകളായ നെല്ലിനും, തെങ്ങിനും, ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കണം, നിലവിലുള്ള കർഷകസമതികളെ പുനരുജ്ജീവിപ്പിച്ച് ഇതിന് തയ്യാറാക്കണം.
5. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അത് സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.
6. ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നല്കി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. കീടനാശിനിയുടെ പ്രയോഗത്തെപ്പറ്റി കർഷകരിൽ അവബോധം വളർത്തുക.
8. പഞ്ചായത്തിൽ ഒരു കീടനാശിനി വിതരണകേന്ദ്രം സ്ഥാപിക്കുക.
9. നിലവിലുള്ള ധനകാര്യസ്ഥാപനങ്ങൾ മുഖേന സാമ്പത്തിക സഹായം ഉദാരമാക്കുക.
10. എല്ലാത്തരം വിത്തുകളും, തൈകളും വിതരണം ചെയ്യുന്നതിന് ഒരംഗീകൃത നേഴ്സറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
11. വിള ഇൻഷുറൻസ് പദ്ധതി കാര്യക്ഷമമാക്കുകയും കൂടുതൽ കാർഷികമേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.
12. കൃഷിനാശത്തിന്റേയും, മറ്റ് ദുരിതാശ്വാസ സഹായത്തിന്റേയും സഹായധനം വർദ്ധിപ്പിക്കുകയും, യഥാസമയം കിട്ടാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
13. ഔഷധ സസ്യങ്ങൾ വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
14. കൂൺകൃഷിയെപ്പറ്റി ബോധവത്കരണം നടത്തുകയും വ്യവസായികാടിസ്ഥാനത്തിൽ അവ ഉല്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
15. തെങ്ങുകൃഷിയെ രോഗവിമുക്തമാക്കുന്നതിനും,

അഭിവൃദ്ധിപ്പെടുത്തുന്നതിനും സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുക.

16. പുഷ്പ ഫലകൃഷി വിപുലമായി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

17. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിപുലമായ ബോധവത്ക്കരണ പരിപാടി പഞ്ചായത്തും, കൃഷിഭവനും സംയുക്തമായി നടപ്പാക്കുക.

ജലസേചനം.

പ്രധാനമായും മഴയെ ആശ്രയിച്ചാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി നടത്തുന്നത്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലാണ്. ( കാലവർഷം ). സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കിട്ടുന്ന തുലാവർഷവും നമ്മുടെ കാർഷികമേഖലയെ ചെറിയ തോതിൽ സഹായിക്കുന്നു.

വിപുലമായ ജലസേജനപദ്ധതികളൊന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽക്കൂടി ഒഴുകുന്ന തോടുകൾ വികസിപ്പിച്ച് വിപുലമായ ജലസേജനപദ്ധതികൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിലെ നീരൊഴുക്ക് പടിഞ്ഞാറോട്ടാണ്. എല്ലാ തോടുകളും കരിയാറിനൊടും, വേമ്പനാട്ട് കായലിനോടും ബന്ധിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് കരിയാറിൽ നിന്നുതുടങ്ങി തെക്കുവടക്കു കിടക്കുന്ന കമ്മട്ടിതോട് പഞ്ചായത്തിന്റെ കിഴക്കെ അരികിൽ മദ്ധ്യഭാഗത്ത് കരിയാറിൽ നിന്ന് പുറപ്പെടുന്ന കൊച്ചുകാച്ചിത്തറ തോട്, ചില്ലക്കൽ അപ്പക്കൽ വടക്കുഭാഗം ഒന്നായിത്തീർന്ന് പടിഞ്ഞാറോട്ടൊഴുകി വേമ്പനാട്ടുകായലിൽ പതിക്കുന്ന മറ്റപ്പള്ളിത്തോട് 5,6,9,1 എന്നീ വാർഡുകളിൽ കൂടിയൊഴുകി വേമ്പനാട്ടുകായലിൽ പതിക്കുന്ന ഇടിപടിത്തറത്തോട് എന്നിവയാണ് പ്രധാനപ്പെട്ട തോടുകൾ. ഉഴുന്നനാരിത്തോട്, കയിലാക്കാത്തോട്, പള്ളിത്തോട്, പൈനുങ്കൽപാടത്തുള്ള തോട്, ചേരിക്കൽപാടത്തുള്ള തോട്, പയറാട്ടുപാടത്തുകൂടി ഒഴുകുന്ന തോട് എന്നീ ചെറുതോടുകളും നമ്മുടെ ജലസ്രോതസ്സുകളായി കണക്കാക്കാവുന്നതാണ്. ഇവയെല്ലാംതന്നെ ആഴവും വീതിയും വർദ്ധിപ്പിച്ച് ജലസേചനസൗകര്യമുള്ള തോടുകളാക്കി മാറ്റാവുന്നവയാണ്. നമ്മുടെ പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും കൂടി ഒഴുകുന്ന ഇടിപടിത്തറ തോട ് വികസന ഭൂപടത്തിൽ ഇതിനകം തന്നെ വളരെയധികം ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള ജലസ്രോതസ്സാണ്. പലഭാഗങ്ങളിലും വീതി കുറഞ്ഞും,നികന്നും, ഉപയോഗശൂന്യമായിക്കിടക്കുന്ന ഈ തോട് വികസിപ്പിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയാൽ അത് നമ്മുടെ പഞ്ചായത്തിന്റെ ഗതാഗത മേഖലയിലും ജലസേജനമേഖലയിലും വിപ്ലവകരമായ മാറ്റം വരുത്തുവാൻ ഉപകരിക്കുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് എല്ലാ പുരയിടങ്ങളിലും ചെറുതും വലുതുമായ കുളങ്ങൾ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായിക്കിടക്കുകയാണ്. ഈ കുളങ്ങളിൽ പലതും ജലസേജനത്തിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഓരുമുട്ടുകളുടെ അപര്യാപ്തത നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

ഭൂപ്രകൃതി എന്നഅദ്ധ്യയത്തിലെ തോടുകളുടെ പട്ടിക നോക്കുക.

പട്ടിക അഞ്ച് കാണുക

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിസ്ഥലങ്ങളും ജലസേജനം നടത്തുവാൻ ഉതകുന്ന ഇടിപിടിത്തറ ടോട് ആഴം കൂട്ടി വീതി വർദ്ധിപ്പിച്ച് വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലൂടെ കടന്നുപോകുന്ന എല്ലാതോടുകളും മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

3. പഞ്ചായത്തുകുളങ്ങളും, സ്വകാര്യ കുളങ്ങളും പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേജന സൗകര്യം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

4. കരിയാറ്റിൽ സ്പിൽവേ സ്ഥാപിച്ച് ഓരില്ലാത്ത വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി പാടശേഖരങ്ങളിൽ എത്തിക്കുക.

5. പുരയിടങ്ങളിലെ കൃഷിക്ക് ജലസേജനസൗകര്യം ഉണ്ടാക്കുന്നതിന് കിണർ, കുഴൽക്കിണർ, പമ്പ്സെറ്റ് ഇവ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

നടപ്പാക്കാനുദ്ദേശിക്കുന്ന ജലസേജന പദ്ധതികളെക്കുറിച്ചുള്ള ചാർട്ട് 6 കാണുക.

6. കരിയാറിൽ നിന്ന് ശുദ്ധജലം, ടാങ്കിൽ പമ്പ് ചെയ്ത് ഉൾപ്രദേശങ്ങളിൽ എത്തിക്കുകയാമെങ്കിൽ കൃഷി

( തെങ്ങ്, പച്ചക്കറി, വാഴ ) അഭിവൃദ്ധിപ്പെടുത്താനും അതോടൊപ്പം തന്നെ കുടിവെള്ളം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാനും സാധിക്കുന്നു.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലി സമ്പ്രദായം കാർഷികവൃത്തിയുമായി ബന്ധപ്പെടുന്നവർക്ക് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാകുന്നത് നല്ലതാണ്.

ഇതിനെല്ലാം പുറമേ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അഗ്രോക്ലിനിക്കുകൾ, കാർഷികപരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.

ടി.വി. പുരം പഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസനസംസ്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതാണ്.

## പട്ടിക I

| നിലം | | | | പുരയിടം | | | |
|---|---|---|---|---|---|---|---|
| കെട്ടിടവും പരിസരവും | കാർഷികേതര ഉപയോഗം | കൃഷിക്ക് ഉപയുക്തമായ തരിശ് | കൃഷി സ്ഥലം (എല്ലാ കൃഷിയുമടക്കം) | കെട്ടിടവും പരിസരവും | കാർഷികേതര ഉപയോഗം | കൃഷിക്ക് ഉപയുക്തമായ തരിശ് | കൃഷി സ്ഥലം (എല്ലാ കൃഷിയുമടക്കം) |
| 4 ഹെ | 6 ഹെ | 38 ഹെ | 259.55 ഹെ | 112 ഹെ | 1125 ഹെ | -- | 466 ഹെ |

## പട്ടിക II

കൈവശഭൂമി വിസ്തീർണ്ണം (ഹെക്ടർ)

| വാർഡ് നമ്പർ | നാമമാത്ര കർഷകർ 1-ൽ താഴെ | ചെറുകിട കർഷകർ 1 - 2 | വൻകിട കർഷകർ 2നു മേലെ |
|---|---|---|---|
| 1 | 105 | 4 | -- |
| 2 | 178 | 11 | -- |
| 3 | 95 | 4 | 3 |
| 4 | 240 | 8 | 2 |
| 5 | 240 | 7 | 6 |
| 6 | 162 | 6 | 1 |
| 7 | 156 | 3 | 2 |
| 8 | 152 | 4 | -- |
| 9 | 152 | 4 | 1 |

## പട്ടിക III

വിവിധ കൃഷികളുടെ വിസ്തീർണ്ണം (ഹെക്ടറിൽ) 1995-96

| നെല്ല് | | | തെങ്ങ് | | കവുങ്ങ് | | കശുമാവ് | | കുരുമുളക് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിരിപ്പ് | മുണ്ടകൻ | പുഞ്ച | കായ്ക്കുന്നത് | കായ്ക്കാത്തത് | കായ്ക്കുന്നത് | കായ്ക്കാത്തത് | കായ്ക്കുന്നത് | കായ്ക്കാത്തത് | കായ്ക്കുന്നത് | കായ്ക്കാത്തത് | മാവ് | പ്ലാവ് | വാഴ | റബ്ബർ | കൊക്കോ | ജാതി | വെറ്റില | കപ്പ | പച്ചക്കറി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 35 | 30 | -- | 254 | 185 | 2 | 0.5 | 7 | 2.5 | 3 | 0.5 | 9.5 | 8 | 28.5 | 4.5 | 1.5 | 0.5 | 0.5 | 15.5 | 1.5 |

## പട്ടിക IV

| വാർഡ് | തെങ്ങ് കൃഷി (ഹെ) | തെങ്ങ് എണ്ണം | | |
|---|---|---|---|---|
| | | കായ് ക്കുന്നത് | കായ് ക്കാത്തത് | ആകെ |
| 1 | 38.5 | 5645 | 2148 | 7793 |
| 2 | 52.0 | 6815 | 3542 | 10357 |
| 3 | 50.5 | 6242 | 2745 | 8987 |
| 4 | 52.5 | 6315 | 4204 | 10519 |
| 5 | 50.5 | 5916 | 2145 | 8061 |
| 6 | 50.5 | 6415 | 2820 | 9235 |
| 7 | 48.5 | . 5318 | 2425 | 7143 |
| 8 | 45.5 | 5115 | 2248 | 7363 |
| 9 | 51.5 | 5830 | 3416 | 9246 |

## പട്ടിക V

| വാർഡ് | റോക്ക് സ്പ്രെയർ | നാപ്-സ്നാക് സ്പ്രെയർ | തെങ്ങു കയറ്റ യന്ത്രം | പോർട്ട ബിൾ പമ്പ് |
|---|---|---|---|---|
| 1 | -- | -- | -- | 7 |
| 2 | -- | -- | -- | 5 |
| 3 | 1 | -- | -- | 9 |
| 4 | 1 | -- | -- | 16 |
| 5 | -- | -- | -- | 12 |
| 6 | 3 | 3 | -- | 12 |
| 7 | -- | -- | -- | 17 |
| 8 | -- | -- | 1 | 14 |
| 9 | -- | -- | 3 | 10 |

## പട്ടിക VI

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കിലോ | ദ്രവം | ഖരം | കിലോ | ദ്രവം | ഖരം | കിലോ | ദ്രവം | ഖരം |
| 1. | സഹകരണം | 17701 | ഇല്ല | ഇല്ല | 16345 | ഇല്ല | ഇല്ല | 139530 | ഇല്ല | ഇല്ല |
| 2. | കൃഷിഭവൻ | -- | 4 ലി | 12 കി | -- | 2ലി | 308 കി | -- | 4 ലി | 4 കി |
| 3 | സ്വകാര്യം | -- | -- | -- | -- | -- | -- | -- | -- | -- |

## പട്ടിക VII

### നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 200 | 70 | 1821 |
| കശുമാവ് | -- | -- | -- |
| കുരുമുളക് | -- | - | -- |
| കവുങ്ങ് | -- | -- | -- |
| വാഴ | -- | -- | 2000 |
| കൊക്കോ | 1000 | -- | -- |
| ജാതി | -- | 25 | -- |
| പ്ലാവ് | -- | -- | 25 |
| ഒട്ടുമാവ് | -- | -- | 85 |
| സപ്പോട്ട | -- | - | 25 |

## പട്ടിക VIII

### ദുരിതാശ്വാസ വിതരണം

| വർഷം | വെള്ളപ്പൊക്ക ബാധിത പ്രദേശം | ധന സഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|
| 1993-94 | -- | -- | -- |
| 1994-95 | 24.58 ഹെ. | 211 | 16385 രൂ + 765.45 കി ജയ വിത്ത് + 200 കി. ജ്യോതി വിത്ത് |

## പട്ടിക IX

### പദ്ധതി രൂപരേഖ (കൃഷിഭവൻ റിപ്പോർട്ടിൽനിന്ന്)

| | 8-ാം പദ്ധതിക്കാലത്ത് ആരംഭിച്ച പ്രവൃത്തികൾ | അടങ്കൽ തുക (രൂ) 94-95 | 95-96 | പദ്ധതികളുടെ ഇപ്പോഴത്തെ നില |
|---|---|---|---|---|
| 1 | നെൽകൃഷി | | | |
| എ. | നെൽകൃഷിക്കാർക്ക് ഉൽപാദന പ്രോത്സാഹനം | 2875 | -- | 6835 രൂ (തുക അനുവദിച്ചിട്ടില്ല) |
| ബി | ചെറുകിട യന്ത്രവൽകരണം | -- | 2000 | -- |
| 2. | തെങ്ങുഷി | | | |
| | സമഗ്ര നാവികേര വികസന ദ്ധതി | 243774 | 85909 | നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു |
| 3. | മറ്റു പദ്ധതികൾ | | | |
| എ. | കർഷക സമിതികൾ മുഖേന ജൈവവള പ്രചാരണം | 10400 | 5255 | നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു |
| ബി. | കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വികസനം | -- | 1125 | -- |
| സി. | പയറു വർഗ്ഗങ്ങളുടെ കൃഷി വികസനം | 1160 | 2175 | -- |
| ഡി. | പച്ചക്കറി വിളകളുടെ വികസനം | -- | 4130 | -- |
| ഇ. | കാർഷികോത്പാദന പരിപാടിയിൽ പങ്കാളിത്തം | 2500 | 3000 | നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു |

## പട്ടിക X

| പദ്ധതിയുടെ പേര് | ആയക്കെട്ട് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|
| NNI repairs to Structures protecting the sides of Kariyar in survey no. 133/7A, 134 9/AB in T.V. Puram Panchayathu. | 150 മീ മതിൽക്കെട്ട് | 130,000 | കരിയാർ തീര സംരക്ഷണം |
| Protecting the sides fo kariyar in Survey No. 133/7A, 134/9AB, in T.V. Puram Panchayathu | 150 മീ മതിൽക്കെട്ട് | 75,000 | കരിയാർ തീര സംരക്ഷണം |

## പട്ടിക

### കുളങ്ങളുടേയും കിണറുകളുടേയും വിവരങ്ങൾ (പഞ്ചായത്തുവക)

| വാർഡ് | കുളങ്ങൾ | കിണറുകൾ |
|---|---|---|
| 1 | | 3 |
| 2 | | 5 |
| 3 | | 4 |
| 4 | | 6 |
| 5 | | 4 |
| 6 | 1 | 3 |
| 7 | 1 | 3 |
| 8 | | 4 |
| 9 | 1 | 4 |



# മൃഗസംരക്ഷണവും മൽസ്യബന്ധനവും.

മൃഗസംരക്ഷണം.

വളരെക്കാലം മുൻപ് മുതൽതന്നെ ടി.വി പുരം പഞ്ചായത്തിലെ മിക്ക കുടുംബങ്ങളിലും പശു, ആട് എന്നീ വളർത്തുമൃഗങ്ങളുടെ പരിപാലനം ഒരു ഉപതൊഴിലായി അംഗീകരിച്ചിരുന്നു എന്നു കാണാവുന്നതാണ്. അക്കൂട്ടത്തിൽ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന വെച്ചൂർ പശുക്കളും ഉണ്ടായിരുന്നു.എന്നാൽ ഇപ്പോൾ ഏതാണ്ട് 28% കുടുംബങ്ങളിലേ ഈ പ്രവർത്തനം നടക്കുന്നുള്ളൂ. മുൻകാലങ്ങളിൽ ഉഴവുകാളകളെ നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ചെറിയ തോതിൽ വളർത്തിയിരുന്നതായി കാണാം. കാലക്രമേണ ഉഴവുകാളകൾ നമ്മുടെ പഞ്ചായത്തിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവത്കരണം വന്നതും വളർത്തുമൃഗങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്

പാൽ ഉത്പാദനരംഗത്ത് നമുക്ക് വളരെയൊന്നും മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടില്ല. ഉത്പാദിപ്പിക്കുന്ന പാൽ ലാഭകരമായി വിറ്റഴിക്കുവാനുള്ള സംവിധാനത്തിന്റെ അഭാവം ഈ രംഗത്തെ എടുത്തു പറയേണ്ട ന്യൂനതയാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതക്കുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

പാൽ സഹകരണസംഘങ്ങളുടെ ആവിർഭാവം, വിപണനരംഗത്ത് അനുകൂലമായ മാറ്റത്തിന് തുടക്കമാകേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 4 പാൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു സംഘം പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുന്നില്ല. അതുകൊണ്ട് പാലുത്പാദകരുടെ പ്രതീക്ഷക്കൊത്തുയരുവാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ചികിത്സാസൗകര്യങ്ങളുള്ള ഒരു മൃഗാശുപത്രി പോലും പ്രവർത്തിക്കുന്നില്ല. രണ്ടാം വാർഡിൽ ഒരു മൃഗാശുപത്രിക്കു വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും ഡോക്ടർമാരുടെ അഭാവത്താൽ ഈ ആശുപത്രി പ്രവർത്തനക്ഷമമല്ല.

വളർത്തു മൃഗങ്ങളുടെ പട്ടിക 1 കാണുക

ടി. വി. പുരം പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുവാൻ വൈക്കം ടൗണിലുള്ള മൃഗാശുപത്രിയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യം ഇതു മൂലം ഉണ്ടാകാറുണ്ട്.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പു രോഗം, ഉദര രോഗം, മുടന്തൻ പനി, ദഹനസംബന്ധമായ രോഗങ്ങൾ എന്നിവയാണ്. രോഗപ്രതിരോധനടപടികളെക്കുറിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ, രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.കന്നുകാലിത്തോഴുത്ത് ശാസ്ത്രീയമായി രൂപപ്പെടുത്തി വൃത്തിയായി സൂക്ഷിക്കുന്നതിന് ബോധവത്ക്കരണവും സാമ്പത്തിക സഹായവും ആവശ്യമാണ്.

വളർത്തു മൃഗങ്ങളുടെ രോഗവിവരപ്പട്ടിക 2 കാണുക

1995,96,1997 വർഷങ്ങളിൽ വളർത്തുമൃഗങ്ങളിൽ കണ്ടെത്തിയ രോഗങ്ങളും ചികിത്സ നല്കിയ വളർത്തു മൃഗങ്ങളുടെ പട്ടികയുമാണ് മുകളിൽക്കൊടുത്തിരിക്കുന്നത്. വൈക്കം ഗവ. മൃഗാശുപത്രിയാണ് പ്രധാനമായ ചികിത്സാകേന്ദ്രം.

നമ്മുടെ പഞ്ചായത്തിൽ ഒരു സബ്സെന്ററർ പ്രവർത്തിക്കുന്നുണ്ട് ഇവിടെ എല്ലരോഗത്തിന് ഫലപ്രദമായ ചികിത്സാ സൗകര്യങ്ങളില്ല.

ടി. വി. പുരം പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ വളരെ തുശ്ചമാണ്.ഇവ തന്നെഫലപ്രദമായ പ്രവർത്തനെം കാഴ്ച വെക്കുന്നില്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും ആളുകൾക്ക് ഇതിനെപ്പറ്റിയുള്ള അറിവില്ലായ്മയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാന്റുണ്ടെങ്കിൽ പരിഹരിക്കാൻ കഴിയും.

ഗോബർഗ്യാസ് പ്ലാന്റു സ്ഥാപിക്കുന്നതിനെപ്പറ്റി പഞ്ചായത്തിൽ കാലി വളർത്തുന്ന ആളുകളെ ബോധവാന്മാരാക്കുന്നതിനുള്ള ഒരു ബോധവല്ക്കരണ പരിപാടി നടത്തുകയും പ്ലാന്റുകൾ സ്ഥാപിക്കാനാവശ്യമായ സാമ്പത്തികസഹായത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും വേണം.

കൃത്രിമബീജസങ്കലന വിവരങ്ങൾ.
പട്ടിക 3 കാണുക.

ടി.വി.പുരം പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളർത്തുനായ്ക്കളുടെ എണ്ണം നേരിയതോതിൽ വർദ്ധിച്ചതായിട്ടാണ് കാണുന്നത്. വളർത്തുനായ്ക്കൾക്ക് നിയമപരമായി ലൈസൻസ് എടുക്കുകയും പ്രതിരോധകുത്തിവെയ്പ്പ് നടത്തുകയും ശാസ്ത്രീയമായി വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ശാസ്ത്രീയമായി ലൈസൻസ് അനുസരിച്ച് വളർത്തു നായ്ക്കളുടെ ഏതാണ്ട് രണ്ടിരട്ടിയോളം നായ്കൾ ഈ പഞ്ചായത്തിൽ ഉടമസ്ഥരില്ലാതെ അലഞ്ഞുതിരിയുന്നുണ്ട്. ഇത് അപകടകരമായ സ്ഥിതിവിശേഷമാണ്. ഇതിനെതിരെ ശക്തമായ നടപടികൾ എടുക്കേണ്ടതാണ്. പേവിഷബാധയിൽനിന്ന് നമ്മുടെ നാടിനെ രക്ഷിക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ബോധവത്കരണപരിപാടി സംഘടിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ പേവിഷബാധക്കുള്ള പ്രതിരോധകുത്തിവയ്പ്പുകൾ ചെറിയതോതിൽ സംഘടിപ്പിക്കാറുണ്ട്. എന്നാൽ ഈ പ്രവർത്തനം കൊണ്ട് മാത്രം മാരകമായ പേപ്പട്ടി വിഷബാധ നീക്കാനാവില്ല.. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.
ചാർട്ട് 4 കാണുക.

നമ്മുടെ പഞ്ചായത്തിൽ മറ്റ് വളർത്തു മൃഗങ്ങളായി സാധാരണ കാണുന്നത് പന്നി, മുയൽ, പൂച്ച എന്നിവയാണ്. പന്നിവളർത്തുന്ന 4 കേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വളരെ കുറച്ചു പന്നികളെ മാത്രമെ ഇവിടെ വളർത്തുന്നുള്ളു. പന്നികളെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള സാമ്പത്തികബുദ്ധിമുട്ടും രോഗം വന്നാൽ ചികിത്സിക്കുന്നതിനുള്ള അസൗകര്യവും മൂലം ആളുകൾ ഈ രംഗത്തുനിന്നും പിൻമാറിക്കൊണ്ടിരിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്.

മുയലിനെ ഒരു കൗതുകവളർത്തുമൃഗം എന്ന നിലയിലാണ് നമ്മുടെ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വളർത്തുന്നത്. വ്യാപകമായ രീതിയിൽ കച്ചവടാടിസ്ഥാനത്തിൽ മുയൽ വളർത്തൽ ഇവിടെ നടത്തുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും കോഴിവളർത്തൽ ഒരു ഉപതൊഴിൽ എന്ന നിലയിൽ നടത്തുന്നുണ്ട്. ഇറച്ചിക്കോഴിക്കു വേണ്ടി ശാസ്ത്രീയമായി നടത്തുന്ന യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. രോഗം ബാധിച്ച കോഴികൾ കൂട്ടത്തോടെ ചത്തു പോകുന്നത് ഫലപ്രദമായി നേരിടാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതു് ഈ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നിരാശരാക്കുന്നുണ്ട്. ഇറച്ചിക്കോഴികൾ പ്രായമെത്തുമ്പോൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് സമ്പ്രദായം ഉണ്ടാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാകണം. അങ്ങനെ എല്ലാ വീടുകളിലും കോഴിവളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിക്കാവുന്നതാണ്. അങ്ങിനെ വരുമ്പോൾ കുടുംബവരുമാനത്തിൻെറ ഒരു ഭാഗം ഈ പ്രവർത്തനം കൊണ്ടു നേടാവുന്നതാണ്.
പട്ടിക 5 കാണുക.

നമ്മുടെ പഞ്ചായത്തിൽ വിശാലമായ പുഴയോരവും ഉൾനാടൻജലാശയങ്ങളും ഉള്ളതിനാൽ താറാവ് കൃഷിക്കു

വളരെയധികം സാധ്യതയുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറും, തെക്കും ഭാഗങ്ങൾ കായലോര പ്രദേശങ്ങളാണ്. ഈ തീരപ്രദേശങ്ങളിൽ വിപുലമായ രീതിയിൽ താറാവു വളർത്തുന്നതിന് സൗകര്യമുണ്ട്. വിപുലമായ രീതിയിൽ താറാവു വളർത്തുന്ന ഒരു കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കൊയ്ത്തു സീസണിൽ വെളിയിൽനിന്നും ആളുകൾ ഇവിടെ എത്തി താത്ക്കാലികമായി ഈ പ്രവർത്തനത്തിൽ ഏർപ്പെടാറുണ്ട്. സീസൺ കഴിയുമ്പോൾ അവർ പോവുകയും ചെയ്യും. അങ്ങേയറ്റം വികസനസാദ്ധ്യതയുള്ള ഈ രംഗത്തേയ്ക്കു ഇനിയും ആളുകൾ കടന്നുവരുന്നില്ല. അതിനാൽ വിപുലമായ ഒരു ബോധവൽകരണപരിപാടിയും ഈ രംഗത്തു് ഉണ്ടാകേണ്ടിയിരിക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) ക്ഷീരോത്പാദകസഹകരണസംഘങ്ങൾ കൂടതൽ കാര്യക്ഷമമാക്കുക. സഹകരണസംഘങ്ങൾ വഴി കാലിത്തീറ്റകളും കോഴിത്തീറ്റകളും കുറഞ്ഞവിലയ്ക്കു വിതരണം ചെയ്യുക.

2) ഈ പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടി ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

3) കാലിത്തീറ്റപ്പുല്ലു കൃഷി ചെയ്യുന്നതിനു വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4) അത്യുത്പാദന ശേഷിക്കുള്ള മുട്ടക്കോഴികളെ വിതരണം ചെയ്യുക.

5) ഇറച്ചിക്കോഴി യൂണിറ്റുകൾക്ക് വിപുലമായ മാർക്കറ്റിംഗ് സംവിധാനവും ചികിൽസാസൗകര്യവും ഏർപ്പെടുത്തുക.

6) കാലിവളർത്തൽക്കാർക്ക് ശാസ്ത്രീയമായി തൊഴുത്തു നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.

7) അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിനും വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പു നടത്തി ലൈസൻസു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

8) വിപുലമായ രീതിയിൽ പന്നി വളർത്തുന്നതിനു സാമ്പത്തികസഹായവും ചികിൽസാസൗകര്യങ്ങളും ഏർപ്പെടുത്തുക.

9) ഗോബർഗ്യാസ് പ്ലാന്റിന്റെ ഉപയോഗത്തെപ്പറ്റിയും നിർമ്മാണത്തെപ്പറ്റിയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. പ്ലാന്റു സ്ഥാപിക്കുന്നതിനു സബ്സിഡിയോടുകൂടിയ സാമ്പത്തികസഹായം നൽകുക.

10) വ്യാവസായിക അടിസ്ഥാനത്തിൽ മുയൽ വളർത്തുന്നതിനു പ്രോൽസാഹനവും സൗകര്യവും ഏർപ്പെടുത്തുക.

11) വിപുലമായ തോതിൽ താറാവു കൃഷി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ആടുവളർത്തൽ

വളരെ ഒന്നും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന ഒരു മേഖലയാണു ആടു വളർത്തൽ. ആടു വളർത്തലിനേപ്പറ്റി വേണ്ടത്ര ബോധം ജനങ്ങൾക്കു നൽകുന്നതിനു യാതൊരു ശ്രമവും നടന്നിട്ടില്ല. കുറഞ്ഞ മുതൽമുടക്കിൽ അധികം അധ്വാനം ഇല്ലാതെ മികച്ച വരുമാനം നേടാൻ ഈ രംഗത്തു സാധിക്കുന്നതാണ്. ലളിതവും ആദായകരവുമായ ഈ മേഖലയിലേയ്ക്കു് ആളുകൾ ഇനിയും കടന്നുവന്നിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ ചെമ്മനത്തുകരയിൽ വളരെ ശാസ്ത്രീയമായി പ്രവർത്തിക്കുന്ന ഒരു ആടു വളർത്തു കേന്ദ്രം ഉണ്ടു. വിവിധ ഇനങ്ങളിലായി 150 ആടുകൾ ഈ ഫാമിൽ വളരുന്നുണ്ടു. രണ്ടാം വാർഡു മെംബർ ശ്രീ.പോൾസൺ ജോസഫിന്റെ മേൽനോട്ടത്തിൽ ആണു ഈ ആടു വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നതു്. ഒരാടിനു ഒന്നര ചതുരശ്ര മീറ്റർ എന്ന അളവിലാണു് കൂടിനുള്ളിൽ സ്ഥലം ക്രമീകരിച്ചിരിക്കുന്നതു്. തൂണുകളിൽ അഞ്ചടി ഉയരത്തിൽ ഉറപ്പിച്ച പ്ലാറ്റുഫോമാണു ആട്ടിൻകൂടു്. കവുങ്ങു, തെങ്ങു, തുടങ്ങിയ പ്രാദേശികമായി ലഭ്യമായ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചാണു കൂടുനിർമ്മാണം. ശ്രദ്ധയോടുകൂടിയ പരിചരണം കൊണ്ട് ആടുകൾക്കു അസുഖം കുറവാണു. ജമുനാപാരി, മലബാറി, അട്ടപ്പാടി ബ്ലായ്ക്കു, എന്നീ ഇനങ്ങളാണു ഫാമിലുള്ളതു്.

ആടുവളർത്തൽ രംഗത്തു് ഇന്നു രണ്ടു പ്രവണതകൾ നിലനിൽക്കുന്നുണ്ടു്. മാംസത്തിനു വേണ്ടി മാത്രം വളർത്തുന്നതാണു ഒന്നാമത്തേതു. ആടുകളെ വളർത്തി മികച്ചയിനം കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു വിറ്റഴിക്കുന്നതാണ് പ്രചാരം നേടി വരുന്ന രണ്ടാമത്തെ രീതി.

ശാസ്ത്രീയമായ ആടുവളർത്തലിനെപ്പറ്റി നമ്മുടെ പഞ്ചായത്തിലെ ആളുകളെ ബോധവാൻമാരാക്കുന്നതിന് വിപുലമായ പഠനപരിപാടാകൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

മത്സ്യബന്ധനം

ടി.വി. പുരം പഞ്ചായത്തിന്റെ പടിഞ്ഞാറും തെക്കും ഭാഗങ്ങൾ വേമ്പനാട്ടുകായലും, കിഴക്ക് കരിയാറിനാലും ചുറ്റപ്പെട്ടു കിടക്കുന്നു. അങ്ങനെ മൂന്നു വശവും കായലും പുഴയും കൊണ്ട് ജലസമ്പന്നമായ നമ്മുടെ പഞ്ചായത്ത്

മത്സ്യബന്ധനത്തിന് പ്രകൃതിദത്തമായി തന്നെ അനുകൂല സാഹചര്യങ്ങൾ ഉള്ളതാണ്. 455 പുരുഷന്മാരും 385 സ്ത്രീകളും ഈ മേഖലയിൽ പണിയെടുക്കുന്നു. മത്സ്യം തലച്ചുമടായി കൊണ്ടുനടന്നു വിൽക്കുന്ന സ്ത്രീ തൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നു.

മത്സ്യം പിടിക്കുന്നതിന് പരമ്പരാഗതമായി ഉപയോഗിക്കുന്നവലയും വഞ്ചിയും തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ കായലോരങ്ങളിൽ കമ്പ വല സ്ഥാപിച്ച് മത്സ്യം പിടിക്കുന്ന രീതി നിലനിന്നിരുന്നു. എന്നാൽ ഇത്തരമൊരു സംവിധാനം ഇപ്പോൾ നിലവിലില്ല. കായലിൽ നിന്നും പുഴയിൽ നിന്നും മത്സ്യം പിടിക്കുന്ന തൊഴിലാളികളാണ് ഇവിടെ ഉള്ളത്. കടലോരങ്ങൾ നമുക്ക് ഇല്ലാത്തതിനാൽ കടൽമത്സ്യം പിടിക്കുന്ന തൊഴിലാളികൾഇവിടെ ഇല്ല. എന്നാൽ കടൽമത്സ്യങ്ങൾ വാങ്ങിക്കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുന്ന രീതി നിലവിലുണ്ട്.

നമ്മുടെ കായലിൽ നിന്നും പുഴയിൽ നിന്നും പിടിക്കുന്ന പ്രധാന മത്സ്യങ്ങൾ കരിമീൻ, ചെമ്പല്ലി, വറ്റ, ചെമ്മീൻ,കൊഞ്ച്,കാരി, കൂരി, കണ്ണി, കാളാഞ്ചി, കോല, നങ്ക്, പരൽ, മുതലായവയാണ്. ഓരോ മാസത്തിന്റേയും പ്രത്യേകത അനുസരിച്ച് പിടിക്കുന്ന മത്സ്യത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ഇപ്പോൾ താരതമ്യേന മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്.

നമ്മുടെ തീരപ്രദേശങ്ങളിൽ തൊണ്ടുതല്ല് വ്യാപകമാകുന്നതിനാൽ അതിലൂടെ വരുന്ന ചകിരിച്ചോറ് കായലിലും പുഴയിലും അടിഞ്ഞുകൂടി മത്സ്യബന്ധനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആവശ്യത്തിന് മത്സ്യം കിട്ടാത്തതുകൊണ്ടും ലാഭകരമായി ഈ പ്രവർത്തനം നടത്താൻ പറ്റാത്തതുകൊണ്ടും വളരെയധികം തൊഴിലാളികൾ കക്കാവാരുന്ന പ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു ഫിഷർമെൻ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട് ഇവിടെ മത്സ്യത്തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ ഈ സൊസൈറ്റിയിലൂടെയുള്ള പ്രവർത്തനം പറ്റാതെയാണിരിക്കുന്നത്. സഹകരണമേഖല വിപുലമാകേണ്ടത് അത്യാവശ്യമാണ്. ശാസ്ത്രീയമായ സംവിധാനവും ഉണ്ടാക്കാൻ നടപടിസ്വീകരിക്കണം. പിടിക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ്സ്റ്റോറേജും സംസ്കരണ യൂണിറ്റും സ്ഥാപിക്കണം. കാര്യക്ഷമമായ മത്സ്യവിപണനത്തിന് മെച്ചപ്പെട്ട മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ ടി.വി.പുരം കവലയിൽ പ്രവർത്തിക്കുന്ന മത്സ്യമാർക്കറ്റ് കാലോചിതമായി പരിഷ്കരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. മത്സ്യവിപണനത്തിലും ഇറച്ചിക്കടയിലും പച്ചക്കറിക്കടയിലും നിന്നുള്ള മാലിന്യങ്ങൾ എല്ലാം കൂടി നമ്മുടെ മാർക്കറ്റ് മലീമസമാക്കിയിരിക്കുകയാണ്. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളും വൃത്തിയായി സൂക്ഷിയ്ക്കാനുള്ള ബോധവൽക്കരണ പരിപാടിയും ആവശ്യമായ മറ്റു പ്രവർത്തനങ്ങളും നടപ്പിലാക്കണം. മത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ സൂക്ഷിക്കുന്നതിന് തീരപ്രദേശത്ത് ഒരു പൊതുതാവളം നിർമ്മിക്കേണ്ടതാണ്. മെച്ചപ്പെട്ട ഉപകരണങ്ങൾ വാങ്ങുവാൻ സാമ്പത്തിക സഹായം നൽകണം.

മത്സ്യക്കച്ചവടത്തിനായി സ്ത്രീകൾക്ക് ലോൺ നൽകുന്നതിന് ഒരു വനിതാമത്സ്യബാങ്ക് വൈക്കത്ത് പ്രവർത്തിക്കുന്നുണ്ട്. കുറച്ചുകൂടി വിപുലമായ മേഖലകളിലേയ്ക്ക് ലോൺ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഒരു വനിതാ മത്സ്യബാങ്ക് ടി.വി. പുരത്ത് സ്ഥാപിക്കുന്നത് നല്ലതായിരിക്കും.

വളരെയേറെ സാദ്ധ്യതകൾ ഉള്ള ശുദ്ധജലമത്സ്യകൃഷി, ഓരുജല ചെമ്മീൻകൃഷി എന്നിവയിൽ കാര്യമായ ഒരുചലനവും ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. നമ്മുടെ വെള്ളക്കെട്ടുപ്രദേശങ്ങളിൽ ചെമ്മീൻകൃഷിയും കൊഞ്ചുകൃഷിയും വിപുലമായ രീതിയിൽ ചെയ്യാൻകഴിയുന്നതാണ്.. ചെമ്മീൻകൃഷിയെപറ്റി വേണ്ടത്ര അറിവില്ലാത്തതിനാൽ ലാഭകരമായ ഈമേഖലയിലേയ്ക്ക് ആളുകൾ കടന്നുവരുന്നില്ല.

മത്സ്യഫെഡ് മുഖാന്തിരം വള്ളം വല എന്നിവ നിയന്ത്രിതനിരക്കിൽ എല്ലാ തൊഴിലാളികൾക്കു് നൽകുന്നതിന് നടപടികൾ. ഉണ്ടാകണം.

**നിർദ്ദേശങ്ങൾ**

1 കായലിലേക്ക് തള്ളിവിടുന്ന ചകിരിച്ചോറുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ചെയ്യുക.
2 മത്സ്യസമ്പത്ത് കുറയാതിരിക്കാൻ തീരപ്രദേശത്ത് കണ്ടൽ ക്കാടുകളും മറ്റുചെടികളും വച്ചുപിടിപ്പിക്കുക.

3 സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രവർത്തന മേഖലവിപുലീകരിക്കുകയും ചെയ്യുക.

4 കോൾഡ് സ്റ്റോറേജും മത്സ്യസംസ്കരണയൂണിറ്റും സ്ഥാപിക്കുക

5 മത്സ്യവനിതാബാങ്കിന്റെ ഒരുശാഖ നമ്മുടെ പഞ്ചായത്തിലും തുടങ്ങുക

6 മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശത്ത് ഫിഷറീസ് ഡിസ്പൻസറി സ്ഥാപിക്കുക.

7 കാലാകാലങ്ങളിൽ ഉണ്ടാകുന്ന മത്സ്യരോഗങ്ങൾ കണ്ടുപിടിച്ച് അവയ്ക്ക് പ്രതിവിധി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8 മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ ലോൺ സൗകര്യങ്ങൾ ഏർപ്പെടുത്തുക

9 കച്ചവടത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസിന്റെ കീഴിലുള്ള ബസ്സർവീസ് ടി.വി. പുരം വരെ നീട്ടുക.

10. മത്സ്യത്തൊഴിലാളികളുടെ കോളനികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വികരിക്കുക

11 ഒരു ചെമ്മീൻകുഞ്ഞ് ഉൽപാദനകേന്ദ്രം ഇവിടെ സ്ഥാപിക്കുക.

12 വലനിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.

13 ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി ഉണ്ടാക്കുക

## വളർത്തുമൃഗങ്ങളുടെ പട്ടിക

| വാർഡ് നമ്പർ | പശു നാടൻ | | പശു സങ്കരം | | ആട് | പട്ടി |
|---|---|---|---|---|---|---|
| | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | |
| 1. | 1 | _ | 88 | 79 | 72 | 39 |
| 2. | 2 | 1 | 94 | 108 | 297 | 58 |
| 3. | 2 | 1 | 102 | 96 | 276 | 49 |
| 4. | 1 | 1 | 104 | 94 | 79 | 42 |
| 5. | _ | _ | 107 | 99 | 86 | 58 |
| 6. | 1 | 2 | 98 | 72 | 89 | 54 |
| 7. | 1 | 2 | 95 | 96 | 82 | 59 |
| 8. | _ | _ | 96 | 102 | 87 | 56 |
| 9. | _ | _ | 103 | 122 | 85 | 63 |
| ആകെ | 8 | 7 | 887 | 868 | 953 | 478 |

## വളർത്തുമൃഗങ്ങളുടെ രോഗവിവരപട്ടിക

| ക.നമ്പർ | രോഗങ്ങൾ | പശു | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായ digestive disorders | 284 | 17 | | 9 | 34 |
| 2. | ശ്വാസകോശസംബന്ധം respiratoy disease | 108 | | | | |
| 3. | ഉപാപചയസംബന്ധം metabolic disease | 7 | | | | |
| 4. | ത്വക് രോബഗങ്ങൾ skin diseases | 59 | | | | |
| 5. | ധാതു ലവണങ്ങളുടെ അഭാവം deficiency disease | 23 | | | | |
| 6. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ gynocological | 41 | | | | |
| 7. | പരാദരോഗങ്ങൾ parasitic disease | | | | | |
| 8. | വന്ധ്യത infertility | 4 | | | | |
| 9. | അകിടു വീക്കം mastitis | 47 | | | | |
| 10. | മുടന്തൻ പനി ephimemal fever | 56 | | | | |
| 11. | പകർച്ച വ്യാധികൾ contagion disease | | | | | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| നമ്പർ | വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | | | |
|---|---|---|---|---|---|---|
| | | | ഒരു തവണ | 2 തവണ | 3 തവണ | 4 തവണ |
| 1. | പശു | 1770 | 713 | 117 | 27 | 21 |
| 2. | കിടാരി | | | | | |
| 3. | എരുമ | | | | | |

പേവിഷബാധ പ്രതിരോധവും ചികിൽസയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയ വയുടെ എണ്ണം | 32 | | 12 | 354 | | |
| കടിയേറ്റതിനുശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം | | | | | | |

വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | മുട്ടയിടുന്നത് | മുട്ടയിടാത്തത് | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | 102 | 406 | 516 | 11 | 14 | 4 |
| 2. | 128 | 482 | 615 | 7 | 15 | 9 |
| 3. | 104 | 526 | 680 | 5 | 7 | 3 |
| 4. | 111 | 520 | 645 | 3 | 4 | 4 |
| 5. | 98 | 540 | 760 | | | 6 |
| 6. | 89 | 610 | 690 | 3 | 2 | 2 |
| 7. | 104 | 618 | 670 | 12 | 8 | 3 |
| 8. | 108 | 575 | 640 | 5 | 2 | 3 |
| 9. | 112 | 540 | 625 | 6 | 11 | 9 |



# വ്യവസായം

ടി.വി. പുരം പഞ്ചായത്തിൻെറ വ്യവസായിക ചരിത്രം പരിശോധിച്ചാൽ വളരെക്കാലം മുൻപ് മുതൽക്കേ നമ്മുടെ പഞ്ചായത്തിൻെറ തീരപ്രദേശങ്ങളിൽ കയർവ്യവസായം വ്യാപകമായി പ്രചരിച്ചിരുന്നതായി കാണാം. എന്നാൽ 1930-40 കളിൽ ടി.വി.പുരം കവലയിൽ ഒരു തുണിനെയ്ത്തുശാല പ്രവർത്തിച്ചിരുന്നു. കാലക്രമേണ അതിന്റെ പ്രവർത്തനം നിലച്ചു.

നമ്മുടെ പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായ യൂണിറ്റുകൾ ഇല്ല. പരമ്പരാഗത മേഖലയിൽ അങ്ങേയറ്റം പ്രാധാന്യം കയർവ്യവസായത്തിനാണ്. അതിൽതന്നെ ചകിരി പിരിക്കലാലാണ് കൂടുതൽ ആളുകളും ഏർപ്പെട്ടിരിക്കുന്നത്. കുടിൽവ്യവസായങ്ങളിൽ പ്രാധാന്യം തഴപ്പായ് നെയ്ത്താണ്. ഓരോ മേഖലയേയുംപറ്റി വിശദമായ റിപ്പോർട്ട് താഴെകൊടുക്കുന്നു.

## കയർവ്യവസായം.

വളരെക്കാലം മുൻപുമുതൽ തന്നെ കയർ വ്യവസായത്തിന് ടി.വി. പുരം പഞ്ചായത്ത് പ്രസിദ്ധമാണെങ്കിലുംഇതിൽ പണിയെടുക്കുന്ന തൊഴിലാഴികൾക്ക് കാലോചിതമായ വേതന വർദ്ധനവ് ഉണ്ടായിട്ടില്ല. അതുപോലെ തന്നെ കയർവ്യവസായത്തിന് ലാഭകരമായ ഒരു സംവിധാനംഉണ്ടാക്കുവാനുംകഴിഞ്ഞിട്ടില്ല.1950-60 കാലഘട്ടങ്ങളിൽ അനവധി ചെറുകിട കയർഫാക്ടറികൾ പ്രധാനമായും കയറുതടക്കും, ചകിരിത്തടുക്കും നെയ്യുന്നവ നമ്മുടെ പഞ്ചായത്തിൽ അങ്ങോളമിങ്ങോളം ഉയർന്നു വന്നിരുന്നു. അനവധി തൊഴിലാളികളും ഈ ഫാക്ടറികളിൽ പണിയെടുത്തിരുന്നു. ഇവയെല്ലാം തന്നെ ക്രമേണ കുറഞ്ഞു വരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഇതേ കാലയളവിൽ തന്നെ ഈ മേഖലയിൽ ഉണ്ടായ ഒരുപ്രധാനസംഭവം കയർ സൊസൈറ്റികളുടെ ആവിർഭാവമാണ്. കയർ ചകിരി വ്യവസായമേഖലയിൽ സഹകരണസംഘങ്ങളുടെ ആവിർഭാവം ഒരുസംഘടിതസ്വഭാവം ഈവ്യവസായത്തിന് നൽകിയെങ്കിലും ലാഭകരമായി ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാനപ്പെട്ട ഒരു ന്യൂനതയായി ചൂണ്ടികാണിക്കപ്പെടുന്നത്. കയർ സഹകരണസംഘം വഴി പണിയെടുക്കുന്ന തൊഴിലാളികൾക്ക് എല്ലാ ദിവസവും പണി നൽകുന്നതിനുള്ള സംവിധാനം ഇല്ല എന്നുള്ളതാണ്. മിക്കവാറും ഒരു സൊസൈറ്റിയിലൂടെ ലഭിക്കുന്ന പണി കേവലം ഒരു മാസത്തിൽ 6, 7 ദിവസത്തേയ്ക്ക് മാത്രമേ തികയുന്നുള്ളു എന്നതാണ്. അതിനാൽ ഈ തൊഴിലാളികൾ പിന്നീടുള്ള പണിയ്ക്കുവേണ്ടി സ്വകാര്യ മേഖലയെ ആശ്രയിക്കുകയാണ് പതിവ്. ഇതിലൂടെ കിട്ടുന്നത് താരതമ്യേന കുറഞ്ഞ കൂലിയാണ്.

നമ്മുടെ പഞ്ചായത്തിൽ 6 കയർസഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നു. ഈ സഹകരണസംഘങ്ങൾ വഴി സർക്കാരിന്റെ സഹായധനങ്ങൾ ഈ മേഖലയ്ക്ക് കുറച്ചൊക്കെ ലഭ്യമാകുന്നുണ്ട് എന്നുള്ളത് ഒരു നല്ല തുടക്കമാണ്. എന്നാൽ അവ വേണ്ടവണ്ണം വിനിയോഗിക്കുവാനുള്ള പരിശ്രമങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

8-ാം പദ്ധതിക്കാലത്ത് ഊർജ്ജിത കയർവികസന

| ക്രമ നമ്പർ | സഹകരണസംഘത്തിന്റെ പേര് | തൊഴിലാളികൾ | | | അംഗീകൃത മൂലധനം | ഗവ: ഷെയർ വിഹിതം |
|---|---|---|---|---|---|---|
| | | H | F | T | | |
| 1. | T.V.Puram CVCS NO:33 | 865 | 752 | 161 | 72,50,00,00 | 78,27,00 |
| 2. | മുത്തേടത്തുകാവ് CVCS NO:K574 | 387 | 372 | 759 | 1,00,00,00 | 38,76,70 |
| 3. | പറക്കാട്ടുകുളം CVCS NO: K675 | 297 | 378 | 675 | 2,00,00,00 | 62,14,70 |
| 4. | CVCS NO:K 482 പള്ളിപ്പുറത്തുശ്ശേരി | 395 | 515 | 910 | 2,50,00,00 | 72,91,80 |
| 5. | ചെമ്മനത്തുകര CVCS NO:K 570 | 386 | 322 | 708 | - | 18,97,20 |
| 6. | ടി.വി.പുരം മാറ്റ്സ് | 33 | 20 | 53 | - | 1,30,00 |

പദ്ധതി പ്രകാരം, CVCS 33- നും CVCS K. 675 പറക്കാട്ടുകുളത്തിനും 18.5 ലക്ഷം രൂപ വീതം സഹായധനം അനുവദിച്ചിട്ടുണ്ട്. 100 യന്ത്രവത്കൃത റാട്ടുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് സഹകരണ സംഘങ്ങളിലും ഈ റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് മൂലം 100 പേർക്കുകൂടി ജോലി ലഭിക്കുന്നതാണ്.

മറ്റു കയർ സഹകരണ സംഘങ്ങളിലേക്കുകൂടി ഈ പരിപാടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സ്വകാര്യ കയർ വ്യവസായ മേഘലയിൽ നമ്മുടെ പഞ്ചായത്തിലെ 607 പുരുഷന്മാരും 896 സ്ത്രീകളും പണിയെടുക്കുന്നുണ്ട്.

ടി.വി.പുരം പഞ്ചായത്തിൽ ആകെ 18 ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ കയറുതടുക്കും ചകിരിതടുക്കും നിർമ്മിക്കുന്ന ഫാക്ടറികൾ ആണ്. ഇവയിൽ ഒന്നൊഴികെ എല്ലാം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ആകെ ഇതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം 102 ആണ്. നെയ്ത്തുതൊഴിലാളികൾ എല്ലാംതന്നെ പുരുഷന്മാരാണ്. ഇതോടനുബന്ധിച്ചുള്ള ജോലികളിൽ 12 സ്ത്രീകളും പണിയെടുക്കുന്നു. ഭൂരിഭാഗം ഫാക്ടറികളും സാമ്പത്തിക ബുദ്ധിമുട്ടുകാരണം കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നില്ല. നിർമ്മിക്കുന്ന തടുക്കിന്റെ ഫിനിഷിംഗ് ജോലി ഇവിടെത്തന്നെ ചെയ്യാനുള്ള സൗകര്യം ഇല്ല. ഇത് ഈ രംഗത്തെ ഒരു വലിയന്യൂനതയാണ്.

കയർ മേഖലയിൽത്തന്നെയുള്ള മറ്റൊരു വ്യവസായമാണ് മുപ്പിരിപിരുത്തം. ഈ വ്യവസായം പ്രധാനമായും ചെമ്മനത്തുകര ഭാഗത്താണ് കൂടുതലായുള്ളത്. ഉദ്ദേശം 158 പുരുഷ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നു. സ്വകാര്യ മേഘലയിൽ പ്രവർത്തിക്കുന്ന ഈ വ്യവസായത്തിന് ആവശ്യമായ വിപണി കണ്ടെത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

(പട്ടിക II കാണുക)

## ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. സഹകരണ സംഘങ്ങൾ വഴി കൂടുതൽ തൊണ്ടുനല്കി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ഠിക്കുക.
2. ഇതിനുവേണ്ടി വിപുലമായ രീതിയിൽ തൊണ്ട് അഴുക്കുന്നതിന് കായലോരത്ത് ആവശ്യമുള്ളത്ര തൊണ്ടഴുക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. ഇതുമൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കാൻ സംവിധാനം ഉണ്ടാക്കുക.
4. കയറുല്പന്നങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാൻ പഞ്ചായത്തിൽ പൊതു ഗോഡൗൺ സ്ഥാപിക്കുക.
5. ചെറുകിട കയർ ഫാക്ടറികൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് സംവിധാനം ഉണ്ടാക്കുക.
6. ഉല്പാദിപ്പിക്കുന്ന തടുക്കിന്റെ ഫിനിഷിംഗ് ജോലി ഇവിടെത്തന്നെ ചെയ്യുന്നതിന് ഒരു ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിക്കുക.
7. പഞ്ചായത്തിൽ എല്ലാ കയർ സഹകരണ സംഘങ്ങളിലും യന്ത്രവത്കൃത റാട്ടുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
8. മുപ്പിരിക്കയറിന്റെ ഉൽപ്പാദനം സഹകരണ മേഖലയിൽക്കൊണ്ടുവന്ന് മെച്ചപ്പെട്ട സേവന, വേതന വ്യവസ്ഥകൾ ഉണ്ടാക്കുകയും വിപണന മാർക്കറ്റ് ഉണ്ടാക്കുകയും ചെയ്യുക.

## നാളികേരം, കൊപ്ര

നമ്മുടെ പഞ്ചാത്തിന്റെ പ്രധാനപ്പെട്ട കൃഷി തെങ്ങാണ്. ഇതിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരം ഉപയോഗിച്ച് വിപുലമായ വ്യവസായ സംരഭങ്ങൾ ഇവിടെ തുടങ്ങിയിട്ടില്ല. ഈ മേഖലയിൽ കുറെ കൊപ്രാക്കളങ്ങൾ അല്ലാതെ മറ്റ് യാതൊരു വ്യവസായ യൂണിറ്റും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വളരെയധികം വികസന സാധ്യതയുള്ള ഈ രംഗത്ത് വൈവിധ്യമാർന്ന അനവധി വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുവാൻ സാധിക്കും. ആ വഴിക്കുള്ള ശ്രമവും ബോധവത്ക്കരണവും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ടി.പുരം പഞ്ചായത്തിൽ എല്ലാ വാർഡിലും കൂടി 34 കൊപ്രാക്കളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എല്ലാം കൂടി 128 പേർ പണിയെടുക്കുന്നു. ഈ രംഗത്തെ തൊഴിലാളികൾ എല്ലാം തന്നെ പുരുഷന്മാരാണ്. ഈ രംഗത്തെ തൊഴിലാളികൾക്ക് ഭാഗീകമായ തൊഴിലവസരങ്ങളാണ് ലഭിക്കുന്നത്. എല്ലാ ദിവസവും തൊഴിൽ ലഭ്യമല്ല. പണിയുള്ളപ്പോൾ ഒരു ദിവസം ശരാശരി 60 രൂപ കൂലി ലഭിക്കുന്നുണ്ട്. തൊഴിൽ ഭാഗീകമായതിനാൽ തൊഴിലാളികൾക്ക് മറ്റു തൊഴിൽ മേഖലകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ഉല്പാദിപ്പിക്കപ്പെടുന്ന കൊപ്ര അന്യ സ്ഥലങ്ങളിൽ

കൊണ്ടുപോയി വിൽക്കുന്ന ഒരു രീതിയാണ് ഇവിടെയുള്ളത്. ഇതുപയോഗിച്ച് ഇവിടെത്തന്നെ സംഘടിതമായ വ്യവസായ സംവിധാനം ഉണ്ടാക്കാവുന്നതാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നാളികേരം ഉപയോഗിച്ച് ചോക്ലേറ്റ് ഉണ്ടാക്കാവുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.
2. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന കൊപ്ര ഉപയോഗിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിന് പൊതുമേഖലയിൽ ഒരു മില്ല് സ്ഥാപിക്കുക.
3. വെളിച്ചെണ്ണ മൈക്രോഫിൽട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
4. വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.
5. ചിരട്ടകൊണ്ട് വിവിധതരം കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുക.
6. പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിനായി ഒരു ഫാകടറി സ്ഥാപിക്കുക.

### കക്കാ വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന വളരെയധികം ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നവരാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു കക്കാ വ്യവസായ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട് 316 പുരുഷന്മാരും 80 സ്ത്രീകളുമാണ് ഇതിന്റെ കീഴിൽ പണിയെടുക്കുന്നത്. ഏതാണ്ട് 348 പുരുഷന്മാരും 52 സ്ത്രീകളും സംഘത്തിന് വെളിയിൽ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ 7,8,1 വാർഡുകൾ കേന്ദ്രീകരിച്ച് ഒന്നോ രണ്ടോ സൊസൈറ്റികൾ കൂടി സ്ഥാപിക്കുന്നത് ഈ വ്യവസായത്തിന്റെ പുരോഗതിയ്ക്കും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവ്യവസ്ഥക്കും നല്ലതായിരിക്കും. ഈ മേഖലയിൽ ശരാശരി ഒരു തൊഴിലാളിയ്ക്ക് കിട്ടുന്ന കൂലി 80 രൂപയാണ്. കക്കായിറച്ചിയുടെ വിപണനവും ഒരു തൊഴിലായി സ്ത്രീകൾ സ്വീകരിച്ചിട്ടുണ്ട്.

### ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിലെ മറ്റു ഭാഗങ്ങളിൽക്കൂടി കക്കാവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
2. കക്കായിറച്ചി സംസ്കരിച്ച് സൂക്ഷിക്കുന്നതിന് ഒരു സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.
3. പൊതുമേഖലയിൽ ഒരു കുമ്മായച്ചൂള സ്ഥാപിക്കുക.
4. കക്കായിൽ നിന്നും ഉണ്ടാക്കാവുന്നതായ നീറ്റുകക്ക, സ്റ്റോസം, പെയിന്റുകൾ, സിമന്റ്, ബ്ലീച്ചിംഗ് പൗഡർ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുക.

### തഴപ്പായവ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ പരമ്പരാഗതകുടിൽവ്യവസായത്തിലെ ഒരു പ്രധാന ഇനമാണ് തഴപ്പായ നിർമ്മാണം. നമ്മുടെ പഞ്ചായത്തിൽ 650 സ്ത്രീകൾ ഈരംഗത്ത് പണിയെടുക്കുന്നുണ്ട്. സംഘടിതമായ ഒരു പ്രവർത്തന ശൈലി ഈ രംഗത്ത് ഇനിയും ഉണ്ടായിട്ടില്ല. ഈരംഗത്ത് ശരാശരി ഒരാളുടെ വരുമാനം 30 രൂപ കണക്കാക്കുന്നു. തഴപ്പായുടെ നിർമ്മാണവും വിപണനവും സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വിപുലികരിക്കുവാൻ കഴിയുന്നതാണ്.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. തഴപ്പായ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2. ഒരു പൊതുവിപണനകേന്ദ്രം സജ്ജമാക്കുക.
3. മെത്തപ്പായപോലുള്ള മെച്ചപ്പെട്ട ഗുണമേന്മയുള്ള പായയുടെ നിർമ്മാണത്തിന് സംവിധാനം ഉണ്ടാക്കുക.

### മത്സ്യ വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങൾ വേമ്പനാട്ടുകായലാൽ ചുറ്റപ്പെട്ടുകിടക്കുന്നു, കിഴക്കു കരിയാറും. അങ്ങിനെ മൂന്നുവശവും കായലും പുഴയും കൊണ്ട് ചുറ്റപ്പെട്ട് കിടക്കുന്ന ഈ പഞ്ചായത്ത് മത്സ്യബന്ധനത്തിന് പ്രകൃതിദത്തമായിതന്നെ അനുകൂലസാഹചര്യങ്ങൾ ഉള്ളതാണ്. 455പുരുഷന്മാരും 385 സ്ത്രീകളും ഈ മേഖലയിൽ പണിയെടുക്കുന്നു. പിടിക്കുന്ന മത്സ്യം തലച്ചുമടായി കൊണ്ടുനടന്നു വില്ക്കുന്ന സ്ത്രീ തൊഴിലാളികളും ഇതിലുൾപ്പെടുന്നു. മത്സ്യം പിടിക്കുന്നതിന് പരമ്പരാഗതമായി ഉപയോഗിക്കുന്ന വലയും വഞ്ചിയും തന്നെയാണ് ഈരംഗത്തുള്ളവർ ഇപ്പോഴും കൂടുതലായി ഉപയോഗിക്കുന്നത്. കമ്പവല സംവിധാനം ക്രമേണ നിന്നു പോയിരിക്കുകയാണ്.
1 ാം വാർഡിൽ ഒരുഫിഷർമെൻ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. കുറച്ചുകൂടി വിപുലമായ സഹകരണ മേഖല ഈരംഗത്ത് ആവശ്യമാണ്. മത്സ്യം കേടുകൂടാതെ സംരക്ഷിക്കുന്നതിനും സംസ്കരിച്ച് എടുക്കുന്നതിനും പൊതു

മേഖലയിൽ ഒരു സംസ്കരണയൂണിറ്റ് അത്യാവശ്യമാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. മത്സ്യബന്ധനവും വിപണനവും സഹകരണ മേഖലയിൽ കൊണ്ടുവന്ന് കാര്യക്ഷമമാക്കുക.
2.പൊതുമേഖലയിൽ ഒരു മത്സ്യസംസ്കരണയൂണിറ്റ് സ്ഥാപിക്കുക.
3. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ ഐസ് ഉല്പാദിപ്പിക്കുന്നതിന് പൊതുമേഖലയിൽ ഒരു ഐസ് പ്ലാന്റ് സ്ഥാപിക്കുക.
4. മത്സ്യ ബന്ധനത്തിന് നവീന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. ഫിഷർമെൻ കോളനിയിലെ സൗകര്യങ്ങൾ വർദ്ധിപ്പക്കേണ്ടതാണ്

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ടി.വി.. പുരം പഞ്ചായത്തിന്റെ ഒരു പ്രധാന വ്യാവസായിക സംരംഭമാണ് 7 ാം വാർഡിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ഇവിടെ 10 ഷെഡ്ഡുകളിലായി 10വ്യവസായയൂണിറ്റ് തുടങ്ങുവാനുള്ള സൗകര്യം ഉണ്ട്. ഇപ്പോൾ 8 വ്യവസായയൂണിറ്റുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. പവർകട്ട് മൂലം പല യൂണിറ്റുകളും ഭാഗികമായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

(പട്ടിക III കാണുക)

ഈ യൂണിറ്റുകളിലെല്ലാം കൂടി 35 പുരുഷന്മാരും 2 സ്ത്രീകളും പണിയെടുക്കുന്നുണ്ട്. ഇതു കൂടാതെ പരോക്ഷമായി ഏതാണ്ട് 60 പേർക്ക് ഭാഗികമായും തൊഴിൽ ലഭിക്കുന്നുണ്ട്.

ഈ വ്യവസായത്തിൽ എല്ലാംതന്നെ യന്ത്രവത്കൃതയൂണിറ്റുകൾ ആയതിനാൽ പവ്വർ സപ്ലേകൂടാതെ പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ല. പവർകട്ട് ഈ വ്യവസായ ശൃംഖലയെ ദോഷകരമായി ബാധിക്കുന്നതായിട്ടാണ് കാണുന്നത്.

### നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായപുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

## വൻകിടവ്യവസായസാദ്ധ്യതകൾ

1. ടി.വി.പുരം പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. 1 ാം വാർഡിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുക.
3. ഇവിടെ സുലഭമായി കിട്ടുന്ന കക്ക ഉപയോഗിച്ച് ഒരു സിമന്റ് നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
4. ഒരു വൻകിട ഓയിൽ മില്ല് സ്ഥാപിക്കുക.

## ടൂറിസം

നമ്മുടെ ഗവൺമെന്റ് ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ ടൂറിസ്റ്റു സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള സാധ്യതയുണ്ട്.

പടിഞ്ഞാറും തെക്കും വേമ്പനാടുകായലും, കിഴക്ക് കരിയാറുമായി മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ടി.വി.പുരം പഞ്ചായത്ത് ടൂറിസ വികസനത്തിന് അങ്ങേയറ്റം സാധ്യതകളുള്ള പ്രദേശമാണ്. പടിഞ്ഞാറൻ കായൽഭാഗത്തു നിൽക്കുന്ന വിളക്കുമാടവും പ്രകൃതി ദത്തമായ കായലോരകാഴ്ചകളും നമ്മുടെ പഞ്ചായത്തിന്റെ ടൂറിസ്റ്റു മാഹാത്മ്യത വിളിച്ചറിയിക്കന്നു. എന്തുകൊണ്ടോ ഇവയൊന്നും ആധികാരികമായി ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. വിളക്കുമാടം മുതൽ തെക്കോട്ടുവന്ന് കരിയാർ കറങ്ങിപോവുകയോ, അല്ലെങ്കിൽ നേരെ തെക്കോട്ട് തണ്ണീർമുക്കംവരേയോ ബോട്ടു യാത്രാ സൗകര്യങ്ങൾ ഉണ്ടാക്കി തൃണയംകുടം ക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗം ഒരു ടൂറിസ്റ്റു കേന്ദ്ര മാക്കി മാറ്റാവുന്നതാണ്. ക്ഷേത്രത്തിന്റെ തെക്കുവശത്തുള്ള ബോട്ടുജെട്ടി വികസിപ്പിച്ച് വിപുലമായ ബോട്ടുയാത്ര കേന്ദ്രമാക്കി മാറ്റാവുന്നതാണ്. നമ്മുടെ പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങൾ എല്ലാം തന്നെ ടൂറിസം വികസനത്തിന് അനുയോജ്യമായ സ്ഥലങ്ങളാണ്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങൾ ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ സംവിധാനം ചെയ്യുക.
2. വാര്യംചിറമില്ലിനു തെക്കുഭാഗത്തുള്ള ബോട്ടുജെട്ടി വികസിപ്പിച്ച്, ബോട്ടുകൾ പാർക്ക് ചെയ്യുന്നതിനുള്ള

സൗകര്യങ്ങൾ ഉണ്ടാക്കുക.

3. കരിയാർ തീരത്ത് കുട്ടുങ്കൽക്കടവ്, കൊതവറ പള്ളി, തണ്ണീർമുക്കം ബണ്ട്, തൃണയംകുടം ജെട്ടി, വാരനാട്, വാര്യംചിറ ജെട്ടി, വിളക്കുമാടം എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തി ബോട്ട്സർവ്വീസ് ആരംഭിച്ച് വിനോദസഞ്ചാരം വികസിപ്പിക്കുക

4. ഒന്നാം വാർഡിന്റെ കിഴക്ക്തെക്കെ ഭാഗമായ ഉദയംകേരിൽമുക്ക്, തുരുത്ത് എന്നിവ ബോട്ടിംഗ് കേന്ദ്രങ്ങളാക്കാനുള്ള സാദ്ധ്യതകൾ വികസിപ്പിക്കുക.

5. അന്തർദേശീയ ജലപാത പദ്ധതിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുത്തുക.

## മദ്യവ്യവസായം.

ഗവൺമെന്റിന് കോടിക്കണക്കിന് രൂപ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നൊരു മേഖലയാണ് മദ്യവ്യവസായ മേഖല. നമ്മുടെ പഞ്ചായത്തിലെ മദ്യവ്യവസായം എന്നു പറയുന്നത് പ്രധാനമായും കള്ളുചെത്തു മേഖലയിൽ ഒതുങ്ങി നില്കുന്നു.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 6 കള്ളുഷാപ്പുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ 2 എണ്ണം ഉപഷാപ്പുകളായി പ്രവർത്തിക്കുന്നു. ഇതിൽ 90 ചെത്തുതൊഴിലാളികളും 10 അനുബന്ധ തൊഴിലാളികളും പണിയെടുക്കുന്നു. എല്ലാവരും തന്നെ പുരുഷന്മാരാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഒരു ദിവസത്തെ ശരാശരി കൂലി 78 രൂപയാണ്. കൂടാതെ ബോണസ്, ഗ്രാറ്റുവിറ്റി, ഒരുക്കുഫീസ്. ഇരട്ടിശമ്പളം, ഉപകരണഫീസ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. ശക്തമായ ഒരു തൊഴിലാളി സംഘടന ഈ രംഗത്തെ ഒരു പ്രത്യേകതയാണ്. എങ്കിലും വ്യവസായത്തിന്റെ വളർച്ചക്ക് ആനുപാതികമായി തൊഴിലാളികൾക്ക് വേതനാനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. കള്ളു വ്യവസായം സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിന് ശ്രമം ആരംഭിക്കുക.
2. നവീനവും സൗകര്യപ്രദവുമായ വിൽപ്പനശാലകൾ ആരംഭിക്കുക.
3. കള്ള് കേടുവരാതെ സൂക്ഷിക്കുന്നതിനായി ഫ്രീസിംഗ് സംവിധാനം ഏർപ്പെടുത്തുക.
4 കള്ളുഷാപ്പുകൾ മലിനീകരണ വിമുക്തമാക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക.
5. കള്ളിൽ മായംചേർക്കുന്നത് ഫലപ്രദമായി തടയുന്നതിനും കേടുകൂടാതെ സംരക്ഷിക്കുന്നതിനും നവീന സംവിധാനങ്ങൾ എർപ്പെടുത്തുക.
6. തെങ്ങ്രോഗം മാറ്റി കള്ള് ഉൽപ്പാദനത്തിലുള്ള കുറവ് പരിഹരിക്കാം.

## മറ്റുമേഖലകൾ

പാലിന്റെ ഉൽപാദനവും വിപണനവും ഈ പഞ്ചായത്തിലെ നല്ലൊരുഭാഗം ജനങ്ങളുടെ ഉപജീവനമാർഗ്ഗം ആണ്. നാലു സഹകരണസംഘങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഈരംഗത്ത് പണിയെടുക്കുന്നവർക്ക് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലഭ്യമല്ല. 3 തടിമില്ലുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾക്ക് ആവശ്യക്കാർ വർദ്ധിച്ചേക്കും. ഇവിടെ ലഭ്യമായ പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ.

പട്ടിക IV

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ഇനങ്ങൾ S.S.I | 1. | നവീനരീതിയിലുള്ള തൊണ്ടഴുക്കൽ |
| | 2. | യന്ത്ര വത്കൃത ചൂടി നിർമ്മാണം |
| | 3. | ചവിട്ടി, ചകിരി നാരിന്റെ കിടക്ക, തലയിണ നിർമ്മാണം |
| | 4. | ചകിരിച്ചോർ ഉപയോഗിച്ച് വളം |
| | 5. | ചിരട്ടപ്പൊടി |
| | 6. | തേങ്ങാ പൗഡറും ക്രീമും |
| | 7. | തേങ്ങാവെള്ളംഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ |
| | 8. | ചിപ്പ് നിർമ്മാണം, നേന്ത്രക്കായ. കപ്പ, ഉരുളക്കിഴങ്ങ് |
| | 9. | വെളിച്ചെണ്ണ ഉൽപാദനം |

നമ്മുടെ പഞ്ചായത്തിലെ അനവധി ചെറുപ്പക്കാർ വിവിധതരം വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരായി നിൽക്കുന്നുണ്ട്. ടി.വി. പുരം പഞ്ചായത്തിലെ മാത്രം വിപണികൾ ലഭ്യമായാൽ തന്നെ വളരുവാൻ സാധ്യതയുള്ള ഒട്ടനവധി നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ പറ്റുന്ന വ്യവസായങ്ങൾ തുടങ്ങുവാൻ ഇവർ മുന്നോട്ട് വരണം. ഇതിനുവേണ്ടി ഇവിടുത്തെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ

വികസനബോധം വളർത്തിയെടുക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ S.S.I | 1. | നൈലോൺ വല നിർമ്മാണം |
| | 2. | ശാസ്ത്രീയമായകോഴി വളർത്തൽ |
| | 3. | ആയുർവേദ മരുന്നു നിർമ്മാണം |
| | 4. | മരം ഫർണിച്ചർ |
| | 5. | ഇരുചക്രവാഹനങ്ങളുടെ വർക്ക് ഷോപ്പ്. |
| | 6. | സ്വിച്ച്ബോർഡ് നിർമ്മാണം |
| | 7. | കുട്ടികളുടെ ഷൂനിർമ്മാണം |
| | 8. | സ്കൂൾ ബാഗ് നിർമ്മാണം |
| വനിത | 9. | അലക്ക് സോപ്പ്, സോപ്പ് പൊടി നിർമ്മാണം |
| സഹ:സംഘം പട്ടികജാതി | 10. | സിമന്റ്ഇഷ്ടിക നിർമ്മാണം |
| | 11. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 12. | കിടക്കനിർമ്മാണം |
| | 13. | കൂൺകൃഷി |
| സഹ:സംഘം വനിത | 14. | കുട,നോട്ട് ബുക്ക് നിർമ്മാണം. |
| | 15. | കറിപൗഡർ നിർമ്മാണം. |
| | 16. | കരിങ്കല്ല് ഉടച്ചു ചീളി ശരിയാക്കൽ |

### മറ്റു സാധ്യതകൾ

1. ഗ്ലാസ് ഫാക്ടറി.
2. പ്രിന്റിംഗ് കോംപ്ലക്സ്.
3. കാഡ്ബോർഡ് പെട്ടികൾ
4. മിഠായി സംസ്കരണം
5. മത്സ്യസംസ്കരണം
6. തീപ്പെട്ടി വ്യവസായം
7. കുറ്റിമുല്ല
8. പാൽ ഉല്പന്നങ്ങൾ
9. കളിമൺ പാത്രനിർമ്മാണം.
10. അടക്കാ സംസ്കരണം.
11. പട്ടുനൂൽ വ്യവസായം.

### പൊതുനിർദ്ദേശങ്ങൾ

1. നവീനരീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി കയർ സംഘങ്ങൾക്കാവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പരിസരമലിനീകരണം തടയുകയും ചെയ്യുക.

ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ: കയർബോർഡ്, കയർപ്രോജക്ട് ഓഫീസ് വൈക്കം.

2. യന്ത്രവത്കൃതകയർനിർമ്മാണം എല്ലാ സഹകരണ സംഘങ്ങളിലും ആരംഭിക്കുക. അതോടൊപ്പം തന്നെ കയറുകൊണ്ടുള്ള മറ്റുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും പ്രവർത്തനവും ആരംഭിക്കുക.

ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ: കയർസഹകരണ സംഘങ്ങൾ, കയർ പ്രോജക്ട് ഓഫീസ്, കയർ വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം, കയർഫെഡറേഷൻ ആലപ്പുഴ.

3. വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായസംരഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദപരിശീലനം നൽകുകയും, പരിശീലനം നൽകുന്നതിന് കോട്ടയം ജില്ലാവ്യവസായ കേന്ദ്രവുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

4. കരകൗശലരംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന Deputy Commissioner, Ministery of Handloom and Textiles - Trichur എന്നിവരുമായി ബന്ധപ്പെട്ട് Centre സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

5. ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവത്കരണം നടത്തുന്നതിന് നാളികേരവികസന ബോർഡ്, കേരഫെഡ്, കയർവികസന ഡയറക്ടർ, Regional Research Laboratory Trivandrum തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുക. റെഡിമെയ്ഡ് വസ്ത്ര വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും അതിന്റെ വിപണനസാദ്ധ്യതകളെപ്പറ്റിയും Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകുക.

7. വ്യവസായങ്ങളെപ്പറ്റി നേരിട്ട് കണ്ടറിഞ്ഞ് അതിനെപ്പറ്റിയുള്ള ഭയാശങ്കകൾ നീക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിക്കുക.

8. ടി.വി.പുരം പഞ്ചായത്തിൽ വ്യവസായ വളർച്ചക്ക് ആവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കോട്ടയം ജില്ലാവ്യവസായകേന്ദ്രം, ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ മറ്റുപൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പത്തുദിവസം നീണ്ടുനിൽക്കുന്ന വ്യവസായിക കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

9 വ്യവസായ രംഗത്തേക്ക് കടന്നുവരുന്നവർക്ക് വൈദ്യുതി

ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുത ലൈനുകളും 3-Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുക.

10 'വ്യസായ കേരളം' പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്ക് ആവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ ഇവിടെത്തന്നെ നിർമ്മിക്കുവാനും എല്ലാത്തിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും സാധിക്കും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കംകൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസനസാദ്ധ്യതയും വളർന്നുവരുവാൻ കാരണമാവുകയും ചെയ്യും.

പട്ടിക II

| സ്ഥാപനങ്ങൾ | | തൊഴിലാളികൾ | | | ഒരു ദിവസത്തെ കൂലി | |
|---|---|---|---|---|---|---|
| | എണ്ണം | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ |
| കയറുപിരി ( സഹകരണ മേഖല) | 6 | 2363 | 2359 | 4722 | 27 | 27 |
| കയർഫാക്ടറി (സ്വകാര്യ മേഖല) | 18 | 102 | 12 | 114 | 60 | 30 |
| മൂപ്പിണി (സ്വകാര്യ മേഖല) | | 158 | | 158 | | |

പട്ടിക III

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

| നമ്പർ | വ്യവസായത്തിന്റെ പേര് | തൊഴിലാളികൾ | | | കൂലിനിരക്ക് |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ | |
| 1. | മറ്റപ്പള്ളിൽ റബ്ബർഇൻഡസ്ട്രി | 8 | | 8 | |
| 2. | ശരത്ത് കെമിക്കൽസ് (തുടങ്ങിയിട്ടില്ല) | | | | |
| 3. | പോളിഫോം റബ്ബർ | 6 | | 6 | 90 |
| 4. | എൻഫിറ്റ് പോളിമാറ്റ്സ് | | | | |
| 5. | പ്രീമായർ പാക്കേജസ് | 2 | | 2 | 60 |
| 6. | വേമ്പനാട് കയർ മാറ്റ്സ് | 6 | | 6 | 60 |
| 7. | മോഡേൺ ഫർണ്ണിച്ചർ ആൻഡ് സോമിൽ | 3 | | 3 | 60 |
| 8. | ഐഷ ഗ്രൈൻഡർ | 6 | 2 | 8 | 75 - 25 |
| 9. | സാനിയ പെയിന്റ് ആൻഡ് കെമിക്കൽസ് | 4 | | 4 | 60 |



# വിദ്യാഭ്യാസം

മുൻകാലങ്ങളിൽ പ്രാഥമികവിദ്യാഭ്യാസത്തിനുള്ള സൗകര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് ഗ്രാമത്തിന് പുറത്തേയ്ക്ക് പോകേണ്ടി വന്നു. നാട്ടിൽ വ്യാപകമായുള്ള കുടിപ്പള്ളിക്കൂടങ്ങളിലാണ എഴുത്തും വായനയും അഭ്യസിച്ചിരുന്നത്. ചാളി ആശാൻ, ചെരട്ടശ്ശേരിൽ കൃഷ്ണൻ ആശാൻ, വാവച്ചി ആശാൻ, കറുത്തേടത്ത് രാവുണ്ണി ആശാൻ; ഇലഞ്ഞനയിൽ കേശവൻ ആശാൻ, തേവരേഴത്ത് ഭാസ്കരൻ ആശാൻ, ആണ്ടിക്കോവിൽ ഗോവിന്ദൻ ആശാൻ തുടങ്ങിയ വരായിരുന്നു പ്രധാനപ്പെട്ട നാട്ടെഴുത്താശാൻമാർ. ആയ്യൂർവേദചികിത്സാതത്പരന്മാർക്ക് അനിവാര്യമായി സംസ്കൃതപഠനവും നടത്തി.

ഒരു നൂറ്റാണ്ടിന് മേൽ പഴക്കമുള്ള രണ്ട് വിദ്യാലയങ്ങളാണ് ഈ നാട്ടിൽലുള്ളത്. 1892 ൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളും മുത്തേടത്തുകാവിലുണ്ടായിരുന്ന ആലങ്കര പള്ളിക്കൂടവും. ആലങ്കര പള്ളിക്കൂടം മോഴിക്കോട് ക്ഷേത്രത്തിനടുത്തേക്കും, പിന്നീട് ക്ഷേത്രസന്ദർശനത്തിനെത്തിയ നാരായണഗുരുവിന്റെ ആവശ്യ പ്രകാരം കൊല്ലേരിൽ കുട്ടൻ മുതലാളി നൽകിയ കണ്ടനാട്ടു പറമ്പിലേക്കും മാറ്റുകയുണ്ടായി. ഈ സ്ഥലത്ത് ആണ് 1968 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വ്യാപകമായ ഉത്പന്നപ്പിരിവും പഞ്ചായത്ത് പ്രസിഡന്റ് എം. വാസുദേവന്റെയും ടി.വി. പുരം പള്ളി വികാരി ഫാദർ ഫ്രാൻസിസ് തയ്യിൽ അച്ചന്റെയും നേതൃത്വം മൂലമാണ് ഹൈസ്കൂളായി ഉർത്താൻ കഴിഞ്ഞത്.

കൊ.വ. 1079 കർക്കടകം 1 ന് (എ.ഡി. 1964) സ്ഥാപിതമായ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളും, ചെമ്മനത്തുകര സർക്കാർ യു.പി. സ്കൂളുംപഴക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ചെമ്മനത്തുകര ആലപ്പുറത്ത് ശ്രീ. അച്യുതൻ വൈദ്യർ ആരംഭിച്ച സംസ്കൃത പാഠശാല 1133ാം നമ്പർ ശാഖായോഗം വക മലയാളം പ്രൈമറി സ്കൂളാവുകയും പിന്നീട് അത് സർക്കാരിന് നിരുപാധികം വിട്ടുകൊളുക്കുകയുമാണുണ്ടായത്. സർക്കാർ ഏറ്റെടുത്തതിന് ശേഷം യു.പി. സ്കൂളായി ഉയർത്തപ്പെട്ടതാണ് ചെമ്മനത്തുകര സർക്കാർ പള്ളിക്കൂടം.

പഞ്ചായത്തിൽ 17 അംഗൻ വാടികളും 4 നഴ്സറി ക്കൂളുകളും ഉണ്ട്. 2,3,5 വാർഡുകളിൽ മലയാളം നഴ്സറിയും 8 ൽ ഇംഗ്ലീഷ് നഴ്സറിയുമാണുള്ളത്. 2 ാം വാർഡിലെ മലയാളം നഴ്സറി സ്കൂളിൽ എൽ.കെജി. മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നു.

വാർഡ് 2 ൽ കൊട്ടാരപ്പള്ളി ഭാഗത്തുള്ള ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും, വാർഡ് 9ലെ തയ്യൽ പരിശീലന കേന്ദ്രവും, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുമാണ് സാങ്കേതികസ്ഥാപനങ്ങൾ.

മുത്തേടത്തുകാവ് എസ്. എൻ.ഡി.പി. 1140ാം നമ്പർശാഖായോഗത്തിന്റെ എൽ.പി. സ്കൂൾ സമീപകാലത്ത് ആരംഭിച്ചതാണ്. സർക്കാർ മേഖലയിൽ 3ഉം സ്വകാര്യ മേഖലയിൽ 3 ഉം സ്കൂളുകളാണുള്ളത്.

സ്കൂളുകൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിജയശതമാനം എന്നിവ സംബന്ധിച്ച പട്ടിക 1 A കാണുക

ഈ പഞ്ചായത്തിലെ ആദ്യബിരുദധാരി മുൻസിഫ് പുത്തൻ വീട്ടിൽ രാമൻപിള്ള ബി. എ. ബി.എൽ. ആണ്. ഈഗ്രാമത്തിലെ കുഞ്ഞുങ്ങളുടെ മനസ്സിൽ വിജ്ഞാനദീപം കൊളുത്തി വെച്ച അനവധി ഗുരുനാഥന്മാരുണ്ട്. തെക്കേടത്ത് കെ.വി. നാരായണപിള്ള, അയ്യാരപ്പള്ളിൽ മാത്യു ഉമ്മൻ, പടിക്കപ്പറമ്പിൽ പാപ്പു, നടുവിലേഴത്ത് പരമേശ്വരൻ പിള്ള(പാച്ചൻ പിള്ള), കൂടല്ലിൽ എം.എ. വേലായുധൻ, നടുവത്ത് കുഞ്ഞൻപിള്ള, നടുവത്ത് കേശവൻ പിള്ള, ആശാരി പറമ്പിൽ കുഞ്ഞുരാമൻ നായർ, കാവയിൽ ഐസക്, എളന്താശ്ശേരിൽ ദാമോദരൻ നായർ , ഗോപാലപ്പണിക്കർ, കാരയിൽ രാമപ്പണിക്കർ, വട്ടേൽ ഉലഹന്നാൻ(ഓനി), കൈപ്പറമ്പിൽ ഉലഹന്നാൻ, കൊറ്റാമ്പത്ത് എം. സിറിയക്, പുത്തൻതറയിൽ ഭാസ്കരൻ നായർ, വടക്കേ പടിക്കപ്പറമ്പിൽ പി.ടി. തോമസ് എന്നിവർ അക്കൂട്ടത്തിൽ പ്രാതഃസ്മരണീയരത്രെ.

അനൗപചാരികവിദ്യാഭ്യാസരംഗത്ത് മഹനീയ സംഭാവന നൽകിപ്പോരുന്ന സ്ഥാപനങ്ങളാണ് പണ്ഡിറ്റ് കുറുപ്പൻ മെമ്മോറിയൽ വായനശാലയും, ടി.വി. പുരം പഞ്ചായത്ത് കേന്ദ്രഗ്രന്ഥശാലയും.പഞ്ചായത്തിലെ സാക്ഷരത 92.5 ആണ്. പട്ടികജാതിപട്ടിക വർഗ്ഗത്തിലും മത്സ്യത്തൊഴിലാളി വിഭാഗത്തിലുമാണ് നിരക്ഷരർ ഉള്ളത്. 1990-91 ലെ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി 300 ഇൻസ്ട്രക്ടർമാർ 1500 ഓളം പേരെ സാക്ഷരരാക്കി. എന്നാൽ തുടർന്നു വന്ന സർക്കാരിന്റെ താത്പര്യക്കുറവിനാൽ ഇവർ നിരക്ഷരരായി മാറികൊണ്ടിരുക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കമായ പഞ്ചായത്തിലെ രക്ഷകർത്താകളിലേറെയും കുട്ടികളെ തൊട്ടടുത്ത സ്കൂളിലാണ് ചേർക്കുന്നത് എന്നാൽ വരേണ്യ വർഗ്ഗത്തിലുള്ളവർ, വമ്പിച്ച സാമ്പത്തികഭാരം സഹിച്ചു കൊണ്ട് കുട്ടികളെ ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കയക്കുന്നു. ഇത് കണ്ട് സ്വന്തം മക്കളുടെ ഭാവിയിൽ ഉത്കണ്ഠയുള്ള അച്ഛനമ്മമാർ ഈ മാർഗ്ഗം അനുകരിക്കുവാൻ ശ്രമിക്കുന്ന പ്രവണത നിലനിൽക്കുന്നു. നാട്ടിൽ പ്രവ2ത്തനം ആരംഭിച്ചിട്ടുള്ള അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ 1ഉം 3ഉം വാർഡിലെ വിദ്യാലയങ്ങൾക്ക് ഭീഷണിയായി മാറിയിട്ടുണ്ട്.

കലാലയവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലോ തൊട്ടടുത്ത വൈക്കം നഗരത്തിലോ ഇല്ല. മുൻകാലങ്ങളിൽ ആലുവാ, എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഹോസ്റ്റലിലോ ലോഡ്ജിലോ താമസിച്ചാണ് കോളേജ് പഠനം നടത്തിയിരുന്നത്. ഇന്ന് നിത്യവും പോയി വരാൻ സൗകര്യം നൽകുന്ന കൊതവറ സെന്റ് സേവ്യേഴ്സ് കൊളേജ്, ചേർത്തല എൻ.എസ്. എസ്. കോളേജ്, തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് എന്നിവിടങ്ങളിലാണ് കലാലയ വിദ്യാർത്ഥികളുടെ പഠനം. വൈക്കം നഗരത്തിലുള്ള Govt. B.H.S., S.M.N.H.S, ഏന്നിവിടങ്ങളിലെ +2 വിദ്യാഭ്യാസത്തിനുള്ള സൗകര്യം സാമാന്യജനത്തിന് ഗുണകരമാകുന്നുണ്ട്. പഞ്ചായത്തിലെ 5ാം വാർഡിൽ പെൺകുട്ടികൾക്കായുള്ള കാർമ്മൽ കോളെജിലും 3ാം വാർഡിലെ പാരലൽ കോളേജിലും നഗരത്തിലെ ഹൗസ് ആർട്സ് കോളേജ്, ഭാരത് കോളേജ് എന്നീ പാരലൽ കോളേജുകളിലും കലാശാലാപ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾ പ്രീഡിഗ്രിക്കും ഡിഗ്രിക്കും പഠിക്കുന്നു.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ ടി.വി. പുരം ഗവർമ്മെന്റ് ഹൈസ്കൂളിലെ പഠനനിലവാരം ഒട്ടും തൃപ്തികരമല്ല. ഹൈസ്കൂളായി ഉയർത്തപ്പെട്ടതിന് ശേഷം ആവശ്യമായ അദ്ധ്യാപകരെ ഇന്നേവരെ ലഭിച്ചിട്ടില്ല. വിദ്യാർത്ഥി സമരങ്ങളും വിജയശതമാനത്തെ പ്രതികൂലമായി ബാധിക്കുന്നു.

അപ്പയ്ക്കൽ ഭാഗത്തും 8ാം വാർഡിൽ താമരം തോടിന് പടിഞ്ഞാറും ഏഴാം വാർഡിലും തൊട്ടടുത്ത എൽ.പി.സ്കൂളിലേക്ക് ഒരു കി.മീ. ലേറെ യാത്ര ചെയ്യണം

ടി.വി. പുരം ഗവ. എൽ.പി. സ്കൂളിന് സ്വന്തം കെട്ടിടമില്ല. ഹൈസ്കൂളിന്റെ ഒരു ഭാഗമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. സ്കൂളിന് ചുറ്റും മതിലില്ല. അനുവദിച്ചിരുക്കുന്ന വിഷയങ്ങൾക്ക് അദ്ധ്യാപകരുണ്ടെങ്കിലും പ്രത്യേക വിഷയങ്ങൾക്ക് അദ്ധ്യാപകരില്ലാത്ത സ്ഥിതി ഹൈസ്കൂളിലുണ്ട്.

സർക്കാർ സ്കൂളുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താറില്ല. ബഞ്ചും ഡസ്കും എല്ലാം തന്നെ ഉപയോഗയോഗ്യമല്ല. ഹൈസ്കൂളിൽ കുടിവെള്ളം ലഭ്യമാണെങ്കിലും ശുദ്ധീകരിക്കാതെ ഉപയോഗിച്ചുകൂടാ. നിലവിലുള്ള വാട്ടർ ടാങ്ക് ശുചീകരിക്കുകയോ വലിയ ഒരു ടാങ്ക് നിർമ്മിക്കുകയോ വേണം.

ഹൈസ്കൂളിലെ വിജയശതമാനം തൊട്ടടുത്തുള്ള സ്കൂളുകൾക്ക് പിന്നിലാണ്. ഹൈസ്കൂളിലെ പഠന നിലവാരവും മോശമാണ്.

മുത്തേടത്തുകാവ് എൽ.പി. സ്കൂളിലെ പ്രവർത്തനം സ്ഥലപരിമിതി മൂലം മന്ദീഭവിച്ചിരിക്കുകയാണ്.

30ം വാർഡിലുള്ള സ്കൂളിലുള്ള ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല.

തൊട്ടടുത്തുള്ള സ്കൂളിൽ പോകാതെ ദൂരെയുള്ള സ്കൂളിൽ ചേരുന്ന സ്ഥിതി 1,2,3,7,8,9 എന്നീ വാർഡുകളിലുണ്ട്. സ്കൂളിന്റെ ശോചനീയാവസ്ഥയു് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള കമ്പവും ആണ് അതിന് കാരണം.

അദ്ധ്യാപകരക്ഷകർത്തൃസമിതികൾ എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും സ്വകാര്യസ്കൂളുകളിൽ അതിന്റെ പ്രവർത്തനവും പങ്കാളിത്തവും മികച്ചതാണ്. ഗവ. സ്കൂളുകളിലാകട്ടേ അത് നിർജ്ജീവവും.

സർക്കാർ വിദ്യാലങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നു കൊണ്ടിരിക്കുന്നു. വാർഡിലെ സ്കൂളുകളിലെ മോശപ്പെട്ട പഠനനിലവാരം, ചില വിഷയങ്ങൾക്ക് അദ്ധ്യാപകരുടെ ന്യൂനത, ഇംഗ്ലീഷ്മീഡിയഭ്രാന്ത്, കുടുംബാസൂത്രണം, ദാരിദ്ര്യം, നിരക്ഷരരായ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധക്കുറവ് തുടങ്ങിയവയാണ് കുട്ടികൾ കുറയുവാനുള്ള കാരണങ്ങൾ.

തുടർസാക്ഷരതാപ്രവർത്തനം നടത്താത്തതിനാൽ നവസാക്ഷരർ നിരക്ഷരരായിത്തീർന്നിട്ടുണ്ട്.

1975-80 കാലഘട്ടത്തിൽ ശാസ്ത്രപ്രദർശനത്തിന് സ്റ്റേറ്റിൽ രണ്ടാം സ്ഥാനവും, കലാകായിക രംഗങ്ങളിൽ ജില്ലാനിലവാരത്തിൽ പല സമ്മാനങ്ങളും നേടിയ ചെമ്മനത്തുകര എൽ. പി. സ്കൂളിന്റെ ഇന്നത്തെ സ്ഥിതി ദയനീയമാണ്. കുട്ടികളുടെ എണ്ണം ആണ്ടുതോറും കുറഞ്ഞു വരുന്ന സ്ഥിതി തുടർന്നാൽ സ്കൂൾ തന്നെ ഇല്ലാതാവുന്ന സ്ഥിതി ഉണ്ടാക്കും എന്ന് കണ്ടറിഞ്ഞ് നാട്ടുകാർ ആവശ്യമായ സഹായ സഹകരണം നൽകണം. ഈ സ്കൂളിലെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും തദ്ദേശിയരല്ല.

ലൈബ്രറി, ലബോറട്ടറി, ദൃശ്യശ്രാവ്യപഠനോപകരണങ്ങൾ എന്നീ കാര്യങ്ങളിൽ സർക്കാർ സ്ഥാപനങ്ങളുടെ നില തുലോം ശോചനീയമാണ്. സ്വകാര്യ സ്കൂളുകളിൽ എല്ലാ വിധ ഭൗതീക സാഹചര്യങ്ങളും ഉള്ളപ്പോൾ പ്രാഥമികസൗകര്യങ്ങൾ പോലുമില്ലാത്ത സർക്കാർസ്കൂളുകളെക്കുറിച്ച് ചിന്തിക്കേണ്ടി വരും. ലൈബ്രറിക്കു വേണ്ടി വർഷന്തോറുമുള്ള മുതൽമുടക്ക്, കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യാത്തതിനാൽ പാഴായി പ്പോകുന്നു.

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കാതിരുന്നതിനാൽ സമരവും സംഘട്ടനവും വളരെ കുറഞ്ഞിരുന്ന കാലമാണിത്. നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങൾ, ചില ടി. വി. പരമ്പരകൾ തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾ കുട്ടികളുടെ വിദ്യാഭ്യാസ താത്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ട്യൂഷനും ഗൈഡു ബുക്കുകൾക്കുമുള്ള അമിത പ്രാധാന്യം ക്ലാസ്സ് പഠനത്തിൽ ശ്രദ്ധിക്കാതിരിക്കാൻ കാരണമകുന്നുണ്ട്.

സർക്കാരിന്റെ നിർദ്ദേശപ്രകാരം ആരംഭിച്ചിട്ടുള്ള സ്കൂൾ കോംപ്ലക്സുകളുടെ ലക്ഷ്യങ്ങൾ നിരക്ഷരതാ നിർമ്മാർജ്ജനം, എസ്.എസ്.എൽ.സി. യുടെ വിജയശതമാനംഉയർത്തൽ, സ്കൂൾ പ്രവർത്തനം ചിട്ടപ്പെടുത്തൽ എന്നിവയാണ്. നന്നായി പ്രവർത്തിക്കുന്ന രണ്ട് സ്വകാര്യസ്ഥാപനങ്ങളോടൊപ്പം എത്തുവാൻ മറ്റു സ്ഥാപനങ്ങളിലെ അദ്ധ്യാപകരും രക്ഷകർത്താക്കളും ആത്മാർത്ഥമായി ശ്രമിച്ചാൽ സാധിക്കുന്നതാണ്.

വിദ്യാർത്ഥി സമരങ്ങൾ, ബന്ദുകൾ, പാഠ്യപുസ്തകങ്ങൾ യഥാസമയം കിട്ടാതിരിക്കൽ വർദ്ധിച്ച അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപകർക്ക് തുടർ പരിശീലനമില്ലായമ, മൂല്യനിർണ്ണയത്തിലെ അനവധാനത, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

### നിർദ്ദേശങ്ങൾ

മലയാളം തെറ്റാതെ എഴുതാനും ഉച്ചരിക്കാനും പഠിപ്പിച്ചിരുന്ന നിലത്തെഴുത്താശാന്മാരുടെ കളരികൾ പ്രോത്സാഹിപ്പിച്ച് ഇംഗ്ലീഷ്മീഡിയംനഴ്സറികളുടെ കടന്നാക്രമണത്തെ ചെറുക്കുക. കളരി കെട്ടി മേയുന്നതിനും പ്രവർത്തനത്തിനും ഗ്രാന്റ് നൽകുകയു് കുട്ടികൾക്ക് ഉച്ചഭക്ഷണസൗകര്യ് ഏർപ്പെടുത്തുകയും, ആശാൻമാർക്ക് അംഗൻ വാടി അദ്ധ്യാപികയ്ക്കു തുല്യമായ വേതനേ ഏർപ്പെടുത്തുകയും, പെൻഷൻ അനുവദിക്കുകയും ചെയ്യുക.

2. ആറാം വാർഡിൽ നിന്ന് മാറ്റിയ അംഗൻ വാടി പുനസ്ഥാപിക്കുകയും, ആറും ഏഴും വാർഡുകൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം ഒരു പ്രൈമറി വിദ്യാലയം സ്ഥാപിക്കുകയും ചെയ്യുക.

3. 8ാം വാർഡിൽ സർക്കാർഉടമയിൽ ഒരു നഴ്സറി തുടങ്ങുക. അംഗൻ വാടികൾക്ക് സ്ഥലവും ഉപകരണങ്ങളും വാങ്ങാനും കെട്ടിടം നിർമ്മിക്കുവാനും ധനസഹായം ചെയ്യുക.

4. സ്കൂളുകളിൽ സയൻസ് ക്ലബ്ബുകൾ രൂപീകരിക്കുക. പരീക്ഷണശാലകൾ പ്രവർത്തനസജ്ജമാക്കുക, ആനുകാലികശാസ്ത്രവിഷയങ്ങളെ ആധാരമാക്കി ശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിക്കുക, നമ്മുടെ പഞ്ചായത്തിനെ ക്കുറിച്ചുള്ള വിവരങ്ങളുടെ കുട്ടികളെ അറിയിക്കുക.

5, ടി.വി. പുരം ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കുക.

6. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്മയൂണിറ്റി പോളിടെക്നിക്കിൽ പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, വയർമാൻ, ടൂവീലർ മെക്കാനിസം തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുക.

7. സ്കൂളിലെ രാഷ്ട്രീയപ്രവർത്തനം നിരോധിക്കപ്പെടേണ്ടതാണെന്ന അഭിപ്രായം 9ാം വാർഡിലെ ഗ്രാമസഭയിൽ നിന്നു മാത്രം ഉയർന്നു വന്നിട്ടുണ്ട്.

8. ഗവ. ഹൈസ്കൂളിലെ ജീർണ്ണിച്ച കെട്ടിടം പുനർനിർമ്മിക്കുക.

9. അടിസ്ഥാന വിദ്യാഭ്യാസം താഴേക്കിടയിൽ ബോധവത്ക്കരണം നടത്തുക.

10. കയർ, മത്സ്യബന്ധനം തുടങ്ങി ഈ പ്രദേശത്തെ തൊഴിലുകളുമായി ബന്ധപ്പെടുത്തി വിദ്യാഭ്യാസം നൽകുക.

11. പിന്നോക്കമാവുന്ന സ്കൂളുകളിലെ നിലവാരത്തകർച്ച കണ്ടെത്തി പരിഹരിക്കുക.

12. വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതരസംഘടനകളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുക.

13. സ്കൂളുകളുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തി പഞ്ചായത്ത് തലത്തിൽ അവാർഡ് നൽകുക.

14. സ്കൂളുകളിലെ അദ്ധ്യാപകർ, രക്ഷകർത്താക്കൾ പൊതുപ്രവർത്തകർ വിദ്യാഭ്യാസവിദഗ്ദർ, എന്നിവരെ ഉൾപ്പെടുത്തി പരിശീലന കോഴ്സുകളും ചർച്ചകളും സ്കൂളുകളിൽ സംഘടിപ്പിക്കുകയും കുട്ടികളുടെ കലാകായികസാംസ്കാരികവൈഭവങ്ങൾ കണ്ടെത്തി മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയുംചെയ്യുക.

15. പഞ്ചായത്ത് പരിധിയിലുള്ള ഓരോസ്കൂളിന്റെയും ഉന്നമന പ്രവർത്തനങ്ങൾ മറ്റു സ്കൂളുകൾക്ക് മാർഗ്ഗദർശകവും സഹായകവും ആകാൻ സ്കൂളധികാരികളെയും അദ്ധ്യാപകരെയും സാംസ്കാരിക പ്രവർത്തകരേയും ഉൾപ്പെടുത്തി പഞ്ചായത്ത് തലവിദ്യാഭ്യാസവികസനസമിതി രൂപീകരിക്കുക.

16. അദ്ധ്യയനനിലവാരം മെച്ചപ്പെടുത്തുവാൻ നടപ്പിലാക്കുന്ന പരിപാടികൾ ജനകീയപരിപാടികളാക്കി നടപ്പിലാക്കുക.

17. പി.ടി.എ. കളിൽ ജനനായകന്മാരെയും വിശിഷ്ടവ്യക്തികളേയും ഉൾപ്പെടുത്തുക. പഞ്ചായത്ത് പ്രസിഡന്റും വാർഡ്മെമ്പറും നിശ്ചയമായും പി.ടി.എ. കമ്മറ്റിയിൽ അംഗങ്ങളായിരിക്കണം.

18. പി.ടി.എ. യുടെ സഹകരണത്തോടെ അനാവശ്യ സമരങ്ങൾ ഒഴിവാക്കുകയും, സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുകയും ചെയ്യുക. മാസത്തിലൊരിക്കൽ പി.ടി.എ. യോഗം ചേരുക. ദരിദ്രവിദ്യാർത്ഥികൾക്ക് ഭക്ഷണവും, വസ്ത്രവും, പുസ്തകവും നൽകാൻ പി.ടി.എ. തയ്യാറാകുക.

19. കുട്ടികൾക്ക് ഉച്ചഭക്ഷണം കൃത്യമായി നൽകുക, ദരിദ്ര വിദ്യാർത്ഥികൾക്ക് ധനസഹായം കൊടുക്കുകയും, സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

20. അദ്ധ്യാപകരെ സ്കൂൾവർഷാരംഭത്തിൽ നിയമിക്കുകയും അവരെ വർഷാന്ത്യം വരെ നിലനിർത്തുകയും ചെയ്യുക.

21. വിദൂരസ്ഥലങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്നവർക്ക് ഹോസ്റ്റലും, ക്വാർട്ടേഴ്സും നിർമ്മിക്കുക.

22. സ്കൂൾലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കലെങ്കിലും വിതരണം ചെയ്യുക.

23. സ്കൂൾസമയത്തിന് ശേഷം ലൈബ്രറി പ്രയോജനപ്പെടുത്തുവാൻ ബഹുജനങ്ങൾക്ക് സൗകര്യം നൽകുക.

24. വിദ്യാഭ്യാസത്തിന്റെ സമഗ്രപുരോഗതിക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുന്ന 'ഗുരുകുല' പരിപാടി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കുക.

25. പഞ്ചായത്ത്ഗ്രന്ഥശാലയിൽ സയൻസ് ഗ്രന്ഥങ്ങളും ഇംഗ്ലീഷ് ഗ്രന്ഥങ്ങളും വാങ്ങുകയും, പത്രമാസികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക. സംഘം ഗ്രാന്റിനു പുറമേ. പഞ്ചായത്ത് ഫണ്ടിൽ നിന്നും അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് ഓരോന്നിനും പ്രതിവർഷം 20000 ക. ഗ്രാന്റ് അനുവദിക്കുക.

26. ജനങ്ങളുടെ സഹായസഹകരണത്തോടെ എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക.

27. ചെമ്മനത്തുകര യു.പി. സ്കൂൾ കേന്ദ്രമാക്കി ഒരു നേഴ്സറി ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുകയും, അംഗനവാടി അദ്ധ്യാപകർക്ക് ശാസ്ത്രീയപരിശീലനം നൽകുകയും ചെയ്യുക.

28. പി.ടി.എ. യുടെ ചുമതലയിൽ ഓരോ ഗവർമ്മെന്റ് ഹൈസ്കൂളിനോടും ചേർന്ന് ട്രയിനിംഗ് ലഭിച്ച

അദ്ധ്യാപികയെ നിയമിച്ച് നഴ്സറിസ്കൂൾ ആരംഭിക്കുക.

29. പണി പൂർത്തിയാകാത്ത ചെമ്മനത്തുകര യു.പി.എസ്സിന്റെ കെട്ടിടത്തിന് ആവശ്യമായ ജന്നലുകളും വാതിലുകളും ഉറപ്പിക്കണം.

30. ടി.വി. പുരം ഹൈസ്കൂൾ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററിയാക്കി മാറ്റുകയോ, ഒരു ജൂനിയർ പോളിടെകനിക്കായി പുനസ്സംവിധാനം ചെയ്യുകയോ വേണം.

31. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചു കൊടുക്കുക.

32. എല്ലാ സ്കൂളുകളിലും നിർബന്ധമായി കലാകായിക അദ്ധ്യാപകരെ നിയമിക്കണം.

33. പഞ്ചായത്തുവകയായി ഒരു ഐ.ടി.സി.യും പോളിടെക്നിക്കും ആരംഭിക്കുക.

34. നാട്ടകം പോളിടെക്നിക്കിന്റെ നേതൃത്വത്തിൽ അനുവദിച്ചിട്ടുള്ള വയറിംഗ് കോഴ്സ് മുത്തേടത്തുകാവ് എസ.എൻ.എൽ.പി. സ്കൂളിനോട് ചേർന്ന് നടത്തുവാൻ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ആവശ്യനടപടികൾ സ്വീകരിക്കണം.

35. ആരോഗ്യവിദ്യാഭ്യാസപ്രചരണത്തിന് എല്ലാ വാർഡുകളിലും ഫിലിംഷോകൾ നടത്തുവാൻ നടപടി സ്വീകരിക്കണം.

## പട്ടിക 1 എ

### വിദ്യാർഥികൾ, അധ്യാപകർ

| നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിൻെറ പേർ | മാനേജ്മെൻറ് | വിദാർഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1. | ഗവ. ഹൈസ്കൂൾ ടി.വി. പുരം | സർക്കാർ | 242 | 260 | 502 | -- | -- | 21 |
| 2. | ഗവ. എൽ.പി. സ്കൂൾ ടി.വി. പുരം | ,, | 115 | 98 | 213 | -- | -- | 8 |
| 3. | സെൻറ് ജോസഫ് എൽ.പി. സ്കൂൾ, പള്ളിപ്രത്തുശ്ശേരി | എയിഡഡ് | 151 | 185 | 336 | -- | 9 | 9 |
| 4. | സെൻറ് ലൂയിസ് എൽ.പി. ആൻറ് യു.പി. സ്കൂൾ | ,, | 469 | 242 | 711 | -- | -- | 22 |
| 5. | എസ്.എൻ. എൽ.പി.എസ്., മുത്തേടത്തുകാവ് | ,, | 36 | 31 | 67 | -- | 4 | 4 |
| 6. | അമല എൽ.പി. സ്കൂൾ ഇളംകുറ്റുചിറ | അൺ എയിഡഡ് | 53 | 43 | 96 | -- | 5 | 5 |
| 7. | ഗവ. യു.പി. സ്കൂൾ ചെമ്മനത്തുകര | സർക്കാർ | 134 | 117 | 251 | -- | -- | 10 |
| | ആകെ | | 1200 | 976 | 2176 | -- | 18 | 79 |

*അവലംബം : സെക്കൻററി ഡാറ്റ*

## പട്ടിക 1 ബി

### എൽ.പി., യു.പി., ഹൈസ്കൂൾ വിഭാങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർഥികൾ | എൽ.പി. | | | യു.പി. | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 2176 | 355 | 357 | 50.14 | 713 | 474 | 39.93 | 152 | 125 | 49.5 |

## പട്ടിക 1 സി

### പട്ടികജാതി/പട്ടികർഗ്ഗ വിദ്യാർഥികളുടെ കണക്ക്

| എൽ.പി. | | | യു.പി. | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി/എസ്.ടി | % | ആകെ | എസ്.സി./എസ്.ടി | % | ആകെ | എസ്.സി./എസ്.ടി. | % |
| 712 | 77 | 10.814 | 1187 | 56 | 4.717 | 277 | 24 | 8.664 |

## പട്ടിക 1 ഡി

### പഠനം നിർത്തിയവരുടെ കണക്ക്

| എസ്.സി./എസ്.ടി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 2 | 1 | 3 | 24 | 14 | 38 |

## പട്ടിക 2

### ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ. സ്കൂളിലെ അധ്യാപകരുടെ എണ്ണം | ഗവ. അധ്യാപകരുടെ എണ്ണം % | പഞ്ചായത്തിലെ വിദ്യാർഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദ്യാർഥികളുടെ എണ്ണം | % |
|---|---|---|---|---|---|
| 79 | 31 | 39.24 | 2176 | 753 | 30.11 |

## പട്ടിക 4

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബി.ബി. ആവശ്യമുള്ളവ | മാതൃസംഗമം സജീവം | പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 6 | 6 | 4 | 4 | 7 | 3 | 3 | -- | 1 | 1 | 28 | 5 | 4 |
| ഇല്ലാത്തത് | 1 | 1 | 3 | 3 | -- | 4 | 4 | 7 | 6 | 6 | -- | 2 | 3 |

## പട്ടിക 5

### ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | ആകെ വിദ്യാർഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ഗവ. ഹൈസ്കൂൾ ടി.വി. പുരം | 502 | 21 | 1 | 2 | ഉണ്ട് കിണർ | ഇല്ല |
| 2. | ഗവ. എൽ.പി. സ്കൂൾ ടി.വി. പുരം | 213 | 8 | 1 | 1 | ഇല്ല | ,, |
| 3. | സെൻറ് ജോസഫ് എൽ.പി. സ്കൂൾ, പള്ളിപ്രത്തുശ്ശേരി | 336 | 9 | 2 | 2 | ഉണ്ട്, കിണർ പൈപ്പ് | ഉണ്ട് |
| 4. | സെൻറ് ലൂയിസ് എൽ.പി. ആൻറ് യു.പി. സ്കൂൾ | 711 | 22 | 2 | 3 | ഉണ്ട്, കിണർ പൈപ്പ് | ,, |
| 5. | എസ്.എൻ. എൽ.പി.എസ്., മുത്തേടത്തുകാവ് | 67 | 4 | 2 | 1 | ഉണ്ട് കിണർ | ,, |
| 6. | അമല എൽ.പി. സ്കൂൾ ഇളംകുറ്റുചിറ | 96 | 5 | 4 | -- | ഇല്ല | ഇല്ല |
| 7. | ഗവ. യൂ.പി. സ്കൂൾ ചെമ്മനത്തുകര | 251 | 10 | 2 | 1 | ഉണ്ട് | ഉണ്ട് |

## പട്ടിക 6 എ

### എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവ. ഹൈസ്കൂൾ ടി.വി. പുരം | 37 | 46 | 35 | 46 | 38 |

## പട്ടിക 5

| നമ്പർ | കടത്തിൻെറ പേര് | ഉടമസ്ഥത |
|---|---|---|
| 1 | ചെമ്മനത്തുകര | പഞ്ചായത്ത് |
| 2 | കരിവേലി | പി.ഡബ്ല്യൂ.ഡി |
| 3 | കൂട്ടുങ്കൽ | പഞ്ചായത്ത് |
| 4. | ചിറ്ററ കടത്ത് | പഞ്ചായത്ത് |

## പട്ടിക 6 ബി

### 95-96 പാദവാർഷിക പരീക്ഷ

| ക്ലാസ്സ് | മാർക്കു ലഭിച്ചവർ | | | | |
|---|---|---|---|---|---|
| | 30%നു താഴെ | 30%നും 40%നും മദ്ധ്യേ | 40%നും 50%നും മദ്ധ്യേ | 50%നും 60%നും മദ്ധ്യേ | 60%നു മേലേ |
| 3 | 58 | 39 | 57 | 45 | 74 |
| 4 | 43 | 56 | 48 | 54 | 90 |
| 5 | 45 | 46 | 60 | 38 | 55 |
| 6 | 168 | 59 | 37 | 28 | 30 |
| 7 | 71 | 49 | 58 | 27 | 50 |
| 8 | 53 | 26 | 10 | 6 | 8 |
| 9 | 51 | 25 | 11 | 4 | 6 |
| 10 | 45 | 9 | 8 | 3 | 12 |



# പൊതുജനാരോഗ്യവും കുടിവെള്ളവും

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്ത് എന്നവാക്യം സുപരിചിതമാണല്ലോ എങ്കിൽ കൂടി ഇതിന് നിമിത്തമാവേണ്ടത് ജനങ്ങളുടെ ശുദ്ധജലവിതരണവും ആരോഗ്യപരിപാലന രംഗവുമാണ്.

ടി.വി. പുരം പഞ്ചായത്തിലെ മൂന്നുഭാഗങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നുവെങ്കിലും കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും K W A യുടെ പൈപ്പുകളെ ആശ്രയിക്കുന്നു. പൊതുവെ ജലസമ്പുഷ്ടമാണ് എങ്കിലും ശുദ്ധജല വിതരണ പദ്ധതിയിലൂടെയാണ് പഞ്ചായത്തിലേക്കാവശ്യമായ കുടിവെള്ളം ലഭിക്കുക. ടി.വി. പുരം പഞ്ചായത്തിൽ ആകെ 134 പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നു. 445 വീടുകളിലും പൈപ്പുവെള്ളകണക്ഷൻ ഉണ്ട്. പൊതുകുഴൽകിണറുകൾ പഞ്ചായത്തിൽ ഒരിടത്തും ഇല്ല. എന്നാൽ 9 വാർഡുകളിലുമായി പൊതുകിണറുകൾ പൊതുവെ പ്രയോജനപ്പടുന്നില്ല. പഞ്ചായത്ത് ജനസംഖ്യയിൽ ഭൂരിഭാഗവും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ എല്ലായിടത്തും ശുദ്ധജലക്ഷാമം പരിഹരിക്കുവാനായി K W A യുടെ പൊതുടാപ്പുകൾ എണ്ണം വർദ്ധിപ്പിച്ച് പൈപ്പുലൈൻ എത്തിക്കണം എന്നതാണ് പോംവഴി.

ശുദ്ധജല സ്രോതസ്സുകൾ പട്ടിക. 1.

കിണറുകൾ

| പൊതു കിണറുകൾ | സ്വകാര്യ കിണറുകൾ | കുഴൽകിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|
| 35 | 1476 | NIL | 1511 |

കുടിവെള്ളത്തിനായി അര കി.മീ. സഞ്ചരിക്കേണ്ട പഞ്ചായത്തിലെ പൊതുകിണറുകൾ ഭൂരിഭാഗവും മലിമസപ്പെട്ടുകിടക്കുന്നതിനാൽ തുലോം ദരിദ്രരായ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾ K W A യുടെ ശുദ്ധജല വിതരണപദ്ധതിയെത്തന്നെ ആശ്രയിക്കണം. ശുദ്ധജല വിതരണം മെച്ചപ്പെടുത്തിയെടുക്കുവാൻ വിശേഷാൽ ഗ്രാമസഭയിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ്. | പ്രശ്നമേഘല. | പരിഗണിക്കാവുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 1. | വാർഡിലെ മുഴുവൻ പ്രദേശങ്ങളും | KWA യുടെ പൈപ്പുലൈൻ നീട്ടുകയും ടാപ്പുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക |
| 2. | കുറ്റിക്കാട്ടുഭാഗം, പത്തുപറ, ഉഴുന്നാരിൽ, തെക്കിനേഴത്തു പ്രദേശങ്ങൾ. | പൊതുകിണർ ശരിയാക്കുക,പൈപ്പുലൈൻ നീട്ടി ഉൾനാടൻപ്രദേശത്തേക്ക് ബന്ധിപ്പിക്കുക. |
| 3. | കരീക്കാട് പ്രദേശം. | പൊതുകിണർ ഉപയോഗയോഗ്യമാക്കുകയുംമിനിടാങ്ക് പണിത് വെള്ളം സംഭരിക്കുകയും ചെയ്യുക. |
| 4. | പൊതുവെ ഉയർന്ന പ്രദേശമായ വാർഡ്. | വാർഡിൽ എല്ലാ കോളനികളിലും പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കണം. |
| 5. | പട്ടശ്ശേരി പ്രദേശം, തീരപ്രദേശം. | തീരപ്രദേശത്ത് ടാപ്പിന്റെ എണ്ണംവർദ്ധിപ്പിക്കുക. |

| വാർഡ്. | പ്രശ്നമേഖല. | പരിഗണിക്കാവുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 6. | ചേരിക്കൽ-മണ്ണത്താനംറോഡ്, ഇലഞ്ഞനതീരദേശറോഡ്. | KWA യുടെ പൈപ്പ് ലൈൻ വലിക്കുക.ലക്ഷം വീട് പദ്ധതി പ്രദേശത്ത് ശുദ്ധജല പദ്ധതിയുമായി ബന്ധിപ്പിക്കുക. |
| 7. | വാർഡിലെ ഏതാണ്ട് പകുതി പ്രദേശവും | വാർഡിലെ ക്രോസ് റോഡ് മുഴുവനും KWAയുടെ പദ്ധതിയുമായി ബന്ധിപ്പിക്കുക. വെട്ടൻചിറ തോട്ടിൽ ഓരുമുട്ടു ഉറപ്പിച്ച് കിണറുകൾ സംരക്ഷിക്കുക. |
| 8. | വാർഡ് മുഴുവനായും കുടിവെള്ളക്ഷാമം നേരിടുന്നു. പ്രത്യേകിച്ച് പത്തുമുറി, കോളനി പ്രദേശം, തീരദേശ റോഡ്, മാങ്കാവ് പ്രദേശം. | പുതുതായി നിർമ്മിച്ച റോഡ് വഴി പൈപ്പ് ലൈൻ നീട്ടുക.പത്തുമുറി കോളനിയിലേക്ക് ടാപ്പ് സ്ഥാപിക്കുക. തീരദേശ പ്രദേശമായതിനാൽ പൊതുകിണറുകൾ മുഴുവനും ഓരുവെള്ള ഭീഷണിയെ നേരിടുന്നു. |
| 9. | മാറാണി പ്രദേശം, മറ്റു ഉയർന്ന സ്ഥലങ്ങൾ. | മാറാണി ഭജനമഠത്തിനടുത്ത് ഒരു പൊതുകിണർ സ്ഥാപിക്കാവുന്നതാണ്. ക്രോസ് റോഡുകളിൽ പൈപ്പ് ലൈൻ നീട്ടേണ്ടതാണ്. |

വിശേഷാൽ ഗ്രാമ സഭയിൽ അഭിപ്രായപ്രകാരം പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കുടിനീർ ക്ഷാമം അനുഭവപ്പെടുന്നതായി കാണുന്നു.

ഗ്രാമസഭയിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായങ്ങൾ ചുവടെ.

വാർഡ്-1. നിലവിലുള്ള പൊതുകിണറുകളും (4) പൊതുകുളങ്ങളും ശുദ്ധജലസംഭരണി ഇവ കൂടുതൽ പ്രവർത്തനയോഗ്യമാക്കണം.

വാർഡ് -2. കുടിവെള്ളപ്രശ്നം വിലയിരുത്തിക്കൊണ്ട് പഞ്ചായത്തിൽ ആകെത്തന്നെ പഠനം നടത്തി ഒരു രൂപരേഖതയ്യാറാക്കണം. വാർഡുകളിൽ ഒരു ജലസേചനസമിതി രൂപീകരിക്കണം. കുറ്റിക്കാട്ടുപ്രദേശം വരൾച്ചകൂടുതൽ രൂക്ഷമാവുന്ന സ്ഥലമാണ്.

വാർഡ് -3. വാർഡിൽ നല്ല കുടി വെള്ളം ലഭിക്കുന്ന മണൽതിട്ടയുണ്ട്. അവിടെനിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യണം.

വാർഡ് -4. പഞ്ചാത്തിലെ ഏറ്റവും കൂടുതൽ കോളനിയുള്ള പ്രസ്തുത സംഭരണ ശേഷി വർദ്ധിപ്പിച്ച് K W A യുടെ ജലവിതരണം ഊർജ്ജിതപ്പെടുത്തണം.

വാർഡ് -5. സാമാന്യേന ഉയർന്ന പ്രദേശമായതിനാൽ രൂക്ഷമായ കുടിനീർ ക്ഷാമം അനുഭവപ്പെടുന്നു. വാർഡിന്റെ എല്ലാഭാഗത്തും കുടിവെള്ളവിതരണം നടത്തണം.

വാർഡ് -6. ചേരിക്കൽ മണ്ണത്താനം റോഡ് പൈപ്പു ലൈൻ വലിക്കണം. തീരദേശത്തുള്ള എല്ലാ റോഡിലും ടാപ്പുകൾ സ്ഥാപിക്കുവാൻ നടപടി വേണം.

വാർഡ് -7. വെട്ടൻചിറതോടിൽ ഓരുമുട്ട് ഉറപ്പിച്ച് സമീപപ്രദേശത്തെ കിണറുകളിൽ ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുവാൻ നടപടി വേണം. ക്ഷാമകാലത്ത് ടാങ്കർ ലോറിയിലൂടെ ശുദ്ധജലവിതരണം നടത്താനുള്ള നടപടി ഉണ്ടാവണം. ഈ വാർഡിലെ ഇടവഴികളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് -8. ഉപ്പുവെള്ളത്തിന്റെ രൂക്ഷതകൂടുതൽ അനുഭവപ്പെടുന്ന പ്രദേശമാണ്. പൂത്തുമുറി കോളനിയിലും, മാങ്കാവ് പ്രദേശവും ശുദ്ധജലവിതരണ പദ്ധതിയിലുൾപ്പെടുത്തി ടാപ്പ് സ്ഥാപിക്കാനുള്ള അടിയന്തിര നടപടി ഉണ്ടാവണം.

വാർഡ് -9. പൊതുകിണർ ഏറ്റവും കുറവുള്ള വാർഡിൽ മാറാണി പ്രദേശത്ത് കിണർ കുഴിക്കണം. അത്യാവശ്യമായി ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

സാക്ഷിതരൂപം.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന പരാതികളും അഭിപ്രായങ്ങളും വച്ച് നോക്കിയാൽ ശരാശരി 70 ശതമാനം സ്ഥലത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി കാണുന്നു. 3-ാം വാർഡിൽ നിന്ന് മാത്രമെ ശുദ്ധജലസംഭരണി നിർമ്മിച്ച് അവിടെനിന്നും പഞ്ചായത്ത് തല വിതരണ പദ്ധതി ആരംഭിക്കുവാനുള്ള അഭിപ്രായം ഉണ്ടായിട്ടുള്ളു. 7-ാം വാർഡിൽ സ്വകാര്യകിണറുകളിലെ ഉപ്പുരസം തടയുന്നതിനായി വെട്ടൻചിറതോടിന് മുട്ട് ഉറപ്പിക്കുന്നതിന് ആവശ്യം ഉയർന്നിട്ടുണ്ട്.

ഉടൻ പ്രാവർത്തികമാക്കേണ്ടതു്

ആകെയുള്ള 35 പൊതുകിണറുകളും വൃത്തിയായി സൂക്ഷിക്കുവാനുള്ള നടപടിഉണ്ടാക്കുക. ഇതിനായി ബോധവത്കരണം നടത്തുകയും പ്രാദേശിക സമിതികൾ ഉണ്ടാക്കി അവരെ ഇതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്യുക. ടി.വി.പുരം പഞ്ചായത്തിന്റെ മധ്യഭാഗത്തായി ഒരു ജലസംഭരണി കൂടി നിർമ്മിച്ച് KWA യുടെ ശുദ്ധജലവിതരണപദ്ധതി ഊർജ്ജിതപ്പെടുത്തുക.

പ്രാവർത്തികമാക്കാവുന്നത്

2-ാംവാർഡ് ഗ്രാമസഭയിൽ നിന്ന് ഉയർന്ന 'ശുദ്ധജലസമിതി' എന്ന ആവശ്യം പൊതുവെ സ്വീകാര്യമാവേണ്ടതാണ്. പൊതുവായി പറഞ്ഞാൽ ഏകദേശം 500 മീറ്ററിനുള്ളിൽ കുടിവെള്ളം നിർത്തുന്നതായികാണുന്നുണ്ട്.

കുടിവെള്ളലഭ്യത ഉദ്ദേശം 150 അംഗങ്ങൾക്ക് ഒരു ടാപ്പ് എന്നാണ് തോത്. പഞ്ചായത്തിൽ 134 പൊതുടാപ്പും 445 ഹൗസ് കണക്ഷനും മാത്രമെ ഉള്ളു. ഇപ്രകാരം നോക്കുമ്പോൾ 2300 അംഗങ്ങൾക്ക് മാത്രമെ ഉപയോഗപ്രദമാകുന്നുള്ളു. 1991 ലെ സെൻസസ്സ് പ്രകാരം നമ്മുടെ ജനസംഖ്യ 18,857 ആണ്. അതായത് ഏതാണ്ട് 13 ശതമാനം ടാപ്പുകളെ ഇന്നു നിലവിലുള്ളു. ഇത് നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതിയനുസരിച്ച് തുലോം തുച്ഛമാണ് ടാപ്പുകളുടെ എണ്ണം വൻദ്ധിപ്പിക്കുക എന്നതാണ് ഏകപോംവഴി.

ആരോഗ്യം

മറ്റെവിടങ്ങളിലേയും പോലെ ഈ ഗ്രാമത്തിലും ആയുർവ്വേദചികിത്സാസമ്പ്രദായമാണ് നിലനിന്നിരുന്നത്. മണ്ണാപറമ്പിൽ കുട്ടൻ വൈദ്യൻ, അദ്ദേഹത്തിന്റെ മകനായ ഗോവിന്ദൻ വൈദ്യൻ, അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പാലുവിരുത്തിൽ കേശവൻ വൈദ്യൻ, മാധവൻ വൈദ്യൻ, വെള്ളാംവേലി കുഞ്ഞൻ വൈദ്യൻ, ആഞ്ഞിലിക്കൽ വേലായുധൻ വൈദ്യർ എന്നിവർ മുൻകാലങ്ങളിലെ പ്രമുഖ നാട്ടുവൈദ്യന്മാരാണ്.

ആധുനിക ചികിത്സാസമ്പ്രദായം അടുത്തകാലത്താണ് വ്യാപകമായത്. ടി.വി.പുരം പഞ്ചായത്തിലെ ഏക പൊതുജനാരോഗ്യകേന്ദ്രം 9-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഗവ. ആയുർവേദാശുപത്രി 2-ാം വാർഡിന്റെ തെക്കേഅറ്റത്തായി സ്ഥിതി ചെയ്യുന്നു. 2,3 വാർഡുകളിൽ ഓരോ സ്വകാര്യാശുപത്രിയും ഉണ്ട്. മറ്റു വാർഡുകളിൽ ചികിത്സാസൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഹോമിയോപ്പതി രംഗത്തും, ആയുർവേദരംഗത്തും ഉള്ള ഒട്ടേറെ തഴക്കവും പഴക്കവും ചെന്ന പ്രാക്ടീഷണർമാർ നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സേവനം അനുഷ്ഠിക്കുന്നുണ്ട്. 4 സ്വകാര്യ ആയുർവേദഡിസ്പൻസറിയും 5 സ്വകാര്യ ഡിസ്പൻസറിയും സർക്കാർ മേഖലയിലെ 3 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും നിലവിലുണ്ട്.

പ്രാഥമിക സ്ഥിതി വിവരക്കണക്കനുസരിച്ച് രണ്ട് സ്വകാര്യാശുപത്രികളിലും കിടന്നു ചികിത്സിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. എന്നാൽ പൊതുവേ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ചും തഴപ്പായ, കയർ, കക്കാവാരൽ തുടങ്ങിയ ജോലികളിപ്പെടുന്നവരുടെ എണ്ണം ഗണ്യമായ തോതിലുള്ളതു കൊണ്ടുമാവാം ആയുർവേദ, അലോപ്പതി ചികിത്സക്ക് എത്തുന്നത് ഭൂരിപക്ഷവും വാതരോഗം ബാധിച്ചവരാണ്. .പഞ്ചായത്തിൽ കുഷ്ഠരോഗം ബാധിച്ചവർ 23, ക്ഷയരോഗബാധിതർ 312, പ്രമേഹബാധിതർ 198, എന്ന തോതിലാണ്. പഞ്ചായത്തിൽ പൊതുവേ റിപ്പോർട്ട് ചെയ്തിരിക്കുന്നത് വാതരോഗമാണ്. 1995-96 കാലയളവിൽ കിടത്തി ചികിത്സാസൗകര്യമുള്ള രണ്ടു സ്വകാര്യ ആശുപത്രികളിൽ 322 ഉം ആയുർവേദഡിസ്പൻസറികളിൽ 5226 ഉം വാതരോഗബാധിതർ ചികിത്സയിലേർപ്പെട്ടു. ഈ

കാലയളവിൽ പകർച്ച വ്യാധികളായി 2 അലോപ്പതി ആശുപത്രിയിലും ഒരു ഗവണ്മെന്റ് ആയുർവേദഡിസ്പൻസറിയിലുമായി 328 രോഗികൾ ചികിത്സക്കായി എത്തി പൊതുവേ പഞ്ചായത്തിൽ ടി.ബി., വലിവ്, അതിസാരം വാതം, വയറുകടി, ചെങ്കണ്ണുരോഗം എന്നീ അസുഖങ്ങളാണ് കണ്ടു വരാറുള്ളത്.

പഞ്ചായത്തിലേ പൊതുജനാരോഗ്യകേന്ദ്രത്തിന്റെ നില തൃപ്തികരമല്ല എന്നു ഗ്രാമസഭകളിൽ നിന്നുയർന്ന ആക്ഷേപങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു. പഞ്ചായത്തിലെ റൂറൽ ഡിസ്പൻസറി പ്രവർത്തിക്കുന്നില്ല.

### കക്കൂസ്

പഞ്ചായത്തിൽ ശരാശരി35% വീടുകളും കക്കൂസില്ലാത്തവയാണ് പൊതുജനാരോഗ്യത്തിന്റെ അടിസ്ഥാനമായി മലവിസർജ്ജനം സുരക്ഷിതകേന്ദ്രങ്ങളിൽ തന്നെ വേണമെന്ന് ലോകാരോഗ്യ സംഘടന പോലും നിബന്ധന വെച്ചിരിക്കുന്ന ഇക്കാലയളവിൽ നമ്മുടെ പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്. 5075 വീടുകളുള്ള പഞ്ചായത്തിൽ 113 സെപ്റ്റിക്ക് ടാങ്കുകളുള്ള വീടുകളേ ഉള്ളു. 3018 സാധാരണ കക്കൂസുകളും ഉപയോഗിക്കുന്നു. പഞ്ചായത്തിൽ വിരശല്യ വയറിളക്കരോഗങ്ങളുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജലാശയങ്ങളിലേക്ക് വച്ചിട്ടുള്ള കക്കൂസുകൾ ഒരു തീരാശാപമാണ്. തീരപ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നത് കക്കൂസിന്റെ ഉപയോഗം കുറക്കുവാൻ ജനത്തെ പ്രേരിപ്പിക്കുന്നു.

### ഗ്രാമസഭകളിലെ അഭിപ്രായം

1. മുഖ്യമായും 9 വാർഡുകളിലും അഭിപ്രായ രൂപീകരണം വന്നത് സാമ്പത്തിക പരാധീനത ചൂണ്ടികാട്ടിയിട്ടുള്ളതാണ്. പരിഹാരമായി വിവിധ തലങ്ങളുമായി ബന്ധപ്പെട്ടു സാമ്പത്തിക സഹായം തേടുക

2. സ്ഥലപരിമിതി- ജനസാന്ദ്രതയേറിയ ടി.വി.പുരം പഞ്ചായത്തിൽ ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന സ്ഥലത്ത് പൊതു സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു ചുമതല പ്രാദേശിക സമിതിക്കു ഏല്പിക്കണം.

ഇവയെ കൂടാതെ ആരോഗ്യബോധവൽക്കരണ ക്യാമ്പ് സങ്കടിപ്പിക്കുകയും ഫീൽഡു പബ്ലിസിറ്റിയുടെയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യം ഉറപ്പു വരുത്തി ബോധവൽക്കരണം നടത്തുകയും വേണം.

3. എല്ലാ വീടുകളിലും സെപ്റ്റിക് ടാങ്ക് കക്കൂസ് നിർമ്മിക്കുക.

നബാർഡിൽ നിന്നോ ഹഡ്കോയിൽ നിന്നോ ഈ ആവശ്യത്തിനു നേരിട്ടു പറ്റുവരവു വായ്പ ലഭ്യമാകുന്നില്ലെങ്കിൽ ജില്ലാ സഹകരണ ബാങ്കു വഴി പറ്റുവരവു വായ്പ അനുവദിപ്പിക്കുക. ലൈബ്രറി സെസ്സ് ഈടാക്കുന്നതുപോലെ 5% ടോയ്‌ലറ്റ് സെസ്സും പഞ്ചായത്തിനു ഈടാക്കാവുന്നതാണ്.

### പരിസരശുചിത്വം

വ്യവസായശാലമൂലം പരിസരമലിനീകരണം ഒട്ടും അനുഭവപ്പെടാത്ത പഞ്ചായത്താണ് നമ്മുടേതെങ്കിലും ഒട്ടേറെ ചെറുതോടുകളും കുളങ്ങളും ഉള്ള നമ്മുടെ പഞ്ചായത്തിൽ ഓരുമുട്ട് ഉറപ്പിക്കുന്നതുമൂലം ഒഴുക്കില്ലാതെ വെള്ളം കെട്ടിനിന്ന് കൊതുകുകൾ പെരുകുകയും ഒപ്പം മാലിന്യം അടിഞ്ഞുകൂടുകയും സ്ഥിരം പതിവാണ്. കായലിന്റെ തീര പ്രദേശങ്ങളിലും ഇടത്തോടുകളിലും മലമൂത്ര വിസർജ്ജനം നടത്തുന്നതും തൊണ്ടു തല്ലുന്നതിനു ശേഷമുള്ള ചകിരി ച്ചോറ് അലസമായി ഇടുന്നതും പഞ്ചായത്തിലെ തീരദേശ വാർഡുകളായ 6,7,8,1, ഇവിടങ്ങളിൽ മലിനീകരണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവതന്നയാണ്. പഞ്ചായത്തിലെ മൂന്നു പൊതു മാർക്കറ്റിലും അവശിഷ്ടങ്ങൾ അവിടവിടെ തന്നെ ഉപേക്ഷിക്കുക പതിവാണ്. 6-ാം വാർഡിലും 9-ാം വാർഡിലും ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന അറവുശാലയിലും അനധികൃതമായി പഞ്ചായത്തിന്റെ വിവിധ പ്രദേങ്ങളിൽ അരങ്ങേറുന്ന താൽക്കാലിക അറവുശാലകളിലും ഉണ്ടാവുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുക പതിവില്ല. ഇതും ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മറ്റൊരു ഗൗരവമായ പ്രശ്നം നമ്മുടെ കായൽ തീരങ്ങളിൽ കണ്ടുവരുന്ന കക്കാ ഇറച്ചി എടുക്കുന്ന സ്ഥലങ്ങളാണ്. കക്കാ വെന്തുവരുന്ന അവസരത്തിലും അതു കഴുകി മാറ്റുന്നതിലും ഉണ്ടാകുന്ന വെള്ളം ഒഴുക്കി കളയാതെ കെട്ടി നിൽക്കുന്നതു കൊതുകു വർദ്ധനവിനും ദുർഗന്ധം വമിക്കുന്നതിനും ഇടയാക്കുന്നു. ഇടതോടുകളിൽ തൊണ്ടു ചീയിക്കുന്നതും സ്ഥിതി ഗുരുതരമാക്കുന്നു.

### നിർദ്ദേശങ്ങൾ

1. പൊതുമാർക്കറ്റിലും അറവുശാലകളിലും ഉണ്ടാവുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ പഞ്ചായത്തു തലത്തിൽ നടപടി ഉണ്ടാക്കുക.
2. കായൽ പ്രദേശത്തു പൊതുവേ കണ്ടു വരാറുള്ള മലിനീകരണത്തെ ചെറുക്കുവാൻ ആരോഗ്യ ബോധന ക്ലാസുകളും ഭവനസന്ദർശന പരിപാടിയും സംഘടിപ്പിക്കുക .
3. തീരപ്രദേശങ്ങളിലെ സ്ത്രീകളെ കൂടുതൽ ബോധമതികളാക്കുക.
4. കായലിനോടും കരിയാറിനോടും ബന്ധപ്പെട്ടു കിടക്കുന്ന പത്തുപറ - പഴൂതവള്ളി തോടും,

ഇടത്തോടുകളും അവയോടു ബന്ധപ്പെട്ടുകിടക്കുന്ന മറ്റുള്ളവയും വീതികൂട്ടി നീരൊഴുക്കു വർദ്ധിപ്പിക്കുകയും തോടുകളിൽ സ്ഥാപിച്ചിട്ടുള്ള കക്കൂസുകൾ പൊളിച്ചുമാറ്റി കൊതുകുകളുടെ വർദ്ധനവു തടയുകയും ചെയ്യുക.

## പൊതുശ്മശാനം

ഒട്ടേറെ കോളനികളും വർദ്ധിച്ച ജനസാന്ദ്രതയുമുള്ള നമ്മുടെ പഞ്ചായത്തിൽ പൊതു ശ്മശാനം നിലവിലില്ല. നാലാം വാർഡിൽ ഇതിനായി എടുത്തിരിക്കുന്ന സ്ഥലത്തു എത്രയും വേഗം പൊതുശ്മശാനം നിർമ്മിക്കുവാനുള്ള നടപടി ഉണ്ടാവണം.

## പഞ്ചായത്തു തലത്തിലേക്കുള്ള നിർദ്ദേശങ്ങൾ

1. ഹെൽത്തു കാർഡ്

ഗ്രാമസഭയിൽ 2 വാർഡുകളിൽ നിന്നു മാത്രമേ ഹെൽത്തുകാർഡ് ഏർപ്പെടുത്തുന്നതിനേക്കുറിച്ചുള്ള പരാമർശമുള്ളൂ. ആരോഗ്യ സംരക്ഷണ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾക്കു പുരോഗതി ഉണ്ടാക്കുവാൻ സർവ്വ വിവരങ്ങളും രേഖപ്പെടുത്തിയ കാർഡ് ഏർപ്പെടുത്തിയാൽ നന്നായിരിക്കും.

## .പ്രൈമറി ഹെൽത്ത് സെന്റർ

2. ടി.വി. പുരം പഞ്ചായത്തിൽ ഉടനേതന്നെ ഹെൽത്തു സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ പഞ്ചായത്തു നടപടികൾ സ്വീകരിക്കുക.
3. ഗവ: അധീനതയിലുള്ള ആയുർവ്വേദ ഡിസ്പൻസറി കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ആയുർവ്വേദ ആശുപത്രിയായി ഉയർത്തുക.

### പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് സ്ഥിതിവിവരങ്ങളും

| വാർഡ് | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന രോഗം | പ്രവർത്തന വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശം |
|---|---|---|---|---|---|
| 1. | | ഹോമിയോ ഡിസ്പൻസറി | പനി, വയറിളക്കം, ചെങ്കണ്ണ് | | ആരോഗ്യ ബോധവൽക്കരണ പ്രവർത്തനം നടത്തണം പ്രൈമറി ഹെൽത്ത് സെന്റർ തുടങ്ങണം |
| 2. | ആയുർവേദ ആശുപത്രി | സ്വകാര്യ ആശുപത്രി | T.B. ആസ്ത്മ | ആയുർവേദാശുപത്രിയുടെ പ്രവർത്തനം ശോചനീയമാണ് | ഹെൽത്ത് കാർഡ് ഏർപ്പെടുത്തണം. ആയുർവേദ ആശുപത്രി വികസിപ്പിക്കണം. ഔഷധത്തോട്ടം വെച്ചു പിടിപ്പിക്കണം |
| 3. | | സ്വകാര്യ ആശുപത്രി | പനിയും അതിസാരവും | | പൊതുജനാരോഗ്യകേന്ദ്രം വേണം |
| 4. | | | വയറിളക്ക രോഗങ്ങൾ, പനി, വലിവ്, ചുമ | കുട്ടികൾക്കുള്ള കുത്തിവയ്പ് നടത്തണം | ആൾപ്പാർപ്പ് കൂടുതലായ വാർഡ്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തണം |
| 5. | | | അതിസാരം | | |
| 6. | | മഞ്ഞപ്പിത്ത ചികിത്സാലയം | പനിയും വാതസംബന്ധമായ രോഗങ്ങളും | | |
| 7. | | | | | |
| 8. | | | | | |
| 9. | | | | | |

### ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1/93-12/93 | 120 | 74 | |
| 1/94-12/94 | 110 | 77 | |
| 1/95-12/95 | 38 | 76 | |
| 1/96-12/96 | 26 | 80 | |



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വേമ്പനാട്ടുകായലിനാലും കരിയാറിനാലും ചുറ്റപ്പെട്ടു കിടക്കുന്ന ഈ ഗ്രാമത്തിനു് വൈക്കം ടൗണുമായാണ് കരമാർഗ്ഗം ബന്ധപ്പെടാൻ സാധിക്കുന്നത്. അതാകട്ടെ, നാടിന്റെ വികസനത്തിന് അനിവാര്യവുമാണ്. ഈ യാഥാർത്ഥ്യം കണ്ടവരുണ്ട്. വൈക്കം ടൗൺ മുതൽ ടി.വി.പുരം ക്ഷേത്രം വരെ 5.5കി.മി. ദൈർഘ്യം വരുന്ന റോഡ്, ദശാബ്ദങ്ങൾക്ക് മുമ്പു തന്നെ പ്രബുദ്ധരായ സാമൂഹ്യപ്രവർത്തകരുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ടു. 50 കളിൽ ഈ റോഡു് ടാറിട്ടതോടെ ഗതാഗതം കൂടുതൽ സുഗമമാവുകയും ചെയ്തു.

പഞ്ചായത്തിൽ തെക്കും പടിഞ്ഞാറും വേമ്പനാട്ടുകായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നതു് കോണ്ട് ജലഗതാഗതത്തിന് വളരെയേറെ സാദ്ധ്യതകളുണ്ട്. തണ്ണീർമുക്കം, ചേർത്തല, ആലപ്പുഴ മുതലായ പ്രദേശങ്ങളുമായി സമ്പർക്കത്തിനു് ജലഗതാഗതം പണ്ട് തന്നെ ഉപയോഗപ്പെടുത്തിയിരുന്നു.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ടാർ റോഡിന്റെ ദൈർഘ്യം വെറും 13.62 കി.മീ. മാത്രമാണ്. ഒരു ചതുരശ്ര കി.മീ. റോഡാണുള്ളത്. ഇത് സംസ്ഥാന ശരാശരിയായ 3.2 കി. മീറ്ററിൽനിന്നും വളരെ താഴെയാണല്ലോ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ ടാർറോഡിന്റെ നീളവും കണക്കാക്കിയാൽ ആളോഹരി 74 സെമീ. ടാർറോഡ് മാത്രമേയുള്ളൂ എന്ന് കാണാം. പഞ്ചായത്തിൽ മൂന്നു ബസ് ടെർമിനലുകളും 2 ഓട്ടോറിക്ഷാസ്റ്റാൻഡുകളും ഉണ്ട്. ടി.വി.പുരം-വൈക്കം ചെമ്മനത്തുകര-വൈക്കം; മൂത്തേടത്തുകാവ്-വൈക്കം; എന്നീ റോഡുകളിൽ 14 സ്വകാര്യ ബസ്സുകളും 4 ട്രാൻസ്പോർട്ട് ബസ്സുകളും സർവ്വീസ് നടത്തുന്നു.

ഈ ഗ്രാമവുമായി ബന്ധപ്പെട്ട് വേമ്പനാട്ടുകായലിൽ കൂടി ഒരു ബോട്ട് സർവ്വീസും നിലവിലുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ അടങ്ങിയ പട്ടിക 1 കാണുക

നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെ അഭാവമാണ് ഇതിന് കാരണം. ഫണ്ടിന്റെ അപര്യാപ്തത എല്ലാ വികസനപ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു.

## പ്രശ്നങ്ങൾ

1. റോഡ് നിർമ്മാണം

1 ടാർറോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. റോഡുകളുടെ ഗുണനിലവാരമില്ലായ്മയും, ഓടയില്ലാത്തതിനാൽ വെള്ളം കെട്ടിക്കിടന്ന് റോഡിനുണ്ടാകുന്ന നാശവും, അപകടകാരണങ്ങളായ വളവുകളും, വീതിക്കുറവും പരിഹരിക്കപ്പെടേണ്ടതാണ്.

2. പുതിയ റോഡുകൾ.

6 കി.മീ.ദൂരം വരുന്ന തീരദേശറോഡ് എത്രയും വേഗം പൂർത്തിയാക്കണമെന്ന് തീരദേശവാസികൾ ഗ്രാമസഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപോലെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്.

3. മെറ്റൽറോഡുകളുടേയും ടാർ റോഡുകളുടേയും ശോച്യാവസ്ഥ.

ജനങ്ങളിൽനിന്നും പൊന്തിവന്നിട്ടുള്ള നിർദ്ദേശങ്ങളിൽ മിക്കവയും നിലവിലുള്ള മൺറോഡുകളുടേയും മെറ്റൽ റോഡുകളുടേയും ശോച്യാവസ്ഥയെ ആസ്പദമാക്കിയുള്ളവയാണ്. റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മുൻഗണന വേണം. നിലവിലുള്ള മെറ്റൽ റോഡുകൾ ടാർ ചെയ്യേണ്ടതും, മൺറോഡുകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതുമാണ്. അപ്രകാരമുള്ള റോഡുകളുടെ ലിസ്റ്റ് പട്ടിക രണ്ടും മൂന്നും കാണുക.

നിർദ്ദേശങ്ങൾ

പുതിയ മൺറോഡുകൾ

ഇതിന് ധാരാളം നിർദ്ദേശങ്ങൾ ഉണ്ട്. മിക്കവയും നിലവിലുള്ള ഇടവഴികൾ പ്രധാന റോഡുകളുമായി ബന്ധിപ്പിച്ച് വീതി കൂട്ടണമെന്നാണ്. ഇവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

അനുബന്ധം

പഞ്ചായത്തിൽ നിലവിലുള്ള പൂഴിയിട്ട റോഡുകളുടെ വിവരണവും വീതിയും ദൂരവും പട്ടിക നാലിൽ കൊടുത്തിരിക്കുന്നു. ഈ പട്ടികയിൽ കൊടുത്തിരിക്കുന്ന റോഡുകളെല്ലാം വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്. പട്ടിക 4. കാണുക

റോഡുകളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡുവികസനം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. അതിരുകളിൽ നിൽക്കുന്ന മരങ്ങൾ നശിപ്പിക്കപ്പെടുന്നത് പ്രധാന പ്രശ്നമാണ്. വർഷങ്ങളായി തുടർന്നുവന്നിരുന്ന സാമൂഹ്യവനവത്കരണ പ്രക്രിയയാണ് ഇതുമൂലം തടസ്സപ്പെടുന്നത്.

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായിമാറിയ ഇടവഴികൾ, വർഷകാലത്ത് വരുന്ന അധികജലം റോഡുകളിലേക്ക് ഒഴുകുന്നു. വെള്ളംകെട്ടിക്കിടന്ന് റോഡുകൾ നാശോന്മുഖമാകുന്നതിനാൽ ഗതാഗതസൗകര്യം നഷ്ടപ്പെടുന്നു. റോഡുകളിലൂടെയുള്ള കാൽനടയാത്രതന്നെ ക്ലേശകരമാവാറുണ്ട്.

സാദ്ധ്യതകൾ.

ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ചിന്താവിഷയമാകുമ്പോൾ താഴെപ്പറയുന്ന സാധ്യതകൾ പരിഗണിക്കപ്പെടേണ്ടതാണ്.

1. പ്രധാനപ്പെട്ട എല്ലാ റോഡുകളുടേയും വശങ്ങളിൽ ഓടകൾ നിർമ്മിക്കണം.
2. റോഡുകളിലെ പ്രധാന വളവുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
3. ടി.വി. പുരത്ത് നിന്നും കെ.എസ്.ആർ. ടി. സി. കൂടുതൽ സർവ്വീസുകൾ ആരംഭിക്കണം.
4. ടി. വി. പുരം വരെയുള്ള പെർമിറ്റാണ് അനുവദിച്ചിട്ടുള്ളതെങ്കിലും വൈക്കത്ത് യാത്ര അവസാനിപ്പിക്കുന്ന ചില സ്വകാര്യ ബസുകൾ ഇവിടെ എത്താനുള്ള കർശന നടപടികൾ സ്വീകരിക്കണം.
5. തൃണയംകുടം ക്ഷേത്രത്തിന് സമീപം ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കണം.
6. പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിൽ തണൽമരങ്ങൾ വെച്ച് പിടിപ്പിക്കുകയും വെയിറ്റിംഗ് ഷെഡ് പണിയുകയും ചെയ്യുക.
7. ടിവി. പുരം തലയാഴം പഞ്ചായത്തുകളെ യോജിപ്പിക്കുന്ന സ്പിൽവേ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സത്വര നടപടികൾ സ്വീകരിക്കുക.
8. വൈക്കം ടിവി. പുരം മൂത്തേടത്തുകാവ് വൈക്കം, വൈക്കം ടി. വി. പുരം തീരദേശറോഡുവഴി വൈക്കം, വൈക്കം പൈനുങ്കൽ ചെമ്മനത്തുകര കൊട്ടാരപ്പള്ളി മൂത്തേടത്തുകാവ് വൈക്കം എന്നീ സർക്കുലർ സർവീസുകൾ ആരംഭിക്കുക.
9. പഞ്ചായത്തിലെ കൈത്തോടുകൾക്ക് പാലം നിർമ്മിക്കുക.

നിർദ്ദേശങ്ങൾ.

ജനകീയപദ്ധതിയും ജനശക്തിയും

റോഡുകളുടെ സമഗ്രവികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. പുതിയ റോഡുകളുടെ നിർമ്മാണം ശ്രമദാനം വഴി നടത്തുവാൻ കഴിയണം.

പഞ്ചായത്തിലെ ആശാരിച്ചേരി, വടകൊട്ടി, ഉമാങ്കരി കോമ്പാറ തുടങ്ങിയ ഹരിജൻ കോളനികൾ വൈദ്യുതികരിച്ചിട്ടുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേതടക്കം 32 ചെറുകിടവ്യവസായ യൂണിറ്റുകൾ ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ.

1. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നില്ല.
2. പുതിയ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്നു.
3. വിദഗ്ധ ജോലിക്കാരുടെ അഭാവംമൂലം അറ്റകുറ്റപ്പണികൾ വേണ്ടത്ര കാര്യക്ഷമമായും വേഗതയിലും നടക്കുന്നില്ല.
4. രേഖകളിലുള്ളതിനെക്കാൾ കൂടുതൽ ഉപഭോഗം നടക്കുന്നതിനാൽ ട്രാൻസ്ഫോർമറുകൾക്ക് അധികഭാരം വരുന്നു. ഇതിനാൽ.ചിലപ്പോൾ ഫീഡറുകൾ ട്രിപ്പാകുന്നു.
5. പീക്ക് ടൈമിൽ മില്ലുകൾ, പമ്പുസെറ്റുകൾ, വെൽഡിംഗ് സെറ്റുകൾ, ഹീറ്ററുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നത് വോൾട്ടേജ് ക്ഷാമത്തിനിടയാക്കുന്നു.
6. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിച്ച ചില പദ്ധതികൾ ചില സ്ഥലമുടമകളുടെ സമ്മതമില്ലായ്മ മൂലം പൂർത്തിയാക്കാൻ കഴിയുന്നില്ല.
7. ചില കോൺട്രാക്ട് തടസ്സങ്ങൾ മൂലം ടിവി.പുരം കവലക്കും തൃണയംകുടം ക്ഷേത്രത്തിനുമിടയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കഴിഞ്ഞില്ല.

സാധ്യതകൾ.

1. വൈദ്യുതി പദ്ധതികൾക്കുവേണ്ടി രൂപികൃതമായ പോപ്പുലർ കമ്മറ്റികളുടെ സഹായത്തോടെ വിഭവസമാഹരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താവുന്നതാണ്.
2. ടി.വി. പുരം കവലയിലുള്ള ഓവർസിയർ ഓഫീസ് വികസിപ്പിച്ച് സബ്എഞ്ചിനിയർ ആഫീസ് ആയി ഉയർത്തിയാൽ കുറച്ചു കൂടി മെച്ചമായ സേവനം ലഭ്യമാകും.
3. സ്ഥലമുടമകളുടെ അഭിപ്രായവ്യത്യാസം തീർക്കുവാനും കോൺട്രാക്റ്റ് പ്രശ്നങ്ങൾ തീർക്കുവാനും ജനകീയ ഇടപെടൽ ഉണ്ടാവുക.
4. കയർ സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ പുതുതായി തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ പറക്കാട്ടുകുളങ്ങരയിലും ബോട്ടുജട്ടി ഭാഗത്തും ഓരോ 100 K.V.A. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.
5. വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി C.F.L., ഇലക്ട്രോണിക് ചോക്ക് എന്നിവ സ്ഥാപിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുക.
6. പൊതു സ്ഥലങ്ങൾ, ജംഗ്ഷനുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുക.
7. മരച്ചില്ലകളും മറ്റും തട്ടുന്നതു മൂലമുണ്ടാകുന്ന വൈദ്യുതിച്ചോർച്ച തടയുവാൻ ബോർഡു ജീവനക്കാർക്ക് സഹായവും പ്രോൽസാഹനവും നൽകുക.

അനുമതി ലഭിച്ച വികസന പദ്ധതികൾ.

| നമ്പർ | പേര് | ട്രാംഫോമർ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|
| 1. | V.I..വർക്ക് കൊട്ടാരപ്പള്ളി | 100 K.V.A1 | 2,50000 |
| 2. | V.I.വർക്ക് ടി.വി. പുരം ടെമ്പിൾ | 100 K.V.A-1 | 3,50000 |

നിർദ്ദേശിക്കാവുന്ന വികസന പദ്ധതികൾ.

| നമ്പർ | പേര് | ട്രാംഫോമർ | കെ.വി ലൈനി. നീളം(കി.മീ) | പ്രതീക്ഷിക്കുന്ന ചെലവ് (രൂപ) |
|---|---|---|---|---|
| 1 | പറക്കാട്ടുകുളങ്ങര (കയർ പ്രൊജക്റ്റ്) | 100 KVA | 0.75 | 3,00 000 |
| 2 | ടി.വി.പുരം ജട്ടി | 100 kva | 0.4 | 1,75,000 |
| 3 | VI വർക്ക് ചെമ്മനത്തുകര | 100 kva | 1.0 | 5,50000 |

പാചക ആവശ്യത്തിനായി കേരോത്പന്നങ്ങളാണ് കൂടുതൽ വീടുകളിലും ഉപയോഗിക്കുന്നത്. ചെറിയ ശതമാനം വീടുകളിൽ ഗ്യാസും മണ്ണെണ്ണയും പാചക ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. ക്ഷമത കൂടുതലുള്ള പരിഷത്ത് അടുപ്പുകൾ ഗ്രാമീണർക്ക് പരിചിതമാണ്. ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള ജനകീയ ശാസ്ത്രപ്രസ്ഥാനങ്ങൾ ഇവയുടെ പ്രചാരണത്തിനായി നല്ല രീതിയിലുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗോബർഗ്യാസ് യൂണിറ്റുകൾ അപൂർവ്വമായി ഉണ്ട് എങ്കിലും ഈ രംഗത്ത് വേണ്ടത്ര ബോധവത്ക്കരണപ്രവർത്തനങ്ങൾ നടന്നിട്ടില്ല. അനർട്ടിന്റെയും കമ്മ്യൂണിറ്റി പോളിടെക്നിക്കിന്റെയും

സഹായം ഈ രംഗത്ത് ഉപയോഗിക്കാവുന്നതാണ്.

## മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷികവിളയാണ് നാളികേരം. നാളികേരത്തിന് ഇവിടെ ഒരു പൊതു വിപണിയോ സഹകരണ വിപണിയോ ഇല്ല. അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ചെമ്മനത്തുകരയിലും ടി.വി പുരം കവലയിലുമുള്ള മാർക്കറ്റുകൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതാണ്. കവലയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയേണ്ടതാണ്.

മൂത്തേടത്തുകാവിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതും ക്രമേണ നിലച്ചു പോയതുമായ മാർക്കറ്റ് പുനഃസ്ഥാപിക്കണം.

മണ്ണത്താനം കേന്ദ്രമായി ഒരു മാർക്കറ്റ് ഉണ്ടാവേണ്ടിയിരിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ നാളീകേര ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന സംരംഭങ്ങൾക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

അതുപോലെ കാർഷികോത്പന്നങ്ങൾക്കും തഴപ്പായ തുടങ്ങിയവയ്ക്കും മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വ്യാപാര ശൃംഖല ഉണ്ടാവേണ്ടതാണ്.

### പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡിന്റെപേര് | ഉടമസ്ഥത | ദൂരം കി.മി. | വീതി മീറ്റർ | ബസ്/മറ്റു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | ടി.വി. പുരം പട്ടശ്ശേരി | PWD | 4 | 8 | ഉണ്ട് |
| 2 | മൂത്തേടത്തുകാവ് മുല്ലക്കേരി ജംഗ്ഷൻ | PWD | 4 | 8 | ഉണ്ട് |
| 3 | പൈനുങ്കൽ ചെമ്മനത്തുകര | പഞ്ചായത്ത് | 2 | 6 | ഉണ്ട് |
| 4 | ടി.വി. പുരം മൂത്തേടത്തുകാവ് | " | 1 | 6 | ഇല്ല |
| 5 | കിഴക്കെ ജട്ടി ടി.വി. പുരം | " | 0.6 | 6 | " |
| 6. | മൂത്തേടത്തുകാവ് കോട്ടച്ചിറ | " | 0.6 | 6 | " |
| 7. | കൊട്ടാരപ്പള്ളി അപ്പക്കൽ | " | 0.72 | 6 | " |
| 8 | പഞ്ചായത്തുപടി പറക്കാട്ടുകുളം (ഭാഗികം) | " | 0.16 | 3 | " |
| 9. | കാവിൽമന കൈതവളപ്പ് (ഭാഗികം) | " | 0.16 | 3 | " |
| 10 | ചേരിക്കൽ ചെമ്മനത്തുകര | " | 0.5 | 6 | " |
| 11 | മൂത്തേടത്തുകാവ് കരിയാർ | " | 0.2 | 6 | " |

### പട്ടിക 2

ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | വാർഡ് | ടാർചെയ്യേണ്ടദൂരം (കി.മീ) | വീതി |
|---|---|---|---|---|
| | മൂത്തേടത്തുകാവ് ചെമ്മനത്തുകരറോഡിൽ അപ്പക്കൽ ചെമ്മനത്തുകര ചന്ത | 2&3 | 1-8 | 6 |
| 2 | ചേരിക്കൽ ചെമ്മനത്തുകര (ഭാഗീഗം) | 3 | 0.6 | 6 |
| 3 | കൊട്ടാരപ്പള്ളി ചെമ്മനത്തുകര (കളത്തൂർ സെറ്റിൽമെന്റ്വഴി) | 2,4 | 0.8 | 6 |
| 4 | കോൺവെന്റ് റോഡ് | 5 | 0.2 | 6 |
| 5 | മൂത്തേടത്തുകാവ് കരിയാർ | 2 | 0.3 | 6 |
| 6 | ജോസ്പുരം കളത്തൂർറോഡ് | 2,4 | 1.5 | 6 |

## അനുബന്ധം

### പുതുതായി തീർത്തു നിലവിലുള്ള റോഡുമായി ചേർത്തു നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | നമ്പർ | റോഡിൻെറ പേര് | ദൂരം (കി.മീ.) | വീതി (മീ) |
|---|---|---|---|---|
| 1 | 1 | മുത്തേടത്തുകാവ് സ്കൂൾ-കൊച്ചുലോനങ്കരി റോഡ് | 0.4 | 3.5 |
| | 2 | പടിക്കൽകുളം - കായൽ | 0.5 | ,, |
| | 3 | തിരുത്തല്ലി കോളനി - കായൽ | 0.5 | ,, |
| | 4 | മോഴിക്കോട്ടു ക്ഷേത്രം - തീരദേശ റോഡ് | 0.4 | ,, |
| | 5 | വട്ടയിൽ കളം - മാറ്റിംഗ്സ് വഴി മുത്തേടത്തുകാവ് റോഡ് | 0.5 | ,, |
| | 6 | മഴുവഞ്ചേരിൽ - ടി.വി. പുരം സ്കൂൾ റോഡ് | 0.5 | ,, |
| | 7 | മോഴിക്കോട് - കൊച്ചുപറമ്പ് റോഡ് | 0.5 | ,, |
| | 8 | കൂട്ടുങ്കൽ - മുക്കിൽ റോഡ് | 0.4 | ,, |
| 2 | 1 | മുത്തേടത്തുകാവ്-കൊഴുക്കോട്ടയിൽ-കരുവേലികടത്ത് | 0.4 | ,, |
| | 2 | ഉമാങ്കരി കോളനി റോഡ് | 0.4 | ,, |
| | 3 | കൊട്ടാരപ്പള്ളി ഉഴുന്നനാരിയിൽ വഴി ചില്ലക്കൽ പാടം | 0.6 | ,, |
| | 4 | പത്തുപറ - പറയാട്ടു പാലം | 0.5 | ,, |
| 2, 6 | 5 | അമ്പഴത്തിടവഴി വഴി സരസ്വതിക്കുളം | 0.6 | ,, |
| 2, 6 | 6 | പറയാട്ടുപാലം - മറ്റപ്പള്ളി പാലം | 0.6 | ,, |
| 2 | 7 | അപ്പക്കൽ - തൈത്തറ | 0.6 | ,, |
| 2 | 8 | പയറുകാട്ടു കോളനി - ആവള്ളിൽ | 0.6 | ,, |
| 3 | 1 | പരിയാത്തുകരി - പറേകാട്ട് | 0.6 | ,, |
| | 2 | ശ്രീകൃഷ്ണ - അപ്പക്കൽ | 0.8 | ,, |
| | 3 | കോമ്പാറ - ശ്രീകൃഷ്ണ | 0.3 | ,, |
| 4 | 1 | കമ്മട്ടി - കത്തിച്ചാലി | 0.6 | ,, |
| | 2 | കാരപ്പറമ്പ് - കുറുവേലി | 0.4 | ,, |
| | 3 | വട്ടൂർ പാടം - പത്തുപറപ്പാലം (ശ്മശാനം വഴി) | 0.6 | ,, |
| | 4 | ചേരിക്കൽ ക്ഷേത്രം - കളത്തുർ റോഡ് | 0.6 | ,, |
| 5 | 1 | വെളിയമ്പള്ളി - ശാസ്താങ്കൽ റോഡ് | 0.5 | 3.0 |
| 6 | 1 | മുട്ടത്തിൽ - ഇട്ട്യാന | 0.6 | ,, |
| | 2 | മറ്റപ്പള്ളി തോട് - കോലത്ത് - മുല്ലശ്ശേരി വഴി കാട്ടുമുറി റോഡ് | 0.6 | ,, |
| 2, 6 | 3 | ആവള്ളിൽ - പയറാട്ടുപാടം | 0.6 | ,, |
| | 4 | വൈക്കം പള്ളിവാതുക്കൽനിന്നും കരീത്തറഭാഗം വഴി മുത്തേടത്തുകാവ് റോഡിൽ എത്തുന്ന റോഡ് | 0.6 | ,, |

## പട്ടിക 3

### മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (കി.മീ.) | വീതി (മീ) |
|---|---|---|---|---|
| 1 | 1,8,7,6,5 | തീരദേശ റോഡ്-കോട്ടച്ചിറ, ടി.വി. പുരം ക്ഷേത്രം-പുത്തൻ തറ-പറയ്ക്കാട്ടുകുളം-പഴുതുവള്ളി-വൈക്കം പള്ളി വരെ | 6.0 | 6.0 |
| 2 | 9 | കാവിൽ മന - മുത്തേടത്തുകാവ് | 0.9 | 3.5 |
| 3 | 7, 8 | കാവിൽമന - കൈതവളപ്പ് | 1.0 | 3.5 |
| 4 | 7 | പഞ്ചായത്ത് - പറക്കാട്ടുകുളം | 0.9 | 3.5 |
| 5 | 6, 7 | കാട്ടുമുറി - കായൽ | 0.7 | 3.5 |
| 6 | 6 | മറ്റപ്പള്ളിപ്പാലം - പഴുതുവള്ളി | 0.4 | 3.5 |
| 7 | 5 | പുതനേഴം - ആലുങ്കൽ | 0.5 | 3.5 |
| 8 | 5 | വെളിയമ്പള്ളി - ശാസ്താങ്കൽ | 0.5 | 3.5 |
| 9 | 5 | മരോട്ടിച്ചുവട് - പപ്പാട്ടുപാലം | 0.8 | 3.5 |
| 10 | 6 | മണ്ണത്താനം - ചേരിക്കൽ | 0.8 | 3.5 |
| 11 | 6, 9, 2 | മുട്ടുമനച്ചിറ - ഈട്ടയിൽ | 0.9 | 3.5 |
| 12 | 3 | ചെമ്മനത്തുകര ചന്ത - ഫെറി റോഡ് | 0.8 | 3.5 |
| 13 | 3 | കോമ്പാറ - കൊപ്രാന്തറ | 1.0 | 3.5 |
| 14 | 2 | അപ്പക്കൽ - കരുവേലി | 0.9 | 3.5 |
| 15 | 1 | പടിക്കൽ കുളം - കായൽ റോഡ് | 0.6 | 3.5 |
| 16 | 2 | കളപ്പുരക്കൽ - മാനന്തിൽ റോഡ് | 0.6 | 3.5 |
| 17 | 7 | എസ്.ബി.ടി. - ചെറുപറമ്പ് - മോഴിക്കോട് | 1.0 | 3.5 |
| 18 | | മോഴിക്കോട് ക്ഷേത്രം റോഡ് | 0.6 | 3.5 |

## അനുബന്ധം (തുടർച്ച)

| വാർഡ് | നമ്പർ | റോഡിൻെറ പേര് | ദൂരം (കി.മീ.) | വീതി (മീ) |
|---|---|---|---|---|
| 7 | 1 | വയനയിൽ തേങ്ങാകളം സരസ്വതി തെക്ക് ആങ്കാട്ടിൽ | 0.6 | 3.0 |
| | 2 | കുളത്തായി - കൊപ്പറമ്പിത്തറ | 0.2 | ,, |
| | 3 | വാതല്ലൂർ - വയനയിൽ | 0.4 | ,, |
| | 4 | തോമ്പറ തേവരേഴം വഴി തുമ്പാനം | 0.3 | ,, |
| | 5 | ഇരുമ്പപ്പള്ളി - കോട്ടച്ചിറ റോഡ് | 0.6 | ,, |
| 8 | 1 | ഒട്ടാലേത്തു ജംഗ്ഷൻ - തട്ടാരുപറമ്പ് | 0.8 | ,, |
| | 2 | കീറ്റുപറമ്പ് - ചാത്തുവള്ളി - പത്തുമുറി | 0.5 | ,, |
| | 3 | ചാത്തുവള്ളി ചെട്ടുപറമ്പുവഴി തൈപ്പാടം തൈവെയ്പ് | 0.7 | ,, |
| | 4 | മറ്റപ്പുഴി താമരത്തോട് വഴി ജട്ടി റോഡ് | 0.6 | ,, |
| 9 | 1 | മാനന്തിൽ - ആലങ്കരി | 0.5 | ,, |
| | 2 | കൊട്ടകപ്പടി - പുത്തൻവീട് | 0.3 | ,, |
| | 3 | ചെറുപറമ്പ് - കാരാട്ട് | 0.3 | ,, |
| | 4 | മഴുവഞ്ചേരി - പടിക്കക്കുളം | 0.5 | ,, |
| | 5 | ചെറുപറമ്പു ക്ഷേത്രം - കടമ്പറ | 0.3 | ,, |

## പട്ടിക 4

### പുഴിയിട്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിൻെറ പേര് | ദൂരം (കി.മീ.) | വീതി (മീ) |
|---|---|---|---|---|
| 1 | 3 | അറത്തറ-പരിയാത്തുകരി | 0.6 | 3.5 |
| 2 | 3 | വലിയതറ-എട്ടുവേലി | 0.6 | 3.5 |
| 3 | | കളപ്പുരയ്ക്കൽ ഇടവഴി റോഡ് | 0.5 | 3.5 |
| 4 | 4 | കാവേൽ-മനയ്ക്കൽ റോഡ് | 0.75 | 3.5 |
| 5 | 4 | മരോട്ടിച്ചുവട്-കൊച്ചുതറ | 1.2 | 3.5 |
| 6 | 3 | ശ്രീകൃഷ്ണ-കാട്ടേത്ത് | 0.7 | 3.5 |
| 7 | 9 | തിരുത്തല്ലി-മൂത്തേടം | 0.6 | 3.5 |
| 8 | 9 | എസ്.ബി.ടി.-ചെറുപറമ്പു ക്ഷേത്രം-മോഴിക്കോട് കവല | 1.0 | 3.5 |
| 9 | 4 | സാക്ഷരത റോഡ് | 0.5 | 3.5 |





# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ടി.വി..പുരം ഗ്രാമ പഞ്ചായത്തു് മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കയർ, മത്സ്യബന്ധനം, തഴപ്പാനെയ്ത്തു്, നാളികേരവ്യവസായം എന്നിവയുമായി ബന്ധപ്പെട്ടുള്ള തൊഴിലാളികൾ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തു്, വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ മുമ്പിലാണങ്കിലും സാമ്പത്തികമായി വളരെ പിന്നോക്കമാണ്.

മത്സ്യത്തൊഴിലാളികൾ തീരപ്രദേശങ്ങളിലെ 1,8,7 വാർഡുകളിൽ കൂടുതലായി കാണുന്നു. ഇവിടെ കുടിലുകളും ഇടത്തരം വീടുകളുമാണ് അധികവും.

പൊതുവേ 1,3,4,6,7,8,9 വാർഡുകളിലാണ് കുടിലുകൾ കൂടുതൽ, 4,5,7,8,9 വാർഡുകളിൽ വീടുകൾ പുതുതായി നിർമ്മാണം നടത്തിവരുന്നു. എല്ലാ വാർഡുകളിലും ഓടുമേഞ്ഞ വീടുകളാണു കൂടുതലുള്ളതു്.

ഭവനനിർമ്മാണസഹകരണസംഘം പഞ്ചായത്തിലില്ല. വൈക്കം കോ-ഓപ്പറേറ്റീവു ഹൗസിംഗ് സൊസൈറ്റിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവരുണ്ട്.

9ാം വാർഡിലൊഴികെ മറ്റെല്ലാ വാർഡുകളിലും ലക്ഷംവീടു കോളനികൾ ഉണ്ടു്. 6-ാം വാർഡിൽ മാത്രം 2 ലക്ഷംവീടു്കോളനികൾ സ്ഥിതിചെയ്യുന്നു. പദ്ധതിപ്രകാരം വീടു-കോളനികൾ എന്നിവ പുതുതായി നിർമ്മിക്കുവാനായി ഉള്ള പ്രദേശം 1,4 വാർഡുകളിൽ കണ്ടെത്തുക സാധ്യമല്ല. 6-ൽ ഇതേക്കുറിച്ചു റിപ്പോർട്ടു ചെയ്തിട്ടില്ല. 2,3,5,7,8,9 വാർഡുകളിൽ യോഗ്യമായ സ്ഥലം ഉണ്ട്. 7-ാം വാർഡിൽ തോമ്പ്രാ പുരയിടം ഇതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുവേ പഞ്ചായത്തിൽ തെങ്ങു ധാരാളം ലഭ്യമായതിനാൽ ഗൃഹനിർമ്മാണത്തിനു് ഇവ കൂടുതലായി ഉപയോഗിക്കുന്നു. തടിയൊഴികെയുള്ള വസ്തുക്കൾ ഏകദേശം 25 കി.മി.. ദൂരെ നിന്നു വേണം കൊണ്ടുവരുവാൻ. ഇവിടെ വിദേശഇന്ത്യക്കാർ കുറച്ചു മാത്രമുള്ളതിനാൽ വിദേശ പണത്തിന്റെ സ്വാധീനം വളരെ കുറവാണു്.

### നിർദ്ദേശങ്ങൾ

പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ഉണ്ടാകണം. സംഘം മുഖേന മിതമായ വിലയ്ക്കു ഭവനനിർമ്മാണസാമഗ്രികൾ വിതരണം നടത്തുവാൻ കഴിയണം. സിമിന്റ്, കമ്പി, മുതലായവ ഗവ:സബ്സിഡി നൽകുവാൻ നടപടി വേണം.

സാധാരണക്കാരനു ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പവ്യവസ്ഥകൾ ഉദാരമാക്കണം. ഭവനവായ്പാതുക വർദ്ധിപ്പിക്കണം. നിർമ്മിക്കുന്ന വീടു് ഈടായി വായ്പ ലഭ്യമാക്കണം.

ഇടത്തരക്കാർക്കും വീടുവയ്ക്കാനും പുതുക്കി പണിയാനും സഹായങ്ങളോ വായ്പകളോ ലഭ്യമാക്കണം. കൈവശഭൂമിക്കു പട്ടയം ഉറപ്പു് വരുത്തി ധനസഹായം നൽകേണ്ടത് മുന്തിയ പരിഗണന നൽകേണ്ട കാര്യമാണു്.

8 സെന്റു ഭൂമിയിൽ ഒരു വീടിനു രണ്ടു വശവും അവകാശികളെ വച്ചു നേരത്തെ നടപ്പാക്കിയ Two Plus - പദ്ധതി പുനരവലോകനം നടത്തണം. ഇത്തരം വീടു പൊളിച്ചുമാറ്റി 4 സെന്റു വീതം പട്ടയം കൊടുത്തു വേർതിരിച്ചു വായ്പാതുകകൾ വർദ്ധിപ്പിക്കണം. ഇതിനു വേണ്ടുന്ന

നടപടികൾ പഞ്ചായത്തുതലത്തിൽ ഉടനെ ഉണ്ടാവണം.

സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ

(ഏകദേശരൂപം)

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | 100 | 100 | 50 | 75 | 200 | 5 | 100 | 25 | 150 | 805 |

സ്വന്തമായി ഭൂമിയില്ലാത്തവർക്കു വീടുവയ്ക്കാനുള്ള സ്ഥലവും വായ്പയും ലഭ്യമാക്കണം. അത്തരക്കാർക്കു സൗജന്യ വായ്പാപദ്ധതി നടപ്പാക്കണം.

ഭവനനിർമ്മാണബോർഡുവഴി നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കണം. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതവിലക്കയറ്റവും കൂലി വർദ്ധനവും പാവപ്പെട്ടവന്റെ സ്വന്തമായ വീട് എന്നൊരാഗ്രഹം സഫലമാക്കാൻ ക്ലേശങ്ങൾ ഏറുന്നു.

കെട്ടിടനിർമ്മാണസാമഗ്രികളുടെയും

<u>കൂലിയുടെയും വർദ്ധനവ്.</u>

| | 75-76 | 86-87 | 87-88 | 88-89 | 95-96 |
|---|---|---|---|---|---|
| സിമെന്റ് | | 60/- | 70/- | 100/- | 195/- |
| വെട്ടുകല്ല് | | | 1200/- | | 8000/- |
| ചരൽ | | | | 500/- | 1300/- |
| കൂലി | 10/- | | | | 125/- |

കാലാകാലങ്ങളിലുള്ള വിലവർദ്ധനവു മൂലം പാവപ്പെട്ടവർക്ക് ഗൃഹനിർമ്മാണത്തിനുള്ള ബുദ്ധിമുട്ട് മാറ്റിയെടുക്കുവാൻ പഞ്ചായത്ത്തലനടപടികൾ വേണം.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും വീടു നിർമ്മിച്ചു നൽകുവാനും സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിലെ പോരായ്മ നികത്താൻ പഞ്ചായത്തുതലത്തിൽ ഗൃഹനിർമ്മാണ സമിതി രൂപീകരിക്കണം. "മൈത്രി" പോലുള്ള പദ്ധതികൾ ജനങ്ങളിലെത്തിച്ചു കൊടുക്കണം. (പട്ടിക 3 നോക്കുക)

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

പട്ടിക 3

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDPസർവ്വെ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തിയാക്കാത്ത വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 53 | - | - | - | 53 |
| II | 60 | - | - | - | 60 |
| III | 98 | 8 | 8 | - | 90 |
| IV | 59 | 7 | 7 | - | 52 |
| V | 20 | 1 | 1 | - | 19 |
| VI | 49 | - | - | - | 49 |
| VII | 49 | - | - | - | 49 |
| VIII | 53 | - | - | - | 53 |
| IX | 31 | - | - | - | 31 |
| | 472 | 16 | 16 | - | 456 |

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവ:കൾ വഹിക്കുന്ന ദാരിദ്രനിർമ്മാർജനപദ്ധതിയും തൊഴിലാളി തൊഴിൽ ഉടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾവഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായിത്തിരിക്കാം. ഈ പദ്ധതികൾക്കു പുറമേ പട്ടികജാതിപട്ടികവർഗ്ഗക്ഷേമ കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നു. ഈ പദ്ധതികളിൽ ദാരിദ്രനിർമ്മാജനപദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണു പഞ്ചായത്തിൽ ലഭ്യമാവുന്നതു്. നാമമാത്രമായി മറ്റു പദ്ധതികളും ഉപയോഗപ്പെടുത്തുന്നു.

നിലവിലുള്ള പദ്ധതികളുടെ ന്യൂനത വളരെ പ്രകടമാണു്. പദ്ധതിയെക്കുറിച്ചുള്ള അജ്ഞത, അർഹതപ്പെട്ടവർക്കു ലഭിക്കായ്ക, ഉദ്യോഗസ്ഥതലങ്ങളിലുള്ള ബോധവൽക്കരണക്കുറവ്, ഇങ്ങനെ ഉപഭോക്താക്കൾക്കു നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പലതാണു്.

പഞ്ചായത്തിൽ കയർ, കെട്ടിടനിർമ്മാണം, കക്കാവാരൽ, മത്സ്യബന്ധനം, തഴപ്പായനെയ്ത്ത്, കൊപ്രാവ്യവസായം, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരെ സംബന്ധിച്ച IRDP സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള അംഗങ്ങളെ കണ്ടുപിടിക്കുവാനും പരിമിതമായി സഹായങ്ങൾ നല്കുവാനും സാധിച്ചിട്ടുണ്ട്. അർഹതയുള്ളവർക്കു സഹായങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (പട്ടിക I കാണുക)

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്തു ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്രനിർമ്മാജന പദ്ധതിയും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണു നിലവിലുള്ളതു്.

## D.W.C.R.A

### സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി

പത്തോ കൂടുതലോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

പഞ്ചായത്തിൽ 2 യൂണിറ്റുകളാണുള്ളത്. ഒന്നാം വാർഡിലെ തിരുത്തല്ലിയിൽ പ്രവർത്തിക്കുന്ന കയർ മേക്കിംഗ് യൂണിറ്റും, അഞ്ചാം വാർഡിലെ കയർ മേക്കിംഗ് യൂണിറ്റും. നാലാം വാർഡിലും എട്ടാം വാർഡിലും ഓരോ യൂണിറ്റ് ടി. വാർഡുകളിലെ മെംബർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം തുടങ്ങുന്ന ഘട്ടത്തിലാണ്. (പട്ടിക II കാണുക)

ട്രൈസം

18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾ സ്വയംതൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതിയിൽ 94-97 കാലയളവിൽ മൊത്തം 6 പേർക്ക് പരിശിലനം നല്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ കൂടുതൽ പേരെ തെരഞ്ഞെടുക്കുകയും സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കുകയും പരിശീലനാനന്തരം തൊഴിൽലഭ്യത ഉറപ്പുവരുത്തുകയും വേണം. (പട്ടിക III കാണുക)

ടൂൾകിറ്റ്

95-96 മുതൽ 97 വരെ 9-ാം വാർഡിലെ 5 പേർക്കും 8ാം വാർഡിലെ ഒരാൾക്കും മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളു. പഞ്ചായത്തിലെ അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുകയും പരാതികൾ പരിഹരിക്കുകയും തൊഴിലാളികളെ ബോധവല്ക്കരിക്കുകയും വേണം. (പട്ടിക IV കാണുക)

കക്കൂസിനെ സംബന്ധിക്കുന്ന വിവരങ്ങൾ

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നലകുന്ന പദ്ധതിയാണ്C.R.SP വളരെക്കുറച്ചുപേർക്കു മാത്രമേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളു. അർഹതയുള്ള എല്ലാവർക്കും ആനുകൂല്യം കൊടുത്തു വാർഡുതലങ്ങളിൽ ഉപയോഗശൂന്യമായവ മാറ്റി പുതിയവ സൃഷ്ടിച്ച് ആരോഗ്യകാര്യങ്ങളിൽ ബോധവാന്മാരാക്കണം. രണ്ടായിരാമാണ്ടിൽ എല്ലാവർക്കം ആരോഗ്യമെന്ന ലക്ഷ്യം അനുഭവവേദ്യമാക്കാൻ നാമെല്ലാവരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. (പട്ടിക V കാണുക)

പെൻഷനുകൾ-നിർദ്ദേശങ്ങൾ.

പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിലും വൃദ്ധർക്ക് പെൻഷൻ കിട്ടാത്ത സാഹചര്യം മാറ്റണം.

വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള സാമ്പത്തികസഹായം പഞ്ചായത്തു മുഖേനയാക്കണം.

കർഷകതൊഴിലാളി പെൻഷൻപദ്ധതിയിലെ ന്യൂനതകൾ പരിഹരിക്കണം. അനർഹരെ ഒഴിവാക്കി അർഹതപ്പെട്ടവർക്ക് മാത്രം പെൻഷൻ നല്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നല്കണം. തെരഞ്ഞടുക്കപ്പെട്ടവരുടെ ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധം ചെയ്യുക.

വികലാംഗ പെൻഷൻ, വികലാംഗത്വ സർട്ടിഫിക്കറ്റ് കിട്ടുവാൻ പല പ്രാവശ്യം മെഡി. കോളേജ് കയറിയിറങ്ങുന്ന അവസ്ഥ മാറ്റിയെടുത്ത് പഞ്ചായത്ത് തലത്തിൽ സർട്ടിഫിക്കേറ്റ് നല്കേണ്ട നടപടി വേണം. ഇവർക്ക് അർഹമായ ആനുകൂല്യങ്ങൾ നല്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ മുൻകൈ എടുക്കേണ്ടതാണ്. (പട്ടിക VI കാണുക)

പരമ്പരാഗതവ്യവസായത്തിൽ ഏർപ്പെട്ടവരും, കർഷകത്തൊഴിലാളികളും ആണുള്ളത്. എന്നാൽ എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല. ഈ പഞ്ചായത്തിലെ രണ്ടു പ്രധാന തൊഴിൽമേഖലകളാണ് തഴപ്പായനെയ്ത്തും, കൊപ്രാവ്യവസായവും. എടുത്തു പറയേണ്ടത് കോട്ടയം ജില്ലയിൽ ഏറ്റവും അധികം കൊപ്രാവ്യവസായം നടക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഈ മേഖലകളിലെ തൊഴിലാളികളെ ഏകോപിപ്പിക്കുവാനോ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുവാനോ ഇതേവരെ കഴിഞ്ഞിട്ടില്ല.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ച് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് Block Devolopment Office മുഖേനയാണ്. 1952 ഒക്ടോ. 2ന് ANPC (Applied Nutrition Programme) നിലവിൽ വന്നതിനുശേഷം നിലവിൽ വന്ന ബാലവാടിയും (CPWP) ഗർഭിണികളുടേയും, മുലയൂട്ടുന്ന അമ്മമാരുടേയും, ആരോഗ്യ നിലവാരം മെച്ചപ്പെടുത്താനും 15 നും 45 നും മദ്ധ്യേയുള്ള സ്ത്രീകളെ ബോധവല്ക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചും ഇവരെ കൂടുതൽ അറിവുള്ളവരാക്കുന്നു.

### തൊഴിലില്ലായ്മ വേതനം

അനർഹരെ ഒഴിവാക്കി അർഹരെ മാത്രം തെരഞ്ഞെടുത്ത് ആനുകൂല്യം നല്കുവാനുള്ള നടപടി ഉണ്ടാവണം. പഞ്ചായത്തിലെ വേതനം കൈപ്പറ്റുന്നവരുടെ ലിസ്റ്റെടുത്ത് അനർഹരെ മുഖം നോക്കാതെ നീക്കം ചെയ്യണം. തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നവർക്ക് നിർബന്ധമായും ഗ്രാമവികസന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കാൻ നടപടിയുണ്ടാവണം.

### അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് മാറ്റം വരുത്തുന്ന രീതിയിൽ സേവന പ്രവർത്തനം ചെയ്യുന്ന അംഗൻവാടികൾ പഞ്ചായത്തിൽ 17 എണ്ണമുണ്ട്. 100 പേർക്ക് ഒരു അംഗൻവാടി എന്ന ICDS ലക്ഷ്യം പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല.

പുത്തൻ വിദ്യാഭ്യാസത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിൽ പ്രകടമാണ്. അംഗൻവാടികളുടെ നില ഇപ്പോൾ തീർത്തും ശോചനീയമാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും, സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും സ്ഥിതി ശോചനീയമാക്കുന്നു.

വരുംതലമുറയുടെ അങ്കക്കളരിയായി കണക്കാക്കുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. ആയിരം ജനസംഖ്യയുടെ ആരോഗ്യ പ്രശ്നങ്ങൾ അടുത്തറിയാൻ ഭവന സന്ദർശനം ഉൾപ്പെടെയുള്ള പ്രവർത്തനം നടത്തുന്ന ഇക്കൂട്ടരുടെ വേതനം തുച്ഛമാണ്. (പട്ടിക VII കാണുക).

1995 ഒക്ടോ. 2ന് മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ ICDS നിലവിൽ വന്നു.. പൊതുവേ സ്ത്രീകളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുവാനും കുട്ടികളുടെ ശാരീരിക, മാനസികനില ഉയർത്തുവാനും, സാമൂഹ്യമായും സാംസ്കാരികമായും അവരെ മെച്ചപ്പെടുത്തുവാനും അനൗപചാരികവിദ്യാഭാസ മേഖലയിലൂടെ ഭാവിയിലെ നല്ല പൗരന്മാരെ രൂപപ്പെടുത്തിയെടുക്കുവാനും ഈ പദ്ധതി ഉപകരിക്കുന്നു. അതോടൊപ്പം 15 നും 45നും മദ്ധ്യേയുള്ള സ്ത്രീകളുടെ ബോധവല്ക്കരണവും ഇതിന്റെ ലക്ഷ്യമാണ്. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ യോജിച്ചുള്ള പ്രവർത്തനഫലമായി കേരളത്തിലെ സ്ത്രീകളുടെ മൊത്തത്തിലുള്ള സ്ഥിതി മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികൾക്കും അമ്മമാർക്കും, ഗർഭിണികൾക്കും നല്കുന്ന ഭക്ഷണ പദാർത്ഥത്തിന്റെ അളവ് വർദ്ധിപ്പിക്കുക.

ഭക്ഷണ പദാർത്ഥം പാകം ചെയ്തു കൊടുക്കുന്നതിന് 1977 ഒരു കുട്ടിക്ക് മൂന്നു പൈസ എന്നതായിരുന്നു. അന്നു വിറകിന് കി. ഗ്രാമിന് 50 പൈസ വിലയുണ്ടായിരുന്നു. എന്നാൽ ഇന്ന് 5 പൈസയായി വർദ്ധിപ്പിച്ചപ്പോൾ വിറകിന്റെ വില രണ്ടു രൂപയാണ്. ഇതൊരു വലിയ വിടവാണ്. ഇതുതന്നെയാണ് പച്ചക്കറിയുടേയും സ്ഥിതി.



ഈ സ്ഥാപനത്തിൽ രാവിലെ 9 മുതൽ 3.30 വരെ പ്രവർത്തിയെടുക്കുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം (ഓണറേറിയം എന്ന ഓമനപ്പേരിൽ) വെറും 550 300 എന്ന തോതിലാണ്. ഇത് വളരെ അപര്യാപ്തമാണ്. ഇവരെ സർക്കാർജീവനക്കാരായിഅംഗീകരിക്കുക.




ഈ വേതനം വർദ്ധിപ്പിച്ച് ഭാവിയിലെ പാവപ്പെട്ട കുട്ടികളുടെ സ്ഥാപനമായ അംഗൻവാടികളിലെ കുട്ടികളുടേയും പ്രവർത്തകരുടേയും നില മെച്ചപ്പെടുത്തണം. സ്കൂൾ പ്രവേശനത്തിന് അംഗൻ വാടികളുടെ സർട്ടിഫിക്കറ്റ് നിർബന്ധിതമാക്കുക.

### കയർതൊഴിലാളി ക്ഷേമനിധി.

കയർതൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളല്ല. കയർ സൊസൈറ്റിയിലെ അംഗങ്ങൾ മാത്രമാണ് പൂർണ്ണമായും ക്ഷേമനിധിയിൽ ഉള്ളത്. മറ്റു

അസംഘടിത മേഖലയിലെ തൊഴിലാളികളെയും ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

60 വയസ്സിന് മേൽ പ്രായമുള്ള ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ കുറെയൊക്കെ ലഭിക്കുന്നുണ്ട്. പെൺകുട്ടികളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം, വൈദ്യസഹായം, മരണാനന്തരസഹായം എന്നിവ പൂർണ്ണമായിട്ടല്ലെങ്കിലും നടപ്പാക്കുന്നുണ്ട്. ഇതിനുള്ള കാലതാമസം വളരെ വലുതാണ്.

### കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധി.

പഞ്ചായത്തിൽ കെട്ടിടനിർമ്മാണതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ വളരെ അധിമുണ്ട്. എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളല്ല. ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### ആഭരണതൊഴിലാളിക്ഷേമനിധി

ഈ പഞ്ചായത്തിൽ വളരെ ചുരുക്കം പേരു് മാത്രമേ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളൂ. ഇവർക്ക് തൊഴിൽ സാദ്ധ്യതകൾ വളരെ കുറവാണ്. ഇവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കേണ്ടതാണ്.

### കൈത്തൊഴിലാളി ( വിദഗ്ദ ) തൊഴിലാളി ക്ഷേമനിധി.

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പേറന്മാർ ഫോട്ടോഗ്രാഫറന്മാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളല്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുവാൻ പഞ്ചായത്തുതലങ്ങളിൽ ഒരു സെൽ രൂപീകരിച്ച് പദ്ധതികളെ സംബന്ധിച്ച് ബോധവല്ക്കരണം നടത്തിയും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

### പൊതുവിതരണം.

റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ ഗുണനിലവാരമുള്ളവയായിരിക്കണം. ഏറ്റവും മോശമായ അരിയാണ് റേഷൻകടകൾ വഴി വിതരണം നടത്തുന്നത്. ഇത് പാവപ്പെട്ടവരോട് കാണിക്കുന്ന അനീതിയാണ്. ഈ വിതരണസമ്പ്രദായത്തിലും വലിയ അഴിമതികൾ നടത്തുന്നുണ്ട്. ഇപ്പോൾ നടക്കുന്ന റേഷൻ സബ്സിഡി ഇതിനൊരുദാഹരണമാണ്.

ഓണം, വിഷു, ക്രിസ്തുമസ് എന്നീ ആഘോഷങ്ങളോടൊപ്പം ഓടിവരുകയും അതുപോലെ തിരിച്ചു പോകുകയും ചെയ്യുന്ന സംവിധാനം മാറ്റി പഞ്ചായത്തിൽ സ്ഥിരമായ സിവിൽ സപ്ലൈയുടെ ഒരു മാവേലി സ്റ്റോർ തുടങ്ങേണ്ടതാണ്.

ഈ റിപ്പോർട്ട് പൂർണ്ണമല്ലങ്കിലും സാമാന്യം എല്ലാ കാര്യങ്ങളും ചൂണ്ടിക്കാണിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്

പട്ടിക I

I.R.D.P. സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കനു താഴെ ഉള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചകുടുംബം | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെ ഉള്ള കുടുംബങ്ങൾസഹായം ലഭിച്ചതുൾപ്പടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 269 | - | | | | |
| II | 196 | - | | | | |
| III | 279 | - | | | | |
| IV | 274 | 12 | | | | |
| V | 246 | 2 | 66 | 20 | 38 | 2169 |
| VI | 280 | 4 | | | | |
| VII | 189 | 1 | | | | |
| VIII | 247 | 1 | | | | |
| IX | 227 | 1 | | | | |

സർവ്വേ ലിസ്റ്റിൽ പെടുത്തിയിട്ടുള്ള SC/ST കുടുംബങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ലിസ്റ്റിലില്ലെങ്കിലും SC/ST കുടുംബങ്ങൾക്ക് സഹായം നൽകുന്നുണ്ട്. അതിന് നിലവിൽ വ്യവസ്ഥയുണ്ട്

പട്ടിക II

D.W.R.C.A. പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | നിലവാരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | തിരുത്തല്ലിൽ കയർ യൂണിറ്റ് | 94-95 | 12 | ഭംഗിയായി പ്രവർത്തിക്കുന്നു |
| II | - | - | - | - |
| III | - | - | - | - |
| IV | - | - | - | - |
| V | വന്ദനാ കയർ യൂണിറ്റ് | 95-96 | 10 | ഭംഗിയായി പ്രവർത്തിക്കുന്നു |
| VI | - | - | - | - |
| VII | - | - | - | - |
| VIII | - | - | - | - |
| IX | - | - | - | - |

പട്ടിക III
ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം. | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | ഹാന്റ്ലൂം വീവിങ്ങ് | 2 | - | - | 2 |
| II | ഇലക്ട്രോണിക്സ് | 2 | - | - | 2 |
| III | | | | | |
| IV | റേഡിയോ & ടി.വി മെക്കാനിസം | 1 | - | - | 1 |
| V | | | | | |
| VI | റേഡിയോ & ടി.വി മെക്കാനിസം | 1 | - | - | 1 |
| VII | | | | | |
| VIII | | | | | |
| IX | | | | | |

പട്ടിക IV
ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണ തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 4 | - | 4 | |
| II | 9 | - | 9 | |
| III | - | - | - | |
| IV | 13 | - | 13 | |
| V | 4 | - | 4 | |
| VI | 14 | - | 14 | |
| VII | - | - | - | |
| VIII | 4 | - | 4 | |
| IX | 7 | 5 | 2 | |

പട്ടിക V

കക്കൂസുകൾ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | 1992 നുശേഷം വിവിധ പദ്ധതികളിൽ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തികരിച്ച എണ്ണം | കക്കൂസില്ലാത്ത കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 285 | 9 | 9 | 276 |
| II | 155 | 6 | 6 | 149 |
| III | 187 | 2 | 2 | 185 |
| IV | 285 | 8 | 8 | 277 |
| V | 204 | 10 | 10 | 194 |
| VI | 279 | 4 | 4 | 275 |
| VII | 187 | 7 | 7 | 180 |
| VIII | 157 | 6 | 6 | 151 |
| IX | 242 | 2 | 2 | 240 |

പട്ടിക VI

വികലാംഗരുടെ ലിസ്റ്റ്

| 0-5 | | 5-10 | | 10-18 | | 18-25 | | 25-45 | | 45-60 | | 60 ന് മുകളിൽ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| | 1 | 1 | 3 | 13 | 9 | 22 | 3 | 15 | 13 | 11 | 14 | 7 | 5 |

പുരുഷന്മാർ 69 സ്ത്രീകൾ 48 ആകെ 117

ഇതിൽ ഭൂരിപക്ഷം അംഗങ്ങൾക്കും വികലാംഗ പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

പട്ടിക VII

അംഗൻവാടികളുടെ വിവരം

| ക്ര. ന. | വാർഡ് നമ്പർ | എണ്ണം | അംഗൻവാടി നമ്പർ | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|
| 1 | I | 2 | 59-60 | - | - |
| 2 | II | 2 | 61-102 | 1 | 1 |
| 3 | III | 2 | 62-63 | 2 | - |
| 4 | IV | 3 | 101-64-65 | 2 | 1 |
| 5 | V | 1 | 66 | - | 1 |
| 6 | VI | 2 | 67-68 | - | 2 |
| 7 | VII | 2 | 103-69 | 1 | 1 |
| 8 | VIII | 2 | 70-71 | 1 | 1 |
| 9 | IX | 1 | 72 | - | 1 |

# സംസ്കാരം

ചരിത്രത്തിൽ സ്ഥാനം പിടിക്കത്തക്ക പ്രാധാന്യമില്ലെങ്കിലും അവഗണിക്കാനാവാത്ത ഒരു സംസ്കാരം ഈ ഗ്രാമത്തിനുണ്ട്. പഞ്ചായത്തിന്റെ വിസ്തൃതിക്കുറവ്, സാമൂഹ്യമായും സാമ്പത്തികമായുള്ള പിന്നോക്കാവസ്ഥ, ബാഹ്യലോകവുമായുള്ള കൊടുക്കൽ വാങ്ങലുകളുടെ കുറവ്, എന്നിവ ഒരു പരിധി വരെ, ഈ നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിന് വിഘാതമായിട്ടുണ്ട്.

നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്ന ഈ ഗ്രാമത്തിൽ സ്വാതന്ത്ര്യസമരം അതിന്റെ ആദ്യപാദത്തിൽ ദൃശ്യമായ ചലനങ്ങളുണ്ടാക്കിയില്ല. എന്നാൽ സമീപസ്ഥമായ വൈക്കത്ത് നടന്ന ചരിത്രപ്രസിദ്ധമായ സത്യാഗ്രഹത്തിൽ ചെമ്പിൽത്തറ കേശവൻ പങ്കെടുക്കുകയുണ്ടായി. അവശവിഭാഗങ്ങൾക്ക് ഗണ്യമായ സ്വാധീനമുള്ള ഈ പഞ്ചായത്തിൽ നിവർത്തനപ്രസ്ഥാനം യാതൊരു ചലനങ്ങളുമുണ്ടാക്കാതിരുന്നത് ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ കൊണ്ടാകാം.

സ്വാതന്ത്ര്യ പ്രാപ്തിക്കു തൊട്ടു മുമ്പും പിമ്പുമുള്ള കാലഘട്ടം ഈ നാട്ടിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റേയും ട്രേഡ്യൂണിയനുകളുടേയും വേലിയേറ്റം തന്നെ സൃഷ്ടിച്ചു. ചരിത്രസാംസ്കാരികപശ്ചാത്തലത്തിൽ അക്കാര്യം വിശദീകരിച്ചിട്ടുണ്ടല്ലോ. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലുണ്ടാകുന്ന ചലനങ്ങൾ സാംസ്കാരിക മേഖലയിലും കടന്നുകയറുന്നതാണ്. ഈ പഞ്ചായത്തിൽ നിലനില്ക്കുന്ന രണ്ട് ഗ്രന്ഥശാലകൾ സ്ഥാപിതമാവുന്നത് ഈ കാലഘട്ടത്തിലാണ്. പുരോഗമനാശയങ്ങളുൾക്കൊള്ളുന്ന ജനകീയഗാനങ്ങളുടെ ആവിർഭാവവും അവതരണവും ഇക്കാലത്ത് വ്യാപകമായി കാണാം. യുവജനങ്ങൾ വിശേഷാവസരങ്ങളിൽ നാടകങ്ങൾ പഠിച്ച് അവതരിപ്പിക്കാനും, പ്രശസ്തവ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ നടത്തുവാനും, കഥാപ്രാസംഗികരുടെ പരിപാടികൾ സംഘടിപ്പിക്കാനുമുള്ള പ്രവണത നാടിന്റെ സാംസ്കാരിക ജീവിതത്തിൽ സംഭവിച്ചു തുടങ്ങിയ മാറ്റത്തിന്റെ തെളിവുകളത്രെ.

1.5.1946 ൽ സ്ഥാപിക്കപ്പെട്ടതും കേരളഗ്രന്ഥശാലാ സംഘത്തിൽ 177-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പണ്ഡിറ്റ് കെ.പി. കറുപ്പൻ മെമ്മോറിയൽ വായനശാല ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാലയാണ്. ഇതാണ് വൈക്കം താലൂക്കിലെതന്നെ ആദ്യത്തെ ഗ്രന്ഥശാലയും. 298.70 ക. മുഖവിലയുള്ള 5425 പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിലുണ്ട്. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. പിന്നോക്ക ജനവിഭാഗങ്ങൾ ഏറെയുള്ള 1-ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ സാംസ്കാരിക സ്ഥാപനത്തിന് വലിയൊരു ദൗത്യം നിർവഹിക്കാനുണ്ടെന്ന ബോധം അതിന്റെ അംഗങ്ങളിൽ കാണ്മാനില്ല. നികർത്തിൽ കൃഷ്ണൻകുട്ടിയും സുഹൃത്തുകളുമാണ് അതിന്റെ സ്ഥാപകർ.

25. 11. 1948 ൽ സ്ഥാപിച്ചതും കേരളഗ്രന്ഥശാലാ സംഘത്തിൽ 489-ാം നമ്പരായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും പനമിറ്റത്ത് പി. എൻ. വേലുപ്പിള്ള വക കൊല്ലേത്ത് പുരയിടത്തിൽ സ്തുത്യർഹമായനിലയിൽ ഒരു പതിറ്റാണ്ടുകാലത്തോളം പ്രവർത്തിച്ചിരുന്നതുമായ Y.M.N.A (Young Mens Nair Association) ഈ നാടിന്റെ രാഷ്ട്രീയ സാംസ്കാരിക ജീവിതത്തിൽ ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്. മുരിങ്ങൂർ ശ്രീധരപണിക്കർ, പുത്തൻവീട്ടിൽ കരുണാകരൻനായർ, കൃഷ്ണൻകുട്ടി നായർ,പുരുഷോത്തമൻ നായർ, തയ്യിൽ ടി.ജി. സുധാകരൻ വൈദ്യർ, എസ്. കെ. മധുസൂദനൻ, ഓഞ്ചേരി എൻ. എൻ. പിള്ള, പിൽക്കാലത്ത് വൈക്കം താലൂക്ക് ഓർഗനൈസറായി സേവനം അനുഷ്ഠിച്ച പോൾ ജെ. കൊണത്താപ്പള്ളി തുടങ്ങിയവർ ഇതിന്റെ മുൻനിര പ്രവർത്തകരായിരുന്നു.

പുരോഗമന ചിന്താധാര വ്യാപിപ്പിക്കുന്നതിൽ ഈ സ്ഥാപനത്തിന്റെ സംഭാവന വലുതാണ്. ഈ ഗ്രന്ഥശാലയുടെ വാർഷികാഘോഷങ്ങളിൽ പങ്കെടുക്കാനാണ് ആദ്യമായി ഒരു മുഖ്യമന്ത്രി ഇന്നാട്ടിലെത്തുന്നത്. (പിന്നീട് ഒരു മുഖ്യമന്ത്രിയുടെ പാദസ്പർശം ഈ പഞ്ചായത്തിലുണ്ടായിട്ടില്ല.) പനമിറ്റത്ത് പി. വാസുദേവൻ നായർ പ്രസിഡന്റും, പൊന്നുവള്ളിൽ നാരായണൻ മൂത്തത് സെക്രട്ടറിയും കുറുമുള്ളിൽ നാരായണൻ നായർ ഖജാൻജിയുമായി ആരംഭിച്ച ഈ സ്ഥാപനം പ്രവർത്തകരുടെ അഭാവവും സാമ്പത്തികപരാധീനതയും നിമിത്തം മുന്നോട്ടു പോവാനാവാതെ വന്നപ്പോൾ 1950 കളുടെ മദ്ധ്യത്തിൽ പഞ്ചായത്തിനെ ഭരണം ഏല്പിച്ചു. ഇതാണ് 43427 ക. മുഖവിലയുള്ള 5896 ഗ്രന്ഥങ്ങളുള്ളതും ( അവയിൽ കുറെ അപൂർവ്വഗ്രന്ഥങ്ങളുമുണ്ട്) 9-ാം വാർഡിൽ പ്രവർത്തിക്കുന്നതുമായ ടി.വി. പുരം പഞ്ചായത്ത് കേന്ദ്രഗ്രന്ഥശാല. 507 അംഗങ്ങളുള്ള ഈ ഗ്രന്ഥശാലയിൽ ഇപ്പോൾ ഒരു ലൈബ്രേറിയൻ ഇല്ല. പഞ്ചായത്തിലെ ഒരു ജീവനക്കാരി 2 മണിക്കൂർ സമയം പുസ്തകവിതരണം നടത്തുകയാണ് ചെയ്യുന്നത്. അതിനാൽ പുസ്തക പ്രേമികളുടെ താല്പര്യം പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നില്ല. വായനശാല തയ്യൽപരിശീലനകേന്ദ്രമായി പ്രവർത്തിക്കുന്നതിനാൽ വായനശാലക്ക് സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു.

ലൈബ്രറി കൗൺസിലിനോട് അഫിലിയേറ്റ് ചെയ്യാത്ത ഒരു ഗ്രന്ഥശാല ചെമ്മനത്തുകരയിൽ കൈരളി വികാസ് കേന്ദ്രവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. അതിലെ ഗ്രന്ഥങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്ത് ഗ്രാന്റിന് അർഹത നേടേണ്ടതാണ്.

ഇവയ്ക്കു പുറമേ 6-ാം വാർഡിൽ ശ്രീ. നാരായണ വായനശാലയും യുവധാര വായനശാലയും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഗ്രന്ഥശേഖരമില്ലാത്തതിനാൽ പുസ്തകവിതരണം നടത്തുന്നില്ല. (പട്ടിക 1 കാണുക)

## കലാസമിതികൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 കലാസമതികൾ നിലവിലുണ്ട്. ചിലതിന് റേഡിയോയും, ടി.വി.യും സ്വന്തമായുണ്ട്. അതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവയിൽ 6 എണ്ണവും ഏതെങ്കിലും സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തവയല്ല. ഒന്നും തന്നെ ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തവയോ വർഷംമുഴുവൻ പ്രവർത്തിക്കുന്നവയോ അല്ല. ഓണാഘോഷങ്ങളിലും വാർഷികാഘോഷങ്ങളിലും ഒതുങ്ങിപ്പോവുന്നു അവയുടെ പ്രവർത്തനം. കളിസ്ഥലങ്ങളുടെ അഭാവം, ഓഫീസ് പ്രവർത്തനത്തിന്റെ സൗകര്യക്കുറവ്, സജീവപ്രവർത്തകരെ കണ്ടെത്താനുള്ള ബുദ്ധിമുട്ട്, സാമ്പത്തിക പരാധീനത എന്നിവയാണ് പൂർണ്ണ സമയ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്നത്.. ഒരു കാലഘട്ടത്തിൽ സ്തുത്യർഹമായി പ്രവർത്തിച്ചിരുന്ന ടി.വി. പുരം സ്പോർട്സ്&ആർട്സ് ക്ലബ്, ഇതിഹാസ്, ടാസ്സ് എന്നിവയുടെയും പ്രവർത്തനം നിലക്കുവാനുള്ള കാരണം ഇതു തന്നെയാണ്. (പട്ടിക 2 കാണുക)

## സർഗ്ഗശക്തി ഫിലിം സൊസൈറ്റി.

ഫിലിം സൊസൈറ്റികൾ നാടെങ്ങും രൂപം കൊണ്ടപ്പോൾ 1980 ൽ ടി. വി. പുരത്ത് പ്രവർത്തിച്ചി രുന്നതാണ് സർഗ്ഗശക്തി ഫിലിം സൊസൈറ്റി. പ്രൊഫ. വി. രമേഷ്ചന്ദ്രൻ പ്രസിഡന്റും കൊടിയംകുന്നത്ത് ഭാനുപ്രിയൻ സെക്രട്ടറിയും ടി. ആർ. ഉദയവർമ്മ കള്ളാട്ടിൽ, കെ. രവീന്ദ്രൻ നായർ തുടങ്ങിയവർ അംഗങ്ങളുമായുള്ള ഫിലിം സൊസൈറ്റി കലാമൂല്യമുള്ള 4 ചിത്രങ്ങൾ ശ്രീറാം തിയേറ്ററിൽ പ്രദർശിപ്പിക്കുകയുണ്ടായി. അംഗങ്ങളുടെ താല്പര്യക്കുറവും, സാമ്പത്തികപരാധീനതയും നിമിത്തം കേരളത്തിലെങ്ങും ഉടലെടുത്ത ഫിലിം സൊസൈറ്റികൾ നാമാവശേഷമായ കൂട്ടത്തിൽ സർഗ്ഗശക്തിയുടെയും പ്രവർത്തനം നിലച്ചു. എന്നാൽ ചലച്ചിത്രത്തെക്കുറിച്ച് ഒരു പുതിയ അവബോധം യുവജനങ്ങളിൽ അങ്കുരുപ്പിക്കാൻ കഴിഞ്ഞു എന്നത് വിസ്മരിക്കാനാവില്ല.

## നാടൻ കലകൾ

ഉടുക്കുപാട്ട്, കൈകൊട്ടിക്കളി, ചവിട്ടുകളി, തിരുവാതിരകളി, കോൽകളി എന്നിവയാണ് കുറച്ചെങ്കിലും പ്രചാരമുള്ള കലാരൂപങ്ങൾ. ഇവയിൽ ഉടുക്കുപാട്ടിന്റെയും കോൽകളിയുടേയും ചവിട്ടുകളിയുടേയും തനിമ നിലനിർത്താൻ സാധിക്കുന്നില്ല. പഞ്ചായത്തിന്റെ ഏതെങ്കിലും വാർഡുകളിൽ മാത്രമായി ഇവ ഒതുങ്ങിപ്പോവുകയും ചെയ്യുന്നു. പ്രാചീനകായിക രംഗം ഏറെക്കുറെ അപ്രത്യക്ഷമായിട്ടുണ്ട്. ചില പ്രദേശങ്ങളിൽ സ്ഥലപരിമിതിയെ അവഗണിച്ചുപോലും ക്രിക്കറ്റ് സ്റ്റമ്പുകൾ ഉയർന്നു നില്കുന്ന കാഴ്ച കാണാം.

സാംസ്കാരിക നിലയം

പഞ്ചായത്ത് കെട്ടിടത്തോട് അനുബന്ധിച്ച് നിർമ്മിച്ചിരിക്കുന്ന ഒരു ചെറിയ മുറിയാണ് സാംസ്കാരിക നിലയം. ഇതിലാണ് പഞ്ചായത്ത് ഗ്രന്ഥശാല പ്രവർത്തിക്കുന്നത്. യോഗങ്ങൾ ചേരാൻ സൗകര്യമുള്ള ഒരു ഹാൾ, അത്യാവശ്യം ഫർണീച്ചർ തുടങ്ങി ഒരു സാംസ്കാരിക നിലയത്തിന് അനിവാര്യമായതൊന്നും ഇവിടെയില്ല. ഈ സൗകര്യങ്ങളുള്ള പുതിയ ഒരു സ്ഥാപനം പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലൊ അതിനടുത്തുള്ള പഞ്ചായത്ത് വക സ്ഥലത്തോ ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

ഈ പഞ്ചായത്തിൽ ഹൈന്ദവരും ക്രൃസ്ത്യാനി കളുമൊഴികെ മറ്റു മതവിശ്വാസികളില്ല. മതപരമായ ആചാരാനുഷ്ഠാനങ്ങൾ നമ്മുടെ സാംസ്കാരികത്തനിമക്കു നല്കിയ സംഭാവന അവഗണിക്കാനാവുന്നതല്ല. അവ ജനജീവിതത്തിലും ചിന്താധാരയിലും ചെലുത്തുന്ന സ്വാധീനം അളവറ്റതാണ്. അതാകട്ടെ നൂറ്റാണ്ടുകളോളം സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്ന വിഭിന്ന മത വിശ്വാസികൾക്കിടയിൽ അകൽച്ചയുടേയും വൈര്യത്തി ന്റേയും വിത്ത് പാകും വിധം അപകടപരമായി വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

തിരുവതാംകൂർ ദേവസ്വംബോർഡിന്റെ ഉടമയിലുള്ളതും ഇരുവശങ്ങളിലുമുള്ള കായലിനാൽ പ്രകൃതി സുന്ദരമായതുമായ തൃണയംകുടം ശ്രീരാമക്ഷേത്രമാണ് മുഖ്യഹൈന്ദവാരാധനാലയം. കേരളത്തിലെ അപൂർവ്വ ശ്രീ. രാമക്ഷേത്രങ്ങളിലൊന്നാണിത്. പഞ്ചലോഹനിർമ്മിതമായ ദേവവിഗ്രഹത്തിന്റെ ഉയരം ഇതര ശ്രീരാമ വിഗ്രഹങ്ങളേക്കാൾ കൂടുതലാണ്. വട്ടെഴുത്തിലുള്ള ശിലാശാസനം ഈ അമ്പലത്തിന്റെ പഴമയുടെ മുഖമുദ്രയത്രെ. ക്ഷേത്രസമീപത്തുള്ള എലിക്കുളത്തിലെ വെള്ളം എലിവിഷ ചികിത്സക്ക് പ്രസിദ്ധിയാർജ്ജിച്ചതാണ്. പുരാതനകാലത്ത് ആരാധനാലയങ്ങളോട് അനുബന്ധിച്ചുണ്ടായിരുന്ന ചികിത്സയുടെ ഭാഗമാണിത്. മീനമാസത്തിലാണ് ഉത്സവം.

N.S.S. ന്റെ വകയായ ചെമ്മനത്ത് ശ്രീകൃഷ്ണ ക്ഷേത്രവും ദാരു ശില്പങ്ങളാൽ ആകർഷകമായ ഒരു പ്രാചീന ക്ഷേത്രമാണ്.

നാട്ടിൽ വിരളമായ സരസ്വതീക്ഷേത്രങ്ങളിലൊന്ന് ഈ ഗ്രാമത്തിലുണ്ട്. തിരുവതാംകൂർ ദേവസ്വം ബോർഡ് വക ഈ ക്ഷേത്രത്തിലെ നവരാത്രി ആഘോഷമാണ് പ്രധാനം. പൂജയെടുപ്പിന് അമ്പലമുറ്റത്തെ മണ്ണിൽ അനേകം പേർ അക്ഷരങ്ങളെഴുതുന്നു.

ഊരാൺമക്കാരുടെ ഭരണത്തിലുള്ള മൂത്തേടത്ത്കാവ് ഭഗവതി ക്ഷേത്രത്തിൽ കുംഭഭരണി, ഗരുഡൻതൂക്കം, തീയ്യാട്ട്, ഗുരുസി, കളമെഴുത്ത് എന്നിവ പ്രധാന ആചാരാനുഷ്ഠാനങ്ങളാണ്. ഐതിഹ്യങ്ങളും ആചാരങ്ങളും നോക്കുമ്പോൾ ആരാധ്യ ദേവത കണ്ണകി ആകാനുള്ള സാദ്ധ്യത അവഗണിച്ചുകൂടാ.

1921 ൽ ഗുരുദേവൻ സ്ഥാപിക്കപ്പെട്ട ചെമ്മനത്തുകര S.N.D.P. വക ക്ഷേത്രവും ഗുരുദേവസന്ദർശനത്താൽ അനുഗൃഹീതവുമായ മോഴിക്കോട്ടു ക്ഷേത്രവും പ്രാധാന്യം അർഹിക്കുന്നു. സുബ്രമണ്യനെ ആരാധിക്കുന്ന ഈ രണ്ടിടത്തും കുംഭപൂയത്തിനും ശിവരാത്രിക്കും ഉള്ള കാവടിയാട്ടമാണ് പ്രധാനം.

പഴുതുവള്ളിൽ ഭഗവതീക്ഷേത്രം 1-ാം വാർഡിലുള്ള ധീവരസഭയുടെ ക്ഷേത്രം, മാങ്കാവിൽ ക്ഷേത്രം, പയറാട്ട് ശ്രീ.കൃഷ്ണസ്വാമി കോവിൽ, ചെറുപറമ്പിൽ കണ്ഠാകർണ്ണ ക്ഷേത്രം, കല്പകശ്ശേരി അമ്പലം, കരിമ്പുഴിക്കാട്ടു ക്ഷേത്രം എന്നിവക്കു പുറമേ നിരവധി ഭജനമഠങ്ങളും ഇന്നാട്ടിലുണ്ട്.

ചിങ്ങമാസത്തിലെ അഷ്ടമിരോഹിണി ആണ് പയറാട്ട് ചെമ്മനത്ത് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ മുഖ്യ ആഘോഷം. ചെറുപറമ്പ് ക്ഷേത്രത്തിൽ പത്താമുദയത്തിനുള്ള തടിതുള്ളലും, പഴുതുവള്ളി ക്ഷേത്രത്തിലെ തിരിപിടുത്തവും പ്രധാന ആചാരങ്ങളാണ്. പത്താമുദയത്തിന് മുമ്പ് കുംഭം, മീനം, മേടം മാസങ്ങളിലെ ഞായറാഴ്ചകളിൽ ഈഴവസമുദായങ്ങൾ നടത്തിവരുന്ന സൂര്യാരാധനയായ ഉദയംപൂജ ഈ നാട്ടിലെ ശ്രദ്ധേയമായ ഒരാചാരമാണ്. ശ്രീനാരായണജയന്തി ഈഴവ സമുദായങ്ങളും അയ്യങ്കാളിദിനം പുലയസമുദായവും കറുപ്പൻ ദിനം ധീവരരും ആചരിക്കുന്നു.

നാട്ടിൽ ഉള്ള ചുരുക്കം ചില സർപ്പക്കാവുകളിൽ കളമെഴുത്തും പുള്ളോൻപാട്ടും സർപ്പപൂജയും നടത്താറുണ്ട്. ജാതിമത ഭേദമെന്യെ ഓണം ആഘോഷിക്കപ്പെടുന്നു. ഓണപ്പൂവിടീലിന് പഴയ പൊലിമ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. സവർണ്ണ ഗൃഹങ്ങളിൽ നടത്തപ്പെട്ടിരുന്ന തിരുവാതിരകളിയും അപ്രത്യക്ഷമാവുകയാണ്. വിഷു, കർക്കിടകവാവ്, തുടങ്ങിയ ആചാരാഘോഷങ്ങളും നിലവിലുണ്ട്. കാരണവന്മാർ ഇല്ലാതായതോടെ വിഷുക്കൈനീട്ടത്തിന്റെ പ്രസക്തി ഇല്ലാതാവുകയാണ്.

ക്രൈസ്തവരിൽ സുറിയാനി കൃസ്ത്യാനികളാണ് പ്രബലവിഭാഗം. വൈക്കം സെന്റ് ജോസഫ്സ് ഫൊറാനപള്ളിയാണ് പ്രധാന പള്ളി. 1391 ലാണ് ഇത് സ്ഥാപിക്കപ്പെടുന്നത്. കൊ. വ. 989 ൽ ( എ.ഡി. 1814 ) അതേമതിൽക്കെട്ടിൽ ഇന്ന് കാണുന്ന സ്ഥലത്ത് മാറ്റി സ്ഥാപിച്ചു. വൈക്കം ടൗണിൽ ഇന്ന് സർക്കാർ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് പുതിയ പള്ളി നിർമ്മിക്കാൻ അനുവാദം ലഭിച്ചത്. എന്നാൽ വൈക്കത്തെ നമ്പൂതിരിമാരുടെ അപേക്ഷയും, ഈ ഗ്രാമത്തിലെ കൃസ്ത്യാനികളുടെ താല്പര്യവും മൂലമാണ് ഈ സ്ഥലത്ത് തന്നെ പള്ളി പണിയാൻ ഇടയായത്. കേരളചരിത്രത്തിലും ക്രൈസ്തവ സഭാചരിത്രത്തിലും അതിപ്രധാനമായ 1599-ലെ ഉദയംപേരൂർ സൂനഹദോസിൽ പള്ളിപ്രതിനിധികൾ സംബന്ധിച്ചിരുന്നതിന് രേഖകളുണ്ട്. വി. യൗസേപ്പ് പിതാവിന്റെ വിവാഹത്തിരുന്നാൾ ആണ് എല്ലാ വർഷവും ജനുവരി 20-ന് കൊടികയറി 23-ന് തിരുനാൾ ആഘോഷത്തോടെ അവസാനിക്കുന്നു.

1949-ൽ ഈ സ്ഥാപനത്തോട് ചേർന്ന് അംഗതികളായ സഹോദരികളുടെ ഒരു മഠവും ഡിസ്പൻസറിയും സ്ഥാപിക്കപ്പെട്ടു. 1913 മാർച്ച് 1 ന് വണക്കവാസപ്പുരയായി ആരംഭിച്ച് 1953 ൽ പള്ളിയായി ഉയർത്തുകയും ചെയ്ത ടി.വി. പുരം സേക്രട്ട് ഹാർട്ട് ചർച്ചാണ് മറ്റൊരു ദേവാലയം.

ക്രിസ്തുമസ് കരോളും ന്യൂഇയറും ക്രൈസ്തവർ ഹൈന്ദവസഹോദരങ്ങളുടെ സഹകരണത്തോടെ ആഘോഷിക്കുന്നു. കുടുംബയോഗവാർഷികങ്ങൾ ക്രൈസ്തവ സമുദായങ്ങളുടെ കലാകായിക താല്പര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമാണ്.

## സാംസ്കാരികരംഗത്തെ പ്രശ്നങ്ങൾ.

ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾ ഇന്ന് പൊതുപ്രവർത്തന രംഗത്ത് ആകർഷിക്കപ്പെടുന്നില്ല. അതുകൊണ്ടു തന്നെ ഒരു രംഗത്തും സ്ത്രീ പ്രാതിനിധ്യം വേണ്ടത്ര ഇല്ലെന്നു തന്നെ പറയാം. സ്ത്രീസമത്വ-വിമോചന പ്രവർത്തനം ഈ പഞ്ചായത്തിൽ എത്തി നോക്കിയിട്ടുപോലുമില്ല. ഈ രംഗത്ത് സ്ത്രീകളുടെ അഭാവം സാംസ്കാരിക വളർച്ചയുടെ വേഗം കുറയ്ക്കുകയും പുരോഗതി അസാദ്ധ്യമാക്കുകയും ചെയ്യുന്നുണ്ട്. ദാവി തലമുറയുടെ നല്ല രീതിയിലുള്ള വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ പങ്കു വഹിക്കാൻ കഴിയുക സ്ത്രീകൾക്കാണ്. സ്ത്രീകളെ സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തുന്ന ഈ സ്ഥിതിക്ക് മാറ്റം വന്നേ മതിയാവൂ. അതിനുവേണ്ട മാറ്റങ്ങൾ ആരായുക തന്നെ വേണം.

2. ഉപഭോക്താക്കളായ സാധാരണ ജനതക്ക് നിലവിലുള്ള സംവിധാനങ്ങൾ, ചട്ടങ്ങൾ, ചൂഷണത്തിന്റെ വിവിധ ഭാവങ്ങൾ, ഭരണയന്ത്രത്തിന്റെ പ്രവർത്തനരീതി എന്നിവ സംബദ്ധിച്ച് വേണ്ടത്ര അറിവില്ലായ്മ പുരോഗതിയെ വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. യഥാവിധി കിട്ടാവുന്ന ആനുകൂല്യങ്ങളും വളർച്ചയും കുറഞ്ഞ തോതിൽ പോലും ലഭിക്കാത്ത സ്ഥിതിയാണ് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നിലനില്ക്കുന്നത്. ജനോപകാരപ്രദങ്ങളായ നിയമങ്ങളും പദ്ധതികളും ഇന്ന് ഇവർക്ക് കൈയ്യെത്താത്ത ദൂരത്തു തന്നെയാണ്.
3. വായനശാലയും ഗ്രന്ഥശാലയും പ്രാദേശിക ജനതയുടെ അനൗപചാരിക സർവ്വകലാശാലകളാണ്. അവരുടെ താത്പര്യം, വാസന, രുചിഭേദം, സൗകര്യം എന്നിവയ്ക്ക് അനുസൃതമായി അറിവു നേടുന്നതിന് മറ്റേതിനേക്കാളും ഉപയുക്തമാവുന്നത് വായനശാലയും ഗ്രന്ഥശാലയുമാണ്. അവയുടെ പൂർണ്ണവും സജീവമായ പ്രവർത്തനമില്ലാത്ത അവസ്ഥ ഒരു കുറവു തന്നെയാണ്. ഇത് ഗ്രാമീണരുടെ വൈജ്ഞാനിക പുരോഗതിയെ വളരെയേറെ പുറകോട്ടടിക്കുന്നു.
4. വിഭാഗീയ പ്രവർത്തനങ്ങൾക്കതീതമായി യഥാർത്ഥ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടത്ര ഉപാധികളൊന്നും ഇപ്പോഴില്ല. സാമുദായികവും രാഷ്ട്രീയവുമായ വേദികളിലൂടെ യഥാർത്ഥ പ്രതിഭകളെ ഒരു പരിധിവരെമാത്രമേ കണ്ടെത്താനാകൂ. കേരളോത്സവം പോലുള്ള സർക്കാർ പരിപാടികൾക്ക് അതിന്റെ പരിമിതികളിൽ നിന്നു കൊണ്ട് പ്രോത്സാഹനം അർഹിക്കുന്നവരെ കണ്ടെത്താനാവില്ല. പ്രായപരിധി പോലുള്ള യുക്തിസഹമല്ലാത്ത പ്രശ്നങ്ങൾ ഇത്തരം പരിപാടികളുടെ ലക്ഷ്യ സാദ്ധ്യതകൾ ഇല്ലാതാക്കുന്നു. എല്ലാ പ്രായക്കാർക്കും പങ്കെടുക്കാനാവുന്ന വിധം ഇത്തരം പരിപാടികൾ പുനസ്സംവിധാനം ചെയ്യണം.
5. പഞ്ചായത്തിൽ വേണ്ടത്ര സ്ഥലസൗകര്യവും മറ്റുമുള്ള കമ്യൂണിറ്റി ഹാൾ ഇല്ലാത്തതിനാൽ പൊതു പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജനങ്ങൾക്ക്

ഒത്തുചേരുന്നതിന് സെമിനാറുകൾ, പഠന സമ്മേളനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതിന് കഴിയുന്നില്ല. തന്മൂലം സാംസ്കാരികരംഗം പോഷിപ്പിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനോ നടപ്പാക്കാനോ സാധിക്കുന്നില്ല.

6. ജനസാന്ദ്രതയേറിയ ഈ പഞ്ചായത്തിൽ പൊതു കളിസ്ഥലം ഇല്ല. മറ്റ് പ്രസ്ഥാനങ്ങൾക്കോ, സ്കൂളുകൾക്കൊ ആവശ്യ നിർവ്വഹണത്തിന് മതിയായ സ്ഥലങ്ങൾ ഒന്നും തന്നെയില്ല. ഈ പോരായ്മ എത്രയും വേഗം പരിഹരിച്ചേ പറ്റൂ.
7. നാട്ടിൻപുറത്ത് മുൻപുണ്ടായിരുന്ന നാടൻകലകളും, കായിക വിനോദങ്ങളും പ്രോത്സാഹനത്തിന്റെ അഭാവത്തിൽ അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഗ്രാമസംസ്കാരത്തിന്റെ ഭാവവും ഭംഗിയും ഈ സ്ഥിതിവിശേഷം മൂലം നഷ്ടമാവുന്നു.
8. ഉപഭോഗസംസ്കാരത്തിന്റെ അനിയന്ത്രിത സാന്നിധ്യം നമ്മുടെ നൈസർഗ്ഗിക കലകളെയും തനതു സംസ്കാരത്തെയും കടന്നാക്രമിക്കുന്നു.
9. വിദ്യാഭ്യാസ ധാർമ്മിക മൂല്യങ്ങൾക്ക് പ്രാമുഖ്യം കല്പിക്കാത്തത് നിലവിലുള്ള വിദ്യാഭ്യാസരംഗത്തെ അദ്ധ്യാപക രക്ഷകർതൃബന്ധത്തിൽ വന്ന ശൈഥില്യവും ഭാവിതലമുറയെ പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.
10. സാക്ഷരതാ പ്രവർത്തനത്തിന്റെ ആദ്യഘട്ടം വിജയകരമായിരുന്നു എങ്കിലും തുടർന്ന് സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവത്തിൽ നവസാക്ഷരർ നിഷ്ക്രിയരാകാനും വളർച്ചയുടെ പാതയിൽ നിന്ന് ഒഴിഞ്ഞു പോകാനും ഇടയാക്കിയിട്ടുണ്ട്.

### കലാ സാംസ്കാരിക പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ, നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ നിലവിലുള്ള Arts & Sports Club കളുടെ പ്രതിനിധികളുടെ ഒരു യോഗം അടിയന്തിരമായി വിളിച്ചു ചേർത്ത് പഞ്ചായത്തു തലത്തിൽ കലാകായിക കേന്ദ്രസമിതി രൂപീകരിക്കുകയും പഞ്ചായത്ത് അതിന് മേൽനോട്ടം നിർവ്വഹിക്കുകയും ഓരോ വർഷം പ്രവർത്തനം വിലയിരുത്തി ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്നവക്ക് പ്രോത്സാഹനം നല്കുകയും വേണം. കൂടാതെ എല്ലാ സമിതികൾക്കും പഞ്ചായത്ത് ഗ്രാന്റ് നല്കണം.
2. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗമായ ഗ്രന്ഥശാലകൾക്കും പ്രവർത്തനക്ഷമമായ മറ്റു ഗ്രന്ഥശാലകൾക്കും രണ്ട് ദിനപത്രങ്ങളും രണ്ട് വാരികയും പഞ്ചായത്ത് വാങ്ങിക്കൊടുക്കുക.
3. ഗ്രന്ഥശാലാസംഘത്തിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റിനു പുറമേ പുസ്തകങ്ങൾക്കും ആനുകാലികങ്ങൾക്കും വർഷം തോറും 20,000 രൂപാ പഞ്ചായത്ത് ഫണ്ടിൽനിന്നും നല്കുക.
4. പഞ്ചായത്തു വായനശാല പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്ന് ഇപ്പോൾ പ്രവർത്തിക്കുന്ന തയ്യൽ പരിശീലനകേന്ദ്രത്തിന് വേറെ സ്ഥലം കണ്ടെത്തി പഞ്ചായത്തു വായന ശാല ഈ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുക.
5. കായിക പരിശീലനത്തിന് പൊതുകളിസ്ഥലം നിർമ്മിക്കുക.
6. ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ ജനപങ്കാളിത്തതോടെ ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കുകയും അവയ്ക്ക് റേഡിയോയും ടി.വി.യും നല്കുകയും ചെയ്യുക.
7. പഞ്ചായത്ത് ഗ്രന്ഥശാലയിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.
8. വനിതകളെ ഗ്രന്ഥശാലയിൽ അംഗങ്ങളാക്കുന്നതിന് തീവ്രയത്നം നടത്തുകയും അവർക്ക് വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.
9. പഞ്ചായത്തുഗ്രന്ഥശാലയുടെ അംഗങ്ങളിൽ നിന്നും മൂന്ന് പ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റിനേയും സെക്രട്ടറിയേയും ലൈബ്രേറിയനേയും ഉൾപ്പെടുത്തി ഗ്രന്ഥശാലാ ഉപദേശകസമിതി രൂപീകരിക്കുക. ഗ്രാന്റ് അനുവദിച്ചുകിട്ടിയാൽ ഉടൻതന്നെ അംഗങ്ങൾ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തി, പുസ്തകം വാങ്ങുക.
10. കലാകായികവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തല മത്സരങ്ങൾ നടത്തുക.
11. സ്ത്രീകൾ പണിയെടുക്കുന്ന പണിസ്ഥലത്ത് പത്രങ്ങൾ, വാരികകൾ, പുസ്തകങ്ങൾ എന്നിവയെത്തിച്ച് വിശ്രമവേളകളിൽ കൂട്ടായി വായിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും ഉപകരിക്കുന്ന പ്രവർത്തനം നടത്തുക.

പൊതുവെ സാംസ്കാരിക രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സാമൂഹ്യ ബോധവത്കരണത്തിന് ഉതകുന്ന പരിപാടികൾക്ക് പ്രാമുഖ്യം

ഉണ്ടാവണം ആശയത്തോടും ആദർശത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത വ്യക്തികളിലും സംഘടനകളിലും വളർത്തിയെടുത്ത് സാംസ്കാരിക രംഗത്ത് ഒരു സമൂലപരിവർത്തനം ഉണ്ടാവാതെ ഒരു ക്ഷേമപ്രവർത്തനവും ഫലപ്രാപ്തിയിലെത്തുകയില്ല. ആ വസ്തുത ഉൾക്കൊള്ളുന്ന പ്രവർത്തനശൈലി മൊത്തത്തിൽ ഉൾക്കൊണ്ടാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ.

പട്ടിക 1

പഞ്ചായത്ത് പരിധിയിൽ പ്രചാരമുള്ള പത്രമാസികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇന്ത്യൻ എക്സ്പ്രസ്സ് | 12 |
| മലയാള മനോരമ | 375 |
| മാതൃഭൂമി | 290 |
| കേരള കൗമുദി | 175 |
| ദേശാഭിമാനി | 130 |
| മലയാള മനോരമ വാരിക | 550 |
| ദീപിക | 150 |
| മംഗളം | 100 |

പട്ടിക 2
കലാസമിതികൾ

| സമിതിയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ വിവരം | | | | കെട്ടിട വിവരം | ധനസഹായ വിവരം | അഫിലിയേഷൻ | മറ്റു വിവരങ്ങൾ പ്രവർത്തന സ്വഭാവം |
|---|---|---|---|---|---|---|---|---|---|
| | | ആകെ | പുരു: | സ്ത്രീകൾ | SC/ST | | | | |
| ടാഗോർ ആർട്സ്&സ്പോ: മുത്തേടത്തുകാവ് | 1980 | 150 | 135 | 15 | 15 | സ്വന്തം | പഞ്ചാ: നിന്ന് | നെഹ്റു യുവകേന്ദ്ര | രജിസ്റ്റർ ചെയ്തത്. ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. |
| ബ്രദേഴ്സ് കൊട്ടാരപ്പള്ളി | 1988 | 52 | 52 | | 11 | ഇല്ല | ഇല്ല | ഇല്ല | രജിസ്റ്റർ ചെയ്തിട്ടില്ല. ഓണാഘോഷം മാത്രം നടത്തുന്നു |
| സമലോകം അച്ചനാരി | 1996 | 30 | 30 | | 7 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷം മാത്രം |
| സംഗമം ഉമാംഗരി | 1992 | 27 | 16 | 11 | 18 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷവും വാർഷികവും |
| എവർഷൈൻ അപ്പക്കൽ | 1996 | 32 | 32 | | 4 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷം മാത്രം |
| ഉഷസ് ആർട്സ്&സ്പോർട്സ് വടക്കേചെമ്മനത്തുകര | 1996 | 39 | 32 | 7 | 9 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷവും വാർഷികവും |
| മാതൃക ആർട്സ്&സ്പോർട്സ് ചെമ്മനത്തുകര | 1996 | 30 | 30 | | | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷവും വാർഷികവു |
| പണ്ഡിറ്റ് കറുപ്പൻ മെമ്മോ: ആർട്സ്&സ്പോർട്സ് കോട്ടച്ചിറ | 1982 | 152 | 152 | | | സ്വന്തം | ഇല്ല | നെഹ്റു യുവകേന്ദ്ര | ഓണാഘോഷവും വാർഷികവു |
| കൈരളി വികാസ് കേന്ദ്ര ചെമ്മനത്തുകര | 1990 | 272 | 121 | 151 | 72 | വാടക | ഇല്ല | നെഹ്റു യുവകേന്ദ്ര | ഓണാഘോഷവും വാർഷികവും വായനശാലയും ഗ്രന്ഥശാലയും പ്രവർത്തിപ്പിക്കുന്നു. |



# വനിതാ ക്ഷേമം

സ്ത്രീ വിമോചനപ്രസ്ഥാനങ്ങൾക്ക് ലോകമെമ്പാടും കരുത്താർജിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളിലേറിയകൂറും സ്വന്തം ഗ്രാമങ്ങളിൽ ഒതുങ്ങികൂടുന്നു. ടി.വി.പുരം പഞ്ചായത്തിലും ഈ പ്രവണത ദൃശ്യമാണ്.

പഴയകാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ കുറവായിരുന്നു. കുടിപ്പള്ളികൂടങ്ങളിലെ എഴുത്തിലും വായനയിലും മാത്രം ഒതുങ്ങി അവരുടെ വിദ്യാഭ്യാസം. സാമൂഹ്യപ്രസ്ഥാനങ്ങളിലും ആഘോഷങ്ങളിലും പൊതുപരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. ഇപ്പോഴും ആ സ്ഥിതിക്ക് വലിയമാറ്റം വന്നിട്ടില്ല. മുൻകാലത്ത് പെൺകുട്ടികൾക്ക് കെട്ടുകല്യാണം എന്നൊരു ദുരാചാരം നിലനിന്നിരുന്നു. 10 വയസ്സ് കഴിഞ്ഞ പെൺകിടാങ്ങളെ വീടിന്റെപൂമുഖത്ത് എത്തിനോക്കാൻ പോലും അനുവദിക്കാത്ത കാലഘട്ടമായിരുന്നു അത്. അന്തർജനങ്ങൾ മറക്കുടപിടിച്ചാണ് അന്ന് അമ്പലങ്ങളിൽ പോയിരുന്നത്.

1991 ലെ സെൻസസ് പ്രകാരം ടി.വി.പുരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 18857ൽ 9631 പേർ സ്ത്രീകളാണ്. (51.07%) ഉന്നതവിദ്യാസം നിഷിദ്ധമായിരുന്ന മുൻകാലങ്ങളിൽ അടുക്കളമാത്രമായിരുന്നു സ്ത്രീകളുടെ വിഹാരരംഗം. തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. സാമൂഹ്യപ്രസ്ഥാനങ്ങളിലൂടേയും വനിതാസംഘടനകളിലൂടേയും സ്ത്രീകളെ ശക്തിപ്പെടുത്തിയാലേ സ്ത്രീത്വത്തിനെതിരായ വൻശക്തികളെ അടിച്ചമർത്താൻ കഴിയൂ. ചെറുകിടവ്യവസായങ്ങളും സ്വയംതൊഴിൽ പദ്ധതികളും സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്താൻ അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള 400 ഓളം വീടുകളുണ്ട്. പഞ്ചായത്തിലെ ചിലവാർഡുകളിൽ സമുദായസംഘടനകളുടെ നേതൃസ്ഥാനത്ത് സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. സഹകരണസംഘങ്ങളിലും പഞ്ചായത്തിലുള്ള മറ്റു സ്ഥാപനങ്ങളിലും പുരുഷന്മാരാണ് എണ്ണത്തിലധികം. സ്വന്തം നാട്ടിൽ ഒരു തൊഴിൽ ലഭ്യമല്ലാത്തതിനാൽ അഭ്യസ്തവിദ്യരായ സ്ത്രീകൾ പഞ്ചായത്തിന് വെളിയിൽ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിക്ക് പോകുന്നുണ്ട്. അന്യസംസ്ഥാനങ്ങളിലും വിദേശത്തും നഴ്സുമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ സംഖ്യ 100ലേറെ വരും. കയർ മേഖലയിൽ ധാരാളം സ്ത്രീകൾ ജോലിനോക്കുന്നുണ്ട്. പാനെയ്ത്തും കൃഷിയും ഓലമെടയലുമാണ് അവരുടെ മറ്റുതൊഴിലുകൾ. സ്വയം ഉണ്ടാക്കുന്ന ഈ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് പഞ്ചായത്തിലില്ല. 9-ാം വാർഡിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു തയ്യൽപരിശീലനകേന്ദ്രവും കൂടാതെ കൗസ്തുഭം എന്നപേരിൽ ക്ഷീരോല്പന്നങ്ങളുണ്ടാക്കുന്ന ഒരു യൂണിറ്റും ഉണ്ട്. പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തുപരിധിക്കുള്ളിലില്ല. 2 വാർഡുകളിൽ ക്രഷ് പ്രവർത്തിക്കുന്നു.

സ്കൂളുകളിലേയും കോളേജിലേയും വിദ്യർത്ഥികൾ അധികവും പെൺകുട്ടികളാണ്. വിജയശതമാനത്തിൽ അവർ ആൺകുട്ടികളെ പിന്നിലാക്കുന്നു.

സ്ത്രീകൾ പണിയെടുക്കുന്ന മേഖലകളിലെ കൂലിനിരക്ക് കുറവാണ്. കാർഷികമേഖലകളിലാണ് കൂലിയിൽ സ്ത്രീപുരുഷ വ്യത്യാസം വളരെയുള്ളത്. കയർമേഖലയിൽ സ്ത്രീകളുടെ സംഖ്യസമീപകാലത്തായി വർദ്ധിച്ചിട്ടുണ്ട്. റേഷൻകടകളിലും മാവേലിസ്റ്റോറുകളിലും ചന്തകളിലും സാധനങ്ങൾ വാങ്ങാൻ പോകുന്നവരിലധികവും സ്ത്രീകളാണ്. ബഹുജനസംഘടനകളിൽ വനിതാ പ്രാധിനിധ്യം വളരെകുറവാണ്. അവർ അവഹേളന പാത്രമാവുകയും ചെയ്യുന്നുണ്ട്. പുരുഷന്മാരുടെ സഹകരണകുറവാണ് വനിതകൾ കൂടുതലായി പൊതുരംഗത്തേക്കുവരാതിരിക്കാൻ കാരണം.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എങ്കിലും സ്ത്രീപീഡനം ഇല്ലാതില്ല. സ്ത്രീകളുടെ നിരക്ഷരതനിർമ്മാർജ്ജനം ചെയ്യുന്നതിൽ 1990 ലെ സാക്ഷരതാപ്രവർത്തനം വളരെ സഹായകമായിട്ടുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മക്കും വിധേയരാണ് സ്ത്രീകൾ എന്ന് മാത്രമല്ല ഉള്ള തൊഴിൽ മേഖലകളിൽ കൂലി നിരക്കിൽ വിവേചനം നിലനിൽക്കുകയും ചെയ്യുന്നു.

സാമൂഹ്യജീവിതത്തിൽ വളരെക്കാലമായി പിന്നിൽ നില്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുൻനിരയിലെത്തിച്ചെങ്കിൽ മാത്രമേ പൊതുജീവിതത്തിലും തൊഴിൽമേഖലയിലും അർഹമായ പങ്ക് നിർവ്വഹിക്കാൻ കഴിയൂ. പൊതുപ്രവർത്തകയായി വന്ന് പില്കാലത്ത് വൈക്കം നഗരസഭ ചെയർപ്പെഴ്സൺ ആയ ശ്രീമതി മേരിജോർജ്ജ് പാട്ടപ്പാമ്പിൽ (റിട്ട.ഡി.ഇ.ഒ.) ആണ് ഈ നാടിന്റെ പൊതുരംഗത്ത് പ്രവർത്തിച്ച ആദ്യത്തെ വനിത. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റും മുൻപ്രസിഡന്റും വനിതകളാണ്. ഏറ്റെടുക്കുന്ന ജോലികൾ തൃപ്തികരമായി കഴിയുമെങ്കിലും ചെയ്തുതീർക്കാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാൻ വിമുഖരാണ് സ്ത്രീകൾ ആത്മവിശ്വാസകുറവാണ് അതിനുകാരണം, കേരളത്തിലെ ജനസംഖ്യയിൽ പകുതിയിലധികവും വരുന്ന സ്ത്രീകൾക്ക് പുരുഷന്മാരുടെ അധികാരങ്ങളും അവകാശങ്ങളും ആവശ്യമാണ്. അത് പിടിച്ചു പറ്റണമെന്നബോധം അവർക്കുണ്ടാകേണ്ടിയിരിക്കുന്നു.

ആവശ്യങ്ങളും അവകാശങ്ങളും തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാൻ ശക്തമായപോരാട്ടം സംഘടിപ്പിക്കുന്നതിലൂടെയാണ് ഏതു രംഗത്തും മുന്നേറ്റമുണ്ടാക്കാൻ സാധിക്കുന്നത് . സ്ത്രീകളും ഈ മാർഗ്ഗം സ്വീകരിക്കണം. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് അവർക്കു മാത്രം പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. സ്ത്രീസമൂഹത്തിന് ആത്മവിശ്വാസം ഉണ്ടാക്കാൻ രാഷ്ട്രീയസാംസ്കാരികസംഘടനകൾ ശ്രമിക്കേണ്ടതുണ്ട്. സർക്കാർതലങ്ങളിലും പൊതുരംഗത്തും പരിചയസമ്പന്നരായ സ്ത്രീകൾക്ക് സ്വാനുഭവങ്ങൾ പകർന്ന് കൊടുക്കാൻ നമ്മുടെ പഞ്ചായത്ത് തയ്യാറാകുന്നില്ല. അനുഭവസമ്പന്നരായവർ അതിന് മുതിർന്നാൽ സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ സാധിക്കും.

വനിതാസംഘടനകൾക്ക് നേതൃത്വം നൽകി അവരെ കൊണ്ട് സ്വയം പ്രവർത്തനങ്ങൾ നടത്തിക്കാനുള്ള സഹായസഹകരണം നൽകേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീകൃതവനിതാസമിതിവേണം. സ്ത്രീകളുടെ തൊഴിലില്ലായ്മപരിഹരിക്കുന്നതിന് തൊഴിൽയൂണിറ്റുകളും സഹകരണസംഘങ്ങളും ആരംഭിക്കാൻ ഈ പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതകളുണ്ട്. കയർമേഖലയിൽ നിലനില്കുന്ന മാന്ദ്യം ഇല്ലാതാക്കണം. കയർ വ്യവസായം മെച്ചപ്പെടുത്തുന്നതിന് മിനിമംകൂലിയിൽ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. നിത്യവും പണിയില്ലാത്തതിനാൽ ഉപതൊഴിലുകൾ (ആട്, പശു, കോഴി, താറാവ് വളർത്തൽ കുറ്റിമുല്ലകൃഷി അടുക്കളത്തോട്ടം, തയ്യൽ, തഴപ്പായ്, തീപ്പെട്ടി, മെഴുകുതിരി, അച്ചാറുകൾ, കറിപൗഡറുകൾ തുടങ്ങിയവയുടെ നിർമ്മാണം ചെയ്യാൻ ആവശ്യമായ സാമ്പത്തികസഹായവും പരിശീലനവും ലഭ്യമാക്കണം.

ഈ മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യസഹായം ഇവിടെത്തന്നെ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ആശുപത്രി സ്ഥാപിക്കുക, തൊഴിൽ മേഖലയിൽ അസംസ്കൃത പദാർത്ഥങ്ങൾ എത്തിക്കുന്നതിന് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളക്ഷാമവും വൈദ്യുതിയും ലഭ്യമാക്കുക എന്നിവയ്ക്ക് അടിയന്തിരശ്രദ്ധ നൽകണം.

ധാരാളം കോളനികളും ലക്ഷം വീടുകളും ഉള്ള പഞ്ചായത്താണ് ടി.വി.പുരം. സ്വയം വീടുവയ്ക്കാൻ നിവൃത്തിയില്ലാത്തവരാണ് അധികവും. തഴപ്പാനെയ്ത്ത് ഉപജീവനമാർഗ്ഗമാക്കിയ കുടുംബങ്ങൾക്ക് അതിന്റെ ഒരു യൂണിറ്റ് തുടങ്ങുകയും അതിനുള്ള കമ്പോളം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുകയും സാമ്പത്തികസഹായം അനുവദിക്കുകയും വേണം. മിക്ക വീടുകൾക്കും കക്കൂസും കുളിമുറിയും സഞ്ചാരയോഗ്യമായ വഴിയും ഇല്ല. കൊതുകുനിവാരണവും അത്യന്താപേക്ഷിതമാണ്.

ചാരായനിരോധനം കൊണ്ട് വളരെയധികം കുടുംബങ്ങൾക്ക് നേട്ടമുണ്ടായിട്ടുണ്ട്. മദ്യം കർശനമായി നിരോധിക്കുകയും, മദ്യപാനത്തിന്റെ വിപത്തുകളെക്കുറിച്ചും സമൂഹത്തെ ബോധവത്കരിക്കുകയും വേണം.

മഹിളാസമാജങ്ങൾ വഴി സ്ത്രീകൾക്ക് സ്വയംതൊഴിൽ ലഭ്യമായാൽ മഹിളാസംഘടനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. കുടുംബക്കോടതികൾ സ്ഥാപിക്കുയും സ്ത്രീധനം നിരോധിക്കുയും വേണം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും പരസ്യങ്ങളും നിയമം മൂലം തടയണം. ആശുപത്രിയിലെത്തുന്നവരിൽ അധികവും സ്ത്രീകളാണ്. ദാരിദ്ര്യവും കഠിനാധ്വാനവും നിമിത്തം സ്ത്രീകർക്ക്

കൂടുതൽ അവശതഅനുഭവിക്കുന്നതിനാലാണിത് . അംഗനവാടികൾ വഴി കുട്ടികൾക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല. പഠനസൗകര്യങ്ങളും കുറവാണ്.

## പ്രശ്നങ്ങൾ

1. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ സ്വമനസ്സാലെ ധൈര്യമായി കടന്നുവരുന്നില്ല.
2. സ്വയംതൊഴിൽസംരംഭങ്ങളിൽ സ്ത്രീകൾക്ക് താത്പര്യവും ഉണ്ടാകുന്നില്ല.
3. തൊഴിലെടുത്ത് ജീവിക്കാനുള്ള പരിശീലനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
4. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല.
6. സ്വയംതൊഴിൽസംരംഭങ്ങൾക്ക് സാമ്പത്തിക പരാധീനത വിഘാതമാണ്.
8. അംഗൻവാടി അദ്ധ്യാപികമാർക്കും ഹെൽപ്പർമാർക്കും ന്യായമായ വേതനം ലഭിക്കുന്നില്ല.
9. പഞ്ചായത്തിലെ പല അംഗൻവാടികൾക്കും വേണ്ടത്ര സൗകര്യം ഇല്ല.
10. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ വ്യാപകമയി വളർന്നുവരുന്നു.

## നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് വാർഡുതോറും തഴപ്പാനെയ്ത്തിനുള്ള യൂണിറ്റുകൾ സംഘടിപ്പിക്കുക.
2. തയ്യൽപരിശീലനം ലഭിച്ചവരെ സംഘടിപ്പിച്ച് റെഡിമെയ്ഡ് സെന്റർ തുടങ്ങുക.
3. കയർപിരി, ഉപ്പേരിനിർമ്മാണം തുടങ്ങിയ ചെറുകിട കുടിൽവ്യവസായങ്ങൾക്ക് വേണ്ടസഹായം ചെയ്യാൻ മുൻകൈയെടുക്കുകയും അവയ്ക്കാവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
4. പുരുഷസംരക്ഷണമില്ലാത്ത സ്ത്രീകൾക്ക് വീടും കക്കൂസും നിർമ്മിക്കുന്നതിനും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുന്നതിനും വേണ്ടനടപടികൾ സ്വീകരിക്കണം.
5. നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ചെയ്യുക.
6. സ്വന്തം കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുട്ടികളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യസംരക്ഷണത്തിനും വിനോദത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക..
7. തൊഴിലവസരങ്ങളേയും തൊഴിൽനിയമങ്ങളേയും കുറിച്ചുള്ള അറിവ് നൽകുക.
8. എല്ലാ വാർഡുകളിലും ക്രഷ് പ്രവർത്തനം തുടങ്ങുക.
10. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ അർഹരായവർക്കെല്ലാം നൽകുക.

> **സ്ത്രീയെ വിവക്ഷിക്കുന്നത് പുരുഷന്റെ നല്ലപാതിയെന്നാണ്. അവൾക്ക് പുരുഷന്റേതിന് സമമായ നിയമപരമായ അവകാശം ഇല്ലാതിരിക്കുന്ന കാലത്തോളം ഒരു പെൺകുഞ്ഞിന്റെ ജനനത്തിന് പുത്രജനനത്തിന് സമമായ സ്വാഗതം ലഭിക്കാത്ത കാലത്തോളം മാനികമായ തളർവാത ബാധ ഇന്ത്യക്കുണ്ടാവുമെന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. സ്ത്രീയെ അടിച്ചമർത്തുന്നത് അഹിംസയുടെ നിഷേധമാകുന്നു. ബഹുമാനത്തോടുകൂടിയായിരിക്കണം സ്ത്രീയെ നോക്കിക്കാണേണ്ടത് അങ്ങിനെ ചെയ്യുന്ന ഒരു പ്രവർത്തകന് മാത്രമേ ഗ്രാമജനതയുടെ വിശ്വാസമാർജ്ജിക്കാൻ കഴിയൂ.**
>
> —— ഗാന്ധിജി



# സഹകരണപ്രസ്ഥാനം

ഇന്ന് വളർന്ന് വലുതായിക്കൊണ്ടിരിക്കുന്ന സഹകരണപ്രസ്ഥാനത്തിന്റെ പിതാവ് ഇംഗ്ലണ്ടിലെ ഒരു മില്ലുടമയായിരുന്ന റോബർട്ട് ഓവൻ ആണ്. തന്റെ മില്ലിലെ തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി ആരംഭിച്ച സഹകരണപ്രസ്ഥാനം മുൻകാല അനുഭവപാഠങ്ങളുടെ കുറവും, മറ്റു പല മേഖലകളിൽ നിന്നുള്ള എതിർപ്പുകളും കൊണ്ട് പരാജയപ്പെടുകയാണുണ്ടായതെങ്കിലും സഹകരണ പ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കുന്ന ആർക്കും സഹകരണത്തിന്റെ പിതാവായ റോബർട്ട് ഓവനെ മറക്കാൻ സാധിക്കുകയില്ല.

കർഷകന്റെ കൃഷി ആവശ്യങ്ങൾക്കു കടം വിതരണം ചെയ്യുക, സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ഭാരതത്തിൽ ആദ്യമായി "1904ൽ X-ാം നമ്പർ സഹകരണ ആക്ട് അംഗീകരിച്ചു. ഈ നിയമത്തിന് വിധേയമായി ഭാരതത്തിൽ സഹകരണപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് X ഓഫ് 1904 ന്റെ അടിസ്ഥാനത്തിൽ മലബാർ പ്രദേശത്ത് പാലക്കാട്ട് ജില്ലയിൽ കണ്ണപ്രയിൽ ഒരു കാർഷികസഹകരണസംഘം ആദ്യമായി കേരളത്തിൽ രൂപീകരിച്ചു. 1913 ൽ കൊച്ചിൻ സഹകരണ ആക്ടിന്റെ അടിസ്ഥാനത്തിൽ എടവനക്കാട്ടും, 1914 ലെ തിരുവിതാംകൂർ സഹകരണ ആക്ടിന്റെ അടിസ്ഥാനത്തിൽ ഓച്ചിറയിലും സഹകരണസംഘങ്ങൾ രൂപീകരിച്ചു. എന്നാൽ ടി.വി.പുരം ഗ്രാമത്തിൽ സഹകരണ പ്രസ്ഥാനം 1923 ൽ ആണ് ആരംഭിക്കുന്നത്.

## ടി.വി.പുരം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ

നായർ സമുദായത്തിന്റെ സാമ്പത്തികവും, സാംസ്കാരികവും ആയ ഉയർച്ചയെ ലക്ഷ്യമാക്കി കൊല്ലവർഷം 1099 ആണ്ട് (1923) മകരമാസം 20-ാം തീയതി രജിസ്റ്റർചെയ്ത് കുംഭം 11-ാംതീയതി പ്രവർത്തനം ആരംഭിച്ച 622-ാം നമ്പർ തിരുമണി വെങ്കിടപുരം നായർ പരസ്പരസഹായസംഘമാണ് ടി.വി.പുരം പഞ്ചായത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനം. തുടർന്ന് കൊല്ലവർഷം 1099 മാണ്ടിലെ ഫിഷർമെൻ വെൽഫയർ സഹകരണ സംഘവും 853-ാം നമ്പർ മൂത്തേടത്തുകാവ് ഈഴവ പരസ്പരസഹായസംഘവും, 1100-ാംമത് മകരമാസം 12-ാം തീയതി രജിസ്റ്റർചെയ്ത് മീനം 11-ാം തീയതി പ്രവർത്തനം ആരംഭിച്ച 869-ാം നമ്പർ ശ്രീ.ഷണ്മുഖവിലാസംഈഴവ പരസ്പര സഹായസഹകരണസംഘവും 1100-ാം ആണ്ട് മീനമാസം 4-ാംതീയതി രജിസ്റ്റർ ചെയ്ത് ഇടവം 14-ാം തീയതി പ്രവർത്തനം ആരംഭിച്ച 923-ാം നമ്പർ വൈക്കം പള്ളിപ്രത്തുശ്ശേരി കാത്തോലിക്കാ യുവജനപരസ്പരസഹായസംഘവും 1101-ാം മാണ്ട് ധനുമാസം 16-ാം തീയതി രജിസ്റ്റർചെയ്തു ധനുമാസം 22-ാം തീയതി പ്രവർത്തനം ആരംഭിച്ച 1148-ാം നമ്പർ ചെമ്മനത്തുകര ശ്രീനാരായണവിലാസം ഈഴവ പരസ്പരസഹായസംഘവും, ചെമ്മനത്തുകരയിൽ പ്രവർത്തിച്ചിരുന്ന നായർപരസ്പരസഹായസംഘവും ആണ് ടി.വി.പുരം പഞ്ചായത്തിലെ ആദ്യകാല സഹകരണസംഘങ്ങൾ.

ഇവയുടെ എല്ലാം തന്നെ പ്രവത്തനാരംഭം പരിശോധിച്ചാൽ അതാതു സമുദായത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കി സ്ഥാപിച്ചവയാണെന്നും കാണാം. അതു മൂലം സമൂഹത്തിന്റെ എല്ലാ വിഭാഗം ജനങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ ധാരയിലേയ്ക്കു വരുത്തുവാൻ കഴിഞ്ഞിരുന്നു. സഹകരണ മേഖലയിലുണ്ടായ വമ്പിച്ച മാറ്റങ്ങൾ, കാലാനുസൃതമായ നിയമഭേദഗതികൾ ഇവയുടെ ഫലമായി വിവിധ സമുദായങ്ങളുടെ (അതാതു) പേരിൽ അറിയപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനം

അതാതു പ്രദേശത്തെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയായി മാറുകയും സമുദായങ്ങളുടെ പേരുകൾ സഹകരണ സംഘങ്ങളുടെ പേരുകളിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. ഇതിൽ രണ്ടു സഹകരണപ്രസ്ഥാനങ്ങൾ ഒഴിച്ചുള്ളവ 622-ാം നമ്പർ ടി.വി.പുരം സർവ്വീസ് സഹകരണസംഘത്തിൽ വിവിധ കാലഘട്ടങ്ങളിലായി ലയിപ്പിക്കുകയുണ്ടായി. മൂത്തേടത്തുകാവിൽ പ്രവർത്തിച്ചിരുന്ന 694-ാം നമ്പർ സഹകരണ സംഘം ഫിഷർമെൻ മേഖലയുടെ ക്ഷേമപ്രവർത്തനങ്ങളെ ലക്ഷ്യമാക്കി പ്രത്യേകമായിത്തന്നെ പ്രവർത്തിച്ചുവരുന്നു. മറ്റൊരു വായ്പാസംഘമായ 923-ാം നമ്പർ പള്ളിപ്രത്തുശ്ശേരി സർവ്വീസ്സഹകരണസംഘം പള്ളിപ്രത്തുശ്ശേരിക്കരയെ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്നു.

കാർഷിക വായ്പാമേഖലയിൽ രണ്ടു പ്രൈമറി സർവ്വീസ്സഹകരണബാങ്കുകളും, കയർ പിരിമേഖലയിൽ നാലു കയർവ്യവസായ സഹകരണസംഘങ്ങളും, കയറുത്പാദന മേഖലയിൽ കയർമാറ്റ്സ് മാറ്റിംഗ് സഹകരണസംഘവും, ക്ഷിരോത്പാദനമേഖലയിൽ നാലു ക്ഷീരോത്പാദന സഹകരണസംഘങ്ങളും, മത്സ്യത്തൊഴിലാളി മേഖലയിൽ അവരുടെ ക്ഷേമപ്രവർത്തനം ലക്ഷ്യമാക്കി ഒരുഫിഷർമെൻസ് വെൽഫെയർ സംഘവും, കക്കാവ്യവസായരംഗത്ത് വൈക്കത്തെ തീരപ്രദേശത്തെ നാലു വില്ലേജുകൾ പ്രവർത്തനപരിധിയിലുള്ള വൈക്കം കക്കാ വ്യവസായ സംഘവും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ പ്രവർത്തകരുടെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയും മൂലം പ്രവർത്തനരഹിതമായിത്തീർന്നിട്ട് വെറും റിക്കാർഡുകൾമാത്രം അവശേഷിപ്പിക്കുന്ന ടി.വി.പുരം തഴപ്പായവ്യവസായസഹകരണ സംഘവും, ടി.വി.പുരം ഖാദിഗ്രാമവ്യവസായ സഹകരണസംഘവും, നിലവിലുള്ള സഹകരണ സംഘങ്ങളുടെ പട്ടികയിൽപ്പെടുന്നു. കയർസംഘങ്ങളുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ള ചെമ്മനത്തുകര സഹകരണസംഘവും, മൂത്തേടത്തുകാവ് ക്ഷീരോത്പാദക സഹകരണസംഘവും ഇപ്പോൾ പ്രവർത്തനരഹിതമായി റിക്കാർഡുകളിൽമാത്രം ഒതുങ്ങിയിരിക്കുന്നു.

ഈ സംഘങ്ങൾക്കു പുറമെ ഈ നാട്ടിലെ പാർപ്പിടപ്രശ്നപരിഹാരത്തിനും, ഭൂവികസനത്തിനും, കാർഷികവികസന ബാങ്കും, ഹൗസിംഗ് സഹകരണസംഘവും ടി.വി.പുരത്തെ അതിന്റെ പ്രവർത്തനപരിധിയിൽപ്പെടുത്തി പ്രവർത്തിക്കുന്നുണ്ട്.

**1. ടി.വി.പുരം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 622.**

കൊല്ലവർഷം 1099ൽ ആരംഭിച്ച ഈ ബാങ്കിനോട് 869-ാം നമ്പർ കണ്ണുകെട്ടുശ്ശേരി സർവ്വീസ് സഹകരണസംഘവും 853-ാം നമ്പർ മൂത്തേടത്തുകാവ് സഹകരണസംഘവും, 1958 ൽ ആരംഭിച്ച 4143-ാം നമ്പർ ടി.വി.പുരം വിവിധോദ്ദേശ സഹകരണ സംഘവും, 1.10.1966 ൽ ലയിപ്പിക്കുകയുണ്ടായി. സഹകാരികളുടെ കൂട്ടായ പ്രവർത്തനഫലമായി ടി.വി.പുരം സർവ്വീസ് സംഘം പടിപടിയായി വളരുകയും, ബഹുമാനപ്പെട്ട കേരള സർക്കാർ സഹകരണ മേഖലയിലെ പ്രധാനപ്പെട്ട സഹകരണ ബാങ്കുകളെ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കുകളായി ഉയർത്തിയപ്പോൾ വൈക്കം താലൂക്കിലെ രണ്ടു സഹകരണ ബാങ്കുകൾക്കും ഈ അംഗീകാരം കിട്ടുകയുണ്ടായി. അതനുസരിച്ച് 25.3.1983 മുതൽ ടി.വി.പുരം ഫാർമേഴ്സ് സഹകരണ ബാങ്കായി അംഗീകരിച്ചു. 1983 ഒക്ടോബറിൽ 1142 നമ്പർ ചെമ്മനത്തുകര സർവ്വീസ് സഹകരണസംഘം കൂടി ഫാർമേഴ്സ് ബാങ്കിൽ ലയിപ്പിക്കുകയുണ്ടായി. ഇതോടുകൂടി ബാങ്കിന്റെ പ്രവർത്തനം ടി.വി.പുരം പഞ്ചായത്തിൽ മറ്റപ്പള്ളിത്തോടിനുവടക്കോട്ട് പള്ളിപ്രത്തുശ്ശേരിക്കര ഒഴിച്ചുള്ള പ്രദേശങ്ങളിലേയ്ക്കും വൈക്കം ടൗണിന്റെ ചില പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ചെമ്മനത്തുകരയിലേയ്ക്കും പ്രവർത്തനം വ്യാപിക്കുകയുണ്ടായി.

9494 അംഗങ്ങളും, 1479460 രൂപ ഓഹരി മൂലധനവും, 189 ലക്ഷം രൂപ നിക്ഷേപവും ഉണ്ട്. 152 ലക്ഷത്തിലധികം രൂപ അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്തത് ബാക്കിനിൽക്കുന്നു. ഇതിൽ 60 ലക്ഷത്തിലധികം രൂപ കാലാവധി കഴിഞ്ഞിട്ടും പിരിഞ്ഞുകിട്ടാത്തതാണ്. ക്രമാതീതമായ വായ്പക്കുടിശ്ശിക ബാങ്കിന്റെ പ്രവർത്തനത്തെ നഷ്ടത്തിലേയ്ക്കു നയിച്ചിരിക്കുന്നു.

**2. പള്ളിപ്രത്തുശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 923.**

കൊല്ലവർഷം 1100 ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിന്റെ പ്രവർത്തനപരിധി വൈക്കം ടൗണിന്റെ ചില പ്രദേശങ്ങൾ കൂടികൊള്ളുന്ന പള്ളിപ്രത്തുശ്ശേരിക്കരയാണ്. ഈ ബാങ്കിന്റെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 574865 രൂപയാണ്.

47 ലക്ഷം രൂപ നിക്ഷേപം സ്വീകരിക്കുകയും 37 ലക്ഷത്തിലധികം രൂപ അംഗങ്ങൾക്ക് കാർഷികാവശ്യങ്ങൾ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലധികം രൂപ കാലാവധി കഴിഞ്ഞ വായ്പയാണ്. കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. രാസവളം വില്പന, ചിട്ടി സ്വർണ്ണപ്പണയിടപാടുകൾ മുതലായവ ബാങ്കിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

കയർ വ്യവസായ സഹകരണസംഘങ്ങൾ.

ടി.വി. പുരം പഞ്ചായത്തിൽ കയർ മേഖലയിൽ അഞ്ചു കയർ വ്യവസായ സംഘങ്ങളും, ഒരു കയർ മാറ്റ്സ് സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ചെമ്മനത്തുകര കയർവ്യവസായ സഹകരണസംഘംപ്രവർത്തകരുടെ ദീർഘ വീക്ഷണമില്ലായ്മ മൂലം പ്രവർത്തന രഹിതമായിരിക്കുന്നു. പഞ്ചായത്തിൽ കയർ രംഗത്ത് ആദ്യമായി രൂപീകരിച്ച 33-ാം നമ്പർ ടി.വി. പുരംകയർവ്യവസായ സഹകരണ സംഘത്തിൽ 1617 അംഗങ്ങളുണ്ട്. സർക്കാർ ഭാഗത്തുൾപ്പെടെ 10,33,000 ലധികം ഓഹരിമൂലധനവും, 17,000 രൂപാ ജില്ലാ ബാങ്ക് ക്യാഷ് ക്രഡിറ്റും സർക്കാരിൽനിന്നും പ്രവർത്തനമൂലധനവായ്പയായി 50,000രൂപയും ലഭിച്ചിട്ടുണ്ട്. 1995 96ൽ 388 ക്വിന്റൽ കയർ ഉത്പാദിപ്പിക്കുകയും 565300 രൂപാ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. തൻവർഷം 522000 പച്ചത്തൊണ്ടു സംഭരിച്ചിട്ടുണ്ട്. സംയോജിത കയർ വികസന പദ്ധതിപ്രകാരം 20 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതോടെ 100 മിഷ്യൻ റാട് സ്ഥാപിച്ച് 100 സ്ത്രീകൾക്ക് പ്രത്യക്ഷ്യമായും 20 ലധികം പേർക്ക് പരോക്ഷമായും തൊഴിൽ നല്കാൻ കഴിയുന്നതാണ്.

പള്ളിപ്രത്തുശ്ശേരി കയർവ്യവസായസഹകരണസംഘത്തിൽ 910 അംഗങ്ങളുണ്ട്. സർക്കാരോഹരി 8,65000 ഓളം രൂപാ ഓഹരിമൂലധനമാണ്. 1,42000 ലധികം രൂപാ ജില്ലാബാങ്ക്ക്യാഷ്ക്രഡിറ്റുസർക്കാരിൽ നിന്നും അമ്പതിനായിരം രൂപാ പ്രവർത്തനമൂലധന വായ്പയും ലഭിച്ചിട്ടുണ്ട്. 1995-96ൽ 628 ക്വിന്റൽ കയർ ഉത്പാദിപ്പിക്കുകയും1,057000ലധികം രൂപയുടെ കയർവില്പനനടത്തുകയും ചെയ്തു. 657853 പച്ചത്തൊണ്ട് സംഭരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. തൻവർഷം 41833 രൂപാ 75 പൈസാ ലാഭമുണ്ടാക്കിയിട്ടുണ്ട് വർഷങ്ങളായി ഈ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുവിൽ പ്രവർത്തനം തൃപ്തികരമാണ്. ഒരു തൊണ്ടുതല്ല്മിഷ്യൻ ഈ സംഘത്തിന് സ്വന്തമായിട്ടുണ്ട്.

പറക്കാട്ടുകുളങ്ങര കയർ വ്യവസായ സഹകരണ സംഘത്തിൽ 676 അംഗങ്ങളുണ്ട് സർക്കാർ ഓഹരി ഉൾപ്പടെ 8,10000ലധികം രൂപാ ഓഹരി മൂലധനം ഉണ്ട്. സർക്കാരിൽനിന്നും പ്രവർത്തനമൂലധനം വായ്പയായി 2,50000 രൂപാലഭിച്ചിട്ടുണ്ട്. 1995-96 വർഷം 571 ക്വിന്റൽ കയർ ഉത്പാദിപ്പിച്ചിട്ടുണ്ട്. തൻവർഷം 711280 പച്ചത്തൊണ്ട് സംഭരിച്ചിട്ടുണ്ട്. സംയോജിത കയർവികസനപദ്ധതിപ്രകാരം 19 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുന്നതോടെ 100 സ്ത്രീതൊഴിലാളികൾക്ക് മിഷ്യൻ റാടിൽ പ്രത്യക്ഷമായും 20 പേർക്ക് പരോക്ഷമായും തൊഴിൽ നല്കാൻ കഴിയുന്നു.

മുത്തേടത്തുകാവ് കയർവ്യവസായ സഹകരണസംഘത്തിൽ 759 അംഗങ്ങളുണ്ട്. സർക്കാർ ഓഹരി ഉൾപ്പെടെ 4,79000 ലധികം രൂപാ ഓഹരിമൂലധനമായിട്ടുണ്ട്. സർക്കാരിൽനിന്നും പ്രവർത്തന മൂലധനവായ്പയായി 25000 രൂപയും ലഭിച്ചിട്ടുണ്ട്. കയർ ഉത്പാദനത്തിനു പുറമേ ഏറ്റുമാനൂരിൽ കയർഫെഡിന്റെ ഏജൻസിയായി കയർ ഉത്പന്നങ്ങൾ വില്ക്കുന്നതിന് ഒരു ഷോറും പ്രവർത്തിപ്പിക്കുന്നു. ചെമ്മനത്തുകര കയർ വ്യവസായസഹകരണസംഘം പ്രവർത്തനം നിലച്ചു ഭരണസമിതി തിരഞ്ഞെടുപ്പു നടത്താൻ പോലും കഴിയാതെയിരിക്കുന്നു.

ടി.വി. പുരം കയർമാറ്റ്സ്മാറ്റ്സിംഗ് സഹകരണസംഘം എന്നൊരു സ്ഥാപനവും പ്രവർത്തിക്കുന്നുണ്ടു.

പൊതുവേ പരിശോധിച്ചാൽ സേവന സന്നദ്ധതയുള്ള പ്രവർത്തകരുടെയും അസംസ്കൃതമായ പച്ചത്തൊണ്ടു സമാഹരിക്കാൻ സർക്കാർ മെഷിനറി ഉപയോഗിക്കുകയും ചെയ്താൽ കയർ മേഖല കൂടുതൽ പ്രവർത്തനക്ഷമമാക്കാൻ കഴിയൂ.

ഖാദി വ്യവസായസഹകരണസംഘങ്ങൾ

ടി.വി. പുരം പഞ്ചായത്തിൽ ഒരു തഴപ്പായ സഹകരണസംഘം ചെമ്മനത്തുകര കേന്ദ്രീകരിച്ചും ഖാദിഗ്രാമ വ്യവസായസഹകരണസംഘം ടി.വി. പുറം കേന്ദ്രീകരിച്ചും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തനമില്ല.

ക്ഷീരവ്യവസായ സഹകരണസംഘം

ടി.വി. പുരം പഞ്ചായത്തിൽ നാലു ക്ഷീരവ്യവസായസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നതിൽ മുത്തേടത്തുകാവ് ക്ഷീരവ്യവസായസഹകരണ സംഘം പ്രവർത്തനം നിലച്ചിരിക്കുകയാണ്. കണ്ണുകെട്ടുശ്ശേരി ക്ഷീരവ്യവസായസഹകരണസംഘമാണ് ടി.വി.പുരം പഞ്ചായത്തിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണസംഘം ഇതിന്റെ ഭാഗമായി നടത്തുന്ന 'കൗസ്തുഭം' വനിതാ സ്വയംതൊഴിൽ യൂണിറ്റ് 4 വനിതകൾ കൂടി നടത്തുന്നത് ടി.വി. പുരത്ത് തൊഴിൽരഹിതരായ വനിതകൾക്ക് ഒരു മാതൃകയാണ്. ഈ സംരംഭം കൂടുതൽ പ്രോത്സാഹനം അർഹിക്കുന്നു. ഇപ്പോൾ 213 അംഗങ്ങളും 2130 രൂപാ ഓഹരിമൂലധനവുമുണ്ട്. 1994 ൽ 54695 ലിറ്റർ പാൽ ഉത്പാദിപ്പിക്കുകയും (ശേഖരിക്കുകയും) 35614 ലിറ്റർ പഞ്ചായത്ത് വിറ്റഴിക്കുകയും 19295 ലിറ്റർ മിൽമായ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

പള്ളിപ്രത്തുശ്ശേരി ക്ഷീരോത്പാദകസഹകരണസംഘം ടി.വി. പുരം പഞ്ചായത്തിലെ 5, 6 വാർഡുകൾ പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്നു. 174 അംഗങ്ങളും; 1740 ഓഹരി മൂലധനവുമുണ്ട്. 1995-96 ൽ 40155 ലിറ്റർ പാല് ഉത്പാദിപ്പിക്കുകയും 19715 ലിറ്റർ പാൽ മിൽമായ്ക്ക് കയറ്റി വിടുകയും ചെയ്തു.

ചെമ്മനത്തുകര ക്ഷീരോത്പാദക സഹകരണസംഘം ടി.വി. പുരം പഞ്ചായത്തിലെ 3,4 വാർഡുകൾ പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്നു. 244അംഗങ്ങളും 2440 രൂപ ഓഹരിമൂലധനവും ഉണ്ട്. 1995-96 ൽ 46316 ലിറ്റർ പാൽ ഉത്പാദിപ്പിക്കുകയും (ശേഖരിക്കുകയും) ഈ പഞ്ചായത്തിൽതന്നെ 15507 ലിറ്റർ പാൽ വിറ്റഴിക്കുകയും 30809 നിറ്റർ പാൽ മിൽമായ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്തു.

മുത്തേടത്തുകാവ് ക്ഷീരവ്യവസായസഹകരണസംഘം നിലവിൽ പ്രവർത്തിക്കുന്നില്ലാത്തതിനാൽ സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

മത്സ്യത്തൊഴിലാളി മേഖലയിൽ ടി.വി. പുരത്ത് ഒരു മത്സ്യോത്പാദകസഹകരണസംഘം നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നെങ്കിലും പ്രവർത്തകരുടെ കെടുകാര്യസ്ഥത നിമിത്തം സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ട്. എന്നാൽ കൊല്ലവർഷം 1090 ൽ രൂപീകൃതമായ മുത്തേടത്തുകാവ് ഫിഷർമെൻസ് വെൽഫയർ സഹകരണസംഘത്തിൽ 472പേർ അംഗങ്ങളായുണ്ട്. അംഗങ്ങൾക്ക് 30931 രൂപ വായ്പനല്കിയിട്ടുണ്ടു. കെട്ടു തെങ്ങു നിക്ഷേപം സ്വീകരിച്ചു വായ്പനൽകുന്ന പ്രവർത്തനമാണ് നടത്തിവരുന്നത്. സ്വന്തമായി ഫണ്ടു സംഭരിച്ചു നടത്തുന്ന ഈസ്ഥാപനത്തിനു ആവശ്യമായ ഫണ്ട് ലഭ്യമാക്കിയാൽ മത്സ്യത്തൊഴിലാളികൾക്കിടയിൽ കുറേക്കൂടി ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ കഴിയും.

കക്കാ സഹകരണ സംഘം

പള്ളിപ്രത്തുശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന വൈക്കം ലൈം ഷെൽ കോ-ഓപ്പറേറ്റീവ്-സൊസൈറ്റി ക്ലിപ്തം നമ്പർ 3145 ന്റെ പ്രവർത്തന പരിധി വൈക്കം വില്ലേജിനു പുറമേ നടുവിലെപകുതി, ചെമ്പ്, കുലശേഖരമംഗലം കൂടെ ഉൾക്കൊള്ളുന്നതാണ്. 396 അംഗങ്ങളും 24500 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും ഉണ്ട്. കക്കാ സംഭരിച്ച് വില്പന നടത്തുകയും, സംസ്കരിച്ചു വില്പന നടത്തുകയുമാണ് പ്രധാന പ്രവർത്തനം. 1995-96 വർഷം 39 ലക്ഷം രൂപ യുടെ വില്പനനടത്തിയിട്ടുണ്ട്. 8500 രൂപയുടെ ലാഭം ഉണ്ടാക്കാനും കഴിഞ്ഞു. കക്കാമേഖലയിലെ മുഴുവൻ തൊഴിലാളികളേയും സാങ്കേതികകാരണങ്ങളാൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

കാർഷികവായ്പാ മേഖല.

1. സഹകരണബാങ്കുകളുടെ പ്രവർത്തനം തൃപ്തികരമാകണമെങ്കിൽ അംഗങ്ങൾക്ക് ആവശ്യമായ ഏതു വായ്പകളും ഉദാരവ്യവസ്ഥയിൽ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാകുകയും, പ്രവർത്തനം ലാഭകരമാക്കുകയും വേണം. ഇത് സാധിക്കണമെങ്കിൽ നമ്മുടെ പഞ്ചായത്തിലെ പണം നിക്ഷേപസമാഹരണം വഴി സ്വരൂപിക്കുകയും, കാലാവധി കഴിഞ്ഞിട്ടും തിരിച്ചു കിട്ടാത്ത വായ്പാതുകയും കുടിശ്ശികയും പലിശയും പിരിച്ചെടുക്കുന്നതിനുള്ള സമയബന്ധിതപരിപാടി ബഹുജനപങ്കാളിത്തത്തോടെയുള്ള കുടിശ്ശിക സമാഹരണമേളകൾ സംഘടിപ്പിച്ച് വായ്പാകുടിശ്ശികയുടെ ശതമാനം താഴെയാകുന്നതിനുള്ള നടപടികൾ ഉണ്ടാകുകയും വേണം.

2. പഞ്ചായത്തിൽ നിന്നും വിദേശങ്ങളിൽ പോയി ജോലി നോക്കുന്നവരുടെ സമ്പാദ്യം നമ്മുടെ പഞ്ചായത്തിലെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.

3. അംഗങ്ങളുടെ മിതവ്യയശീലം വളർത്തുന്നതിന്

ചിട്ടികൾക്ക് പുറമേ മലബാർമേഖലയിൽ നടത്തുന്ന ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം (Members Mutual Deposit Scheme) നടപ്പിലാക്കി സമ്പാദ്യം വളർത്തുക.

4. ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങളുടെ പൊതുവിതരണം സഹകരണ പ്രസ്ഥാനങ്ങൾ വഴി വ്യാപിപ്പിക്കുന്നതിന് സഹകരണ കൺസ്യൂമർ സംഘങ്ങൾ രൂപീകരിക്കുകയോ, സഹകരണ ബാങ്കുകൾ കമ്മീഷൻ വ്യവസ്ഥയിൽ സഹകരണ മാവേലിസ്റ്റോറുകൾ ആരംഭിക്കുകയോ ചെയ്യുക.

5. ഉപാധി രഹിതവായ്പകൾ കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുക.

6. കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണസമതികൾ രൂപീകരിക്കുക.

7. പഞ്ചായത്തിലെ പ്രായപൂർത്തിയായ എല്ലാവരെയും സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുക.

8. പഞ്ചായത്തിലെ നാളികേരകൃഷിക്കാരുടെ സംരക്ഷണത്തിനും സഹകരണ മേഖലയിൽ ഒരു നാളികേര സംസ്കരണ വിപണന സംഘം രൂപീകരിക്കുകയോ സഹകരണ ബാങ്കുകൾ കൊപ്രാ സംഭരണവിപണനം കേരഫെഡിന്റെ സഹായത്തോടെ പുനരാരംഭിക്കുകയോ ചെയ്യുക.

9. അംഗങ്ങൾക്ക് സ്വത്തു വാങ്ങൽ, വീട്ടുപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കും വിദേശങ്ങളിൽ ജോലി തേടി പോകുന്നതിനും ഉദാരവ്യവസ്ഥയിൽ വായപകൾ അനുവദിക്കുക.

10. കൃഷി, വ്യവസായം,ഗൃഹനിർമ്മാണം, ഭൂസ്വത്തു വാങ്ങൽ, വിവാഹം മുതലായ വിവിധ ആവശ്യങ്ങൾക്ക് വായ്പാ അനുവദിക്കുന്നതിന് ഈടായി ഭൂസ്വത്ത് സ്വീകരിക്കുമ്പോൾ ഭൂമിയുടെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുക. കാലാനുസൃതമായി വായ്പയുടെ പരിധി വർദ്ധിപ്പിക്കുക.

11. ഓരോ വാർഡിലും കൃഷിയിൽ ( പുരയിടകൃഷി, മത്സ്യകൃഷി) താത്പര്യമുള്ള കുടുംബങ്ങളെ ഓരോ 50 അംഗങ്ങൾ അടങ്ങുന്ന സന്നദ്ധസംഘങ്ങളാക്കി ഓരോഗ്രൂപ്പിനും കൂട്ടായ ഉത്തരവാദിത്വത്തിൽ പലിശ കുറഞ്ഞ വായ്പകൾ കൃഷിയാവശ്യത്തിനായി വിതരണം ചെയ്യുകയും, അവരുടെ ഉത്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

12. കൃഷിഭൂമിയുടെ വികസനത്തിനും, സംരക്ഷണത്തിനും വേണ്ടി പലിശ കുറഞ്ഞ ദീർഘകാലവായ്പകൾ കോട്ടയം ജില്ലാ ഭൂപണയബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

13. ടി.വി. പുരം ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് വടക്കേചെമ്മനത്തുകരയിലും, മൂത്തേടത്തുകാവിലും ഓരോ ബ്രാഞ്ചുകളൊ, എക്സ്റ്റൻഷൻ കൗണ്ടറുകളോ ആരംഭിച്ച് നിക്ഷേപസമാഹരണവും വായ്പാ വിതരണവും വിപുലീകരിക്കുക.

14. പഞ്ചായത്തിന്റേയും, സഹകരണ സ്ഥാപനങ്ങളുടേയും, സന്നദ്ധസംഘടനകളുടേയും പങ്കാളിത്തത്തോടെ ബാങ്കുകളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ, അംഗസംഖ്യ, ഭൂമി, കൃഷി, തൊഴിൽ, തൊഴിൽ അഭിരുചി, വിദ്യാഭ്യാസം മുതലായവ തുടങ്ങി സമഗ്രമായ സ്ഥിതി വിവരക്കണക്കുകൾ ഒരു കുടുംബസർവ്വേ നടത്തി തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദരിദ്രകുടുംബത്തിന്റേയും സാമ്പത്തിക ഉന്നമനത്തിന് ഉതകുന്ന വായ്പാ പദ്ധതികൾ തയ്യാറാക്കി നബാർഡിന്റേയും മറ്റു ഏജൻസികളുടേയും സഹായത്തോടെ നടപ്പിലാക്കുക.

15. പഞ്ചായത്തിലെ സഹകരണ മേഖലയുടെ കൂട്ടായ പ്രവർത്തനം കൃഷി, ജലസേചനം, മൃഗസംരക്ഷണം, ,വ്യവസായം,എന്നീ മേഖലയുടെ സമഗ്ര വികസനത്തിനു സഹായിക്കും അതുകൊണ്ട് ടി.വി. പുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കും, പള്ളിപ്രത്തുശ്ശേരി സർവ്വീസ് സഹകരണബാങ്കും ലയിച്ച് ഒന്നായി ഒറ്റ ബാങ്കായി പ്രവർത്തിക്കണമെന്ന ഈ നിർദ്ദേശം ജനങ്ങളുടെ അംഗീകാരത്തിന് സമർപ്പിക്കുന്നു.

**കയർമേഖല**

1. സഹകരണസ്ഥാപനങ്ങൾക്ക് ആവശ്യമായ പച്ചത്തേങ്ങ, ചകിരി മുതലായവ സംഭരിക്കാൻ സർക്കാർ നടപടികൾ ഉണ്ടാവണം.

2. പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ള മൂത്തേടത്തുകാവു കയർവ്യവസായ സഹകരണസംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സർക്കാരിൽ നിന്നും അനുവദിക്കുക.

3. പ്രവർത്തനരഹിതമായ ചെമ്മനത്തുകര കയർവ്യവസായ സഹകരണസംഘം മുപ്പിരിക്കയർ ഉത്പാദിപ്പിച്ച് വില്പന നടത്തുന്നതിൽ ഉതകുന്ന പദ്ധതി കയർ പ്രോജക്ട് ഓഫീസർ മുൻകൈയ്യെടുത്ത് തയ്യാറാക്കി ആവശ്യമായ പ്രവർത്തന മൂലധനവും അനുവദിച്ചാൽസംഘം പ്രവർത്തനക്ഷമമാക്കുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

4. ടി.വി. പുരത്ത് കയർഫെഡിനു വേണ്ടി ഒരു കയർ സംഭരണകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

5. കയർ ഉത്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന ടി. വി. പുരം കയർ മാറ്റ്സ് സഹകരണസംഘത്തിന്

ആവശ്യമായ ഓഹരിമൂലധനവും, പ്രവർത്തന മൂലധന വായ്പയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.

ക്ഷീരോല്പാദക മേഖല

1. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംഘങ്ങൾ മുൻകൈയ്യെടുക്കണം.
2. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണഉദ്യോഗസ്ഥന്മാരുടെ സേവനം യഥാസമയം ലഭ്യമാക്കണം.
3. വിവിധ ഏജൻസികളിൽ നിന്നും ക്ഷീരവികസനത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യണം.
4. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരസംഘങ്ങളുടെ ഉറപ്പിന്മേൽ ഉദാര വ്യവസ്ഥകൾക്ക് വിധേയമായി മേൽത്തരം കറവമാടുകളെ വാങ്ങുന്നതിനുള്ള വായ്പകൾ അംഗങ്ങൾക്ക് ലഭ്യമാക്കുക.
5. പഞ്ചായത്തിൽ അധികമായി വരുന്ന പാൽ സംഭരിച്ച് ക്ഷീരോത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഉണ്ടാവണം.
6. പുൽകൃഷി വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

മത്സ്യത്തൊഴിലാളി മേഖല

1. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനായി, വലയും മറ്റു മത്സ്യ ബന്ധന ഉപകരണങ്ങളും വാങ്ങുന്നതിനും മത്സ്യക്കച്ചവടം നടത്തി ഉപജീവനം നടത്തുന്നതിനും മറ്റും കുറഞ്ഞ പലിശനിരക്കിൽ വായ്പ നല്കുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനം ബന്ധപ്പെട്ട സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കണം.
2. മത്സ്യത്തൊഴിലാളിമേഖലയിൽ ഒരു മത്സ്യോത്പാദക സഹകരണസംഘം രൂപീകരിക്കുക.

മറ്റു നിർദ്ദേശങ്ങൾ

1. തഴപ്പായ നെയ്ത്തു തൊഴിലാളികൾക്ക് വേണ്ടി ഒരു തഴപ്പായസഹകരണസംഘത്തിന് രൂപം നല്കുക.
2. കോഴി താറാവ് കൃഷിക്കാർക്ക് വേണ്ടി ഒരു മുട്ട സംഭരണ വിപണനസഹകരണസംഘം സ്ഥാപിക്കുക.
3. പഴം പച്ചക്കറി സഹകരണ സംഘം രൂപീകരിക്കുക.
4. സഹകരണ ആശുപത്രി സ്ഥാപിക്കണം.
5. ഖാദി ഗ്രാമ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.
6. തൊഴിൽരഹിതരായ അഭ്യസ്തവിദ്യരെ സംഘടിപ്പിച്ചുകൊണ്ട് ഒരു സഹകരണ പാരലൽ കോളേജ് സ്ഥാപിക്കുക.
7. പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണസംഘം സ്ഥാപിക്കുക.
8. വനിതാ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.
9. കായൽ ഉത്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണനസഹകരണസംഘം രൂപീകരിച്ചും കായൽ ഉത്പന്നങ്ങളായ മത്സ്യം, കക്ക, മുതലായവ സംഭരിക്കുകയും സംസ്കരിച്ചു വിപണനം നടത്തുകയും ചെയ്താൽ ടി.വി. പുരത്തിന്റെ തീരദേശമേഖലയിൽ വൻ തൊഴിൽ സാധ്യതയും, സാമ്പത്തിക ഉന്നമനവും ഉണ്ടാക്കാൻ സാധിക്കുന്നതാണ്.
10. വൈക്കം കക്കാ വ്യവസായ സഹകരണസംഘത്തിൽ കക്കാ തൊഴിലാളികൾക്ക് അംഗത്വം നിഷേധിക്കാതിരിക്കുക.
11. ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിച്ചാൽ അസംഘടിതമേഖലയായ കെട്ടിടനിർമ്മാണം, റോഡുനിർമ്മാണം, എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഈ സംഘത്തിന്റെ കീഴിൽ കൊണ്ടുവന്നു പഞ്ചായത്തുകളും മറ്റു സ്ഥാപനങ്ങളും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതാണ്.

ഗ്രാമസഭകൾ ചർച്ച ചെയ്തു സമർപ്പിച്ച റിപ്പോർട്ട്, കോർഗ്രൂപ്പു സ്ഥലത്തെ സഹകാരികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച നിർദ്ദേശങ്ങൾ, സഹകരണ സ്ഥാപനങ്ങളിൽ എന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ മുതലായവ വച്ചു തയ്യാറാക്കിയതാണ് ഈ റിപ്പോർട്ടു.

സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം മേൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകവഴി ടി.വി.പുരം ഗ്രാമപഞ്ചായത്തിനും സാമ്പത്തികരംഗത്ത് ഒരു മുന്നേറ്റം തന്നെയുണ്ടാക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തിന് അതി പ്രധാനമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ ടി.വി.പുരം ഗ്രാമപഞ്ചായത്തിൽ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് മുൻഗണന നിശ്ചയിക്കുന്നതിനായി സമർപ്പിച്ചുകൊള്ളുന്നു.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കേരളത്തിൽ നിലനിന്നിരുന്ന കർശനമായ ജാതിവ്യവസ്ഥയും, അടിമസമ്പ്രദായവും ഭൂപ്രഭുത്വവും, തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങളും നിമിത്തം സാമൂഹ്യ സാമ്പത്തിക മുന്നേറ്റത്തിൽ ഇതരസമുദായങ്ങളോടൊപ്പം പങ്ക് ചേരാൻ കഴിയാതെപോയ ഒരു ജനവിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗം. ആത്മാർത്ഥമായി ശ്രമിക്കുകയും ദേശീയ പ്രസ്ഥാനം അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയുംചെയ്തു. എങ്കിലും സ്വാതന്ത്ര്യാനന്തരകാലത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളും ആനുകൂല്യങ്ങളുമാണ് അവരുടെ ജീവിതത്തിൽ പ്രകാശം പരത്തിയത്.

ടി..വി.. പുരം പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗം ജനസംഖ്യയുടെ 7.06% വരും. എട്ട് അംഗീകൃത കോളനികളുണ്ട്. കോളനികൾക്ക് പുറമേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 209 കുടുംബങ്ങൾ താമസിക്കുന്നു. 1991- ലെ സെൻസസ്പ്രകാരം പട്ടികജാതിയിൽ 610 പുരുഷന്മാരും 609 സ്ത്രീകളും പട്ടികവർഗ്ഗത്തിൽ 60 പുരുഷന്മാരും 54 സ്ത്രീകളും ഉണ്ട്.

ഇവർക്ക് വിദ്യാഭ്യാസ സാമ്പത്തികരംഗങ്ങളിൽ എടുത്തു പറയത്തക്ക നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിൽ നിന്ന് ഒരു എം. എ. ബിരുദധാരിയും ഒരു പഞ്ചായത്ത് പ്രസിഡന്റും ഉണ്ടായിട്ടുണ്ട്. എങ്കിലും സാമൂഹ്യരംഗത്ത് അവരിന്നും ചൂഷണ വിധേയരാണ്. കുടികിടപ്പവകാശം ലഭ്യമായതോടെ ഒരു പരിധിവരെ സാമൂഹ്യപുരോഗതി നേടാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം ലഭിച്ചിട്ടുണ്ട്. എങ്കിലും അതു അപൂർണ്ണമാണ്. അന്യജാതി മതസ്ഥരുടെ പൊതു ചടങ്ങുകളിൽ സംബന്ധിക്കുന്നതിൽ ഭാഗികമായ പരിഗണന മാത്രമേ ലഭിക്കുന്നുള്ളൂ. അതാകട്ടെ ഉദ്യോഗം കൊണ്ടും സ്ഥാനംകൊണ്ടും ഉയർന്നുനിൽക്കുന്നവർക്കാണ്.

ഈ വിഭാഗത്തിൽ ഉന്നമനത്തിന് സർക്കാർ കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ അവരുടെ അജ്ഞതയും, പ്രയാസമേറിയ നിബന്ധനകളും മൂലം ഫലപ്രദമാകാതെ പോവുകയാണ്. അറിവുള്ള പൊതു പ്രവർത്തകർ ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുമില്ല. എങ്കിലും സർക്കാർ സൗജന്യങ്ങൾ ഭാഗികമായ നേട്ടങ്ങൾ ഉണ്ടാക്കികൊടുത്തിട്ടുണ്ട്. അതിൽ കൂടുതൽ നേട്ടം 4-ാം വാർഡിലെ ഐ.എച്ച്.ഡി.പി. പട്ടികവർഗ്ഗ കോളനിക്കാണ്. നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹൃതമാവാനുണ്ട്. നിലവിലുള്ള ജീവിതസാഹചര്യങ്ങളിൽ ഇവർ പൊതുവെ അസംതൃപ്തരാണ്. ഇവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരാൻ ഇനിയും സാധിച്ചിട്ടില്ല.

പട്ടികജാതിക്കാരിൽ എറിയകൂറും കാർഷികമേഖലയിൽ ഉപജീവനം കഴിക്കുന്നവരാണ്. പട്ടികവർഗ്ഗക്കാർ വള്ളം പണിയിലും ആയുർവേദൗഷധങ്ങൾ ശേഖരിക്കുന്നതിലും ഏർപ്പെട്ടു ജീവിക്കുന്നു. കാർഷികമേഖലയുടെ തകർച്ച പട്ടികജാതിക്കാരെ നിർമ്മാണത്തൊഴിൽ രംഗത്തേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. പുത്തൻതലമുറ കാർഷികമേഖലയിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കുന്നു. ഭക്ഷ്യോത്പാദന വർദ്ധനവിന്റെ പ്രാധാന്യം മനസ്സിലാക്കി, ഈ രംഗത്തെ കൂലിനിരക്കിൽ മാറ്റം

വരുത്തുകയാണെങ്കിൽ തണുത്തുറഞ്ഞ് കിടക്കുന്ന ഈ മേഖലയ്ക്ക് പുതുജീവൻ കൈവരും.

തെങ്ങുകയറ്റത്തൊഴിൽമേഖലയിൽ നിർജീവതയും തൊഴിലാളികളില്ലാത്ത അവസ്ഥയും നിലനില്ക്കുന്നു. അപകടകരമായ ഈ തൊഴിലിന് മതിയായ പരിരക്ഷ ലഭിക്കാത്തതിനാൽ ഇതിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുമാറി കൊണ്ടിരിക്കുകയാണ്. വേലസമുദായങ്ങളുള്ള 5-ാം വാർഡിൽ 2 പേർ മാത്രമാണ് തെങ്ങുകയറുന്നത്. ഈ തൊഴിലാളികളെ കാർഷികമേഖലയിലാണ് പെടുത്തിയിരിക്കുന്നത്. വ്യവസായ പ്രാരംഭത്തൊഴിലാളികളായ ഇവരെ പരുത്തി തേയില കൃഷിമേഖലയിലെപ്പോലെ വ്യവസായത്തൊഴിലാളികളായി പരിഗണിക്കേണ്ടതുണ്ട്.

അലക്കുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ശുദ്ധജലക്ഷാമം മൂലം തൊഴിൽമാന്ദ്യം സംഭവിച്ചിട്ടുണ്ട്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാംക്രമികരോഗം പിടിപെടാനുള്ള സാദ്ധ്യതയുണ്ട്. തന്മൂലം അവരുടെ ആരോഗ്യപരിശോധനയും ആരോഗ്യപരിപാലനവും അത്യന്താപേക്ഷിതമാണ്.

തഴപ്പാനെയ്ത്തിന്റെ അസംസ്കൃത സാധനമായ കൈതയോലകൾ സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ ഈ തൊഴിലിന് മാന്ദ്യം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഈ തൊഴിലാളികൾക്ക് മതിയായ സംരക്ഷണം നൽകപ്പെടുന്നില്ലെങ്കിൽ ഈ മേഖല പൂർണ്ണമായും ഇല്ലാതാകും.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന 40-ഓളം പേർ മരപ്പണിയിലേർപ്പെട്ടിട്ടുണ്ട്. അവരുടെ തൊഴിൽസംരക്ഷണത്തിനുള്ള മതിയായ നടപടികൾ ഉണ്ടാകണം.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നൽകുന്ന ധനസഹായം ഭാഗികനേട്ടം കൈവരിച്ചിട്ടുണ്ട്. സൗകര്യങ്ങൾ കുറവാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്ന് മോചനം നേടിയിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഭവനനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവിന് അനുസരിച്ചുള്ള തുക ലഭിക്കാത്തതിനാൽ ഭൂരിപക്ഷം വീടുകളും പണിതീരാത്ത വീടുകളായിത്തീർന്നിരിക്കുന്നു. പൊതുസ്ഥിതിനോക്കിയാൽ പൊട്ടിപ്പൊളിഞ്ഞും ജീർണ്ണിച്ചുമാണ് വീടുകൾ. അവ പൊളിച്ചുമാറ്റി സുരക്ഷിതത്വമുള്ളവ നിർമ്മിച്ചുകൊടുക്കണം. അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരുടെ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്, പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളേറെയും.

പല കോളനികളിലും കക്കൂസില്ല. ഒറ്റപ്പെട്ടു ജീവിക്കുന്നവരുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഏകദേശം നൂറിനുമേൽ വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. 4-ാം വാർഡിലെ 8 വീടുകളിൽ ആൾത്താമസമില്ല. പൊതുവെ ശുദ്ധജലക്ഷാമം വ്യാപകമാണ്. 4ാം വാർഡിലെ ഐ.എച്ച്.ഡി.പി. കോളനിയിലും നമ്പ്യത്തു കോളനിയിലും വളരെക്കാലമായി ഉപയോഗശൂന്യമായ കുളങ്ങളുണ്ട്.

## വിദ്യാഭ്യാസം

നിരക്ഷരർ കുറവാണെങ്കിലും, ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ഈ വിഭാഗത്തിലുണ്ടെങ്കിലും വേണ്ടത്ര പുരോഗതി പ്രാപിക്കാൻ കഴിഞ്ഞിട്ടില്ല. പ്രീഡിഗ്രി വിദ്യാഭ്യാസത്തിന് ശേഷം കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പലർക്കും പഠനം നിർത്തേണ്ടിവരുന്നു. പ്രീ എക്സാമിനേഷൻ സെന്ററുകളുടെ പ്രവർത്തനം താലൂക്കുകളിലേയ്ക്കെങ്കിലും വ്യാപിപ്പിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് അല്പം ശമനമുണ്ടാകും. പൊതുവെ സാംസ്കാരികസമ്മേളനങ്ങളോ സദസ്സുകളോ സംഘടിപ്പിക്കാറില്ലാത്തതിനാൽ വിദ്യാഭ്യാസ വിദഗ്ദരുടെ ഇടപെടൽ ഈ സ്ഥിതിഗതികളിൽ മാറ്റമുണ്ടാക്കുന്നതാണ്.

സർക്കാർ നല്കിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ വിലക്കയറ്റത്തിന് ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഒരു ബാലവാടി എങ്കിലും സ്ഥാപിക്കപ്പെടണം. അതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത 10% പേർക്കെങ്കിലും പ്രവേശനം നൽകിയാൽ ബാല്യം മുതൽക്കു പ്രകടമാകുന്ന ജാതീയമായ ഉച്ചനീചത്വത്തിന് അയവ് സംഭവിക്കും.

## സാംസ്കാരികരംഗം.

നാടൻകലകളിൽ പ്രാവീണ്യംസിദ്ധിച്ച കലാകാരന്മാർ ഈ പഞ്ചായത്തിലുണ്ട്. വേലൻ സമുദായത്തിലെ പരമ്പരാഗത കലയാണ് ഉടുക്കുപാട്ട്. ഈ പഞ്ചായത്തിലെ ഭഗവതീക്ഷേത്രങ്ങളിൽ ഈ സമുദായാംഗങ്ങളുടെ തോറ്റംപാട്ട് കഴിഞ്ഞകാലങ്ങളിൽ നടന്നിരുന്നു.

പിൽക്കാലത്ത് അന്യസമുദായക്കാർ ഈ മേഖലയിലേക്ക് കടന്നുവന്നതോടെ പാരമ്പര്യകലയിൽ അവർ ഒറ്റപ്പെട്ടു. ഈ കലാവിഭാഗത്തിന്റെ പരിപോഷണത്തിന് സാംസ്കാരിക വകുപ്പിന്റെ പ്രത്യേക പരിഗണന ആവശ്യമാണ്.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരികയാണ്. അതിനാൽ ഇതര മേഖലകളിലേക്ക് തൊഴിൽ തേടിപ്പോകുന്നു.
3. എല്ലാവർക്കും വീടോ, വീടുവയ്ക്കാൻ സ്ഥലമോ ഇല്ല. ഭവനനിർമ്മാണത്തിനുള്ള ധനസഹായം കാലാനുസരണം വർദ്ധിപ്പിക്കാത്തതിനാൽ പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. അറ്റകുറ്റപ്പണികൾക്കും ധനസഹായം ആവശ്യമാണ്. പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.
4. കോളനികളിൽ എല്ലാം വൈദ്യുതി ഇല്ല.
5. പൊതുശ്മശാനം പ്രവർത്തനയോഗ്യമല്ല.
6. ആരോഗ്യസംരക്ഷണസംവിധാനം തൃപ്തികരമല്ല. നിർദ്ധനകുടുംബാംഗങ്ങളുടെ ചികിത്സക്ക് മതിയായ സഹായം ലഭിക്കുന്നില്ല.
7. നിർദ്ധനകുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം കൃത്യമായി ലഭിക്കുന്നില്ല.
8. ഐ.ആർ.ഡി.പി., ജെ.ആർ.വൈ, സ്വയം തൊഴിൽ സഹായം എന്നിവ നൽകുന്നതിൽ ബാങ്കുകളുടെ പൂർണ്ണമായ സഹകരണമില്ല.
9. പട്ടികജാതിപട്ടികവർഗ്ഗ കോർപ്പറേഷനും മറ്റ് ഏജൻസികളും നൽകുന്ന ധനസഹായവും, വായ്പകളും യഥാസമയം ലഭിക്കാത്തതിനാൽ സ്വകാര്യ പണമിടപാടുകാരുടെ വലയിൽപ്പെട്ട് കടക്കെണിയിലാകുന്നു. അതിനാൽ ധനസഹായവും, വായ്പകളും ഉദ്ദിഷ്ടലക്ഷ്യം കൈവരിക്കുന്നില്ല.
10. വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവ് പരിമിതമായതിനാൽ അവ ലക്ഷ്യസാദ്ധ്യത്തിലെത്തുന്നില്ല.

### സാധ്യതകൾ.

1. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണർ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ചേരിക്കൽ പ്രദേശത്ത് ഒരു വാട്ടർടാങ്ക് സ്ഥാപിച്ചാൽ രണ്ടാംവാർഡിന്റെ വടക്കേഅറ്റത്തേയ്ക്കും, നാലും അഞ്ചും വാർഡുകളിലേക്കും ശുദ്ധജലവിതരണം നടത്താൻ കഴിയും.
2. അലോപ്പതി ഡിസ്പൻസറി ആവശ്യമാണ്. നിലവിലുള്ള ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന ഏർപ്പാട് ഉണ്ടാക്കണം.
3. താല്പര്യമുള്ള സാമൂഹ്യപ്രവർത്തകരുടെ സഹകരണത്തോടെ ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്താവുന്നതാണ്.
4. പട്ടികജാതിപട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുകയും നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുകയും ചെയ്യണം.
5. വികസനപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും, വായ്പകളും ധനസഹായവും ദുരുപയോഗപ്പെടുത്താതിരിക്കാനും പഞ്ചായത്ത്തല ഉപദേശക സമതികൾക്ക് രൂപം നൽകണം.

### പട്ടികജാതിപട്ടികവർഗ്ഗ ക്ഷേമത്തിന് ചില നിർദ്ദേശങ്ങൾ.

1. പട്ടികജാതിപട്ടികവർഗ്ഗക്കാരെ മറ്റുസമുദായങ്ങളിൽ നിന്ന് അന്യവൽകരിക്കുന്ന കോളനി സമ്പ്രദായം അവസാനിപ്പിച്ച്, അവരെ മറ്റു സമുദായങ്ങളോടൊപ്പം താമസിപ്പിക്കുകയും കോളനിവാസികൾക്ക് നൽകിപ്പോരുന്ന ആനുകൂല്യങ്ങളെല്ലാം നൽകുകയും ചെയ്യുക.
2. കാർഷികവൃത്തി ആകർഷകമാക്കുക.
3. കൃഷിഭവന്റെ സഹായത്തോടെ മരച്ചീനി, വാഴ, പച്ചക്കറികൾ എന്നിവ പഞ്ചായത്തിലെ തരിശുനിലങ്ങൾ പാട്ടവ്യവസ്ഥയിൽ കർഷക തൊഴിലാളികൾക്ക് കൃഷി ചെയ്യുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും, കാർഷികോൽപന്നങ്ങൾ ലാഭകരമായി വിറ്റഴിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
4. പശു, ആട്, താറാവ്, കോഴി എന്നിവയെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക.
5. വീടു് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് പുനരധിവാസ പദ്ധതി പ്രകാരം വീടിനുള്ളസ്ഥലവും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകുക.
6. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ

വ്യവസ്ഥയിൽ നൽകുക.

7 ലക്ഷംവീടുകോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കുക.

8. ഒറ്റതിരിഞ്ഞ വീടുകളിലെ മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകെട്ടാൻ ധനസഹായം നൽകുക.

9. ചതുപ്പുകളിലുള്ള വീടുകൾ മണ്ണിട്ടുയർത്തുക.

10. ഓലമേഞ്ഞ വീടുകൾ പൂർണ്ണമായും ഒഴിവാക്കി താമസയോഗ്യമായ വീടുകൾ നിർമ്മിച്ച് നൽകുക.

11. പട്ടികജാതി വികസനവകുപ്പ്മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തു നടപ്പിലാക്കുക.

12. 4-ാം വാർഡിലെ ഐ.എച്ച്.ഡി.പി. കോളനിയിൽ ആൾത്താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ വീടില്ലാത്തവർക്ക് അർഹതയുടെ മാനദണ്ഡത്തിൽ നൽകുക.

13. നമ്പ്യത്തുകോളനിയിൽ വളരെക്കാലമായി ഉപയോഗശൂന്യമായി ക്കിടക്കുന്ന കുളം വെട്ടുക.

14. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചേരിക്കൽ പ്രദേശത്ത് ഒരു വാട്ടർടാങ്ക് നിർമ്മിക്കുക.

15. വാട്ടർ ഹൗസ്കണക്ഷൻ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യമായി നൽകുക.

16. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് നൽകുക.

17. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

18 പാരലൽകോളേജ് വിദ്യാർത്ഥികൾ ആനുകൂല്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഓഫീസർക്ക് അപേക്ഷ നൽകുന്ന രീതി മാറ്റി ഗ്രാന്റ് നൽകാനുള്ളഅധികാരം പഞ്ചായത്തിന് നൽകുക.

19. എസ്. എസ്. എൽ. സി., പ്രിഡിഗ്രി, ഡിഗ്രി പരീക്ഷകളിൽ പരാജയപ്പെടുന്നവർക്കുള്ള ധനസഹായം, അവരെ കണ്ടെത്താനുള്ള സൗകര്യം കണക്കിലാക്കി, പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുക.

20. പഠനത്തോടൊപ്പം തൊഴിൽ എന്ന രീതിയിൽ തയ്യൽ, ബുക്ക് ബയന്റിംഗ്, വാഴനാരു കൊണ്ടും ചിരട്ടകൊണ്ടുമുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയിൽ പ്രാവീണ്യം സിദ്ധിച്ചവരുടെ സേവനം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുക.

21. കരകൗശലവസ്തുക്കളുടെ നിർമ്മാണവും തയ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഞ്ചായത്തു തലത്തിലേക്ക് വ്യാപിപ്പിക്കുക.

22. ബുക്ക്ബയന്റിംഗ് പരിശീലനം കിട്ടിയിട്ടുള്ളവർക്ക് ആ തൊഴിൽചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുക.

23. എസ്. എസ്. എൽ.സി. ക്ക് ശേഷം പഠനം തുടരുന്നതിന് പഞ്ചായത്തുതലത്തിൽ പ്രോത്സാഹനം നൽകാനുള്ള ഏർപ്പാടുണ്ടാക്കുക.

24. കുടുംബബാധ്യതകളാൽ പഠനം നിർത്തേണ്ടി വരുന്നവരെ കണ്ടെത്തി പഠനം തുടരാൻ പഞ്ചായത്ത് പ്രോത്സാഹനം നൽകുക.

25. തഴപ്പാനെയ്ത്ത്, ചകിരികൊണ്ടും വാഴനാരുകൊണ്ടും ഉള്ള ഉല്പന്നങ്ങൾ എന്നിവ വ്യവസായികാടിസ്ഥാന ത്തിൽ ഉല്പാദിപ്പാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

26. കയർ കൈത്തറിമേഖലയിൽ സ്ത്രീകൾക്ക് സഹകരണസംഘങ്ങൾ രൂപീകരിക്കുക.

27. വ്യവസായപരിശീലനം നൽകുകയും, വ്യവസായികസംരഭങ്ങളിൽ ഏർപ്പെടുന്നവർക്ക് വായ്പ അനുവദിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ ക്കുള്ള വൈമുഖ്യം ഇല്ലാതാക്കുകയും ചെയ്യുക.

28. 5-ാം വാർഡിൽ റേഷൻകട ഇല്ലാത്തതിനാൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിക്കോ പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണസ്ഥാപന ത്തിനോ റേഷൻകട തുടങ്ങാനുള്ള സൗകര്യം ഉണ്ടാ ക്കികൊടുക്കുക.

29. 4-ാം വാർഡിൽ ഐ.എച്ച്.ഡി.പി. കോളനിയോടനു ബന്ധിച്ച് കേരളസ്റ്റോർ ആരംഭിക്കുക.

30. പൊതു ശ്മശാനം എത്രയുംവേഗം പൂർത്തിയാക്കി ഉപയോഗപ്രദമാക്കുക.

31. ഐ.എച്ച്.ഡി.പി. കോളനിയിലെ കുളം വെട്ടുന്നതിന് ഏർപ്പാ ടുണ്ടാക്കുകയും, റോഡ് ഗതാഗതയോഗ്യമാ ക്കുകയും, വഴിവിളക്കുകൾ കത്തിക്കുകയും, ചതു പ്പുനിലങ്ങൾ നികത്തി കൃഷിക്ക് യോഗ്യമാക്കുകയും ചെയ്യുക.

32. സരസ്വതി ലക്ഷംവീട് കോളനിയിൽ നിന്നും കൊട്ടാ രപ്പള്ളി വരേയുള്ള റോഡും, ആശാരിശ്ശേരി കോ ളനി, നമ്പ്യത്തു കോളനി., കാരിക്കശ്ശേരി കോളനി എന്നിവിടങ്ങളിലെ ഇടവഴികളും ഗതാഗതയോഗ്യ മാക്കുക.

33. മൂത്തേടത്ത്കാവ് ടി.വി.പുരം റോഡ് ഗതാഗത യോഗ്യമാക്കുക.

34. വടകോടി സെറ്റിൽമെന്റ്കോളനിയിൽകൂടി പോകുന്ന പൂതനേഴത്തു-പൈനുങ്കൽ റോഡ് വികസിപ്പിച്ച് ഗതാ ഗതയോഗ്യമാക്കുക.

35. വടകോടി സെറ്റിൽമെന്റ്കോളനിയിൽകൂടി പുതു തായി വെട്ടിയ കുറുമൂലയിൽറോഡ് പണിപൂർത്തി യാക്കുക.

36. പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷന്റെ വായ്പകളും സഹായധനങ്ങളും കൃത്യമായി ഗുണ ഭോക്താക്കൾക്ക് ലഭിക്കുന്നതിനും, ദുരുപയോഗം തട യുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സെൽ രൂപീകരിക്കുകയും, അതിന്റെ മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.
37. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം ആരംഭി ക്കുക.
38. ആയുർവ്വേദ ഔഷധനിർമ്മാണത്തിൽ പരമ്പരാഗത മേഖലക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.
39. 2-ാം വാർഡിലെ മണ്ണംപ്പള്ളികോളനി, പയറാട്ടു കോളനി 6-ാം വാർഡിലെ സരസ്വതിലക്ഷം വീട് കോളനി, പള്ളിപ്പുറത്തുശ്ശേരിമണ്ണത്താനം കിഴക്ക് കോളനി എന്നിവ സെറ്റിൽമെന്റ് കോളനി കളായി ഉയർത്തികൊണ്ടുവരിക.
40. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ഒറ്റപ്പെട്ടു താമസിക്കുന്ന ഈ വിഭാഗം ആൾക്കാരിലും ബോധവൽകരണ ക്ലാസ്സുകളും പ്രഗൽഭരായ സാംസ്കാരികനായകന്മാരുടെ പ്രഭാഷണങ്ങളും സംഘടിപ്പിക്കുക.
41. എല്ലാ വാർഡുകളിലും വായനശാല ആരംഭിക്കുക.
42. പയറാട്ടുകോളനിയിലും, വടകോടികോളനിയിലും ആശാരിശ്ശേരികോളനിയിലും ടി.വി. സെറ്റ് സ്ഥാപി ക്കുക.
43. അഭ്യസ്തവിദ്യരുടേയും ഉദ്ദേശശുദ്ധിയുള്ള പൊതുപ്ര വർത്തകരുടേയും സേവനം, വിദ്യാർത്ഥികളുടേയും സാധാരണക്കാരുടേയും നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
44. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക.
45. സ്വകാര്യ പണമിടപാടുകാരുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുക.

> സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെ നിന്നാണ് അങ്ങിനെ ഓരോഗ്രാമവും മുഴുവൻ അധികാരവുമുള്ള ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. അങ്ങിനെയുള്ള ഒരു സമൂഹം ഉയർന്ന സാംസ്കാരിക മൂല്യമുള്ളതായിരിക്കും. ഓരോ സ്ത്രീക്കും പുരുഷനും ബോധമുണ്ടായിരിക്കും തങ്ങൾക്കെന്താണ് വേണ്ടതെന്ന്. അതുമാത്രമല്ല സമമായ അദ്ധ്വാനം കൊണ്ട് മറ്റൊരാൾക്ക് കിട്ടാത്ത ഒന്നും തന്നെ യാതൊരാളും ആഗ്രഹിക്കരുതെന്നും അറിയുന്നുണ്ടാവും.
>
> ഗാന്ധിജി



# വിഭവസമാഹരണം

വൻകിടവ്യവസായങ്ങളോ, തൊഴിൽ സ്ഥാപനങ്ങളോ മണിമന്ദിരങ്ങളോ ഇല്ലാത്ത ഒരു ദരിദ്രപഞ്ചായത്ത് ആണ് ടി.വി. പുരം. അതിനാൽ നികുതി ഇനത്തിൽ വലിയൊരു തുക ലഭിക്കുന്നില്ല. അതിലേറെ ചെലവ് വരുന്നു. ഭരണച്ചെലവിൽ കാര്യമായകുറവ് വരുത്തുവാൻ കഴിയുകയില്ലാത്ത സാഹചര്യത്തിൽ കൂടുതൽ വിഭവസമാഹരണ സാധ്യതകൾ കണ്ടെത്തിക്കൊണ്ടുമാത്രമേ നമ്മുടെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ കഴിയുകയുള്ളൂ. വിഭവസമാഹരണത്തിനായി പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാൻ വേണ്ടിയുള്ള അന്വേഷണങ്ങൾക്ക് തുടക്കം കുറിക്കുക മാത്രമാണിവിടെ ചെയ്യുന്നത്.

കയർ, കക്ക, മത്സ്യബന്ധനം, തഴപ്പായ, കെട്ടിടനിർമ്മാണം എന്നീ പരമ്പരാഗതതൊഴിൽ മേഖലകളും, നാളികേരം, നെല്ല് എന്നീ കൃഷികളുമാണ് നമ്മുടെ നാട്ടിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കക്കവാരൽ, കെട്ടിടനിർമ്മാണം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് താരതമ്യേന ഭേദപ്പെട്ടവരുമാനം ലഭ്യമാണ് എന്നാൽ മറ്റു പരമ്പരാഗതതൊഴിൽമേഖലകളിലെ മുരടിപ്പാണ് ഇന്ന് നമ്മുടെ ഗ്രാമം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് അതിശക്തമായ ഇടപെടലുകളിലൂടെ പ്രസ്തുതരംഗത്ത് അഭൂതപൂർവ്വമായ മാറ്റങ്ങൾ വരുത്തുവാൻ ആവശ്യമായ സാമൂഹ്യഭൗതിക സാഹചര്യങ്ങൾ നമുക്കുണ്ട്. സഹകരണരംഗത്തെ കൂടുതൽ സജീവമാക്കിക്കൊണ്ട് ഈ രംഗത്ത് ഇന്ന് നിലനില്ക്കുന്ന ചൂഷണപ്രവണതകൾ പിഴുതെറിയുകയും പരമ്പരാഗത തൊഴിൽവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തുകൊണ്ട് മാത്രമേ നമുക്ക് ഈ മേഖലയിൽ നിന്നും കൂടുതൽ വിഭവസമാഹരണ സാധ്യതകൾ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ളവയുൾപ്പെടെ വിരലിലെണ്ണാവുന്നത്ര ചെറുകിടവ്യവസായ യൂണിറ്റുകളേ നമ്മുടെ പഞ്ചായത്തിലുള്ളൂ. കൂടുതൽ മൂലധനനിക്ഷേപമുള്ള ഒരു വ്യവസായസ്ഥാപനവും പഞ്ചായത്തിലില്ല. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിനും അവർക്ക് പ്രോത്സാഹനം നല്കുന്നതിനും സഹായകരമായ രീതിയിൽ വ്യവസായ സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ടും മറ്റും നമുക്ക് ഈ രംഗത്ത് ഇടപെടുവാൻ കഴിയണം. വ്യാപാര വ്യവസായമേഖലയിൽ വായ്പാലഭ്യത വളരെ കുറവായതിനാൽ സ്വകാര്യപണമിടപാടുകാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതും അവർ അമിതമായ പലിശ ഈടാക്കിക്കൊണ്ടു കൊള്ളലാഭം കൊയ്യുന്നതും ഗൗരവത്തോടെ കണ്ട് അടിയന്തരപരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കണം. വ്യവസായികരംഗത്ത് ഊർജ്ജലഭ്യത കണക്കിലെടുക്കാതെ ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതി ആവശ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണമേഖലയിലും സ്വകാര്യമേഖലയിലും നടക്കുന്ന ശ്രമങ്ങളും ഗൗരവത്തോടെതന്നെ വിലയിരുത്തേണ്ടതാണ്.

കാർഷികരംഗം പൊതുവേ മുരടിപ്പിലാണ്. ഒട്ടേറെ പ്രശ്നങ്ങളാൽ നട്ടം തിരിയുകയാണ് നമ്മുടെ കർഷകർ. കർഷകത്തൊഴിലാളികൾക്ക് ലഭ്യമായ തൊഴിൽദിനങ്ങളുടെ കുറവുമൂലം മറ്റു തൊഴിൽ മേഖലകളെ അഭയം പ്രാപിക്കുകയാണ്. കേരളത്തിൽ പലയിടത്തും വിജയം കൈവരിച്ചുകൊണ്ടിരിക്കുന്ന കാർഷിക മേഖലയിലെ സംഘ പ്രവർത്തനങ്ങൾ മാതൃകയായി സ്വീകരിച്ചുകൊണ്ട് പരിമിതികൾ മറികടക്കുവാൻ കഴിയും.

കാർഷിക വ്യാവസായിക മേഖലയിൽ ഫലപ്രദമായി കൈകടത്താനുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭിക്കുന്നതോടെ മാത്രമേ ശക്തമായ ഇടപെടലുകൾ ഈ

രംഗത്ത് സാധ്യമാകൂ എങ്കിലും വ്യവസായികളിലും കർഷകരിലും ഉണർവ്വും പ്രത്യാശയും വളർത്തിയെടുക്കുവാൻ കഴിഞ്ഞെങ്കിലേ നമുക്ക് സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയൂ.

ഗൾഫിലും പുറം രാജ്യങ്ങളിലും ജോലിയെടുക്കുന്നവരിൽ ഉയർന്ന സാമ്പത്തികനില കൈവരിച്ചവർ കുറവാണ്. എങ്കിലും മെച്ചപ്പെട്ട ജീവിതനിലവാരത്തിലെത്തുവാൻ ഇവരുടെ കുടുംബങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അവരുടെ സഹായത്തോടെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും.

വിദേശത്ത് ജോലിചെയ്യുന്നവർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| എണ്ണം | 15 | 16 | 21 | 5 | 6 | 10 | 10 | 16 | 12 |

നിലവിലുള്ള നികുതി പിരിവുകളിൽ ജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുകയും നികുതികൾ യുക്തിസഹമാക്കുകയും ആയതു ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതികൊടുക്കൽ വഴി ചെയ്യുന്നത് എന്ന ധാരണ ജനങ്ങൾക്ക് ഉണ്ടാകണം. അതിനു പഞ്ചായത്തിന്റെ വരവുചെലവുകൾ ജനങ്ങളെ അറിയിക്കേണ്ടത് അനിവാര്യമാണ്. കണക്കിൽ സുതാര്യത, അതായത് സാധാരണ പൗരന് മനസ്സിലാക്കാൻ കഴിയുന്ന ശൈലി, സ്വീകരിക്കുകയും വേണം. കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ജനങ്ങളെ അറിയിക്കുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാവണം. ചെറുതോ വലുതോ ആയ വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. നികുതി പിരിവ് ഉദ്യോഗസ്ഥരുടെ മാത്രം ചുമതലയല്ല മറിച്ച് ജനപ്രതിനിധികളും പഞ്ചായത്തിലെ ബഹുജന നേതാക്കളും കൂടി പങ്കുകൊണ്ടുള്ള കൂട്ടു പ്രവർത്തനമാക്കി മാറ്റണം. നികുതി പിരിച്ചെടുക്കലും ഒരു വികസന പ്രവർത്തനമാണെന്ന തിരിച്ചറിവ് വ്യാപകമായി പ്രചരിപ്പിക്കപ്പെടണം.

### കെട്ടിട നികുതി.

കെട്ടിട നികുതിയിനത്തിൽ 1995-96 സാമ്പത്തിക വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ പിരിച്ചെടുത്ത തുക 1,14,154 രൂപാ 55 പൈസയാണ്. ഭവനനിർമ്മാണത്തിലെ ധൂർത്ത് നിരുത്സാഹപ്പെടുത്തുവാൻ നികുതി കണക്കാക്കൽ രീതി പരിഷ്ക്കരിക്കണം. കെട്ടിടനികുതി കണക്കാക്കിയ രീതി ഉടമയെ ബോധ്യപ്പെടുത്തുകയും വേണം. കാലാനുസൃതമായ മതിപ്പുവില കണക്കാക്കി നികുതി ഈടാക്കാവുന്നതാണ്. അതിൽ അഴിമതിയും സ്വജന പക്ഷപാതവും കർശനമായി ഒഴിവാക്കപ്പെടണം.

### തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ 95 96 വർഷത്തിൽ വരവ് 68,466 രൂപയാണ്. പഞ്ചായത്തിലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നു മാത്രമാണ് ഇപ്പോൾ നികുതി ഈടാക്കി വരുന്നത് സ്ഥിരമായി തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

### വിനോദനികുതി.

വിനോദനികുതിയിനത്തിൽ സാമ്പത്തികവർഷത്തിൽ ലഭിച്ച തുക 6884 രൂപ മാത്രമാണ്. പഞ്ചായത്തിലുള്ള സിനിമാ തിയേറ്റർ ആധുനികവത്ക്കരിക്കപ്പെടണം. നമ്മുടെ പഞ്ചായത്തിൽ ഒരു ആഡിറ്റോറിയം ഇല്ല. അത് നിർമ്മിക്കുന്നതിലൂടെ വിനോദപരിപാടികളിൽ നിന്നും കൂടുതൽ ആദായം ലഭിക്കുകയും നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യസാംസ്കാരികരംഗത്ത് വലിയൊരു മുന്നേറ്റത്തിന് വഴി തുറന്നു കൊടുക്കുകയും ചെയ്യും.

### വ്യാപാര വ്യവസായ ലൈസൻസ്.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വ്യാപാരി വ്യവസായികളിൽ നിന്നും ലൈസൻസ് ഫീസ് വർഷം തോറും വസൂലാക്കുന്നതിന് വിറ്റുവരവുതുകയുടെ അടിസ്ഥാനത്തിലോ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാന ത്തിലോ ഫീസ് ചുമത്തുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ സ്ഥാപനങ്ങൾക്കും ഏകീകൃത ഫീസ് വസൂലാക്കുന്ന നിലവിലുള്ള രീതി മാറ്റണം.

### ടൂറിസം

പഞ്ചായത്തിന്റെ തെക്ക് കിഴക്കേ മൂലയിലുള്ള 'തുരുത്ത്' ഒരു വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കണം. അവിടെ നടക്കുന്ന ശ്രമത്തെ പ്രോത്സാഹിപ്പിക്കണം. കൊല്ലം കോട്ടപ്പുറം ദേശീയജലപാത നിലവിൽ വരുന്നതോടെ ഒട്ടേറെ ശ്രദ്ധിക്കപ്പെടുന്ന ഒരു കേന്ദ്രമായി നമുക്ക് അതിനെ മാറ്റിയെടുക്കാൻ സാധിക്കും. കുമരകം ടൂറിസ്റ്റു കോംപ്ലക്സിന്റേയും തണ്ണീർമുക്കം

ബണ്ടിന്റേയും സാമീപ്യം ഈ വിനോദകേന്ദ്രത്തിന് സഹായകമാണ്. മൂത്തേടത്തുകാവ് ക്ഷേത്രം, തൃണയംകുടം ക്ഷേത്രം, സരസ്വതീ ക്ഷേത്രം, വൈക്കം ഫൊറാനപ്പള്ളി എന്നിവയുടെ ഇതിഹാസപരമായ പ്രാധാന്യം പ്രചരിപ്പിച്ച് തീർത്ഥാടകരെ ആകർഷിക്കാവുന്നതാണ്. വൈക്കം മഹാദേവക്ഷേത്രത്തിന്റെ സാമീപ്യം ഇതിന് സഹായകരമാണ്.

## ഇന്ദിരാ വികാസ് പത്ര.

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25 % ആണ് പഞ്ചായത്തിന് തന്നെ ലഭിക്കുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം. പഞ്ചായത്തുകമ്മറ്റിയുടെ മാത്രം ചുമതലയായി മാറാതെ വാർഡ് തോറും ജനകീയകമ്മറ്റികൾ രൂപീകരിച്ച് 'ഒരു വീടിനൊരു ഇന്ദിരാ വികാസ് പത്ര' എന്ന പരിപാടി നടപ്പിലാക്കണം. അങ്ങിനെ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളും ചെറുതോ വലുതോ ആയ തുക നല്കി വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാവട്ടെ. അടുത്ത ഓണക്കാലത്ത് ഇതൊരു ജനകീയപദ്ധതിയായി നടത്താൻ കഴിയണം. ഒരു കോടി രൂപയുടെ വികാസ് പത്ര എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

## ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്ത്പരിധിക്കകത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ കൊടുക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ.
2. ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം (നമ്പർ 622)
3. പള്ളിപ്രത്തുശ്ശേരി സഹകരണസംഘം (നമ്പർ 923)
4. ഐശ്വര്യാ ഫിനാൻസിയേഴ്സ്
5. മഴുവഞ്ചേരിൽ ഫിനാൻസിയേഴ്സ്.
6. പെരുഞ്ചേരിൽ ഫിനാൻസിയേഴ്സ്.

ഇവയ്ക്കു പുറമേ എല്ലാ വാർഡുകളിലുമുള്ള കെട്ടുതെങ്ങുവായ്പാസംഘങ്ങളും വായ്പകൾ നല്കി വരുന്നുണ്ട്. എന്നാൽ പട്ടികയിലുള്ള സഹകരണ ബാങ്കുകളുടെ നിക്ഷേപത്തിന്റെ നല്ലൊരു ശതമാനം വായപയായി നല്കുന്നെണ്ടങ്കിലും സ്റ്റേറ്റ് ബാങ്ക് ഇക്കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിച്ചു കാണുന്നില്ല.

## ധനാഗമന മാർഗ്ഗങ്ങൾ

1. നമ്മുടെ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തുകയും ഒരു മാപ്പ് തയ്യാറാക്കുകയും അവിടെ ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുകയും വേണം. അങ്ങിനെ പുറമ്പോക്കു ഭൂമിയിൽ നിന്ന് വരുമാനം ഉണ്ടാക്കുവാൻ കഴിയും.
2. നമ്മുടെ പഞ്ചായത്തിന്റെ പുറമ്പോക്കായി ശേഖരിക്കുന്ന കക്കായ്ക്ക് നികുതി ഈടാക്കാൻ കഴിയണം.
3. പൊതു മാർക്കറ്റിലെ വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ മാർക്കറ്റിൽ ഉള്ള സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കണം. അർഹതപ്പെട്ട വിഹിതം പൂർണ്ണമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം.
4. നമ്മുടെ പഞ്ചായത്തിൽ പാർക്കു ചെയ്തോടുന്ന ടാക്സി വാഹനങ്ങൾക്ക് നികുതി ചുമത്തുക.
5. വസ്തുവിന്റെ വിലയും ആദായവും കണക്കിലെടുത്തു കൊണ്ട് ശാസ്ത്രീയമായി ഭൂനികുതി ചുമത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.
6. സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കുന്ന അവസ്ഥ മാറ്റി ഗ്രാന്റ് പിരിക്കുന്ന മേഖലയിൽ നിന്നു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ്ഡ്യൂട്ടിവിഹിതം, വെഹിക്കിൾ ടാക്സ്, എന്നിവ ഒന്നും രണ്ടും വർഷം കഴിഞ്ഞ് പഞ്ചായത്തിൽ കിട്ടുന്ന രീതി മാറ്റണം.

## ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ഉത്പാദനപരമായി ചെലവഴിക്കുന്നതിൽ നാം ഇതു വരെ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പൊതുമരാമത്തു ജോലിക്കായാണ് കൂടുതൽ പണം ചെലവഴിക്കപ്പെടുന്നത്. ഇതാവട്ടെ കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ ചെയ്യാത്തതു മൂലം ചെലവഴിക്കപ്പെടുന്ന പണത്തിന്റെ സിംഹഭാഗവും പാഴാവുകയാണ്. ഇതൊരു പ്രധാന വിഭവച്ചോർച്ചയാണ്. ഇത് തടയുന്നതിന് റോഡ് സംരക്ഷണം, റോഡിന്റെ ഇരുവശവുമുള്ള ജനകീയസമതികളെ ചുമതലപ്പെടുത്താവുന്നതാണ്.

## മനുഷ്യാദ്ധ്വാനം

നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പ്രധാനവും സുലഭവുമായ വിഭവം മനുഷ്യന്റെ അദ്ധ്വാനശേഷിയാണല്ലോ. നമ്മുടെ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങളുണ്ട്. സ്വന്തം നാടിന്റ വികസനത്തിന് തന്റെ അദ്ധ്വാനശേഷി സംഭാവന നല്കുക എന്നത് വളരെയേറെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതായ ഒരു മഹത്തായ ചിന്താഗതിയാണ്. നമ്മുടെ റോഡുകൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇത്തരത്തിൽ ഒട്ടേറെ

മനുഷ്യാധ്വാനവും പണവും അവയ്ക്കുവേണ്ടി നമ്മുടെ നാട്ടുകാർ സംഭാവന നല്കിയിട്ടുണ്ട് എന്നുംകാണാം. സാക്ഷരതാ പ്രവർത്തനത്തിനും സജീവ പങ്കാളിത്തം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു.

ബഹുജനസംഘടനകൾക്ക് എല്ലാം തന്നെ സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് തന്നെ മനുഷ്യാധ്വാനസമാഹരണപ്രവർത്തനങ്ങൾ വളരെ എളുപ്പമാണ്. ബഹുജനസംഘടനകളുടെ ഓരോ ചെറിയ ഇടപെടലുകൾക്കും ഇവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

ഓരോ വികസന തുറകളിലും ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമസഭാറിപ്പോർട്ടുകളിൽ ഉണ്ട്. അവയെല്ലാം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ വിഭവസമാഹരണത്തിന് നാം ഓരോരുത്തരും സജീവമായി ഇടപെടണം. കേരളത്തിലെ പല പഞ്ചായത്തിലും രൂപീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അയൽക്കൂട്ടം, നാട്ടുകൂട്ടം, വികസനസമതി തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലും രൂപീകരിക്കപ്പെടുന്നതോടെ മാത്രമേ നമുക്ക് ജനപങ്കാളിത്തം വികസനപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉറപ്പുവരുത്തുവാൻ കഴിയൂ. പണമില്ലാ എന്നു പറഞ്ഞ് പണിയെടുക്കാതിരിക്കലല്ല മറിച്ച് നാടിന്റെ സമഗ്രവികസനത്തിനായി നിരന്തരമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ശൈലി.

> **ബുദ്ധിപൂർവ്വകമായ മാർഗ്ഗനിർദ്ദേശം ഉണ്ടെങ്കിൽ ഗ്രാമീണർക്ക് ഗ്രാമത്തിലെ വരവ് ഇരട്ടിപ്പിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിൽ അക്ഷയമായ വിഭവ സമാഹാരമുണ്ട്. ഏറ്റവും വലിയ നിർഭാഗ്യം തങ്ങളുടെ നില ഉയർത്തുന്ന കാര്യത്തിൽ ഗ്രാമീണർ കാണിക്കുന്ന നിരാശാജനകമായ താല്പര്യക്കുറവാണ്.**
>
> **ഉയർന്നതരത്തിലുള്ള മിടുക്ക് ഗ്രാമീണർ വികസിപ്പിക്കണം അപ്പോൾ അവരുണ്ടാക്കുന്ന സാധനങ്ങൾക്ക് ഗ്രാമത്തിന് പുറത്ത് നല്ല വിപണിയുണ്ടാകും. നമ്മുടെ ഗ്രാമങ്ങൾ നല്ലവണ്ണം വികസിച്ചുകഴിഞ്ഞാൽ ഉന്നതമായ മിടുക്കും കലാവിരുതും ഉള്ള വ്യക്തികൾക്ക് അവിടെ ക്ഷാമമുണ്ടാകുകയില്ല. ബുദ്ധിമാന്മാരായ ജനങ്ങൾ അവിടെ ജീവിക്കും അവരെ കളിപ്പിക്കാനോ മുതലെടുക്കാനോ ആർക്കും കഴിയില്ല.**
>
> ഗാന്ധിജി

പട്ടിക 1 എ

വരവ് സംബന്ധിച്ച വിവരങ്ങൾ. (1995 96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിടനികുതി | 125000.00 | 114154.55 | |
| സർവ്വീസ് ചാർജ്ജ് | 45000.00 | 42222.60 | |
| തൊഴിൽ നികുതി | 50000.00 | 68466.00 | |
| വാഹന നികുത | NIL | NIL | |
| വിനോദനികുതി | 12000.00 | 6884.05 | |
| അഡി. വിനോദനികുതി | 8000.00 | 4123.70 | |
| പ്രദർശന നികുതി | 2000.00 | 1434.00 | |
| പ്രദർശന നികുതിയിൻ മേലുള്ള സർചാർജ്ജ് | 500.00 | 358.50 | |
| ചന്ത വരവ് | 1000.00 | 2762.00 | |
| ലാന്റ് സെസ്സ് | NIL | NIL | |
| ലൈസൻസ് ഫീസ് | 10000.00 | 8546.00 | |
| കെട്ടിട നികുതി സർചാർജ്ജ് | NIL | NIL | |
| വസ്തു കൈമാറ്റ നികുതി 75% | 250000.00 | 59418.00 | |
| വസ്തു കൈമാറ്റ നികുതി 25% | NIL | 50000.00 | |
| സർക്കാർ ഗ്രാന്റുകളും മറ്റും | 121300.00 | 122246.80 | |
| ഒഴികെയുള്ള മറ്റു വരവുകൾ | | | |
| സംഭാവന | NIL | NIL | |
| ഡെപ്പോസിറ്റ് | 10000.00 | 3856.00 | |
| മറ്റുള്ളവ | 1144000.00 | 546166.00 | |
| ആകെ | 177880.00 | 970638.20 | |

പട്ടിക 1 ബി

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 848.00 | 848.00 | |
| ആരോഗ്യം ആയുർവേദം | 750.00 | | 750.00 |
| കൃഷി | 138595.00 | 138595.00 | |
| ക്ഷീരവികസനം | 300.00 | 300.00 | |
| ഹരിജനക്ഷേമം | 3394.00 | 3394.00 | |
| ................ | 207800.00 | 207800.00 | |
| ആകെ | 351687.00 | 351687.00 | |

പട്ടിക 1 സി.

വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991 92 | 1995 960 | വർദ്ധനവ് | ശതമാനം |
|---|---|---|---|---|
| തനതു വരുമാനം | 142208.30 | 188424.40 | + 46216.10 | + 32% |
| കെട്ടിടനികുതി | 76318.35 | 114154.55 | + 37836.20 | + 49.58% |
| സർവ്വീസ് നികുതി | 28262.70 | 42222.50 | + 13959.80 | + 49% |
| വിനോദനികുതി | 11021.20 | 11007.75 | _ 13.45 | _ 0.12% |
| തൊഴിൽകരം | 39585.00 | 68466.00 | + 28881.00 | + 73% |
| ഉപാധിരഹിതം | 181190.00 | 208150.00 | + 26960.00 | + 14.87% |
| ജെ.ആർ.വൈ | 267900.00 | 180500.00 | _ 87400.00 | _ 32.6% |
| ഗ്രാന്റ് സംഭാവന | 112498.00 | 338211.00 | + 225713.00 | + 200.06% |
| ആകെ | 858983.55 | 1151136.20 | + 292152.65 | 34.01% |

പട്ടിക 2

ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 413973.00 |
| പൊതുമരാമത്ത് | 383192.00 |
| വിദ്യാഭ്യാസം | 29184.75 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 8610.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 39702.00 |
| മറ്റുള്ളവ | 25270.00 |
| ആകെ | 899931.75 |

പൊതു സാമ്പത്തികനില

| | പൊതു കണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | | 208150.00 | 16238.60 |
| ചെലവ് | | 14856.00 | 110032.00 |

## പട്ടിക 1 കാർഷിക വായപാസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം (000) | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം (000) | കാർഷികേതരം (000) | | ലാഭംതുക (5000) | നഷ്ടംതുക (5000) | സ്ഥിരം | മറ്റുള്ളവർ |
| 1 | ടിവി പുരം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 622 | 1099 ME (1923) | കണ്ണുകെട്ടുശ്ശേരി, മുത്തേടത്തുകാവ്, ചെമ്മനത്തുകരകൾക്ക് പുറമെ പള്ളിപ്രത്തുശ്ശേരിക്കരയുടെ ഒരു ഭാഗം | 9494 | 1479470 | 133 | 18916 | 486 | 15217 | | | | 19 | 2 |
| 2 | പള്ളിപ്രത്തുശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 923 | 1100 ME (1924) | പള്ളിപ്രത്തുശ്ശേരിക്കര | | 574865 | 236 | 4685 | 217 | 3679 | | | | 4 | |

## പട്ടിക 2 കായൽ വ്യവസായ സഹകരണങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തന ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം (000) | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭംതുക | നഷ്ടംതുക | സ്ഥിരം | മറ്റുള്ളവർ |
| 1 | ടി.വി.പുരം കയർ വ്യവസായസഹകരണസംഘം (ക്ലിപ്തം) നമ്പർ.33. | 1953 | ടി.വി.പുരം പഞ്ചായത്തിലെ 1,7,8,9വാർഡുകൾ | 1617 | 1030 | 220 | | | 565 | | | 2 | 1 |
| 2 | പള്ളിപ്രത്തുശ്ശേരികായൽ വ്യവസായ സഹകരണ സംഘം (ക്ലിപ്തം)നമ്പർ 82 | 1955 | പഞ്ചായത്തിലെ 4,5,6 വാർഡുകൾ | 910 | 864 | 192 | | | 1057 | | | 2 | 1 |
| 3 | മുത്തേടത്തുകാവ് കായൽ വ്യവസായസഹകരണ സംഘംക്ലിപ്തംനമ്പർകെ.574 | 1977 | പഞ്ചായത്തിൽ മുത്തേടത്തുകാവ് കര | 759 | 479 | 250 | | | | | | 3 | |
| 4 | പാറക്കാടുകുളങ്ങരകായൽ വ്യവസായസഹകരണ സംഘം ക്ലിപ്തം നമ്പർ. 675 | 1979 | പഞ്ചായത്തിലെ 7,8 വാർഡുകൾ | 676 | 816 | 250 | | | | | | 2 | 1 |
| 5 | ചെമ്മനത്തുകര കായൽ വ്യവസായസഹകരണ സംഘംക്ലിപ്തം നമ്പർ | | | | | | | | | | | 2 | |

പട്ടിക വ്യവസായ സഹകരണ സംഘം.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം (000) | പ്രവർത്തന മൂലധനം (000) | വ്യാപാര ഇടപാടുകൾ (000) | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭംതുക | നഷ്ടംതുക | സ്ഥിരം | മറ്റുള്ളവർ |
| 1 | കണ്ണുകെട്ടുശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം കെ.8707 | 1984 | ടി.വി. പുരം പഞ്ചായത്ത് 7,8 വാർഡുകളും 1,6,3 വാഡുകളുടെ ഭാഗങ്ങളും | 213 | 2130 | | | | 54695 ലി. പാൽ ശേഖരിച്ചു വിതരണം ചെയ്തു | | | | |
| 2 | പള്ളിപ്രത്തുശ്ശേരി ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തംകെ. 391 (D) | 1985 | ടി.വി. പുരം പഞ്ചായത്ത് 5,6 വാർഡുകൾ | 174 | 1740 | | | | 40155 ലി. പാൽ ശേഖരിച്ചു വിതരണം ചെയ്തു | | | 2 | |
| 3 | ചെമ്മനത്തുകര ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ കെ. 88(D) | 1984 | ടി.വി. പുരം പഞ്ചായത്ത് 3,4 വാർഡുകൾ | 244 | 244 | | | | 46316 ലി. പാൽ ശേഖരിച്ചു വിതരണം ചെയ്തു. | | | 2 | |
| 4 | മുത്തേടത്തുകാവ് ക്ഷീരോല്പാദക സഹകരണസംഘം | | | | | | | | വിവരങ്ങൾ ലഭ്യമല്ല | | | | |

# ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ ചരിത്രസാംസ്കാരിക പശ്ചാത്തലവും വിഭിന്നവികസന മേഖലകളിൽ നമുക്കുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണ് കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചത്. അത് തയ്യാറാക്കുന്നതിന് അനുഭവസമ്പന്നരും ആദരണീയരുമായ കാരണവന്മാരും ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും നൽകിയ സംഭാവന അളവറ്റതാണ്. അവരുടെ സേവനങ്ങൾ കൃതജ്ഞതാപൂർവ്വം ഇവിടെ അനുസ്മരിക്കുന്നു.

ജനകീയാസൂത്രണം ഒരു നൂതനസംരംഭമായതിനാൽ ആർക്കും ഈ രംഗത്ത് മുൻപരിചയമില്ല. അതിനാൽ ഈ വികസനരേഖ തയ്യാറാക്കുന്നതിന് പ്രവർത്തകർ എത്ര ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ആ ന്യൂനത ഇതിൽ കണ്ടേക്കാം.

ജനസാന്ദ്രതയിൽ മുന്നിലാണെങ്കിലും വികസനത്തിന്റെ വിഭിന്നമേഖലകളിലും വരുമാനത്തിലും ഏറ്റവും പിന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. കേന്ദ്രസംസ്ഥാനസർക്കാരുകളിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റും നമ്മുടെ സ്വന്തം വരുമാനവും ഉപയോഗിക്കുന്നതോടൊപ്പം, ജനങ്ങളുടെ അദ്ധ്വാനശക്തിയും വിഭവങ്ങളും സംഭാവന ചെയ്യാൻ തയ്യാറാകുന്നതിലൂടെ മാത്രമേ നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റാനാകൂ. വികസനരേഖയിലെ നിർദ്ദേശങ്ങളെല്ലാം ഒൻപതാംപദ്ധതിയിൽ പൂർത്തീകരിക്കുവാനാകില്ലല്ലോ! തന്മൂലം ഒരു മുൻഗണനാക്രമം നിശ്ചയിച്ച് അത് നടപ്പിലാക്കാൻ എല്ലാവിധ സങ്കുചിത ചിന്താഗതികളും മാറ്റിവച്ച് നമുക്ക് തോളോടുതോൾചേർന്നുകൊണ്ട് പ്രയത്നിക്കാം. അങ്ങനെ വികസനപ്രക്രിയയിൽ മറ്റു പഞ്ചായത്തുകൾക്കൊപ്പം നമുക്കു് ഒരു ചുവട് മുന്നോട്ട് പോകാം.